# കന്യാകുമാരി ജില്ല മലയാള സമാജം

# തിമലജം



രജത ജൂബിലി

## സ്മരണിക 2005

SABARI

രാജ്. എസ്. നായർ
തെങ്ങുവിളാകം
ഇടയ്ക്കോട്. പി. ഒ
പിൻ: 629152
(രക്ഷാധികാരി അംഗം)




കന്യാകുമാരി ജില്ലാ മലയാളസമാജത്തിനും
രജത ജൂബിലി സ്മരണികയ്ക്കും
ശുഭാശംസകൾ

**SABARI ENGINEERS**

PLOT NO. 268
JYOTSANA INDUSTRIAL
1ST POKHRAN ROAD UPVAN
THANE
PIN-400606
Tel: 25854110





# കന്യാകുമാരി ജില്ല മലയാള സമാജം

കൈരളീ ഗളമാർന്ന മാലയിൽ നിന്നിങ്ങു
നിപതിച്ചു കാല്ക്കൽ കിടക്കും പതക്കമായ്
മരുവുന്ന കന്യാകുമാരിതൻ പൂജയ്ക്കു
മലയാളമാല്യം കൊരുക്കും സ്മരണിക

## രജത ജൂബിലി

# സ്മരണിക

## 2005

# മുഖക്കുറി

കാലം പറക്കുന്നു; ലോകം കുതിക്കുന്നു..!

പ്രപഞ്ചം മനുഷ്യന്റെ വിരൽത്തുമ്പിനടിയിൽ
ഒരു 'നാനോചിപ്പി'ന്റെ ത്രസിപ്പിൽ നടുങ്ങുന്നു
വിരൽത്തുമ്പിനെ നിയന്ത്രിക്കുന്ന മസ്തിഷ്കം,
മനുഷ്യ വർഗ്ഗം ഇന്നോളം നേടിയ നന്മകൾ
ഉൾക്കൊള്ളുന്നില്ലെങ്കിൽ
ഹാ, കഷ്ടം! എന്നേ പറയാനാവൂ!

നന്മകൾ മാനവരാശിയുടെ
സംസ്കാരത്തിന്റെ ഉല്പന്നമാണ്
തലമുറയിൽ നിന്ന് തലമുറയിലേയ്ക്ക്
തെളിയൂറ്റി പകർന്നു കിട്ടുന്ന
അമൃതാണ് സംസ്കാരം
അമ്മിഞ്ഞപ്പാലിനൊപ്പം
അരുമക്കുഞ്ഞിന് അമ്മ നൽകുന്ന
ജന്മസ്വത്താണ് സംസ്കാരവും ഭാഷയും.

കാലത്തോടൊപ്പം ഓടിയെത്താനുള്ള
കുതിപ്പിനിടയിലും
ഭാഷയും സംസ്ക്കാരവും
കൈവിട്ട് പോകാതെ മാറോട്
ചേർത്തുപിടിച്ച് കിതയ്ക്കുകയാണ്
കന്യാകുമാരി ജില്ലയിലെ മലയാളി
ഒരു നിഴൽക്കുടയായി കൂടെയോടുവാൻ
ശ്രമിക്കുകയാണ് കന്യാകുമാരി ജില്ല മലയാള സമാജം.

ഇന്നു നാം താണ്ടുന്ന വഴികൾ
നാളേയ്ക്ക് ചരിത്രരഥ്യകളാവുന്നു.
ഇളവേൽക്കുവാനല്ല,
ഇടയ്ക്കൊന്ന് നിന്ന് മുന്നും പിന്നും നോക്കി
ഗതിയും ദിശയും നിർണ്ണയിക്കാനുള്ള
ഇടത്താവളമാണ് രജതജൂബിലി ആഘോഷം
ഇവിടെയിരുന്ന് ഗതകാലസ്മരണകൾ അയവിറക്കാം
പുതിയ സ്വപ്നങ്ങൾക്കുവിത്തിറക്കാം.


മലയാളത്തെ സ്നേഹിക്കുന്നവർക്കായി
ഈ സ്മരണിക സമർപ്പിക്കാം.

**സസ്നേഹം,**

**രജത ജൂബിലി സ്മരണിക പ്രകാശന സമിതി.**
**കന്യാകുമാരി ജില്ല മലയാള സമാജം.**

सत्यमेव जयते

Rashtrapathi Bhavan,
New Delhi



# PRESIDENT'S GREETINGS

The President, Dr. A.P.J. Abdul Kalam in his message on the occassion of Onam, which is being celebrated tomorrow, has said:-


"On the auspicious occassion of Onam, I send my greetings and good wishes to all my people living in India and abroad.

May this unique festival,coinciding with the harvest season, bring happiness and prosperity to the lives of everyone in our country, especially our farmers who sweat for the well being of our nation. Sweat or hard of people transforms into a good harvest which leads to happiness in homes and ultimately the nation".

(S. M. Khan) 14.09.0?
Press Secretary to the President

KERALA RAJ BHAVAN
THIRUVANANTHAPURAM
PIN: 695 099

GOVERNOR OF KERALA



9 August 2005

## MESSAGE


It gives me immense pleasure to know that the kannyakumari District Malayala Samajam celebrates its Silver Jubilee this year and a Souvenir is being brought out to commemorate the event.

It is commendable that the Samajam has endeavoured all these years to preserve and promote the Malayalee heritage, and is resolved to purpose the path with added vigour and determination.

I greet everyone behind this venture and send my good wishes on the auspicious occasion.

Sd/-

**[R.L. Bhatia]**



**OOMMEN CHANDY**
CHIEF MINISTER
KERALA

## Message

I have great pleasure to gather that the **Kannyakumari District Malayala Samajam** is celebrating its Silver Jubilee Celebrations and bringing out a Onam cum Silver Jubilee Souvenir to commomerate the event. I hope that the social and cultural activities of the samajam will continue more vigorously to benefit its members and the malayalee community.

I wish all success for the endevour.

**OOMMEN CHANDY**



सत्यमेव जयते

GOVERNMENT OF INDIA

**DEPARTMENT OF SPACE**

Antariksh Bhavan, New BEL Road
Bangalore - 560 094, India
Grams : Space Fax : +91-80-23415328
Telephone : +91-80-23415241, 22172333
e- mail : chairman@isro.org

# MESSAGE

**I am extremely happy to note that the Kannyakumari District Malayala Samajam is celebrating its 25th Anniversary. In 1956 November, during the formation of Kerala State a large number of people in this region who were speaking Malayalam virtually became a minority group. In this context maintaining the cultural and the linguistic activities, the Samajam has done the yeomen service. I am sure this group will continue to contribute to the betterment of the society irrespective of political, religious or caste considerations.**


**I am delighted to note that the silver Jubilee Celebration of the Kannyakumari District Malayala Samajam and Onam celebration of this year are being conducted together. My heartiest congratulations to the Malayala Samajam and warm "Onam Greeting" to all its members.**

(G.Madhavan Nair)
9 September 2005

*A.V. Bellarmin*, M.A., B.G.L.
*Member of Parliament*
*(Lok Sabha)*
NAGERCOIL CONSTITUENCY

Member-Standing Committee on Defence
Member-Consultative Committee for the Minister of Rural Development
16, G.R.G. Road, New Delhi.
Ph.: 011-23795267

Office: A. Nallasivan Ninaivakam, Parvathipuram, Nagercoil-3. ☎ 04652 - 259556, 259728
Resi.: Mankuzhi, Neyyoor P.O., Pin-629 802. ☎ 04651- 221345



## *My Message of Greetings*

*I am glad to receive your letter, soliciting "Message" to be published in the "Silver Jubilee cum Onam Souvenir" of your Samajam.*


*It is heartening to note that your Samajam established in 1979, is celebrating its silver jubilee fate in the befitting time of Onam, the national cultural event of 'Malayalees', making the occasion with publication of a 'Souvenir'.*

*It is a matter of pride to lean that your Samajam has been striving for maintaining amity and brotherhood amongst different language – speaking people of the Region, for the upliftment of linguistic minorities, securing the rights and privileges guaranteed to them by the powers that be, through statutes and settlements.*

*It is a fact that, still there are many problems to be addressed craving for early redressal, particularly in the area of educational securities for linguistic minorities. Your tire-some efforts for finding a solution for the problem will certainly deserve my patronage and I wish a crowned success in your endeavors.*

**Yours Sincerely**

**(A.V. Bellarmin)**



அலுவலகம் : 260381, 260101
வீடு : 271271

**டி. மணி** எம்.எல்.எ
233 - விளவங்கோடு தொகுதி
எம்.எல்.எ. அலுவலகம்,
வாவுபலி திடல், குழித்துறை

## പുതിയൊരു മുന്നേറ്റത്തിനു തുടക്കം കുറിക്കാം

കന്യാകുമാരി ജില്ലയിൽ ന്യൂനപക്ഷഭാഷയായി അംഗീകരിക്കപ്പെട്ട മലയാളം മാതൃഭാഷയായിട്ടുള്ളവരുടെ പുരോഗതിക്കുവേണ്ടി ഇരുപത്തിയഞ്ചിലേറെ വർഷങ്ങളായി ജനാധിപത്യരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കന്യാകുമാരി ജില്ലാ മലയാള സമാജത്തെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല.

മാറിമാറി വന്ന സർക്കാരുകൾ പിന്തുടർന്നു വന്ന ചിറ്റമ്മനയം കാരണം, അർഹിക്കുന്ന പ്രശസ്തിയിലേയ്ക്കുയരാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞില്ലെങ്കിൽ പോലും എല്ലാത്തരം അവഗണനകളെയും അതിജീവിച്ച് പിടിച്ചു നിൽക്കാൻ കഴിഞ്ഞതിന് ഇതിന്റെ ഭാരവാഹികളെ ഞാൻ അഭിനന്ദിക്കുന്നു. ഇതിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ട സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന നല്ലവരായ എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ നേരുന്നു.

ഇനിയും കൂടുതൽ ശക്തമായ പുതിയൊരു മുന്നേറ്റത്തിന്റെ പാത തുറക്കാൻ ഇതിന്റെ പ്രവർത്തകർക്കു കഴിയട്ടെ എന്ന് ആശംസിക്കുന്നു.

D MONY, M.L.A
VILAVANCODE.

# ഇതളുകളിൽ


| | |
|---|---|
| മുഖക്കുറി | 4 |
| സന്ദേശങ്ങൾ | 5 |
| കന്യാകുമാരി ജില്ലാ ഭൂപടം | 12 |
| കമലജം 27 വർഷങ്ങൾ | 13 |
| മുൻകാല ഭാരവാഹികൾ | 18 |
| സമാജത്തിന്റെ നാന്മുഖ പ്രവർത്തനങ്ങൾ | 19 |
| കേന്ദ്രസമിതി | 20 |
| ബഹിരാകാശ സാരഥി | 22 |
| ഓണക്കിനാവ് (കവിത) | 25 |
| വിധിന്യായം (കഥ) | 27 |
| വീണ്ടും മലയാളം | 37 |
| വിശിഷ്ടാതിഥികൾ | 41 |
| പല്ലി (കഥ) | 43 |
| സ്വാതന്ത്ര്യം | 46 |
| സന്യാസി (കവിത) | 51 |
| തെക്കൻപാട്ടു കഥയിൽ നിന്നൊരു മാവേലിക്കഥ | 53 |
| பிள்ளை கெடுத்தாள் விளை (கதை) | 55 |
| குழந்தைகளின் விபி - 2005 | 61 |
| നമോവാകം (കവിത) | 63 |
| ബോൾഷെവിക് റിപ്പബ്ളിക് (കഥ) | 64 |
| നായകൻമാർക്ക് വിസ്മൃതിയുടെ സ്മാരകങ്ങൾ | 67 |
| യാത്രാമൊഴി (കവിത) | 69 |
| ആഘോഷങ്ങൾ | 70 |
| ഒൻപതാം വാർഡ് (കവിത) | 73 |
| പി. മലയാളത്തിന്റെ മഹാകവി | 75 |
| தமிழ் நாவல் போக்குகள் | 79 |
| മനോഗതങ്ങൾ (കവിത) | 83 |
| ആർഷഭൂമി സ്മാരക അവാർഡ് | 84 |
| ഉമാമഹേശ്വര സംവാദം | 90 |
| യാത്ര (കഥ) | 93 |
| ആദരാജ്ഞലികൾ | 98 |
| കൊച്ചുരാമൻ (കവിത) | 99 |
| ജീവനും ജീവനാശവും | 100 |
| താമ്രവർണ്ണി | 105 |
| ഭാരതസംസ്കാരത്തിന് കേരളത്തിന്റെ സംഭാവനകൾ | 106 |
| നുറുങ്ങുകൾ | 109 |
| അഭിനന്ദനങ്ങൾ | 110 |
| കടൽച്ചിപ്പികൾ (കവിത) | 113 |
| കന്യാകുമാരിയുടെ ഖജനാവ് | 114 |
| ആത്മസമർപ്പണം (കവിത) | 117 |
| മുത്തച്ഛന്റെ സ്വപ്നം (കവിത) | 118 |
| മാർഗ്ഗവും ലക്ഷ്യവും | 119 |
| എത്തുമോ മാവേലീ ഈ മുനമ്പിൽ | 120 |
| വായന | 122 |
| വാണീവന്ദനം (കവിത) | 123 |
| സമയനിർണ്ണയവും കാലഗണനയും | 124 |
| കശുവണ്ടി തൊഴിലാളി യൂണിയൻ രൂപീകരണം | 127 |


## നന്ദി


*കന്യാകുമാരി ജില്ലാ മലയാളസമാജം രജതജൂബിലി സ്മരണികയ്ക്ക് സന്ദേശങ്ങൾ നൽകി അനുഗ്രഹിച്ച മഹത്തുക്കൾ, ഈ സ്മരണികയിലേയ്ക്ക് സൃഷ്ടികൾ തന്നു സഹായിച്ച ലബ്ധപ്രതിഷ്ഠരും അല്ലാത്തവരുമായ സാഹിത്യകാരൻമാർ വിവിധ മേഖലകളെ സംബന്ധിച്ച് ലേഖനങ്ങൾ തയ്യാറാക്കി തന്ന വിജ്ഞൻമാർ, ഈ സംരംഭത്തിന് ആശംസകൾ നേർന്ന് സാമ്പത്തികസഹായം നൽകിയ അഭ്യുദയ കാംക്ഷികൾ, ഡി.റ്റി.പി. ടൈപ്പ് & പേജ് സെറ്റിങ്ങ് നിർവ്വഹിച്ച ടെൽനെറ്റ് ഇൻഫോവേ (കാരക്കോണം) യിലെ വിനോദ്, കവർ ഡിസൈൻ ചെയ്ത മനുനിരഞ്ജൻ (ഗ്രാഫിക്സ് മാനിയ), മായ, പ്രമീള, ആകർഷണീയമാം വിധം ലേ ഔട്ട് ചെയ്തുതന്ന ആരോ ബുക്സ് മാനേജർ എ. എൻ. സത്യദാസ്, എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ച മലയാള സമാജം പ്രവർത്തകർ, ഏവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ.*

# MAP OF KANYAKUMARI DISTRICT



# കന്യാകുമാരി ജില്ല മലയാള സമാജം

## (കമലജം)

## ആദ്യത്തെ 27 വർഷങ്ങൾ : ഒരു ഹ്രസ്വാവലോകനം

### ആമുഖം

മലയാളികളുടെ പൊന്നിൻ ചിങ്ങമാസം ആഗസ്റ്റ് മാസത്തിന്റെ രണ്ടാം പകുതിയുടെ തുടക്കത്തിലാണ് വരിക.ഒന്നിനു പുറകേ ഒന്നായി ഇവിടെ, അതായത് ഇൻഡ്യ എന്ന ഉപഭൂഖണ്ഡത്തിൽ, പ്രവേശിക്കുകയും മൊത്തത്തിൽ ഏഴെട്ടു നൂറ്റാണ്ടുകൾക്കധികം കാലം ഇവിടെ നിലയുറപ്പിക്കുകയും തികച്ചും വിഭിന്നങ്ങളായ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും സ്വയം സ്വീകരിച്ച് തങ്ങളുടെ മാത്രം ഇഷ്ടം പോലൊക്കെ പ്രവർത്തിക്കുകയും ചെയ്തിരുന്ന വൈദേശിക ശക്തികളുടെ ആധിപത്യത്തിന് അന്ത്യം കുറിച്ചുകൊണ്ട് ഭാരതഭൂമി സ്വതന്ത്രമായൊരു ജീവിതം പുനരാരംഭിച്ചത് ഇന്നേക്കും 59 വർഷങ്ങൾക്ക് മുൻപ് ഒരു ആഗസ്റ്റ് മാസത്തിന്റെ മദ്ധ്യത്തിലായിരുന്നുവല്ലോ. എന്നാൽ ആ സ്വാതന്ത്ര്യത്തിന് നമ്മുടെ രാഷ്ട്രം നൽകേണ്ടി വന്ന വില ഏറെ കനത്തതായിരുന്നു. പ്രതികാരാഗ്നിയുടെ ആളിക്കത്തലിൽ ദയനീയമാം വിധം അംഗഭംഗവും വൈരൂപ്യവും സംഭവിച്ച് അർദ്ധ പ്രാണാവസ്ഥയിലാണ് നമ്മുടെ മാതൃഭൂമി അന്നു സ്വതന്ത്രജീവിതം വീണ്ടും ആരംഭിച്ചത്. എങ്കിലും എന്തെല്ലാം ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്നാലും ആത്മാഭിമാനമുള്ള ഒരു ജനതയ്ക്ക് സ്വാതന്ത്ര്യം അമൃതവും പാരതന്ത്ര്യം മൃതിയെക്കാൾ ഭയാനകവും തന്നെയല്ലേ.?

നവജാത ഭാരത ശിശുവിന് കഷ്ടിച്ച് അഞ്ചു വയസ്സുള്ളപ്പോൾ തന്നെ ചില കോണുകളിൽ നിന്ന് ഒരു മുറവിളി ഉയർന്നു. തറവാട്ടു ഭവനത്തിൽ അപ്പോഴുണ്ടായിരുന്ന മുറികളുടെ ചുവരുകൾ ഇടിച്ച് മാറ്റി പുതിയ രൂപത്തിലുള്ള കുറേ പുതിയ മുറികൾ ഉടൻ തന്നെ ഉണ്ടാക്കണം, അതാണാവശ്യം. അനുഭവസമ്പന്നരായ കുറേ പക്വമതികൾ അതിനൽപം മുമ്പു തന്നെ ഒരു മുന്നറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു. ഇടിയ്ക്കാനും മുറിയ്ക്കാനുമുള്ള സമയമല്ലിത്. ഭരണാധികാരികൾക്ക് ഭരണീയരോട് ഉത്തരവാദിത്വമുള്ള പുതിയ സാഹചര്യത്തിൽ രാഷ്ട്രീയ നിർമ്മാണത്തിനും ശക്തി സമാർജ്ജനത്തിനും അടിയന്തിരമായി ചെയ്തു തീർക്കേണ്ട പല കാര്യങ്ങളുമുണ്ടു, വേറെ. അവയ്ക്കാണ് നാം മുൻഗണന നൽകേണ്ടത് എന്ന്. പക്ഷേ വിവേകത്തിന്റേതായ ആ ശബ്ദം കുറേ സ്വാർത്ഥൈകമതികളുടെയോ ഭാഷാഭ്രാന്തൻമാരുടെയോ ബധിര കർണ്ണങ്ങളിലാണ് പതിച്ചത്. അക്കൂട്ടത്തിൽ ഒരു ആന്ധ്രാക്കാരൻ തെലുങ്കു ഭാഷ സംസാരിക്കുന്നവർക്ക് പ്രത്യേകമായ ഒരു സംസ്ഥാനം ഉടനടി കിട്ടിയില്ലെങ്കിൽ താൻ പട്ടിണി കിടന്നു ചാകുമെന്ന് ശപഥം ചെയ്തുകൊണ്ട് നിരാഹാരം തുടങ്ങുകയും ശപഥം പൂർണ്ണമായി നിറവേറ്റുകയും ചെയ്തു. രാഷ്ട്രത്തിന്റെ ദുർവിധി കൊണ്ടാവാം, പൊട്ടി ശ്രീരാമുലുവിന്റെ ചരമത്തോടൊപ്പം താൽക്കാലികമായിട്ടെങ്കിലും പോയി മറഞ്ഞത് അന്നത്തെ ഭരണാധിപൻമാരുടെ പ്രായോഗിക രാഷ്ട്രീയാവബോധവും കൂടെയായിരുന്നുവെന്ന് ഭാവിചരിത്രം തെളിയിച്ചു. 1957 ലെ പൊതു തെരഞ്ഞെടുപ്പിലൂടെ തമിഴ്നാട്ടിൽ അധികാരത്തിലെത്തിയ അണ്ണാദുരൈയുടെ നേതൃത്വത്തിലുള്ള ഡി. എം. കെ. യുടെ പ്രതിനിധി ഇന്ത്യൻ പാർലമെന്റിൽ ചെയ്ത 'കന്നി' പ്രസംഗത്തിൽ തമിഴ്നാട് ഒരു സ്വതന്ത്ര രാജ്യമായിരിക്കണമെന്ന ആവശ്യമാണുന്നയിച്ചത്. ഉത്തര ഭാരതത്തിലെ ഭൂരി പക്ഷം ജനപ്രതിനിധികളുടെ ഒറ്റക്കെട്ടായുള്ള ശക്തമായ എതിർപ്പിന്റെ ഫലമായി മാത്രമാണ് ആ സ്വാതന്ത്ര്യ പ്രഖ്യാപനം പിന്നെ കുറെ കാലത്തേയ്ക്ക് തല പൊക്കാതിരുന്നത്.

ഈ സന്ദർഭത്തിൽ ഏവരും ഓർത്തിരിക്കേണ്ട ഒരു പ്രധാന കാര്യമുണ്ട്. സൈദ്ധാന്തികമായി, ഭാഷാ സംസ്ഥാനമെന്നോ ഫെഡറൽ സംവിധാനമെന്നോ ആട്ടോണമി എന്നോ ഉള്ള ആശയങ്ങൾ സർവ്വദാ നിഷിദ്ധമാണെന്ന് തിരിച്ചറിവുള്ള ആരും പറഞ്ഞിട്ടില്ല, പറയുകയുമില്ല. പക്ഷേ അവയോരോന്നും ഓരോ പ്രത്യേക സമൂഹത്തിൽ നടപ്പിൽ വരുത്താൻ

തുടങ്ങുമ്പോൾ സ്ഥലകാലസാഹചര്യങ്ങളെല്ലാം പരിഗണിക്കുകയും ത്യാജ്യഗ്രാഹ്യവിവേചനം പ്രയോഗിക്കുകയും ചെയ്യേണ്ടത് ഭരണയന്ത്രം തിരിക്കുന്നവരുടെ കടമയാണ്. രാഷ്ട്രീയ സിദ്ധാന്തങ്ങളും സാമ്പത്തിക സിദ്ധാന്തങ്ങളും എന്നല്ല, സകലവിധ സാമൂഹ്യ സിദ്ധാന്തങ്ങളും മനുഷ്യരാശിയുടെ പൊതുനൻമയേയും സുസ്ഥിതിയേയുമല്ലാതെ വിനാശത്തെ ലക്ഷ്യമാക്കി ഉണ്ടായിട്ടുള്ളവയല്ലല്ലോ. സ്ഥലകാലസാഹചര്യങ്ങളാണ് അവയെ ത്യാജ്യമോ ഗ്രാഹ്യമോ ആക്കുന്നത്.

പുതിയ രൂപത്തിലുള്ള തെലുങ്കു സംസ്ഥാനം ഉടലെടുത്തതിനെ തുടർന്ന് ഏതാനും വർഷങ്ങൾക്കുള്ളിൽ ശേഷിച്ച മൂന്നു ദക്ഷിണേന്ത്യൻ ഭാഷകൾക്കും, അതായത് കന്നടയ്ക്കും തമിഴിനും മലയാളത്തിനും ഓരോ സംസ്ഥാനങ്ങൾ പ്രത്യേകമായി കിട്ടി. പക്ഷേ, ആ മൂന്നു സംസ്ഥാനങ്ങളുടെയും രൂപങ്ങൾ നിർണ്ണയിച്ചത് മൂന്നു വ്യക്തികൾ മാത്രം ചേർന്ന ഒരു കമ്മീഷനായിരുന്നു. ആ മൂന്നു പേരിൽ തന്നെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെപ്പറ്റി നിർണ്ണായകങ്ങളായ തീരുമാനങ്ങൾ എടുക്കുന്ന കാര്യത്തിലും റിപ്പോർട്ടിന്റെ രചനയിലും മുഖ്യപങ്കു വഹിച്ചതും, പോരെങ്കിൽ,റിപ്പോർട്ടിലെ സുപ്രധാന ശുപാർശകളിൽ ചിലതിനെ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുൻപു തന്നെ ചോർത്തിക്കൊടുത്തതും എല്ലാം ഒരാൾ മാത്രമായിരുന്നു. അദ്ദേഹം ഒരു ചരിത്രകാരനും പേരു കേട്ട നയതന്ത്രവിശാരദനും സാഹിത്യകാരനുമൊക്കെയായിരുന്നുവെന്നതും പ്രസ്താവ്യമാണ്. രഹസ്യ ചോർച്ചയെപ്പറ്റി പ്രധാനമന്ത്രി നേരിൽ തന്നെ ചോദിച്ചപ്പോൾ അദ്ദേഹം പ്രതിവചിച്ചത് "അത് ഒരു തരത്തിൽ, പെട്ടെന്നുള്ള ഞെട്ടലിനെ തടയാൻ സഹായകമായില്ലേ?" എന്നായിരുന്നുവത്രേ. ഇതൊക്കെ അക്കാലത്ത് വന്ന പത്രവാർത്തകളാണ്. റിപ്പോർട്ട് പ്രസിദ്ധീകൃതമായതിനു ശേഷം റിപ്പോർട്ടിനോടൊപ്പം മേൽപ്പറഞ്ഞ കമ്മിഷനംഗവും പൊതു ചർച്ചാവിഷയമായി. അദ്ദേഹം തന്നെ തിരുവനന്തപുരത്തു വെച്ച് നടത്തിയ ഒരു പത്രസമ്മേളനത്തിൽ പത്രക്കാരുടെ മുഖത്തു നോക്കി ചോദിച്ചു; "തെക്കൻ തിരുവിതാംകൂർ എങ്ങനെ കേരളമാകും. കേരളമാകണമെങ്കിൽ നാല് സമുദായങ്ങൾ ഉണ്ടായിരിക്കണം. നമ്പൂതിരിമാർ, നായൻമാർ, ഈഴവർ, സിറിയൻ ക്രിസ്ത്യാനികൾ. ഇവയിൽ ഏതു സമുദായമുണ്ട് തെക്കൻ തിരുവിതാംകൂറിൽ?" അന്നു തിരുവനന്തപുരത്തു നിന്നു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ഒരു പ്രതിദിന മലയാളപത്രം ഉണ്ടായിരുന്നു; 'മലയാളി' എന്ന പേരിൽ. മേൽപറഞ്ഞ ചോദ്യത്തിന് ശരിയായൊരുത്തരം അടുത്ത ദിവസത്തെ മലയാളി പത്രത്തിൽ ഉണ്ടായിരുന്നു. പക്ഷേ ചോദ്യം ചോദിച്ചയാൾ അതു വായിച്ചിരിക്കുമോ എന്ന് സംശയമാണ്. കാരണം, സത്യം നേരത്തേ അറിയാഞ്ഞിട്ടു വേണ്ടേ പുതുതായി വായിച്ചറിയുവാൻ? തിരുവിതാംകൂർ രാജ്യത്തിന്റെ തെക്കേ അറ്റത്തെ നാല് താലൂക്കുകളെയാണ് അന്ന് സാധാരണയായി തെക്കൻ തിരുവിതാംകൂർ എന്ന് പറഞ്ഞുവന്നിരുന്നത്. പഴയ വേണാടിനെ പിൽക്കാലത്തു തിരുവിതാംകൂർ ആക്കി വികസിപ്പിച്ചത് മാർത്താണ്ഡവർമ്മ മഹാരാജാവ് (ധർമ്മരാജാവിന്റെ മുൻഗാമി)ആണ്. വേണാടിന് വടക്ക് കിടന്നിരുന്ന പല കൊച്ചു രാജ്യങ്ങളും മാർത്താണ്ഡവർമ്മ യുദ്ധം ചെയ്ത് കീഴ്പ്പെടുത്തി വേണാടിനോട് ചേർത്തിട്ടാണ് തിരുവിതാംകൂർ ആക്കിയത്. നീതീകരിക്കാനാവുന്നതോ ആവാത്തതോ ആയ ഒന്നിലധികം കാരണങ്ങളാൽ സംസ്ഥാന പുനഃസംഘടനാ കമ്മീഷനിലെ ഒരംഗത്തിന് തിരുവിതാകൂർ രാജവംശത്തോട് കഠിനമായ നീരസം ഉണ്ടായിരുന്നു. ഈ വസ്തുതകളുടെ വെളിച്ചത്തിൽ വേണം ആ റിപ്പോർട്ട് വായിക്കുവാൻ, വിശേഷിച്ചും അതിൽ കേരളത്തെപ്പറ്റിയുള്ള ഭാഗം.

### കന്യാകുമാരി ജില്ലയുടെ ആവിർഭാവം

സംസ്ഥാന പുനഃസംഘടനാ കമ്മിഷന്റെ റിപ്പോർട്ട് പ്രസിദ്ധീകൃതമായ ഉടൻ തന്നെ തെക്കൻ തിരുവിതാംകൂറിന്റെ ഉത്തമ സന്താനങ്ങളിലൊരാൾ വന്ദ്യവയോധികൻ നെയ്യൂർ ഇലങ്കം വീട്ടിൽ വേലായുധൻ പിള്ള എന്ന പക്വമതിയായ ദേശഭ ക്തോത്തംസം, തെക്കൻ തിരുവിതാംകൂർ ജൻമഭൂമിയായുള്ളവരും മലയാള ഭാഷ സംസാരിക്കുന്നവരുമായ ലക്ഷങ്ങളിൽ എണ്ണാവുന്ന ആളുകൾക്ക് ഒരു മുന്നറിയിപ്പ് നൽകി. റിപ്പോർട്ട് പാർലമെന്റ് അംഗീകരിക്കുക തന്നെ ചെയ്യും. ഇവിടെയുള്ള മലയാളികളെ സഹായിക്കാൻ മറ്റാരുമുണ്ടാവില്ല. കമ്മിഷൻ വിഭാവന ചെയ്ത കേരളത്തിലെ ഭൂരിപക്ഷം ആളുകൾക്കും, വിശേഷിച്ച് നേതാക്കൾക്ക് തെക്കൻ തിരുവിതാംകൂറിൽ താല്പര്യമോ അതിന്റെ നഷ്ടത്തിൽ എതിർപ്പോ ഉണ്ടായിരിക്കുകയില്ല. റിപ്പോർട്ടിൽ തെക്കൻ തിരുവിതാംകൂറിനെ അടർത്തി എടുത്ത് മദ്രാസ് സംസ്ഥാനത്തോട് ചേർക്കണമെന്ന് ശുപാർശ ചെയ്തിരിക്കുന്നത് കണ്ടപ്പോൾ തനിക്ക് അത്ഭുതം തോന്നിയെന്ന് ജവഹർലാൽ നെഹ്റു തന്നെ പറഞ്ഞത് പത്രങ്ങളിൽ വന്ന കാര്യമാണെങ്കിലും

അതിനെ തടയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഈ അവസ്ഥയിൽ ഇവിടത്തെ മലയാളികൾക്ക് കരണീയമായിട്ടുള്ളത് ഒന്നുമാത്രം; സംഘടിതരായി, ഒരു ഭാഷാ ന്യൂപക്ഷമെന്ന നിലയിൽ തമിഴ് നാട്ടിൽ നിന്നുകൊണ്ട് തങ്ങളുടെ ഭാഷയ്ക്കും സംസ്ക്കാരത്തിനും ന്യായമായ അവകാശങ്ങൾക്കും അംഗീകാരവും സംരക്ഷണവും അധികാര സ്ഥാനങ്ങളിൽ നിന്നും നേടിയെടുക്കുക എന്നതു മാത്രം. ആ ലക്ഷ്യത്തെ മുൻനിർത്തി ഇലങ്കത്തു വേലായുധൻപിളള 1956 ന് മുമ്പു തന്നെ ദക്ഷിണ മലയാള മൈനാറിട്ടി സമാജം എന്ന പേരിൽ ഒരു സംഘത്തിന് രൂപം നൽകി പ്രവർത്തനം ആരംഭിച്ചു. സ്തുത്യർഹമായ ആ സംരംഭം ശുഷ്ക്കാന്തിയോടു കൂടി തന്നെ മുന്നേറി. ദക്ഷിണ മലയാള മൈനാറിട്ടി സമാജത്തിന്റെ ആദ്യത്തെ നേട്ടം മതിയാകും അതിനെ ഇവിടുത്തെ മലയാളി ലക്ഷങ്ങളുടെ മനസ്സുകളിൽ പ്രാതസ്മരണീയമാക്കി നിലനിർത്തുവാൻ. സംസ്ഥാന പുനഃസംഘടന സമിതിയുടെ ശുപാർശ തെക്കൻ തിരുവിതാംകൂർ അടങ്ങിയ നാല് താലൂക്കുകളെ അന്നത്തെ മദ്രാസ് സംസ്ഥാനത്തിൽ ലയിപ്പിക്കണമെന്ന് മാത്രമായിരുന്നു. അതിനർത്ഥം അന്നത്തെ തിരുവന്തപുരം ഡിസ്ട്രിക്ടിനെ മുറിച്ച് അതിന്റെ ഭാഗമായിരുന്ന ഈ നാല് താലൂക്കുകളെയും തിരുനെൽവേലി ഡിസ്ട്രിക്ടിന്റെ ഭാഗമാക്കണമെന്നത്രേ. അന്നുവരെ നാഗർകോവിൽ എന്ന റവന്യൂ ഡിസ്ട്രിക്ട് പോലുമുണ്ടായിരുന്നില്ല. പക്ഷേ, അന്ന് നാഗർകോവിൽ എന്ന് ഒരു ജുഡീഷ്യൽ ഡിസ്ട്രിക്ട് ഉണ്ടായിരുന്നു. ആ കാരണം കൊണ്ടാണ് അവിടെ ഒരു ജില്ലാ കോടതി പ്രവർത്തിച്ചിരുന്നത്. ഈ നാല് താലൂക്കുകളെയും തിരുനെൽവേലി ജില്ലയിൽ ലയിപ്പിച്ചിരുന്നുവെങ്കിൽ ജൂഡീഷ്യൽ ഡിസ്ട്രിക്ട് എന്ന പദവി പോലും ഈ പ്രദേശത്തിന് നഷ്ടപ്പെടുമായിരുന്നു. **ദീർഘദർശിയായ ശ്രീ. വേലായുധൻ പിള്ളയുടെ ദക്ഷിണമലയാള മൈനാറിട്ടി സമാജം ഉടനടി ഒരു നിവേദക സംഘത്തെ ഡൽഹിക്കയച്ചു. അവർ ബന്ധപ്പെട്ട അധികാരികളെയെല്ലാം സന്ധിച്ച് ഈ പ്രദേശത്തെ ഒരു ഡിസ്ട്രിക്ടായിട്ടെങ്കിലും നിലനിറുത്തണമെന്നഭ്യർത്ഥിച്ചു.** പ്രധാനമന്ത്രി ആ അഭ്യർത്ഥന പൂർണ്ണമായ അനുഭാവത്തോടെ ചെവിക്കൊണ്ടു. അന്നത്തെ ആഭ്യന്തരകാര്യ മന്ത്രിയായിരുന്ന ഗോവിന്ദ് വല്ലഭ് പാന്തിനെക്കൊണ്ടും അതിനു സമ്മതം മൂളിപ്പിച്ചു. അത് സ്റ്റേറ്റ് പുഃസംഘടനാ നിയമത്തിലെ ഒരു വ്യവസ്ഥയുമായി. അങ്ങനെ ഇദംപ്രഥമമായി ഇൻഡ്യയുടെ ഭൂപടത്തിൽ ഒരു പുതിയ ജില്ല സ്ഥലം പിടിച്ചു. **"ലോകമെങ്ങും അറിയപ്പെടുന്ന കന്യാകുമാരി ഇതിനുള്ളിലായതുകൊണ്ട് ഈ പുതിയ ഡിസ്ട്രിക്ടിനെ കന്യാകുമാരി ജില്ല എന്ന് വിളിക്കുന്നതല്ലേ ഉചിതം" എന്ന് മഹാനായ ജവഹർലാൽ നെഹ്റുവാണത്രെ ചോദിച്ചത്. അങ്ങനെയാണ് കന്യാകുമാരി ഡിസ്ട്രിക്ട് അവതരിച്ചത്.**

### ഇന്നത്തെ കന്യാകുമാരി ജില്ല മലയാള സമാജം

വളരെ പ്രയോജനപ്രദമായ വിധത്തിൽ കുറെക്കാലം പ്രവർത്തിച്ചതിനുശേഷം ദക്ഷിണ മലയാള മൈനാറിട്ടി സമാജം പല കാരണങ്ങളാൽ പ്രവർത്തന രഹിതമായി. അങ്ങനെയിരിക്കെ 1978 ന് അടുപ്പിച്ച്, ഇൻഡ്യൻ വ്യോമസേനയിൽ വിംഗ് കമാണ്ടർ ആയി സേവനമനുഷ്ഠിച്ചു വരവേ അതിൽ നിന്നു വിരമിച്ച് നാട്ടിലെത്തിയ ശ്രീ. എസ്. എം. നായർ തന്റെ ജീവിതശിഷ്ടം സമൂഹസേവനത്തിന് വേണ്ടി വിനിയോഗിക്കുവാൻ ദൃഢനിശ്ചയം ചെയ്തുകൊണ്ട് പൊതുരംഗത്തെത്തി. സമാന ചിന്താഗതിക്കാരായ കുറെ സ്നേഹിതൻമാരുമായി ആലോചിച്ചിട്ട് അദ്ദേഹം ഒരു പുതിയ സംഘടനയ്ക്ക് രൂപം നൽകി. അതാണ് ഇന്നത്തെ കന്യാകുമാരി ജില്ല മലയാള സമാജം (ചുരുക്കത്തിൽ ഇതിനെ കമലജം എന്നു വിളിക്കുന്നു).

1978 ൽ പ്രാരംഭ ജോലികൾ പൂർത്തിയാക്കിയിട്ട് 1979 ൽ ഔപചാരികമായി ഉത്ഘാടനം ചെയ്യപ്പെട്ടതാണ് ഈ സമാജം. ഈ ലേഖകന്റെ തന്നെ അദ്ധ്യക്ഷതയിൽ 1979 മാർച്ച് ആരംഭത്തിൽ നടന്ന ആദ്യസമ്മേളനത്തിൽ ഒരു ആശംസാപ്രസംഗം നടത്തുവാൻ അന്ന് നാഗർകോവിൽ ഹിന്ദു കോളേജ് (ശ്രീ. നെയ്യൂർ വേലായുധൻപിള്ളയുടെ തന്നെ അത്യദ്ധ്വാനത്തിന്റെ ഫലമായി ഉണ്ടായ മറ്റൊരു സ്ഥാപനം) പ്രിൻസിപ്പാളായിരുന്ന ശ്രീ. എൽ. സി. താണു സന്നിഹിതനായിരുന്നു എന്നത് സന്തോഷപ്രദവും ചാരിതാർത്ഥ്യജനകവുമായ ഒരു വസ്തുതയാണ്. ആ പൊതുയോഗത്തിൽ വച്ച് വിങ് കമാൻഡർ എസ്. എം. നായർ സമാജത്തിന്റെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. വർഷങ്ങൾക്കു ശേഷം ആരോഗ്യപരമായ കാരണങ്ങളാൽ തുടർന്നു പ്രവർത്തിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിവിശേഷം സംജാതമാകുന്നതു വരെ അദ്ദേഹം തന്നെ ആ സ്ഥാനത്ത് തുടരുകയും ചെയ്തു. ബഹുധാ ആദരണീയമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ. എസ്. എം. നായർ. ഋജുബുദ്ധി, സകല

തിലും അടുക്കും ചിട്ടയും പാലിക്കുന്നതിലുള്ള നിഷ്കർഷ, ഗാഢമായി ചിന്തിക്കുന്നതിനുള്ള കഴിവ്, മിതഭാഷിത്വം, ഇംഗ്ലീഷിലും മലയാളത്തിലും സുവ്യക്തമായും സുസൂക്ഷ്മമായും കാര്യങ്ങൾ പ്രതിപാദിക്കാനുള്ള കെൽപ്പ് ഇവയെല്ലാം ഒത്തിണങ്ങിയ മാനിയും മാനനീയനുമായ ഒരു നേതാവിനെയാണ് ഏവർക്കും അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞിരുന്നത്.

വിങ്ങ് കമാൻഡർ എസ്. എം. നായർ നേതൃത്വം വഹിക്കവേ തന്നെയാണ് ഈ സമാജത്തിന് സുസ്ഥിരമായ ഒരടിത്തറ ഉണ്ടായത്. കേരള സംസ്ഥാനത്തിന്റെ തെക്കേ എലുകയെ തൊട്ട് സ്ഥിതിചെയ്യുന്ന വിളവംകോട് താലൂക്കിന്റെ ആസ്ഥാനമായ കുഴിത്തുറ ടൗണിന്റെ ഹൃദയഭാഗത്ത് സ്വന്തമായി കുറെ ഭൂമിയും അതിനകത്ത് ഉറപ്പും ഗാംഭീര്യവുമുള്ള ഒരു മനോഹര മന്ദിരവും സമാജത്തിന്റെ വകയായി ഉണ്ടാക്കുന്നതിന് അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്യുകയും അതിൽ വിജയിക്കുകയും ചെയ്തു. അധികാരസ്ഥാനങ്ങളിലെല്ലാം ആവശ്യാനുസരണം അപ്പോഴപ്പോൾ നിവേദനങ്ങൾ സമർപ്പിക്കുകയും ജില്ലാ തലത്തിലെങ്കിലും സാദ്ധ്യമായതെല്ലാം നേടിയെടുക്കുകയും ചെയ്തു. ചില ധർമ്മസ്ഥാപനങ്ങളോട് എഴുത്തുകുത്തുകൾ നടത്തി ചില സാമ്പത്തിക സഹായങ്ങൾ ലബ്ധമാക്കി. ഒരു ശിശുവിദ്യാലയം ആരംഭിച്ചു. ആകപ്പാടെ ആ സ്ഥാനത്തിരുന്നുകൊണ്ട് അതിൽ കവിഞ്ഞെന്നല്ല, അത്രത്തോളമെങ്കിലും നേടാൻ മറ്റാർക്കും കഴിയുമായിരുന്നു എന്ന് തോന്നുന്നില്ല. എസ്. എം. നായർ കന്യാകുമാരി ജില്ല മലയാള സമാജത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തു നിന്ന് 1998 ഡിസംബർ മാസം 26 ന് വിരമിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്ത് അദ്ദേഹത്തെ സഹായിച്ചുകൊണ്ടും ജനറൽ സെക്രട്ടറി എന്ന നിലയിലും കുറെ വർഷക്കാലം പ്രവർത്തിച്ചു കൊണ്ടിരുന്ന ശ്രീ. എസ്. എൻ. നായർ എളിമയുടെയും നിസ്സ്വാർത്ഥ സേവനത്തിന്റെയും മൂർത്തീമദ്ഭാവം തന്നെയായിരുന്നു എന്നതും എടുത്തു പറയേണ്ട കാര്യമാണ്. അദ്ദേഹത്തിന്റെ അകാല ചരമം സമാജത്തിന് ഒരു തീരാനഷ്ടം തന്നെയായിരുന്നു.

കുലശേഖരത്തെ ഒരു ധനാഢ്യനും പൗരമുഖ്യനും സദ്വൃത്തനുമായ ശ്രീ. ടി. എം. തോമസ് ആരംഭകാലം മുതൽക്കെ കന്യാകുമാരി ജില്ലാ മലയാള സമാജത്തിന്റെ ഒരു സജീവാംഗമായിരുന്നു, വൈസ് പ്രസിഡന്റുമായിരുന്നു. എസ്. എം. നായർ പ്രസിഡന്റ് പദത്തിൽ നിന്നും വിരമിച്ചതിനുശേഷം സമാജത്തിന്റെ പൊതുയോഗം കൂടി ശ്രീ. ടി. എം. തോമസിനെ പ്രസിഡന്റായി തെരഞ്ഞെടുത്തു. അടുത്ത മൂന്നു വർഷം അദ്ദേഹമായിരുന്നു സമാജാദ്ധ്യക്ഷൻ. അടുത്ത പൊതുയോഗത്തിൽ, അതായത് 2001 അവസാനത്തോടു കൂടിയാണ്, ഈ ലേഖകൻ അദ്ധ്യക്ഷനായുള്ള നിർവ്വാഹസമിതി തെരഞ്ഞെടുക്കപ്പെട്ടത്. 2004 ലെ പൊതുയോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട സമിതിയിൽ മുൻപ്രവർത്തക സമിതിയംഗങ്ങളിൽ മിക്കവരും കുറെ പുതിയ അംഗങ്ങളും ഉൾപ്പെടുന്നു.

## ഉപസംഹാരം

അയൽസംസ്ഥാനമായ കേരളത്തിലെ ഭാഷാന്യൂനപക്ഷമായ തമിഴ് വിഭാഗത്തിന് ആ സംസ്ഥാനത്ത് ലഭിക്കുന്ന പരിഗണന കന്യാകുമാരി ജില്ലയിലെ മലയാള വിഭാഗത്തിന് ഇവിടെ ലഭിക്കുന്നില്ലെന്ന പരാതി 1957 മുതൽ ഇന്നോളം തുടർച്ചയായി തന്നെ നിലനിൽക്കുന്നു. ഭാരതം പോലുള്ള ഒരു വലിയ രാജ്യത്തിൽ ഭാഷാപരമായ അസഹിഷ്ണുത അത്യന്തം ആപൽക്കരമാണ്. നമുക്ക് ഹിതമായാലും അല്ലെങ്കിലും, അഭ്യസ്ഥവിദ്യരെ സംബന്ധിച്ചിടത്തോളം, ഇന്ത്യയിൽ ഇന്നു ഒരു പൊതുഭാഷയുള്ളത് ഇംഗ്ലീഷ് മാത്രമാണ്. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഹിന്ദി പൂർണ്ണമായി പ്രചരിപ്പിക്കുവാൻ ഇനിയും കുറെ വർഷങ്ങൾ വേണ്ടി വരും. ഭാരതത്തിന് ഒരു ദേശീയ പൊതുഭാഷയുണ്ടായിരിക്കേണ്ടത് ആവശ്യവും അഭികാമ്യവുമാണെന്ന കാര്യത്തിൽ രണ്ടഭിപ്രായം ഉണ്ടാകാനിടയില്ല. ഒരു ലോകഭാഷയുടെ നിലയിലേയ്ക്ക് ഉയർന്നു കഴിഞ്ഞിരിക്കുന്ന ഇംഗ്ലീഷിനെ പാടെ വിഗണിക്കാൻ നമുക്ക് കഴിയുകയില്ല.

സ്വന്തം ഭാഷയുടെയോ മതത്തിന്റെയോ നേർക്കുള്ള സ്നേഹത്തിന്റെ പേരിൽ രാഷ്ട്രത്തിന്റെ ഐക്യത്തെയും അഭിവൃദ്ധിയെയും ഉന്നതിയെയും പ്രതികൂലമായി ബാധിക്കത്തക്ക യാതൊരു പ്രവർത്തിയും ഒരു പൗരന്റെയും പൗരിയുടെയും ഭാഗത്തു നിന്നുണ്ടാകാൻ പാടില്ലാത്തതാണ്. ഇതാണ് കന്യാകുമാരി ജില്ല മലയാള സമാജത്തിന്റെ വിശ്വാസ പ്രമാണം. ഈ പന്ഥാവിൽ നിന്ന് അണു മാത്രം വ്യതിചലിക്കാതിരിക്കാൻ സമാജം പ്രതിജ്ഞാബദ്ധമാണ്. കഴിഞ്ഞ ഇരുപത്തിയേഴു വർഷങ്ങൾക്കുള്ളിൽ ഒരിക്കലും ഇതിനു ഭംഗമുണ്ടായിട്ടുമില്ല.

**പ്രസിഡന്റ്**

കന്യാകുമാരി ജില്ല മലയാളസമാജം

# കന്യാകുമാരി ജില്ല (അടിസ്ഥാന വിവരങ്ങൾ)

## സ്ഥാനം

വടക്ക് അക്ഷാംശം 8° 8' മുതൽ 8° 29' വരെ.

കിഴക്ക് രേഖാംശം 76° 5' മുതൽ 77° 4' വരെ.

**വിസ്തൃതി**

: 1684 ചതുരശ്ര കിലോമീറ്റർ

**ജനസംഖ്യ** : 16,69,763 (1991 സെൻസസ് പ്രകാരം)

സ്ത്രീകൾ : 7,76,510

പുരുഷൻമാർ : 8,93,253

ജനനിബിഡത ച. കി. ന് 998

സാക്ഷരർ : 11,48,778

**കടൽത്തീരം** : 68 കി. മീ.

**ശരാശരി മഴ** : 140 സെ. മീ.

## ഭരണ സംവിധാനം

**റവന്യൂ ഡിവിഷനുകൾ** : 2 (നാഗർ കോവിൽ, പത്മനാഭപുരം)

**റവന്യൂ താലൂക്കുകൾ** : 4 (തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട്)

**മുനിസിപ്പാലിറ്റികൾ**

(1) നാഗർകോവിൽ (സ്പെഷ്യൽ ഗ്രേഡ്)

(2) പത്മനാഭപുരം (സെക്കന്റ് ഗ്രേഡ്)

(3) കുളച്ചൽ (സെക്കന്റ് ഗ്രേഡ്)

(4) കുഴിത്തുറ (സെക്കന്റ് ഗ്രേഡ്)

**പഞ്ചായത്ത് യൂണിയനുകൾ : 9**

(1) അഗസ്തീശ്വരം

(2) രാജാക്കമംഗലം

(3) തോവാള

(4) കുരുന്തൻകോട്

(5) തക്കല

(6) തിരുവട്ടാർ

(7) കിള്ളിയൂർ

(8) മുഞ്ചിറ

(9) മേൽപ്പുറം

**പഞ്ചായത്തുകൾ**

(1) സ്പെഷ്യൽ ഗ്രേഡ് 56

(2) ഗ്രേഡ് (I) 30

(3) സെലക്ഷൻ ഗ്രേഡ് 10

(4) ഗ്രേഡ് (II) 15

(5) വില്ലേജ് പഞ്ചായത്തുകൾ 56

**റവന്യൂ വില്ലേജുകൾ** : 81

**തുറമുഖം** 1 (കുളച്ചൽ)

**റേഡിയോ നിലയം** 1 (നാഗർകോവിൽ)

**ടി. വി. നിലയം** 2 (നാഗർകോവിൽ, മാർത്താണ്ഡം)

**പൊതുജനാരോഗ്യം :**

| | |
|---|---|
| ഡിസ്ട്രിക്റ്റ് ഗവൺമെന്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | 1 |
| ഗവൺമെന്റ് ആശുപത്രികൾ | 9 |
| പ്രൈമറി ഹെൽത്ത് സെന്ററുകൾ | 30 |
| ഹെൽത്ത് സബ് സെന്ററുകൾ | 267 |

**മൃഗസംരക്ഷണം :**

| | |
|---|---|
| വെറ്റിനറി ആശുപത്രികൾ | 3 |
| വെറ്റിനറി ഡിസ്പൻസറികൾ | 23 |

**വിദ്യാഭ്യാസം (2001-2002) :**

| | |
|---|---|
| ഗവൺമെന്റ് ആർട്സ് കോളേജ് | ഇല്ല. |
| ഗവൺമെന്റ് എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് | 12 |
| സെൽഫ് ഫൈനാൻസിംഗ് ആർട്സ് & സയൻസ് കോളേജ് | 4 |
| പോളിടെക്നിക്ക് കോളേജ് (ഇവയിൽ ഒരെണ്ണം സർക്കാരിന്റേത്) | 8 |
| എഞ്ചിനീയറിംഗ് കോളേജ് | 5 |
| ഹോമിയോപതി മെഡിക്കൽ കോളേജ് | 2 |
| ബി. എഡ്. കോളേജ് | 1 |
| ഇൻസ്ട്രിയൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ | 18 |
| ഹയർ സെക്കൻറി സ്കൂൾ | 120 |
| ഹൈസ്കൂൾ | 121 |
| യു. പി. സ്കൂൾ | 147 |
| പ്രൈമറി സ്കൂൾ | 413 |
| പ്രീ - പ്രൈമറി സ്കൂൾ | 83 |


**പോസ്റ്റ് ഓഫീസുകൾ:**

| | |
|---|---|
| ഹെഡ് പോസ്റ്റാഫീസ് | 2 |
| സബ് പോസ്റ്റാഫീസ് | 77 |
| ബ്രാഞ്ച് പോസ്റ്റാഫീസ് | 186 |
| **അഗ്നിശമന നിലയങ്ങൾ** | 7 |

**റോഡുകൾ**

| | |
|---|---|
| പഞ്ചായത്ത് റോഡ് | 425 കി. മീ. |
| പഞ്ചായത്ത് യൂണിയൻ റോഡ് | 568.150 കി. മീ |
| ഹൈവേ | 1211.604 കി. മീ. |
| നാഷണൽ ഹൈവേ | 63.600 കി. മീ. |


# മുൻകാല ഭാരവാഹികൾ



Wg. Com. S. M. നായർ
സ്ഥാപക പ്രസിഡന്റ്



Capt. S. N. നായർ
സ്ഥാപക സെക്രട്ടറി



A. സുകുമാരൻ നായർ
ട്രഷറർ



ടി. എം. തോമസ്
പ്രസിഡന്റ് (1998-2001)



വി. സത്യകുമാരൻ നായർ
സെക്രട്ടറി (1992-2004)



പാകോട് നാരായണപിള്ള
ട്രഷറർ ( -2004 )

ഡോ. സുരേന്ദ്രൻ
വൈസ് പ്രസിഡന്റ്



എം. എസ് രവീന്ദ്രൻ
വൈസ് പ്രസിഡന്റ്
( 1995-2001)



എ. നാഗപ്പൻ നായർ
വൈസ് പ്രസിഡന്റ്
( 1998-2001)



S. ശ്രീധര പണിക്കർ
വൈസ് പ്രസിഡന്റ്
(1998-2001)



K. രവീന്ദ്രനാഥൻ നായർ
ജോ. സെക്രട്ടറി
(1995-1998)

# സമാജത്തിന്റെ നാൻമുഖ പ്രവർത്തനങ്ങൾ

കന്യാകുമാരി ജില്ലാ മലയാള സമാജത്തിന്റെ ലക്ഷ്യം ജില്ലയിലെ മലയാളികളുടെ സുരക്ഷയാണ്. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ പ്രധാനമായി നാലു മേഖലകളിലാണ് ലക്ഷ്യമിടുന്നത്.

1. കന്യാകുമാരി ജില്ലയിലെ മലയാളികളെ ജാതി-മത-രാഷ്ട്രീയ ഭേദമന്യേ ഒരുമിച്ചു നിർത്തുക.
2. മലയാളം പഠിക്കാനും വ്യവഹരിക്കാനുമുള്ള സൗകര്യം നിലനിർത്തുക.
3. മലയാള സംസ്കാരം നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യുക.
4. മലയാളികളല്ലാത്തവരുമായി സഹവർത്തിച്ചു കൊണ്ട് സാംസ്ക്കാരിക സമന്വയം സാദ്ധ്യമാക്കുക.

സമാജത്തിന്റെ പ്രവർത്തനങ്ങളിൽ ഒരിക്കലും രാഷ്ട്രീയ ചിന്ത കടന്നു വരാറേയില്ല. ജില്ലയിലെ പ്രമുഖ രാഷ്ട്രീയ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികൾ മലയാള സമാജത്തിന്റെ വിവിധ സമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. സമാജം സർക്കാരിനു മുന്നിൽ സമർപ്പിക്കാറുള്ള നിവേദനങ്ങളുടെ പകർപ്പുകൾ വ്യത്യസ്ത രാഷ്ട്രീയ കക്ഷികളിൽപ്പെട്ട ജനപ്രതിനിധികൾക്കും നൽകി അവരുടെ സഹകരണം കൂടി ഉറപ്പാക്കുക എന്നതിൽ ഈയിടയായി കൂടുതൽ ശ്രമിക്കുന്നുണ്ട്. ഏതു രാഷ്ട്രീയ പാർട്ടിയിൽ അംഗമായിരിക്കുന്നവർക്കും ഇവിടെ പ്രവേശനത്തിനു തടസ്സമില്ല. വിവിധ വിഭാഗക്കാർക്ക് അർഹിക്കുന്ന പ്രാതിനിധ്യം ലഭിക്കത്തക്കവണ്ണം അംഗത്വ സമാഹരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ നിർവാഹസമിതി തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിച്ചു തുടങ്ങിയിട്ടുമുണ്ട്.

മലയാളം പഠിക്കാനും മലയാളത്തിൽ വ്യവഹരിക്കാനുമുള്ള അവകാശം നിലനിർത്തുക എന്നതാണ് സമാജത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം. അതിലൂടെ മാത്രമേ മറ്റെന്തും സാദ്ധ്യമാവുകയുള്ളൂ. ഭരണഘടനാപരവും സംസ്ഥാന നിയമങ്ങളാൽ ഉറപ്പു നൽകിപ്പെട്ടിട്ടുള്ളവയുമായ അവകാശങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിലാണ് പ്രധാനമായും പ്രശ്നങ്ങളുള്ളത്. സമാജത്തിന്റെ ആരംഭകാലത്ത് ചില പ്രശ്നങ്ങളിൽ കുറേ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞുവെങ്കിലും ക്രമേണ ആ മേഖലയിലെ പ്രവർത്തനം മന്ദീഭവിക്കുകയുണ്ടായി. ഇപ്പോൾ വീണ്ടും പ്രവർത്തനങ്ങൾ ശക്തമാക്കാനുള്ള ശ്രമത്തിലാണ്.

ജില്ലയിൽ അവശേഷിപ്പിച്ചിട്ടുള്ള മലയാളം സ്കൂളുകളുടെ കണക്കെടുപ്പ് നടന്നു വരുന്നു.

ഒരു ക്ലാസ്സിന് ഒരു അധ്യാപകൻ എന്ന ആശയം ഉന്നയിച്ച് നിവേദനം നൽകിയിട്ടുണ്ട്.

മലയാളം അധ്യാപക പരിശീലനം നേടിയവരുടെ പ്രശ്നം പരിഹരിക്കുന്നതിനായി അധികൃതർക്ക് നിവേദനം നൽകിയിട്ടുണ്ട്. മലയാളത്തിനു പ്രത്യേകം സിലബസ് ഇല്ലാത്തതാണ് അവർക്ക് അടുത്ത സംസ്ഥാനത്തു നിയമനം ലഭിക്കുന്നതിനു തടസ്സമായി നിൽക്കുന്നത്. പ്രത്യേക സിലബസ്സ് തയ്യാറാക്കുവാൻ വിദ്യാഭ്യാസ വകുപ്പിനെ നിർബന്ധിക്കുന്നതിന് വേണ്ട നടപടികൾ തുടങ്ങിയിട്ടുണ്ട്.

മലയാള വിഭാഗത്തിൽ പഠിക്കാൻ കുട്ടികൾ ഉണ്ടെങ്കിൽ മാത്രമേ അവർക്ക് നമ്മുടെ ജില്ലയിൽ ജോലി കിട്ടുകയുള്ളൂ എന്നത് ഏവർക്കും അറിയാവുന്നതാണ്. അതിന് മലയാളികളെ പ്രേരിപ്പിക്കാൻ 'വീണ്ടും മലയാളം' എന്ന ഒരു പരിപാടി തയ്യാറാക്കുന്നുണ്ട്.

ഹയർസെക്കന്ററി, എസ്. എസ്. എൽ. സി എന്നീ പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്ക് മലയാള സമാജംഗങ്ങളായിരുന്ന ചിലർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകൾ വർഷം തോറും നൽകി വരുന്നുണ്ട്.

ഈ വർഷം രജത ജൂബിലി ആഘോഷ വേളയിൽ സമാജംഗങ്ങളുടെ കുടുംബത്തിലെ കുട്ടികൾക്ക് അവാർഡ് ഏർപ്പെടുത്തിയിരുന്നു. ജാതിമത ഭേദമെന്യേ ധാരാളം കുട്ടികൾ പങ്കെടുത്തിരുന്നു. പ്രസ്തുത പരിപാടി വർഷംതോറും നടത്തേണ്ടതാണ് എന്നു തീരുമാനിച്ചിട്ടുണ്ട്. മലയാള ഭവനിൽ തമിഴ്നാട് സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ നടത്തി വരുന്ന ശിശുസംരക്ഷണ കേന്ദ്രം (Creche) പരിസര വാസികൾക്ക് നല്ല സേവനം നടത്തി വരുന്നു.

മാസം തോറും കമലജം സാഹിത്യവേദി സമ്മേളി ക്കുന്നു. പതിവായി രണ്ടാം ശനിയാഴ്ച നടന്നു വന്നിരുന്ന പ്രസ്തു സമ്മേളനം കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാൻ വേണ്ടി രണ്ടാം ഞായറാഴ്ചകളിൽ വൈകുന്നേരം 4 മണിക്ക് നടത്താനാണു തീരുമാനിച്ചിരിക്കുന്നത്. ധാരാളം ചെറുപ്പക്കാർ തങ്ങളുടെ രചനകൾ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നുണ്ട്. അടുത്ത ജില്ലയിൽ നിന്നുപോലും ആളുകൾ ഇതിൽ താത്പര്യം കാണിക്കുന്നുണ്ട് എന്നതു പ്രത്യേകം പ്രസ്താവ്യമാണ്. ആർഷഭൂമിയുടെ മുക്താലാപം, അരുമന വിശ്വംഭരൻ നായരുടെ സ്മരണാഞ്ജലി, പാകോടു നാരായണ പിള്ളയുടെ ഉണ്ണിനിലാവ്, എസ്. എം. മണിയുടെ ശബ്ദത്തിന്റെ നാഡിമിടിപ്പ്, കൊല്ലംകോട് ചിന്നതമ്പിയുടെ ഒന്നാം പത്ത് തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിക്കാൻ പ്രേരണയായത് കമലജം സാഹിത്യ വേദിയാണ്.

കന്യാകുമാരി ജില്ല മലയാളസമാജത്തിന്റെ ആഭിമുഖ്യ ത്തിൽ 2001 മുതൽ പ്രവർത്തിച്ചു വരുന്ന ആർഷഭൂമി സ്മാരക സമിതി വർഷം തോറും കന്യാകുമാരി ജില്ലയിലെ മലയാള സാഹിത്യകാരൻമാരുടെ പ്രോത്സാഹനാർത്ഥം 1111 രൂപയും സ്മരണോപഹാരവും പ്രശസ്തിപത്രവും അടങ്ങുന്ന ആർഷഭൂമി സ്മാരക അവാർഡും നൽകി വരുന്നു.

മലയാള വിദ്യാലയങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രത്യേക പരിപാടികളിൽ സജീവ ജനപങ്കാളിത്തം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

മലയാള സംസ്ക്കാരം പ്രോത്സാഹിപ്പിക്കുന്നതിലേക്ക് സാഹിത്യ വേദിയും സാഹിത്യ മത്സരങ്ങളും മറ്റും ഉതകുന്നുവെങ്കിലും അതിനു കൂടുതൽ കരുത്തേകുവാനായി മലയാളികളുടെ മഹോത്സവമായ ഓണത്തിന് പ്രത്യേകം ആഘോഷപരിപടികൾ സംഘടിപ്പിച്ചിരുന്നു.

നഴ്സറി സ്കൂളിലെ കുഞ്ഞുങ്ങൾ മുതൽ ഹയർ സെക്കന്ററിയിലെ കുമാരീകുമാരൻമാർ വരെയുള്ളവർ വിവിധ മത്സരങ്ങളിൽ സോത്സാഹം പങ്കുകൊണ്ടു.

ജാതിമത ഭാഷാഭേദമില്ലാതെ എല്ലാ വിഭാഗം ജനങ്ങളും പങ്കെടുത്ത ഒരു ഗംഭീരൻ ഓണസദ്യ നടന്നു. കുഴിത്തുറയിലെ മലയാള ഭവൻ പരിസരത്തുള്ള യുവാക്കളുടെ സംഘമായ ബ്രദേഴ്സ് ക്ലബ് അംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തോടുകൂടെയാണ് ഈ ഓണാഘോഷ പരിപാടികൾ നടന്നത്. സംസ്ക്കാരിക ആഗമനത്തോടൊപ്പം ബഹുജന സഹകരണവും ഉറപ്പു വരുത്തുന്ന ഇത്തരം പരിപാടികൾ തുടർന്നും നടത്താനാണ് പുതിയ ഭരണ സമിതി തീരുമാനിച്ചിരിക്കുന്നത്.

ഇരുപത്തഞ്ചു വർഷത്തെ ചരിത്രത്തിലാദ്യമായി ഓണാഘോഷം പോലെ തന്നെ സ്വാതന്ത്ര്യദിനാഘോഷവും സംഘടിപ്പിക്കപ്പെട്ടു. അന്നേ ദിവസം 'സ്വാതന്ത്ര്യവും സ്വകാര്യവൽക്കരണവും' എന്ന വിഷയത്തിൽ ഒരു സെമിനാറും സംഘടിപ്പിക്കപ്പെട്ടു.


ഇരുപത്തിയഞ്ചു വയസ്സു തികയുമ്പോൾ ഉത്തരവാദിത്ത ബോധം കൂടുക എന്നത് സ്വാഭാവികമാണല്ലോ. കന്യാകുമാരി ജില്ല മലയാള സമാജത്തിനും അത് ബാധകമാണ്. രജത ജൂബിലി ആഘോഷത്തോടെ കൈവന്ന ഊർജ്ജസ്വലത നിലനിർത്തുവാൻ ജില്ലയിലെ മലയാളികളേവരും ഒറ്റക്കെട്ടായി നിന്നാൽ മലയാളികൾക്ക് മാനമേറും.

ജനറൽ സെക്രട്ടറി


# 2004-ൽ നിലവിൽ വന്ന കേന്ദ്രസമിതി



**അഡ്വ. കെ. ചന്ദ്രശേഖരപിള്ള**
(പ്രസിഡന്റ്)




**വിശ്വൻ കൊല്ലങ്കോട്**
(ജനറൽ സെക്രട്ടറി)




**ബി. ശശിധരൻ നായർ**
(ട്രഷറർ)



**Wg. COM. K. P. സുധീർ**
(വൈസ് പ്രസിഡന്റ്)



**അഡ്വ. വി. രാമചന്ദ്രൻ നായർ**
(വൈസ് പ്രസിഡന്റ്)



**കെ. വേലായുധൻ പിള്ള**
(ജോ. സെക്രട്ടറി)



**എസ്. പൗലോസ്**
(ജോ. സെക്രട്ടറി)



**പി. ചിന്നതമ്പി**
(ജോ. സെക്രട്ടറി)



**പാകോട്**
**നാരായണപിള്ള**




**എം. എസ്. രവീന്ദ്രൻ**





**ഇ. ശ്രീകണ്ഠൻ നായർ**



കെ. രവീന്ദ്രൻ



വി. വിശ്വംഭരൻ നായർ


കെ. ഉണ്ണികൃഷ്ണൻ



എസ്. ബാഹുലൻ



തിരുവട്ടാർ സുകുമാരൻ നായർ


കെ. കെ. നായർ


എൻ. മുകുന്ദൻ നായർ


വി. ജെ. തോമസ്


കെ. ശ്രീകണ്ഠൻ നായർ


വി. സത്യകുമാരൻ നായർ

## യുവജന/വനിത പ്രാതിനിധ്യം : പ്രത്യേക ക്ഷണിതാക്കൾ


സതീഷ് ചന്ദ്രൻ. റ്റി. സി.


ജി. സതീഷ് കുമാർ


ബിജു ബാലകൃഷ്ണൻ


അഡ്വ. വി. എസ്. ഗിരിജ

# ബഹിരാകാശസാരഥി വിശിഷ്ടാതിഥിയായി മലയാളസമാജം ആസ്ഥാനത്ത് എത്തിയപ്പോൾ

*[കന്യാകുമാരി ജില്ല മലയാളസമാജത്തിന്റെ 22-ാം വാർഷികം 27.02.2000ൽ കുഴിത്തുറ സമാജം ആസ്ഥാനത്ത് ആഘോഷിക്കപ്പെട്ടപ്പോൾ ചേർന്ന പൊതുയോഗത്തിൽ വിശിഷ്ടാതിഥിയായി എത്തിയത് അന്നു തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെന്ററിൽ ഡയറക്ടറായിരുന്ന പത്മഭൂഷൺ ജി. മാധവൻ നായർ അവർകളായിരുന്നു. ഇന്ന് അദ്ദേഹം ഇൻഡ്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) യുടെ മേധാവിയായി ന്യൂഡൽഹിയിൽ സേവനമനുഷ്ഠിക്കുകയാണ്. സമാജത്തിന്റെ വാർഷികാഘോഷത്തിൽ അന്ന് പത്നീസമേതനായി സംബന്ധിച്ച അദ്ദേഹം സമാജസ്ഥാപകാദ്ധ്യക്ഷനായിരുന്നു വിംഗ് കമാൻഡർ എസ്. എം. നായർ (റിട്ട) അവർകളുടെ ഛായാചിത്രം അനാച്ഛാദനം ചെയ്യുകയും യുവജനോത്സവ മത്സരവിജയികൾക്ക് സമ്മാനദാന നിർവ്വഹണം നടത്തുകയും ചെയ്തു. കൂടാതെ സാധാരണ വിശിഷ്ടാതിഥികളിൽ നിന്നും വ്യത്യസ്ഥതയോടെ ആഘോഷ പരിപാടികളിൽ ഉടനീളം സംബന്ധിക്കുകയുമുണ്ടായി. പ്രസ്തുത വാർഷിക യോഗത്തിൽ വച്ച് സമാജത്തിന്റേതായ ഒരഭിനന്ദനോപഹാരവും അദ്ദേഹത്തിനു സമർപ്പിക്കപ്പെട്ടു. അഭിനന്ദനോപഹാരത്തിൽ ദീർഘദർശനം ചെയ്ത ഔന്നത്യം ഇന്നദ്ദേഹം കൈവരിച്ചിരിക്കുന്നു. അഡ്വക്കേറ്റ് പാകോടു എൻ. പി. നായർ തയ്യാറാക്കി വായിച്ച ആ അഭിനന്ദനോപഹാരത്തിന്റെ പൂർണ്ണരൂപം ഇവിടെ ചേർക്കുകയാണ് - സുവനീർ എഡിറ്റർ]*



ഡോ. ജി. മാധവൻ നായർ സ്ഥാപകപ്രസിഡന്റിന്റെ ഛായാചിത്രം അനാവരണം ചെയ്യുന്നു.

പ്രതിഭാധനൻ,

കന്യാകുമാരി ഡിസ്ട്രിക്റ്റ് മലയാള സമാജത്തിന്റെ 20ാമത് വാർഷികായോഗത്തിൽ ഞങ്ങളുടെ മുഖ്യാതിഥിയായി സംബന്ധിക്കുന്നതിന് കൃത്യാന്തര ബഹുലതയ്ക്കിടയിലും സമയം കണ്ടെത്തിയ അങ്ങയുടെ മഹാമനസ്ക്കതയെ സമാജംഗങ്ങളായ നാം ഹൃദയംഗമമായി വാഴ്ത്തുന്നു.

ബഹിരാകാശ ശാസ്ത്രജ്ഞനെന്ന നിലയിൽ അങ്ങയുടെ യശസ്സ് ദേശാതിർത്തിക്കുള്ളിൽ ഒതുങ്ങുന്നതല്ല. അത് തികച്ചും അന്തർദ്ദേശീയമാണ്. എന്നാലും, ഈ യശ്ശസ്സ് ഉദ്ഘോഷിക്കുമ്പോൾ കന്യാകുമാരി ജില്ല നിവാസികൾക്ക് പ്രത്യേക ന്യായീകരണമുണ്ട്, അവകാശമുണ്ട്. കാരണം അങ്ങയുടെ ജനനം കൊണ്ട് അനുഗ്രഹീതമായ തിരുനന്ദിക്കര ഈ ജില്ലയിലെ ഒരു പ്രദേശമാണ്. അങ്ങയുടെ ശാസ്ത്ര സംബന്ധമായ മികവുറ്റ കഴിവുകളെയും അത്യന്തം പ്രശംസാർഹമായ

നേട്ടങ്ങളെയും അംഗീകരിക്കുവാനും അഭിനന്ദിക്കുവാനും പലപ്പോഴായി നടത്തപ്പെട്ടിട്ടുള്ള തിളക്കമാർന്ന നിരവധി മഹായോഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സദസ്സ് ചെറുതായിരിക്കാം, താരപ്രതിഭാരഹിതമായിരിക്കാം. പക്ഷെ, അങ്ങയുടെ സ്വന്തം നാട്ടിൽ ലഭിക്കുന്ന ഈ സ്വീകരണത്തിന്, ഈ ഒറ്റക്കാരണത്താൽ തന്നെ അതിന്റെ വലിപ്പത്തെക്കാൾ ഏറെ പ്രാധാന്യമുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. മുറ്റത്തെ മുല്ലയ്ക്ക് മണമില്ലെന്ന് പറഞ്ഞ് കേൾക്കാറുണ്ട്. ഞങ്ങൾ മുറ്റത്തെ മുല്ലയെ യഥായോഗ്യം തിരിച്ചറിയുന്നു. അതിന്റെ അസുലഭമായ സുഗന്ധം സ്വയം അനുഭവവേദ്യമാകുന്നു. കർണ്ണാടക സംഗീതലോകത്തെ ഉത്തുംഗ പ്രതിഭയായിരുന്ന യശശ്ശരീരനായ ചെമ്പൈ വൈദ്യനാഥ ഭാഗവതർ ഒരിക്കൽ പറയുകയുണ്ടായി, "പുകഴ്പെറ്റ തെന്നിന്ത്യ സംഗീത സഭകളുടെ ആസ്ഥാന നഗരമായ മദിരാശിയിൽ എനിക്ക് ലഭിച്ചിട്ടുള്ള നിറപ്പകിട്ടാർന്ന സ്വീകരണത്തേക്കാൾ വൈകാരികമായി എന്നെ കോരിത്തരിപ്പിച്ചത് എന്റെ ചെറിയ ചെമ്പൈ ഗ്രാമം ഉൾക്കൊള്ളുന്ന പാലക്കാട്ടെ കൊച്ചു കൊച്ചു സ്വീകരണങ്ങളാണ്. വിശാലമായ അതിഥിമന്ദിരങ്ങളിൽ വിളമ്പുന്ന വിഭവ സമൃദ്ധമായ സദ്യയേക്കാൾ എന്റെ കൊച്ചു വീട്ടിൽ എനിക്ക് കിട്ടുന്ന കഞ്ഞിയും പർപ്പടകവും ചെറുപയറുമാണ് ഏറെ ആസ്വാദ്യകരം." ഈ വാക്കുകളിൽ അന്തർലീനമായിരിക്കുന്ന വികാരത്തനിമയോടെ ഞങ്ങളുടെ ഈ കൊച്ചു സ്വീകരണത്തെ അങ്ങ് വിലയിരുത്തിയാലും.

പുരാതന ഭാരതത്തിലെ ഋഷിപുംഗവൻമാർ നിതാന്തമായ തപസ്സിൽ കൂടി സത്യത്തെ നിരന്തരം അന്വേഷിച്ചു. ഒരോ ശാസ്ത്രജ്ഞനും അനുനിമിഷം ഒരു സത്യാന്വേഷകനാണ്. ആ തപസ്യയിൽ കണ്ടെത്തുന്ന സത്യത്തിന്റെ വിവിധരൂപങ്ങളും ഭാവങ്ങളും തന്നെയാണ് ഏതിനേക്കാളും ഒരു ശാസ്ത്രജ്ഞന്റെ ആന്തരികമായ സന്തോഷത്തെയും സംതൃപ്തിയെയും ഉദ്ദീപിപ്പിക്കുക. ധനസമ്പാദനമോ ഭൗതീക നേട്ടങ്ങളോ ആഡംബരപ്രൗഢികളോ ഋഷികളെ എന്നപോലെ ശാസ്ത്രജ്ഞനെയും സ്വാധീനിക്കാറില്ല. ഇരുകൂട്ടരും പരമലക്ഷ്യമായ സത്യത്തിന്റെ നിഷ്കാമരായ ഉപാസകരാണ്. ഈ വീക്ഷണകോണിൽ ദർശിക്കുമ്പോൾ അങ്ങ് ഇത്തരം സ്വീകരണയോഗങ്ങൾക്കൊക്കെ എത്രമാത്രം അതീതനാണ് എന്ന യാഥാർത്ഥ്യം സുസ്പഷ്ടമാണ്. റിപ്പബ്ളിക് ദിന ബഹുമതികളായി പ്രഖ്യാപിക്കപ്പെടുന്ന ഭാരത രത്നവും, പത്മവിഭൂഷണവും, പത്മഭൂഷണവും പത്മശ്രീയുമൊക്കെ അടുത്ത കാലം വരെ ഏറെക്കുറെ രാഷ്ട്രീയ മേഖലയിലെ ഉന്നതർക്കായാണ് നീക്കിവെയ്ക്കപ്പെട്ടിരുന്നത്. അബ്ദുൽക്കലാമും അമർത്ത്യാസെന്നും രവിശങ്കറും ഭാരതരത്ന ബഹുമതി കൊണ്ട് ആദരിക്കപ്പെട്ടപ്പോൾ രാഷ്ട്രീയേതര മേഖലകൾക്കും ഇതേ വരെ അത്രമാത്രം ലഭ്യമല്ലായിരുന്ന അംഗീകാരത്തിന്റെ ശുഭോദർക്കമായ ഒരു വ്യതിയാനമാണ് നാം ദർശിക്കുക. ഒരു പത്മ ഭൂഷണിൽ ഒതുങ്ങുന്നതല്ല. അങ്ങയുടെ പ്രതിഭയും പ്രവർത്തനപാടവവും. ഇനിയും ആർജ്ജിക്കേണ്ട വിജയപരമ്പരകളുടെ സാക്ഷാത്കാരത്തിന് ആവശ്യമായ പ്രചോദനവും പ്രേരകശക്തിയും ഉദ്ദീപിപ്പിക്കുന്ന പല വസ്തുതാഘടകങ്ങളിൽ ഈ സ്ഥാനലംബ്ധി ഒന്നു മാത്രം എന്നേ പറയാനുള്ളൂ.

ഈ വാർഷികയോഗത്തിൽ അങ്ങയുടെ ധർമ്മപത്നി ശ്രീമതി രാധാകുമാരിയും അങ്ങയോടൊപ്പം ഇവിടെ സന്നിഹിതയായി നമ്മുടെ പരിപാടികളെ ആശീർവദിക്കുകയാണ് എന്നതിൽ നാം പ്രത്യേകം കൃതജ്ഞരാണ്. അങ്ങ് സാരഥ്യം വഹിക്കുന്ന മഹാസ്ഥാപനത്തിൽ തന്നെ അവരും ഒരു ശാസ്ത്രജ്ഞയായി പ്രവർത്തിക്കുകയാണല്ലോ. അങ്ങനെ സഹധർമ്മിണി എന്നതിനു പുറമേ അങ്ങയുടെ സഹപ്രവർത്തക കൂടെയാണവർ. ഇത്തരുണത്തിൽ പ്രശസ്തരായി വിരാജിച്ചിരുന്ന മൺമറഞ്ഞ ഒരു സഹോദര ദ്വയത്തെപ്പറ്റി അല്പം പ്രതിപാദിക്കട്ടെ. സ്ത്രീ വ്യക്തിത്വത്തിന്റെ വൈവിധ്യ സവിശേഷതകളെ മുഖ്യമായും ആധാരമാക്കി 'വിലാസിനി' എന്ന തൂലികാ നാമത്തിൽ ആഖ്യായികാ രചന നടത്തി പേരും പെരുമയും നേടിയ ശ്രീ. എം. കെ. മേനോന്റെയും അദ്ദേഹത്തിന്റെ സഹോദരൻ രാഷ്ട്രീയത്തിൽ അങ്കം കുറിച്ച് ആരംഭിച്ച അഭിഭാഷക വൃത്തിയിൽ ഔന്നത്യം ആർജ്ജിച്ച, കേരളാ ഹൈക്കോടതിയിലെ പ്രഗത്ഭമതിയായ നീതിപതിയായി നീതിന്യായ രംഗത്ത് നിന്നും വിരമിച്ച ശ്രീ. എം. പി. മേനോന്റെയും ഭാഗിനേയിയാണല്ലോ അങ്ങയുടെ സഹധർമ്മിണി. അങ്ങനെ മഹത്തായ ഒരു പാരമ്പര്യം പൈതൃകമായി അവകാശപ്പെടാവുന്ന ഒരു മഹിളാരത്നം കൂടിയാണവർ. അതേ, പുരാതന ഭാരത സാഹിത്യത്തിലെ ഭാവോജ്വലമായ രാധാമാധവ സങ്കൽപത്തിന്റെ സംഗീത ധ്വനിയും, ചൈതന്യ

ശ്രീയും സമ്മോഹനമായി പ്രതിഫലിക്കുന്ന മഹത്തായ ദാമ്പത്യത്താൽ അനുഗ്രഹീതനാണ് അങ്ങ്. ശാസ്ത്രാഭി മുഖ്യം പ്രതിബദ്ധതയോടെ പുലർത്തിപ്പോരുന്ന ദാമ്പത്യ കൂട്ടായ്മയും അങ്ങയുടെ വിജയഗാഥയ്ക്ക് നിറപ്പകിട്ടേകുന്നു എന്ന് പറഞ്ഞാൽ അത് ഒട്ടും അതിശയോക്തിയാകില്ല.

ദരിദ്രരുടെയും നിരക്ഷകരുടെയും ആരോഗ്യ പരമായ അപര്യാപ്തതകളിൽ വലയുന്നവരുടെയും എണ്ണത്തിൽ ലോകതലത്തിൽ ഭാരതത്തിന്റെ സ്ഥാനം ഇത്തരത്തിലുള്ള ആദ്യത്തെ പത്ത് രാഷ്ട്രങ്ങളിലാണത്രേ. അതേ സമയം ശാസ്ത്രജ്ഞ സമൂഹത്തിന്റെ വൈപുല്യത്തിലും സൈനിക ശക്തിയിലും വ്യാവസായികാഭിവൃദ്ധിയിലും ആദ്യത്തെ അഞ്ചോ ആറോ സ്ഥാനങ്ങൾക്കുള്ളിലാണ് നമ്മുടെ നാടിന്റെ നില. വിസ്മയം ഉളവാകുന്ന വൈരുധ്യത്തിന്റെയും വൈവിധ്യത്തിൻെറയും ചിത്രമായി തോന്നാമിത്. ഈ പശ്ചാത്തലത്തിലാണ് വിദേശങ്ങളിലേക്ക്, പ്രത്യേകിച്ചും അമേരിക്കൻ ഐക്യനാടുകളിലേക്ക്, സഞ്ചരിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ ശാസ്ത്രജ്ഞരുടെയും സാങ്കേതികവിദഗ്ധരുടേയും Brain drain അഥവാ മസ്തിഷ്കചോർച്ചയെ വിലയിരുത്തുവാൻ. മറുനാടുകളിൽ ലഭിക്കുന്ന അത്യാധുനികമായ പ്രവർത്തന സാഹചര്യങ്ങളും, അത്യാകർഷകമായ പ്രതിഫല സാദ്ധ്യതകളും സുഖസമൃദ്ധമായ ജീവിത സൗകര്യങ്ങളും കാഴ്ച വെയ്ക്കുന്ന പ്രലോഭനങ്ങളെ അതിജീവിച്ചുകൊണ്ട് തദ്ദേശീയമായ ശാസ്ത്ര പുരോഗതിക്കും, സർവ്വോപരി, സ്വന്തം നാടിന്റെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കും വേണ്ടി താന്താങ്ങളുടെ പ്രവർത്തന മേഖല സ്വന്തം നാട്ടിൽ തന്നെ സംഘടിപ്പിച്ചു വിജയിപ്പിച്ച ശാസ്ത്രജ്ഞരുടെ ഒരതികായ നിര തന്നെ നമുക്കുണ്ട്. രാജാരാമണ്ണ, ചിദംബരം, അബ്ദുൾകലാം, കസ്തൂരിരംഗൻ എന്നിവ ആ ശ്രേഷ്ട ഗണത്തിലെ ചില പേരുകൾ മാത്രം. അങ്ങും ഈ ദേശസ്നേഹികളുടെ നിരയിലാണല്ലോ നിലയുറപ്പിച്ചിരിക്കുന്നത്. SLV, ASLV, PSLV, GSLV എന്നീ ക്രമത്തിൽ റോക്കറ്റ് വിക്ഷേപണയജ്ഞം അനുക്രമം വികസിതമായപ്പോൾ ആനുപാതികമായി അങ്ങയും അങ്ങയും സഹപ്രവർത്തകരും ഈ ശാസ്ത്രമേഖലയിൽ വളർന്നുയരുകയായിരുന്നു. തിരിച്ചു പറഞ്ഞാൽ ഈ രംഗത്ത് അങ്ങയുടെയും സഹപ്രവർത്തകരുടെയും അത്ഭുതാവഹമായ മുന്നേറ്റം മുൻപറഞ്ഞ മഹാസംരംഭ പരമ്പരയുടെ ക്രമാനുഗതമായ വികാസപുരോഗതിയ്ക്ക് സമാന്തരമാണ്. കാലാവസ്ഥ നിരീക്ഷണം, ധാതു സമ്പത്ത് നിർണ്ണയം, വാർത്താവിനിമയം, ദൃശ്യ- ശ്രവണ- മാധ്യമ വികസനം എന്നിങ്ങനെയുള്ള വിപ്ലവകരമായ ശാസ്ത്ര സാങ്കേതിക പ്രയോജനങ്ങൾ സംഭാവന ചെയ്യുന്ന വിവിധോദ്ദേശ ഉപഗ്രഹങ്ങൾ വ്യത്യസ്ത ഔന്നത്യങ്ങളിലായുള്ള ഭ്രമണപഥങ്ങളിൽ പ്രവർത്തന ക്ഷമമായി വിലസുമ്പോൾ അങ്ങയെപ്പോലുള്ള മഹാപ്രതിഭകളെ ഓർത്ത് നാം അഭിമാനം കൊള്ളുന്നു.

ഇങ്ങനെയൊരവസരം ലഭിച്ച് അങ്ങയെ ആദരിച്ചതുവഴി സമാജാംഗങ്ങളും സാധാരണ പൗരൻമാരായ നാമും സ്വയം ആദരിക്കപ്പെട്ടിരിക്കുകയാണ്. അങ്ങയുടെ പ്രബുദ്ധമായ പ്രവർത്തനമേഖലയിൽ അത്യുന്നതങ്ങളായ നേട്ടങ്ങൾ വീണ്ടും വീണ്ടും കൈവരിച്ച് അങ്ങ് വിജയശ്രീലാളിതനായി വാഴണമെന്ന് ആത്മാർത്ഥമായി ആശംസിച്ചുകൊണ്ട് ഈ അഭിനന്ദനോപഹാരം ഞങ്ങൾ അങ്ങേക്ക് സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**കന്യാകുമാരി ജില്ല മലയാള സമാജാംഗങ്ങൾ**

## സമ്പൂർണ്ണ ശുചിത്വത്തിൽ ഒന്നാം സ്ഥാനം കന്യാകുമാരി ജില്ലയ്ക്ക്

2005 ജനുവരി 31 ലെ കണക്കനുസരിച്ച് ഈ ജില്ലയിലെ രണ്ടു ലക്ഷത്തി മുപ്പത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി നാല്പത് കുടുംബങ്ങളിൽ 94.69 % ത്തിനും സ്വന്തമായി കക്കൂസ് ഉണ്ട്.

ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള 45,579 കുടുംബങ്ങളിൽ 44,709 നും, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 1,93,661 കുടുംബങ്ങളിൽ 1,81,835 നും ആരോഗ്യകരവും സൗകര്യമുള്ളതുമായ മലമൂത്ര വിസർജ്ജന സൗകര്യം ഉണ്ട്. ഇനിയും സൗകര്യം വേണ്ടവർ കലക്ട്രേറ്റിലുള്ള ഗ്രാമ വികസന ഏജൻസിയെ സമീപിച്ചാൽ സഹായം ലഭിക്കുന്നതാണ്.

# ഓണക്കിനാവ്


പ്രൊഫ. വി. മധുസൂദനൻ നായർ



ചിറ്റാട തേടുന്ന ചിങ്ങമാസം
മുറ്റത്തു പൂവിടാൻ കാത്തുനില്ക്കേ
അത്തം കഴിഞ്ഞേതു പൂക്കളെന്നേ
ചിത്തം പകർന്നു നീയോർത്തു നില്ക്കേ
കണ്ണിൽ വെളിച്ചമോ പൂപ്പിറപ്പോ
എണ്ണുന്ന നാളിന്റെ മഞ്ഞുനീരോ?

ഓണം നമുക്കെന്നുമെന്തു തന്നു?
ഓരാണ്ടു നീളും കിനാവു തന്നു
ഓർമ്മയ്ക്കൊരുഞ്ഞാല, യോടി വള്ളം
ഓരോ ദിനവും കൊതിപ്പിണക്കം
പുത്തൻ കസവിൻ തഴമ്പു തന്നു
പത്തടിപ്പാട്ടിൻ വയമ്പു തന്നു
വാക്കിൽ വെളുക്കും കറുപ്പു തന്നു
നോക്കിൽത്തുടുക്കും കുശുമ്പു തന്നു
ഓതുവാനേറെക്കഥകൾ തന്നു
ഓടങ്ങളിൽ ഒളിപ്പോരു തന്നു
മാലോകരെക്കാളുമാകുവാനായ്
മാനാഭിമാനം പൊലിച്ചു തന്നു
വാങ്ങുവാനേറെക്കുമിച്ചു തന്നു
വായ്പയിൽ വായ്ക്കുന്ന വാഴ്‌വു തന്നു
ഓണമാണോണമാണെന്നു തോന്നും
തോന്നലിൽ നമ്മെപ്പൊതിഞ്ഞു തന്നു
വിറ്റ കാണത്തിൽ കിതപ്പു തന്നു
കൊറ്റിനു വീണ്ടും കടങ്ങൾ തന്നു
മാർവാഡി മാനത്തു പൊൻനിരത്തി
മാലോകരൊന്നെന്നു പാടി നില്ക്കേ
മാലോകരെപ്പോലെയാകുവാനോ
മേഘലങ്ങൾ ജന്മമേ തീറു നല്കി

കമ്പകം തേൻമാവുമാര്യവേപ്പും
തുമ്പയും പൂവാങ്കുരുന്നിലയും
തിങ്ങും പറമ്പു ഞാൻ തീറു നല്കി



എങ്കിലെ,ന്തോണം നമുക്കുമെത്തി
പട്ടണത്തിങ്ങലിൽ ത്തമ്മിലെന്തോ
നഷ്ടമാകുമ്പൊഴും നാം നടന്നു
ഒട്ടു നേരത്തെത്തിളക്കമല്ലേ,
മട്ടൊത്തു നീയും ചമഞ്ഞതല്ലേ!

കൂടയിലോണം നിറച്ചുവാങ്ങി
മോടിവിളക്കിൽക്കുളിച്ചു നീങ്ങി
ഉത്രാടമേ, നിൻ നിലാവുമായി
എത്തിനാമോണത്തിരുപ്പടിക്കൽ

ദാനം കൊടുത്ത മഹാസുരന്റെ
ദായക്രമമാണെനിക്കു ഭാഗം
പേരും പൊരുളും കൊടുക്കിലെന്തേ
പോരും നമുക്കീ സുഖോപഭോഗം

ഓണം പതഞ്ഞു പതഞ്ഞുപൊങ്ങി
ഓളത്തിലാഴ്ന്നെന്നെ ഞാൻ മയക്കി

സ്വപ്നത്തിലിന്ദ്രൻ ചിരിച്ചു വന്നു
സ്വർഗ്ഗം തുറന്നെന്റെ മുന്നിൽ നീട്ടി

“മൂലോകവും നാം പകുത്തെടുക്കാം
മൂവടി മാത്രമെനിക്കു വേണ്ടൂ
ഭൂസ്വർഗ്ഗമെല്ലാം നിനക്കു തന്നെ
ഭൂരിഭോഗങ്ങൾ നിനക്കു തന്നെ
പൂങ്കാവനങ്ങൾ നിനക്കു തന്നെ
പൂത്തെഴും പുണ്യം നിനക്കു തന്നെ
പുത്തരിച്ചോറും നിനക്കു തന്നെ
പത്തായമെല്ലാം നിനക്കു തന്നെ
വിത്തിടം മാത്രമെനിക്കു വേണ്ടൂ
വിത്തിനം മാത്രമെനിക്കു വേണ്ടൂ
എന്റെയീ വാമനൻ ബ്രഹ്മചാരി
കുറ്റടി വച്ചു കുറിച്ചെടുക്കും”

“സമ്മതം!”“സമ്മതം!”ഞാൻ തുടിച്ചു.
വാമനൻ വിശ്വം കവിഞ്ഞുയർന്നു
പാദമെൻ താഴും ശിരസ്സിൽ വച്ചു
പാതാളമെൻ മുന്നിൽ വാതുറന്നു.


*[ബലി-വാമന കഥയ്ക്കുമുമ്പ് ആരണ്യകങ്ങളിൽ ‘വാമന വിസ്താരം’ എന്ന വൈദിക കഥയുണ്ട്. അതിൽ മഹാബലി എന്നൊരു കഥാപാത്രമില്ല. ഇന്ദ്രൻ അസുരൻമാരോടു പറഞ്ഞു. “നമുക്ക് ഈ ലോകം പകുത്തെടുക്കാം”. അസുരൻമാർ ചോദിച്ചു- “എങ്ങനെ?” “എന്റെ സഖാവായ ഈ വിഷ്ണു ചെറിയ ചുവടുകൾ കൊണ്ട് മൂന്നടി അളക്കും. അത്രയും ഞങ്ങൾക്ക്. ബാക്കിയെല്ലാം നിങ്ങൾക്ക്.” “കൊള്ളാം” -അസുരൻമാർ ആഹ്ലാദപൂർവ്വം സമ്മതിച്ചു. ഇന്ദ്രാനുജ്ഞയോടെ വിഷ്ണു, സ്വയം വിസ്തൃതനായി. ഒരു ചുവടു കൊണ്ട് വിശ്വം മുഴുവൻ അളന്നു. രണ്ടാം ചുവടു കൊണ്ട് വേദമാകെ അളന്നു. മൂന്നാം ചുവടു കൊണ്ട് വാക്കിനെ അളന്നു. അങ്ങനെ, അസുരന്മാർ എല്ലാത്തിൽ നിന്നും ബഹിഷ്കൃതരായി. ഋഗ്വേദം, തൈത്തരീയം, ഐതരേയം എന്നിവയിലെ ഈഷദ് വ്യത്യാസങ്ങളുള്ള വാമനകഥയാണ് ഇവിടെ ആധാരം.]*


**SREE RAMAKRISHNA MEDICAL COLLEGE OF NATUROPATHY AND YOGIC SCIENCES**

PADANILAM, KULASEKHARAM, KANYAKUMARI DIST
TAMILNADU- 629 161
Phone: 04651-278425 Cell No. 9443558624

Web: www.naturopathyindia.org, E-mail:srkmc@naturopathyindia.org

*Affiliated to the T.N. Dr. M.G.R Medical University, Chennai Recognised by the Govt. of Tamil Nadu.*




AN INSTITUTE OF EXCELLENCE FOR NATUROPATHY AND YOGA, ATTACHED WITH 100 BEDDED FULL FLEDGED HOSPITAL AND SOPHISTICATED MODERN FACILITIES WITH HIGHLY DISCIPLINED MANAGEMENT AND HIGH ACADEMIC STANDARDS

**Correspondent: R. Appu Natesan Ex. MLA**

കഥ

# വിധിന്യായം

എം. എസ്. രവീന്ദ്രൻ, കുഴിത്തുറ



തമിഴ് നാട്ടിലെ റവന്യു ഡിപ്പാർട്ടുമെന്റിൽ ജോലി നോക്കുന്ന ഡപ്യൂട്ടി തഹസിൽദാർമാർക്ക് തഹസിൽ ദാരായി പ്രമോഷൻ ലഭിക്കണമെങ്കിൽ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റുകൾ പാസ്സായാൽ മാത്രം പോരാ. സ്പെഷ്യൽ ജുഡീഷ്യൽ മജിസ്ട്രേറ്റായി ആറുമാസ മെങ്കിലും തൃപ്തികരമായി ജോലി നോക്കിയിരി ക്കണം. അങ്ങനെയൊരു നിർബന്ധത്തിന്റെ പേരി ലാണ് രാജേന്ദ്രൻ കുഴിത്തുറയിൽ സ്പെഷ്യൽ ജുഡീഷ്യൽ മജിസ്ട്രേറ്റായി ചാർജ്ജെടുത്തത്. നാഗർകോവിലിൽ പോയി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ (C.J.M)നെ അദ്ദേഹത്തിന്റെ ക്വാർട്ടേഴ് സിൽ വച്ച് കണ്ടു. സുമുഖനും മധ്യവയസ്കനുമായ ഒരു മലയാളി. പ്രഥമ നോട്ടത്തിൽത്തന്നെ ഒരു ജുഡീ ഷ്യൽ ആഫീസറുടെ ഗാംഭീര്യവും, കുലീനതയും പക്വതയും നിസ്സംഗതയുമെല്ലാം അദ്ദേഹത്തിന്റെ മുഖത്ത് കളിയാടുന്നത് ആർക്കും ബോധ്യപ്പെടും. രാജേന്ദ്രനും ഒരു മലയാളിയാണെന്ന് അറിഞ്ഞ പ്പോൾ അദ്ദേഹത്തിന് കൂടുതൽ അടുപ്പം തോന്നി.

“മിസ്റ്റർ രാജേന്ദ്രൻ ഇരിക്കൂ. നിങ്ങൾക്കുള്ള കേസുകളെല്ലാം നാളെത്തന്നെ എത്തിച്ചു തരാൻ ശിരസ്തദാരോടു പറഞ്ഞിട്ടുണ്ട്. പിന്നെ ഇത് വെറു മൊരു ട്രെയിനിംഗായി മാത്രം കണക്കാക്കണ്ട. പരമാ വധി കേസ്സുകൾ തീർപ്പാക്കാൻ നോക്കണം. അങ്ങനെ ചെയ്താൽ എനിക്കു വലിയ സഹായ മാകും. നാലും അഞ്ചും വർഷങ്ങൾക്കു മുമ്പുള്ള കേസുകൾ വരെ കെട്ടിക്കിടക്കുകയാണ്. മി. രാജേന്ദ്രന്റെ സഹായം കൊണ്ട് അതിൽ കൂറെ കേസ്സുകളെങ്കിലും തീർപ്പാ ക്കാൻ കഴിഞ്ഞാൽ നീതിക്കു വേണ്ടി അക്ഷമരായി കാത്തിരിക്കുന്ന കൂറേ പാവങ്ങൾക്കെങ്കിലും ആശ്വാസ പ്രദമായിത്തീരും.”

“ഞാൻ പരമാവധി ശ്രമിക്കാം, സാർ.” രാജേന്ദ്രൻ വിനീതനായി പറഞ്ഞു.

“പിന്നെ ഒരു കാര്യം. ഇതു നിങ്ങളുടെ സ്വന്തം നാടാണ്. ഇവിടത്തെ ജനങ്ങളിൽപ്പെട്ടവരാണ് നിങ്ങളുടെ മുമ്പിൽ വരുന്ന കേസുകളിലെ വാദിയും പ്രതിയും. മിക്കവാറുമെല്ലാം പരിചിത മുഖങ്ങളാ യിരിക്കും. അക്കൂട്ടത്തിൽ നിങ്ങളുടെ ബന്ധുക്കളും വളരെ വേണ്ടപ്പെട്ടവരുമൊക്കെ ഉണ്ടാവും, വാദി യായിട്ട് അല്ലെങ്കിൽ പ്രതിയായിട്ട്. അവരോടൊക്കെ തികഞ്ഞ നിസ്സംഗത പുലർത്താനാണ് ആദ്യം പഠിക്കേണ്ടത്. വികാരങ്ങൾക്ക് ഒരിക്കലും അടിമ പ്പെടരുത്. തികഞ്ഞ നിഷ്പക്ഷത പുലർത്തിയാൽ പോലും ആരോപണങ്ങളുണ്ടായേക്കാം. സമചിത്ത തയോടെ അതൊക്കെ നേരിടാനുള്ള പക്വത നേടണം. തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം വിധി എഴുതേണ്ടത്. അല്ലാതെ വ്യക്തിബന്ധങ്ങളോ ബാഹ്യപ്രേരണകളോ ഒരിക്കലും വിധി ന്യായത്തെ സ്വാധീനിക്കരുത്.”



എല്ലാം ശ്രദ്ധിച്ച് കേട്ട് തലകുലുക്കിയതല്ലാതെ രാജേന്ദ്രൻ മറുപടിയൊന്നും പറഞ്ഞില്ല.

അപ്പു നമ്പ്യാർ C.J.M ആയി ചാർജ്ജെടു ത്തിട്ട് ആറുമാസം പോലുമായില്ല. പക്ഷേ അതി നകം തന്നെ അദ്ദേഹത്തിന്റെ പേരും പെരുമയും കന്യാകുമാരി ഡിസ്ട്രിക്റ്റ് മുഴുവൻ പരന്നി രിക്കുന്നു. തികച്ചും നിഷ്പക്ഷനും നീതിമാനുമായ ഒരു ന്യായാധിപൻ. അദ്ദേഹത്തിന്റെ തീർപ്പുകളിൻ മേൽ ഹൈക്കോർട്ടിൽ പോയിട്ടുള്ള അപ്പീലുകളിൽ ഒന്നുപോലും വിജയിച്ചിട്ടുള്ളതായി അറിവില്ല.

ഭാര്യ കൊണ്ടു വച്ച ചായ കുടിക്കാൻ

ക്ഷണിച്ചു കൊണ്ട് അദ്ദേഹം തുടർന്നു: "എന്തെങ്കിലും സംശയ മുണ്ടായാൽ ഏതു സന്ദർഭത്തിൽ വേണമെങ്കിലും എന്നെ സമീപിക്കാം. അതിനൊട്ടും മടിക്കണ്ട."

"അങ്ങയുടെ അനുഗ്രഹം കൊണ്ട് എല്ലാം മംഗള മായി കലാശിക്കും. എനിക്കുറപ്പുണ്ട്." C.J.M ന് നന്ദി പറഞ്ഞിട്ട് രാജേന്ദ്രൻ വീട്ടിലേക്ക് മടങ്ങി.

തന്റെ മജിസ്റ്റീരിയൽ ട്രെയിനിംഗ് മാർഗ്ഗ നിർദ്ദേശകനായി അപ്പു നമ്പ്യാരെപ്പോലെ കുശാഗ്ര ബുദ്ധിയും കണിശക്കാരനുമായ ഒരു നിയമജ്ഞനെ കിട്ടിയതിൽ രാജേന്ദ്രൻ സന്തോഷിച്ചു. ബാർ അസോസിയേഷനിലും പൊതുജന മദ്ധ്യത്തിലും ഉന്നത ഔദ്യോഗിക തലങ്ങളിലുമൊക്കെ സുസ്സമ്മത നാണദ്ദേഹം. അതുപോലെ പ്രഗൽഭനാവുക അസാധ്യമെങ്കിലും അദ്ദേഹത്തിന് കളങ്കമേശാത്ത തരത്തിലുള്ളതായിരിക്കണം തന്റെ ജഡ്ജ് മെന്റുകൾ. എന്തൊക്കെ പ്രലോഭനങ്ങളുണ്ടായാലും നീതിയുടെ പക്ഷത്തു നിന്ന് കടുകിട വ്യതിചലിക്കി ല്ലെന്നും അതിനുവേണ്ടി എത്ര വലിയ ത്യാഗം സഹിക്കുവാനും സന്നദ്ധനായിരിക്കണമെന്നും രാജേന്ദ്രൻ മനസ്സിൽ കുറിച്ചിട്ടു.

സായംസന്ധ്യ മണി ആറര കഴിഞ്ഞു. പകലത്തെ ഭരണം ശരിയോ എന്ന് മരണ പർവ്വത ത്തിൽ നിന്നു കൊണ്ടു തിരിഞ്ഞു നോക്കുകയാണ് മാർത്താണ്ഡൻ. എന്തോ ചില കുറവുകൾ കണ്ടു പിടിച്ച് തന്റെ കനക രശ്മികൾ കൊണ്ട് ആ വിടവുകൾ അടയ്ക്കാൻ വെമ്പുകയാണ്. പക്ഷേ ആദിത്യന് അതിനു കഴിയുന്നതിനു മുമ്പ് തന്നെ കൂരിരിട്ടു മൂടൽ മഞ്ഞിന്റെ മേമ്പൊടിയോടെ അവനെ ആവരണം ചെയ്തു. അതു വരെ ഉജ്ജ്വലമായി പ്രകാശിച്ചു കൊണ്ടിരുന്ന ട്യൂബുലൈറ്റുകളും പെട്ടെന്ന് കണ്ണുകൾ ചിമ്മി, അനുവാദമില്ലാതെ അകത്തു കടന്ന അന്ധകാരത്തിന് അകമ്പടി സേവിച്ചു.

മെഴുകുതിരിയും തീപ്പെട്ടിയും മേശപ്പുറത്ത് വച്ചിരുന്നതാണ്. തപ്പിത്തെരഞ്ഞിട്ട് കയ്യിലകപ്പെടു ന്നില്ല. ടോർച്ചു ലൈറ്റ് എടുക്കാനായി എണീറ്റപ്പോൾ പുറകിലൊരു കാൽ പെരുമാറ്റം. അപ്രതീക്ഷതമായ ശബ്ദം കേട്ട് രാജേന്ദ്രൻ ഞെട്ടിപ്പോയി.

"ആരാണത്?" റിഫ്ളക്സ് ആക്ഷനെന്നോണം ശബ്ദം പുറത്തു വന്നു.

"ഭയപ്പെടേണ്ട ഞാൻ തന്നെ." അഡ്വ. ബാലചന്ദ്രൻ. ശബ്ദം കേട്ടപ്പോൾ തന്നെ രാജേന്ദ്രന് ആളെ മനസ്സി ലായി. ഒരകന്ന ബന്ധുവും കോളേജ്മേറ്റുമാണ്. ഇപ്പോൾ സ്ഥലത്തെ ബാർ അസോസിയേഷൻ സെക്രട്ടറി, ഭരണകക്ഷിയുടെ ജില്ലാതല നേതാവ്. എന്തും നേടിയെടുക്കാനുള്ള പ്രാഗ്തഭ്യം തനിക്കു ണ്ടെന്നുള്ള ഭാവം വാക്കിലും നോക്കിലുമുണ്ട്.

"ആര്, മി. ബാലചന്ദ്രനോ? വരൂ... വരൂ.... എന്താ ഈ നേരത്ത് ഇങ്ങോട്ടൊക്കെ". മെഴുകുതിരി കത്തിക്കുന്നതിനിടെ രാജേന്ദ്രൻ ആഗതനെ സ്വാഗതം ചെയ്തു.

അരണ്ട മെഴുകുതിരിയുടെ വെട്ടത്തിൽ അവർ കുശല പ്രശ്നങ്ങൾ കൈമാറി. കലാലയ കാലഘട്ട ത്തിലെ മധുര സ്മരണകളും സമകാലീന രാഷ്ട്രീ യവുമെല്ലാം ചർച്ചാവിഷയമായി. ആധുനിക ഭാരത ത്തിൽ നമ്മുടെ രാഷ്ട്രപിതാവിന്റെ പ്രസക്തി കുറഞ്ഞു വരുന്നതിലുള്ള ഉൽക്കണ്ഠ രാജേന്ദ്രൻ പ്രകടിപ്പിച്ചപ്പോൾ അതിൽ വല്യകാര്യമൊന്നു മില്ലെന്നും അദ്ദേഹത്തിന്റെ ആദർശങ്ങൾ ഇപ്പോ ഴത്തെ പരിസ്ഥിതികൾക്ക് ഒട്ടും അനുയോജ്യ മല്ലെന്നുമാണ് ബാലചന്ദ്രന്റെ മറുപടി.

"ങാ. അതൊക്കെ പോട്ടെ. വന്ന കാര്യം പറഞ്ഞില്ലല്ലോ"- രാജേന്ദ്രൻ സുഹൃത്തിന്റെ ആഗമനോദ്ദേശ്യം ആരാഞ്ഞു.

"നിങ്ങളിവിടെ സ്പെഷ്യൽ മജിസ്ട്രേട്ടിന്റെ ചാർജ്ജ് എടുത്തിരിക്കുകയാണല്ലോ. എനിക്ക് പ്രത്യേക താൽപ്പര്യമുള്ള ഒരു കേസ് നിങ്ങളുടെ കോർട്ടിലേക്ക് വരുന്നുണ്ട്. ഞാൻ പ്രത്യേകം ഏർപ്പാട് ചെയ്തിരിക്കുന്നതാണ്. അതിലെ പ്രതി ഭാഗം വക്കീലാണ് ഞാൻ. പോലീസ് കെട്ടിച്ചമച്ച ഒരു കള്ള കേസാണത്".

"അതിനെന്താ കേസു വരട്ടെ. ഞാനെപ്പോഴും നീതിയുടെ ഭാഗത്തായിരിക്കുമെന്ന് ബാലചന്ദ്രന് അറിവുള്ളതല്ലേ".

"C.J.M നമ്പ്യാർ ഒരു ഹിപ്പോക്രാറ്റാണ്. പ്രതികളെ ശിക്ഷിക്കുന്നതിൽ മഹത്വം ദർശിക്കുന്ന ഒരു സ്യൂഡോ ജൂറിറ്റ്സ്. അതു കൊണ്ടാണ് ഞാൻ ശിരസ്തദാരെ പിടിച്ച് ഈ കേസ് നിങ്ങൾക്ക് അയച്ചു തരുന്ന ലിസ്റ്റിലുൾപ്പെടുത്തിയത്".

"കേസ് വന്ന് ഞാനൊന്നു പഠിച്ചോട്ടേ. തെളിവു കളില്ലെങ്കിൽ നിങ്ങളുടെ കക്ഷി ഒരിക്കലും ശിക്ഷി ക്കപ്പെടില്ല". രാജേന്ദ്രൻ ഉറപ്പു കൊടുത്തു.

"കെട്ടിച്ചമച്ച ഒരു കേസ്സിന്റെ പശ്ചാത്തലം മജിസ്ട്രേട്ട് നേരത്തേ മനസ്സിലാക്കിയിരിക്കുന്നത്

തീർപ്പെഴുതുമ്പോൾ സഹായമാകും.''

തന്റെയടുത്ത് കേസ് എത്തുന്നതിന് മുമ്പ് തന്നെ ബന്ധുത്വത്തിന്റെയും സൗഹൃദത്തിന്റെയും സ്വാതന്ത്ര്യത്തിൽ തന്നെ സ്വാധീനിക്കാനെത്തിയ ബാലചന്ദ്രനോട് വെറുപ്പാണ് തോന്നിയത്. എങ്കിലു മത് പുറത്തുകാട്ടാതിരിക്കാൻ രാജേന്ദ്രൻ പ്രത്യേകം ശ്രദ്ധിച്ചു.

''ഇതിനടുത്തുള്ള വന്നിയൂർ ഗ്രാമമറിയാമല്ലോ. വന്നിയൂർ ജംഗ്ഷനിൽ പുറംപോക്കിൽ വീട് കെട്ടിത്താമസിക്കുന്ന ധിക്കാരിയും ദുർനടത്തക്കാരി യുമായ ഒരു റോസമ്മയും അവളുടെ മകൾ ക്ലിയോപാട്രയുമാണീ കള്ളക്കേസിനു പിന്നിൽ. വ്യഭിചാരത്തിലൂടെ കുബേരകളകാൻ ശ്രമിക്കുന്ന ഏന്ധ്യാനികൾ. അവർക്കെങ്ങനെയെങ്കിലും എന്റെ കക്ഷി ബഞ്ചമിനെ തട്ടിയെടുത്ത് അവളുടെ ഭർത്താ വാക്കണം. ബഞ്ചമിനവിടത്തെ പ്രഭുകുമാരനാണ്. സുമുഖനും അഭ്യസ്തവിദ്യനുമായ ചെറുപ്പക്കാരൻ. യുവസഹജമായ ചപലത കൊണ്ട് അയാളുമൊരു പക്ഷേ അവരുടെ കുടിൽ സന്ദർശിച്ചിട്ടുണ്ടാകും. പക്ഷേ അതിനൊക്കെ കനത്ത പ്രതിഫലമപ്പോൾ തന്നെ കൊടുത്തിട്ടുണ്ട്. എങ്കിലും റോസമ്മയ്ക്കും മകൾക്കുമതൊന്നും പോരാ. അവൾക്കവനെ തന്നെ വേണം, മകളുടെ ഭർത്താവായിട്ട്. അതിനു വേണ്ടി തന്റെ കുടിലിലെ നിത്യസന്ദർശകരായ സബ് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള പോലീസുകാർക്ക് മദ്യവും ലൈംഗിക സുഖവും പകർന്നു കൊടുത്ത് മയക്കിയെടുത്ത് എൻെറ കക്ഷിയെ കള്ളക്കേസിൽ കുടുക്കിയിരിക്കുകയാണ്. മകളുടെ അവിഹിത ഗർഭത്തിന് കാരണക്കാരൻ ബഞ്ചമിനാണെന്നും അതു കൊണ്ടയാളെക്കൊണ്ട് തന്റെ മകളെ കെട്ടിക്ക ണമെന്നുമാണ് റോസമ്മയുടെ ആവശ്യം. എങ്ങിനെ യുണ്ട്?'' രാജേന്ദ്രൻെറ നേർക്ക് ഒരു ചേദ്യമെറിഞ്ഞു കൊടുത്തിട്ട് ബാലചന്ദ്രൻ ഒന്ന് നിർത്തി.

''കേസ് എന്റെ കൈയിൽ ഇനിയും കിട്ടിയിട്ടില്ല. വന്നയുടൻ തന്നെ ഞാനത് സശ്രദ്ധം പഠിക്കാം. അതിനു ശേഷം നമുക്ക് സംസാരിക്കാം.'' ആ സംഭാഷണം നീട്ടിക്കൊണ്ടു പോകുന്നത് തടയണമെ ന്നുള്ള ഉദ്ദേശ്യത്തോടെ രാജേന്ദ്രൻ പറഞ്ഞു. പക്ഷേ ബാലചന്ദ്രൻ വിടാനുള്ള ഭാവമില്ല.

''ദിവസേന എത്രയെത്ര ചെറുപ്പക്കാരാണ് അവരുടെ കുടിലിൽ കയറിയിറങ്ങുന്നത് ! അവരെ യെല്ലാം വിട്ടിട്ട് എന്റെ കക്ഷിയെ മാത്രം തങ്ങളുടെ വലയിൽ കുരുക്കാമെന്നുള്ള ദുഷ്ടലാക്കോടുകൂടി യാണ് ഈ കേസ് കെട്ടിച്ചമച്ചിട്ടുള്ളത്. ഇത് ന്യായ മാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?''.

''ഞാൻ പറഞ്ഞില്ലേ കേസ് ഞാനൊന്നു കണ്ടോട്ടേ അതിനുശേഷമല്ലേ എനിക്ക് അഭിപ്രായം പറയാൻ പറ്റുകയുള്ളൂ''.

''അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. നമ്മൾ കേവലം സുഹൃത്തുക്കൾ മാത്രമല്ല. അടുത്ത ബന്ധുക്കൾ കൂടെയാണെന്നുള്ള കാര്യം മറക്കണ്ട. പരസ്പരം സഹായിക്കാൻ ബാധ്യ സ്ഥരാണ്. അങ്ങനെ ചെയ്താൽ രണ്ടു കൂട്ടർക്കും നന്ന്. നിങ്ങളെന്നെ സഹായിക്കുമെന്നുള്ള ഉറച്ച വിശ്വാസത്തിലാണ് ഞാനീ കേസ് നിങ്ങളുടെ ബഞ്ചിലേക്ക് മാറ്റിച്ചതു തന്നെ''.



''ബാലചന്ദ്രനെന്തിനാണ് ക്ഷുഭിതനാകുന്നത്?. നിങ്ങൾക്കെതിരായിട്ടോ നിങ്ങളുടെ കക്ഷിക്കെതി രായിട്ടോ ഞാനിതുവരെ ഒന്നും ചെയ്തില്ലല്ലോ''.

''ചെയ്യുകയില്ലെന്ന് ഉറപ്പു വരുത്താനാണ് ഞാനിപ്പോഴിങ്ങോട്ട് കയറിയത്. എസ്. ഐ പോസ്റ്റിന് സെലക്ഷനായി നിൽക്കുകയാണ് എന്റെ കക്ഷി. ഇന്റർവ്യൂ കാർഡ് ഉടനെ വരും. ഈ അവസരത്തിൽ ഒരു ക്രിമിനൽ കേസിൽ ശിക്ഷിക്ക പ്പെട്ടാലുള്ള ഫലം ഞാനെടുത്തു പറയേണ്ടതില്ല ല്ലോ. കൈയ്ക്ക് എത്തിയത് വായ്ക്ക് എത്താതെ പോകും. അത്രതന്നെ''.

രാജേന്ദ്രനതിന് മറുപടിയൊന്നും പറയുന്നി

ല്ലെന്ന് കണ്ട് ബാലചന്ദ്രൻ അടവൊന്നു മാറ്റി. "മി. ജാൺസനെ അറിയാമല്ലോ. പ്രതിയുടെ മൂത്ത സഹോദരനാണ്. മറ്റൊരു ജേഷ്ഠൻ വിജിലൻസ് ഇൻസ്പെക്ടറാണ്. മറ്റു പല ബന്ധുക്കളും ഗവൺമെന്റിന്റെ മർമ്മസ്ഥാനത്തിരിക്കുന്ന അധികാരികളാണ്. അവർക്കെല്ലാം ഈ കേസിൽ താൽപ്പര്യമുണ്ടെന്ന് കൂട്ടിക്കൊള്ളൂ. പിന്നെ എന്തിനും പോന്ന കരുത്തൻമാരായ ഒരു സംഘം യോദ്ധാക്കളുമുണ്ടയാളുടെ പിന്നിൽ. വിധി എഴുതുമ്പോൾ ഈ വക കാര്യങ്ങൾ കൂടെ കണക്കിലെടുക്കുന്നത് നന്നായിരിക്കും." അൽപം ഭീഷണി കലർന്ന സ്വരത്തിൽ പറഞ്ഞിട്ട് യാത്ര പോലും പറയാതെ ബാലചന്ദ്രൻ എണീറ്റു നടന്നു.

മെഴുകുതിരി വെട്ടത്തെ നിഷ്പ്രഭമാക്കി കൊണ്ട് വൈദ്യുതി വെളിച്ചം കടന്നുവന്നെങ്കിലും അന്നു രാവിലെ നേരിൽ കണ്ടപ്പോൾ സി. ജെ. എം. പകർന്നു കൊടുത്ത ഉള്ളിലെ വെളിച്ചത്തിന് മങ്ങലേറ്റ പ്രതീതി. കേസുകൾ വന്നു ചേരുന്നതിനു മുമ്പ് തന്നെ അതിന്റെ പേരിൽ പ്രലോഭനങ്ങളും ഭീഷണികളും വന്നുകഴിഞ്ഞു. രാജേന്ദ്രന്റെ മനസ്സാകെ അസ്വസ്ഥമായി. ചാർജ്ജെടുത്ത ദിവസം തന്നെ സ്ഥിതി ഇതാണെങ്കിൽ പോകെപ്പോകെ എങ്ങനെയിരിക്കും. റവന്യൂ ഡിപ്പാർട്ടുമെന്റിലാണെപ്പോഴും മാനസിക സംഘർഷമെന്നു കരുതിയ തനിക്ക് തെറ്റു പറ്റിയിരിക്കുന്നു. അതിനേക്കാൾ ടെൻഷൻ ജുഡീഷ്യറിയിലാണെന്നു തോന്നി രാജേന്ദ്രനപ്പോൾ.

അത്താഴം കഴിക്കണമെന്നു തോന്നിയില്ല. നേരേ പോയി കിടക്കയിൽ ചാഞ്ഞു. ഉറങ്ങാൻ കഴിയുന്നില്ല. അഡ്വ.ബാലചന്ദ്രൻ സംസാരിച്ചതു വച്ചു നോക്കിയാൽ അയാളുടെ കക്ഷി കുറ്റവാളി തന്നെ, സംശയമില്ല. കുറ്റവാളിയാണെങ്കിൽ ശിക്ഷിക്കാതിരിക്കുന്നതെങ്ങനെ?. ശിക്ഷിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ആലോചിച്ചപ്പോൾ നിദ്രാദേവി കടാക്ഷിക്കുന്നുമില്ല. നീതിയുടെ തുലാസിൽ C.J.M തന്ന ഉപദേശങ്ങൾ ഒരു തട്ടിലും ബാലചന്ദ്രന്റെ ഭീഷണികൾ മറു തട്ടിലും തൂങ്ങുകയാണ്. ഏതു തട്ടിനാണ് ഭാരക്കൂടുതൽ, നിശ്ചയിക്കാനാവുന്നില്ല. കേസിന്റെ വിചാരണകൾ പൂർത്തിയായാലേ അത് നിശ്ചയിക്കാനാവൂ. എന്തായാലും ജഡ്ജ്മെന്റ് തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. ഭവിഷ്യത്തുകൾ എതുമായിക്കൊള്ളട്ടെ, മറിച്ചു ചെയ്യാൻ തന്നെക്കൊണ്ടാവില്ല. ഉറച്ച തീരുമാനം മനസ്സിൽ രൂപപ്പെട്ടപ്പോൾ രാത്രി മണി 4 കഴിഞ്ഞു. നേരം വെളുക്കാറായി, രാജേന്ദ്രനെ നിദ്രാദേവി കടാക്ഷിക്കുവാൻ.

ആറുമാസത്തെ ട്രെയിനിംഗ് കാലത്ത് മുപ്പതു കേസുകൾക്ക് ജഡ്ജ്മെൻറ് എഴുതിയാൽ മതി. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കിയെന്ന് C.J.M ന്റെ സർട്ടിഫിക്കറ്റു കിട്ടാൻ. അതു വേണമെങ്കിൽ അഡ്വ. ബാലചന്ദ്രൻെറ കേസിനെ ആറു മാസം ഇഴുത്തടിച്ചിട്ട് ജഡ്ജ്മെന്റ് എഴുതാതെ തന്നെ C.J.M ന് തിരിച്ചയയ്ക്കാവുന്നതേയുള്ളൂ. പക്ഷേ അത് ഭീരുത്വമാണ്. ഒരു ഭീരുവാകാൻ രാജേന്ദ്രനൊരിക്കലും ഇഷ്ടപ്പെട്ടില്ല. തനിക്ക് അയച്ചു തന്ന എല്ലാ കേസുകളും വിചാരണ ചെയ്തു തീർപ്പെഴുതണം. ഒരു കേസു പോലും വിധി എഴുതാതെ തിരിച്ചയയ്ക്കാൻ പാടില്ല. തനിക്കതിനു കഴിയും, താനതു ചെയ്യും എന്നുരുവിട്ടുകൊണ്ടാണ് രാജേന്ദ്രൻ ഉറങ്ങിയത്.

ഈയിടെ പുതുക്കി പണിത പഞ്ചായത്ത് കോർട്ടു കെട്ടിടത്തിൽ വച്ച് സ്പെഷ്യൽ കോർട്ടു നടത്തിക്കൊള്ളാൻ രാജേന്ദ്രനെ അനുവദിച്ചു. ഇല്ലെങ്കിൽ താലൂക്ക് ആഫീസിൽ ഏതെങ്കിലുമൊരു മുറിയിൽ വച്ചു വേണം കോർട്ടു നടത്താൻ. അങ്ങനെയായാൽ സാധാരണ ഗതിയീൽ ഒരു കേടതിക്കുണ്ടായിരിക്കേണ്ട അന്തസ്സ് പുലർത്താൻ കഴിയാതെ വരും. കെട്ടിടത്തിനു പുറമേ സഹായത്തിന് ഒരു പ്യൂണിനെയും ക്ലാർക്കിനെയും കൂടെ അനുവദിച്ചു. രാജേന്ദ്രൻെറ മുൻഗാമികൾക്കൊന്നും ലഭിച്ചിട്ടില്ലാത്ത ആനുകൂല്യങ്ങളാണിവയൊക്കെ. തന്നോട് അദ്ദേഹത്തിന് തോന്നിയ പ്രത്യേക മമതയുടെ പേരിലാണീ സൗജന്യങ്ങളെല്ലാമെന്ന് രാജേന്ദ്രന് ബോധ്യമായി.

ഇത്രയൊക്കെ സൗകര്യങ്ങൾ ചെയ്തു കൊടുത്ത അപ്പു നമ്പ്യാർ ഒരു കാര്യം മാത്രമേ രാജേന്ദ്രനോടാവശ്യപ്പെട്ടുള്ളൂ. അയച്ചു തരുന്ന 120 കേസുകളിൽ നൂറെണ്ണമെങ്കിലും തീർപ്പാക്കണം. അത്രതന്നെ.

നമ്പ്യാർ സാറിനെ ഒരിക്കലും നിരാശപ്പെടുത്താൻ പാടില്ല. അദ്ദേഹം അയച്ചു തന്ന എല്ലാ കേസുകളും തന്റെ ട്രെയിനിംഗ് കാലമായ ആറുമാസത്തിനുള്ളിൽ തന്നെ തീർപ്പാക്കണം. അങ്ങനെ വേണം അദ്ദേഹത്തിനോടുള്ള നന്ദിയും ആദരവും പ്രകടിപ്പിക്കാൻ. രാജേന്ദ്രൻ തീരുമാനിച്ചുറച്ചു. ബഞ്ചു ക്ലാർക്കിന്റെ സഹായത്തോടെ തനിക്കു കിട്ടിയ കേസുകളിൽ ഒരു വിശദവീക്ഷണം നടത്തി. പത്തു കേസുകളിൽ ഉടനെ സമ്മൻസ്

അയയ്ക്കൻ ഉത്തരവിട്ടു. അതിനടുത്ത ദിവസത്തെ വിചാരണയ്ക്ക് പോസ്റ്റു ചെയ്യേണ്ട കേസുകൾ തെരയുന്നതിനിടയിൽ അഡ്വ. ബാലചന്ദ്രൻ പറഞ്ഞ കേസ്സ് കണ്ണിൽ പെട്ടു. C.C. 1111/74 of the J.F.C.M. Court Kuzhithura; u/s 75 of M.C.P Act and section 323 of Cr. P.C പ്രതി ബഞ്ചമിൻ. വയസ്സ് 27. പ്രോസിക്യൂഷൻ സാക്ഷി ശ്രീമതി.റോസമ്മ. പ്രതിക്കും, പ്രോസിക്യൂഷൻ സാക്ഷിക്കും ഉടനെ സമൻസ യയ്ക്കാൻ ക്ലാർക്കിന് നിർദ്ദേശം നൽകി.

രാത്രി പ്രസ്തുത കേസെടുത്ത് സൂക്ഷ്മമായി പരിശോധിച്ചു. പ്രോസിക്യൂഷൻ സാക്ഷി റോസമ്മ യുടെ പരാതിയിൻമേൽ കുഴിത്തുറ പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്ന കേസാണ്. പരാതിയുടെ പകർപ്പും എഫ്. ഐ. ആറിനൊപ്പം ഫയൽ ചെയ്തിട്ടുണ്ട്.

'ഞാൻ പുറത്ത് ജോലിക്കു പോയിരുന്ന തക്കം നോക്കി പ്രതി ബഞ്ചമിൻ എന്റെ വീട്ടിനുള്ളിൽ അതിക്രമിച്ചു കടന്ന് അവിടെ പഠിച്ചു കൊണ്ടിരുന്ന എന്റെ മകളും മൈനറുമായ റോസ്മേരിയെ കടന്നു പിടിക്കുകയും ബാലാൽസംഗം ചെയ്യാൻ ശ്രമിക്കു കയും ചെയ്തു. തടുക്കാൻ ശ്രമിച്ച അവളെ ചീത്ത വിളിക്കുകയും ബലപ്രയോഗം നടത്തുകയും ചെയ്ത തിനാൽ അവളുടെ കൈയ്യിൽ കിടന്ന കുപ്പിവളകൾ പൊട്ടുകയും കൈയ്യിൽ രക്തമൊലിക്കുന്ന മുറിവു കൾ ഉണ്ടാവുകയും ചെയ്തു. അവൾ ധരിച്ചിരുന്ന ബ്ലൗസ് നെടുകെ കീറിപ്പോയി. അവളുടെ നിലവിളി കേട്ട് നാട്ടുകാർ ഓടിക്കൂടുന്നതിനിടയിൽ പ്രതി പിൻവാതിലിൽ കൂടി ഓടി രക്ഷപ്പെട്ടു. ജോലി കഴിഞ്ഞു ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ കരഞ്ഞുകൊണ്ടിരിക്കുന്ന മകളിൽ നിന്നും വിവരങ്ങ ളറിഞ്ഞു. സമീപത്തു തന്നെ താമസിക്കുന്ന പ്രതിയെ കണ്ട് ചോദ്യം ചെയ്തപ്പോൾ എന്നെയും ചീത്ത വിളിക്കുകയും പിടിച്ചു തള്ളുകയും അടിക്കു കയും ചെയ്തു. അതുകൊണ്ട് പ്രതി ബഞ്ചമി നെതിരെ തക്ക നടപടികളെടുത്ത് എനിക്കും എന്റെ മകൾക്കും നീതി ലഭിക്കുമാറാക്കണം.' ഇതാണ് റോസമ്മ പോലീസിൽ കൊടുത്തിരിക്കുന്ന അന്യായത്തിന്റെ ചുരുക്കം.

വൈദ്യുത പ്രഭാപ്രസരത്തിലും കൂരിരിട്ട് ഉണ്ടാക്കുന്ന വക്രതയും ക്രൂരതയുമൊക്കെ ഈ കേസിൽ നിഗൂഢനം ചെയ്തിട്ടുള്ളതായി പ്രഥമാവ ലോകനത്തിൽ തന്നെ ബോധ്യമായി. ഏതായാലും മുൻവിധികളൊന്നും കൂടാതെ വളരെ ശ്രദ്ധയോടു കൂടി വേണം കേസ് കൈകാര്യം ചെയ്യാൻ എന്ന് രാജേന്ദ്രൻ തീരുമാനിച്ചു.

ആദ്യ വിചാരണയ്ക്ക് തന്നെ സാക്ഷി ആയ റോസമ്മ ഹാജരായി. മുഷിഞ്ഞ വേഷം ധരിച്ച മധ്യ വയസ്ക. പ്രായം 40 ൽ കവിയില്ല. സുന്ദരമായ മുഖത്ത് സങ്കടവും പരിഭ്രമവും. ചീഫിൽ അവർ ഇപ്രകാരം മൊഴി നൽകി.

"പാവങ്ങളാണേമാനേ ഞങ്ങൾ. അന്നന്നു വേല ചെയ്തു ജീവിക്കുന്ന കൂലിക്കാർ. ഒരു ദിവസം ജോലിക്കു പോയില്ലെങ്കിൽ അന്ന് അടുപ്പു പുകയില്ല. എന്റെ മോളുടെ അപ്പൻ മരിക്കുമ്പം അവൾക്ക് വെറും അഞ്ച് വയസ്സ്. എനിക്ക് ഇരുപത്തിനാലും. അന്നു മുതൽ കൂലി വേലയ്ക്കി റങ്ങിയതാണ്. മോളെ പഠിപ്പിച്ച് വലിയ ഉദ്യോഗസ്ഥ യാക്കണം. അതായിരുന്നു അയാളുടെ ആഗ്രഹം. പക്ഷേ ദാരിദ്ര്യം കൊണ്ടതിനു സാധിച്ചില്ല. ആ ഭാരം എന്റെ തലേല് എറക്കി വച്ചിട്ട് അങ്ങേര് നേരത്തേ പോയി. മോളെ പഠിപ്പിക്കാനും ഞങ്ങ ളുടെ രണ്ടുപേരുടെയും വയറു കഴിയാനും ഞാൻ രാപകൽ അദ്ധ്വാനിച്ചു. പക്ഷേങ്കില് ചുറ്റിലുമുള്ള ചില കാലമാടൻമാർ ആൺതുണ യില്ലാതെ ഒരു കുടിലിൽ കഴിഞ്ഞു കൂടിയിരുന്ന ഞങ്ങളെ മാനംമര്യാദയായി ജീവിക്കാൻ സമ്മതിച്ചില്ല".

അവളുടെ കണ്ണുകൾ നിറഞ്ഞ് കവിളുകളി ലൂടെ ഒലിച്ചിറങ്ങാൻ തുടങ്ങി. വാക്കുകൾ തൊണ്ടയിൽ കുടുങ്ങി. അവളെ ഒരു വിധം സാന്ത്വനപ്പെടുത്തി, മൊഴി തുടരാൻ പ്രേരിപ്പിച്ചു. അവൾ തുടർന്നു.

"അങ്ങേര് ഞങ്ങളെ വിട്ടുപോയതു മുതൽ തുടങ്ങിയതാണ്. കുടിലിൽ സമാധാനമായി കിടന്നു റങ്ങാൻ സമ്മതിക്കില്ല. (പ്രതിക്കൂട്ടിൽ നിൽക്കുന്ന ബഞ്ചമിനെ ചൂണ്ടിക്കാട്ടുന്നു.) ഇതാ നിൽക്കുന്ന ഈ ദ്രോഹിയും അവന്റെ കൂട്ടാളി കളും, കുടിലിൽ പൂട്ടാൻ കതകില്ലാത്തതിനാൽ തട്ടിയെ തള്ളി ത്തുറന്ന് എങ്ങനെയെങ്കിലുമവർ ഉള്ളിലെത്തും. തടുത്തു നിർത്താനുള്ള ശ്രമങ്ങളൊക്കെ പരാജയ പ്പെടും. എന്റെ കാര്യമെങ്ങനെയെങ്കിലും പോട്ടെ. എട്ടും പൊട്ടും അറിയാത്ത എന്റെ മോളുടെ ദേഹത്ത് കൈ വയ്ക്കാതിരുന്നാൽ മതി. അതു മാത്രമായിരുന്നു എന്റെ പ്രാർത്ഥന. സമ്മതത്തോ ടെയല്ലെങ്കിലും പലപ്പോഴുമവർക്ക് അടിയറവു പറയേണ്ടി വന്നിട്ടുണ്ട്. അപ്പോഴൊക്കെ ചാകാ നാണ് തോന്നിയിട്ടുള്ളത്. പക്ഷേ എന്റെ മോക്ക് വേണ്ടിയിട്ടെങ്കിലും എനിക്ക് ജീവിക്കണമാ യിരുന്നു".

അൽപനേരം നിറുത്തിയിട്ട് റോസമ്മ തുടർന്നു.

"അഞ്ചുവയസ്സിൽ തന്നെ മോളെ സ്കൂളിൽ ചേർത്തു. പഠിക്കാൻ മിടുക്കിയാണവൾ. സാറൻമാർക്കെല്ലാം വലിയ കാര്യം. നിറയെ സമ്മാനം വാങ്ങിച്ചോണ്ടു വരും. എല്ലാ ക്ലാസ്സിലും നല്ല മാർക്കു വാങ്ങിയാണവൾ പാസ്സായത്. വല്ലവിധത്തിലും പത്താം ക്ലാസ്സ് വരെ എത്തിച്ചു. പബ്ലിക് പരീക്ഷയ്ക്ക് പഠിച്ചു കൊണ്ടിരുന്നപ്പോഴാണ് (പ്രതിയെ ചൂണ്ടി) ഈ കാലമാടൻ പട്ടാപ്പകൽ വീട്ടിനകത്തു കയറി അവളെ ബലാൽക്കാരം ചെയ്യാൻ ശ്രമിച്ചത്. എന്നെ ഈ ഗതിയിലാക്കി. എന്റെ മോളെങ്കിലും കളങ്കപ്പെടാതെ വളരണം. പഠിച്ചുപഠിച്ച് ഒരുദ്യോഗസ്ഥയാവണം. അതാണെന്റെ ജീവിതലക്ഷ്യം". റോസമ്മയുടെ വാക്കുകൾ മുറിഞ്ഞു. അവൾ ചിന്താധീനയായി. കഠിനമായ കോപവും സങ്കടവും കൊണ്ട് അവളുടെ മുഖത്തെ പേശികൾ വലിഞ്ഞു മുറുകി.

ചീഫ് വിസ്താരം മുഴുമിപ്പിക്കാനുള്ള ശ്രമത്തിൽ A.P.P. യുടെ ചോദ്യങ്ങൾക്കുത്തരമായി റോസമ്മ മൊഴി തുടർന്നു.

"എന്റെ മോൾക്ക് കുളി മാറീട്ട് മൂന്നു മാസം കഴിഞ്ഞിരിക്കുന്നു. അതറിഞ്ഞയന്ന് ഞാൻ ബോധം കെട്ട് വീണുപോയി. ഓർമ്മ വന്നപ്പോൾ മോളെ താറുമാറായി തല്ലി. അന്നുതന്നെ അവളെയും കൊണ്ട് ഞാനും ചാകണമെന്ന് വിചാരിച്ചതാണ്. പക്ഷേ, വിധി ഞങ്ങളെ ചാകാൻ സമ്മതിച്ചില്ല മോനേ." റോസമ്മ നിന്നു കിതച്ചു. കണ്ണുനീർ വീണ്ടും ധാരധാരയായി ഒഴുകി.

അതിനിടയിൽ അഡ്വ. ബാലചന്ദ്രൻ ക്രോസ് വിസ്താരം ആരംഭിച്ചു.

"നിങ്ങളുടെ മകൾ ഗർഭിണിയാണല്ലേ?"

"അത് ഞാൻ പറഞ്ഞല്ലോ?"

"നിങ്ങൾ പോലീസിൽ കൊടുത്ത പരാതിയിൽ അങ്ങനെ എഴുതീട്ടില്ലല്ലോ?"

"അതുപിന്നെ പോലീസിൽ പരാതി കൊടുത്തതിനു ശേഷമല്ലേ ഞാനറിയുന്നത് ".

"അവൾ ഗർഭിണിയാണെന്ന് നിങ്ങൾ എങ്ങനെ അറിഞ്ഞു? മകൾ പറഞ്ഞോ?"

"മകൾ പറയുന്നത് എന്തിന്? അല്ലാതെ തള്ളമാർക്ക് അറിയാൻ കഴിയില്ലേ? കൂടെ കിടക്കണ കുഞ്ഞിന്റെ രാപ്പനിയറിയാൻ ഡാക്കിട്ടരും മറ്റുമാകണ്ട?"

"നിങ്ങളുടെ വീട്ടിൽ പലരും വരാറുണ്ടെന്നും അവരെല്ലാം നിങ്ങളെ ഉപദ്രവിക്കാറുണ്ടെന്നും പറഞ്ഞല്ലോ? അതിൽ (പ്രതിയെ ചൂണ്ടക്കാട്ടി) ഈ നിൽക്കുന്ന ബഞ്ചമിനും ഉൾപ്പെടുമോ?"

"ഉൾപ്പെടുമോ എന്നോ? ഈ കൊല കൊമ്പനും അവന്റെ റവുഡിസെറ്റും തന്നെയാണ് ഞങ്ങളെ സമാധാനമായിക്കിടന്നുറങ്ങാൻ സമ്മതിക്കാത്തത്."

"അങ്ങനെയെങ്കിൽ ബഞ്ചമിന്റെ പേരിൽ മാത്രം നിങ്ങൾ കേസ് കൊടുത്തതെന്തിന്?"

"ഈ ദ്രോഹി തന്നെ എന്റെ മോളെ മാനം കെടുത്തിയത്".

"അതു നിങ്ങൾ കണ്ടില്ലല്ലോ. പിന്നെ എങ്ങനെ അറിയാം? മോള് പറഞ്ഞോ?"

"മോള് പറഞ്ഞു. കണ്ടവരു പറഞ്ഞു".

നിങ്ങൾ പറഞ്ഞല്ലോ പലരും വീട്ടിൽ വന്ന് നിങ്ങളെ ഉപദ്രവിച്ചിട്ടുണ്ടെന്ന്. അവരിലൊരാളാണ് നിങ്ങളുടെ മകളെ ഗർഭിണിയാക്കിയതെന്ന് പറഞ്ഞാൽ അതു ശരിയല്ലേ?"

"ഇല്ല, അത് ഈ കൂട്ടിൽ നിൽക്കുന്ന ഈ സാമദ്രോഹി തന്നെ. എതിർത്തു നിന്ന എന്റെ മോളെ കൂട്ടടങ്കം പിടിച്ച് ബലാത്ക്കാരം ചെയ്തത് ഈ കാട്ടാളൻ തന്നെ".

"തന്റെ മോൾക്ക് പണക്കാരനായ ഒരു ഭർത്താവിനെ ഉണ്ടാക്കാൻ വേണ്ടി നിങ്ങൾ മനഃപൂർവ്വം ഇയാളുടെ പേര് വച്ച് പോലീസിൽ പരാതി കൊടുത്തു അല്ലേ?".

"അല്ല. ഇതാ നിൽക്കുന്ന ഈ മഹാപാപി തന്നെ എന്റെ മോളെ പിഴപ്പിച്ചത്. അതുകൊണ്ടു തന്നെയാണ് അവന്റെ പേരിൽ കേസുകൊടുത്തത്."

"നിങ്ങളുടെ മകൾക്ക് എങ്ങനെയെങ്കിലും പണക്കാരനായ ഒരു ഭർത്താവിനെ ഉണ്ടാക്കിയെടുക്കണമെന്ന ദുഷ്ടലാക്കോടു കൂടിയല്ലേ ബഞ്ചമിനെ നിങ്ങൾ വീട്ടിൽ ക്ഷണിച്ചുവരുത്തി മകൾക്ക് ട്യൂഷൻ എടുക്കാൻ ഏർപ്പാടാക്കിയത്?".

"ഒരിക്കലുമില്ല. ഞാനോ മകളോ ഇവനെ ക്ഷണിച്ചിട്ടുമില്ല, മകൾക്ക് ട്യൂഷൻ വച്ചിട്ടുമില്ല. ഇവനെയും ഇവന്റെ കൂടെ നടക്കുന്ന റവുഡികളെയും കണ്ടാൽത്തന്നെ ഞങ്ങൾക്ക് ഭയമാണ്, വെറുപ്പാണ്." എന്ന് പറഞ്ഞു റോസാമ്മ അലമുറയിടാൻ തുടങ്ങി.

"ഓഡർ........... ഓഡർ.........." മജിസ്ട്രേട്ട് ഇടപെട്ടു.

അവളിൽ നിന്നും തനിക്ക് സാധകമായ പോയിന്റ് കളൊന്നും അടർത്തിയെടുക്കാൻ പറ്റില്ലെന്ന് ബോധ്യമായപ്പോൾ ബാലചന്ദ്രൻ ക്രോസ് വിസ്താരം നിറുത്തി.

ഏങ്ങി ഏങ്ങിക്കരഞ്ഞു കൊണ്ട് റോസാമ്മ തുടർന്നു.

"ഞാനിതൊക്കെ ഇന്നിവിടെ ഏമാന്റെ മുമ്പിൽ ബോധിപ്പിച്ചതിന് ഈ ദുഷ്ടൻ ഇന്നു രാത്രി ഞങ്ങളെ കൊല്ലും. (മജിട്രേട്ടിനെ നോക്കി ദയനീയമായി) പൊന്നേമാൻ തന്നെ ഞങ്ങളെ രക്ഷിക്കണം."

ഇതു കേട്ട് ക്ഷുഭിതനായ ബാലചന്ദ്രൻ ചാടിയെണീറ്റു പറഞ്ഞു.

"ഇതു കോടതിയാണ്. ഇവിടെ കരച്ചിലും പിഴിച്ചിലും അഭിനയിച്ച് നീതി പീഠത്തെ സ്വാധീനിക്കാനുള്ള ശ്രമമാണ് നടക്കുന്നത്." അനാവശ്യമായി നീതിപീഠത്തെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ബാലചന്ദ്രന്റെ പരാമർശം രാജേന്ദ്രന് പിടിച്ചില്ല. അതുകൊണ്ട് അതിനെതിരായി റൂളിംഗ് നൽകി.

"നോ. മി. ബാലചന്ദ്രൻ. പ്ലീസ് ഡോൺഡ് ഡ്രാഗ് ദി മജിസ്ട്രേട്ട് ഇൻ യുവർ കേസ്." എന്നിട്ട് പ്രോസിക്യൂട്ടറോട് പറഞ്ഞു.

"താങ്കൾക്ക് വേണമെങ്കിൽ സാക്ഷിയെ റീഎക്സാമിൻ ചെയ്യാം."

"വേണ്ട. യുവർ ഓണർ."പ്രോസിക്യൂട്ടർ പ്രതിവചിച്ചു.

അന്നത്തെ വിചാരണ അതോടെ അവസാനിച്ചു. കോടതി പിരിഞ്ഞെങ്കിലും രാജേന്ദ്രന്റെ മനസ്സിൽ വല്ലാത്ത അസ്വസ്ഥത. സാക്ഷി കൂട്ടിൽ നിന്നു കൊണ്ടുള്ള റോസമ്മയുടെ ദയനീയമായ വിലാപം കേവലം അഭിനയമല്ലെന്നും ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും പൊന്തി വന്ന വേദനകളുടെ വിങ്ങിപ്പൊട്ടലാണെന്നും രാജേന്ദ്രന് ബോദ്ധ്യപ്പെട്ടു.

പിറ്റേന്നു രാവിലെ ദിനപ്പത്രം തുറന്നു നോക്കിയപ്പോൾ രാജേന്ദ്രൻ ഞെട്ടിപ്പോയി. ദാരുണമായ ഇരട്ട ആത്മഹത്യ. എന്ന വലിയ തലക്കെട്ടിനു താഴെ തലേ ദിവസം തന്റെ മുമ്പിൽ സാക്ഷിക്കൂട്ടിൽ നിന്ന് മൊഴി കൊടുത്ത റോസമ്മയുടെ ചിത്രവും തൊട്ടടുത്ത് റോസമ്മയുടെ തന്നെ മുഖഛായയുള്ള സുന്ദരിയായ ഒരു യുവതിയുടെ ചിത്രവും കൊടുത്തിരിക്കുന്നു. ഒറ്റനോട്ടത്തിൽ തന്നെ അത് റോസമ്മയുടെ മകളാണന്നാർക്കും ബോധ്യമാകും. സ്വന്തം കുടിലിനകത്ത് ഇന്നലെ രാത്രി രണ്ടുപേരുമൊന്നിച്ച് തൂങ്ങി മരിച്ചിരിക്കുന്നു. ആത്മഹത്യക്ക് കാരണമെന്താണെന്ന് പത്രറിപ്പോർട്ടിലില്ല. തന്റെ മൊഴിയുടെ അവസാനത്തിൽ സാക്ഷിക്കൂട്ടിൽ നിന്നു നീതി പീഠത്തെ നോക്കി ദയനീയമായി കരഞ്ഞു കൊണ്ട് റോസമ്മ നടത്തിയ അഭ്യർത്ഥന രാജേന്ദ്രന്റെ മനോമുകുരത്തിൽ തെളിഞ്ഞു വന്നു. "ഇതെല്ലാമിന്നിവിടെ ഏമാന്റെ മുമ്പിൽ ബോധിപ്പിച്ചതിന് ഈ ദുഷ്ടൻ ഇന്നു രാത്രി ഞങ്ങളെ കൊല്ലും. പൊന്നേമാൻ തന്നെ ഞങ്ങളെ രക്ഷിക്കണം."

പക്ഷേ ഏമാന് അവളെ രക്ഷിക്കാൻ കഴിഞ്ഞില്ല. വല്ലാത്ത ഒരപരാധബോധം മനസ്സിനെ മഥിച്ചു കൊണ്ടിരുന്നു. ന്യായാധിപനെന്ന നിലയിൽ തന്റെ മുമ്പിൽ വിചാരണയ്ക്കു വന്ന ആദ്യത്തെ കേസ്. അതിൽ നീതി തേടിയെത്തിയ ആ സാധു വിധവയെയും യുവത്വത്തിലേക്ക് കാലെടുത്ത് വച്ച അവരുടെ മകളെയും രക്ഷിക്കുന്നതിൽ താൻ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. സാക്ഷിക്കൂട്ടിൽ നിന്നു കൊണ്ട് മരണമൊഴിക്കു സമാനമായി വ്യഥിത ഹൃദയ പുറപ്പെടുവിച്ച ദീനരോദനം. "പൊന്നേമാൻ തന്നെ ഞങ്ങളെ രക്ഷിക്കണം." എന്ന ദാരുണമായ അഭ്യർത്ഥനയെ അതർഹിക്കുന്ന ഗൗരവത്തോടെ കണക്കിലെടുത്ത് ആ അശരണയ്ക്ക് പോലീസ് സംരക്ഷണം നൽകാൻ ഉത്തരവിട്ടിരിക്കേണ്ടതല്ലേ.? ഒരു ന്യായാധിപന്റെ കടമകൾ നിറവേറ്റുന്നതിൽ തനിക്ക് വീഴ്ച പറ്റിയോ? എന്നിത്യാദി ചിന്തകൾ രാജേന്ദ്രന്റെ മനസ്സിൽ അസ്വസ്ഥതകൾ വിതച്ചു.

അപരാധബോധത്തിൽ നിന്നും തെല്ല് മോചിതനായപ്പോൾ രാജേന്ദ്രൻ സബ് ഇൻസ്പെക്ടർക്ക് ഫോൺ ചെയ്തു. സ്ഥലത്തില്ല, സംഭവ സ്ഥലത്തേക്ക് പോയിരിക്കുകയാണത്രേ. തിരിച്ചു വന്നയുടൻ തന്നെക്കാണാൻ നിർദ്ദേശിച്ചു.

അന്നത്തെ കോടതി നടപടികളിലൊന്നും ശ്രദ്ധ ചെലുത്താൻ കഴിഞ്ഞില്ല. കേസുകളൊക്കെ അഡ്ജേൺ ചെയ്തു. ഒരുവിധം അഞ്ചു മണി വരെ ചേംബറിൽ തള്ളി നീക്കി. എസ്. ഐ. അതു വരെയും വരാത്തതിനാൽ വീണ്ടും ഫോൺ വിളിച്ചു. ഇത്തവണ എസ്. ഐ. തന്നെയാണ് ഫോൺ എടുത്തത്.

"വന്നിയൂരിൽ നിന്നും ഞാനിപ്പോൾ വന്നതേയുള്ളൂ സാർ. ഉടനെ ഞാനങ്ങോട്ട് വന്ന് വിവരമെല്ലാം വിശദമായി പറയാം."

പതിനഞ്ചുമനിറ്റിനകം ചെറുപ്പക്കാരനായ എസ്. ഐ. ജീപ്പിൽ വന്നിറങ്ങി മജിസ്ട്രേട്ടിനെ സല്യൂട്ട് ചെയ്തു. അദ്ദേഹം ഉത്കണ്ഠയോടെ ചോദിച്ചു.

"പറയൂ, പെട്ടെന്ന് പറയൂ, അതെങ്ങനെ സംഭവിച്ചു." മജിസ്ട്രേട്ടിന്റെ അക്ഷമ കണ്ട് എസ്. ഐ. ഉപക്രമത്തിനൊന്നും നിൽക്കാതെ സംഭവത്തിന്റെ ചിരുളുകളഴിച്ചു.

"റോസമ്മ ഇന്നലെ കോടതിയിൽ വന്ന് സാക്ഷി പറയാതിരിക്കാൻ ബഞ്ചമിനും കൂട്ടരും പരമാവധി ശ്രമിച്ചു. അവളും ഭയന്ന് വരാൻ കൂട്ടാക്കാതിരുന്നതാണ്. ഞാനാണ് ഒരു കോൺസ്റ്റബിളിനെ അയച്ച് അവളെ കൂട്ടിക്കൊണ്ട് വന്നത്. എങ്ങനെയെങ്കിലും ആ ദുഷ്ടന് ശിക്ഷ വാങ്ങികൊടുക്കണം എന്ന ആഗ്രഹത്തിന്റെ പേരിൽ. അത്രയ്ക്ക് കൊള്ളരുതാത്തവനാണവൻ. ഒരു റൗഡി സംഘം തന്നെ അവന്റെ നേതൃത്വത്തിൽ ആ ഗ്രാമത്തിലുണ്ട്. അവിടെ ഏത് ക്രമസമാധാന പ്രശ്നമുണ്ടായാലും അതിന്റെ തലപ്പത്ത് ഇവൻ കാണും; ജ്യേഷ്ഠൻമാർ പോലീസ് ഓഫീസറൻമാരാണെന്നുള്ള ഗർവ്വും, പിന്നെ പണത്തിന്റെ മുഷ്ക്കും. ആരും ഇവരോടിടയാൻ പോകില്ല. പോയാൽ ഏതെങ്കിലും തരത്തിലുള്ള ആപത്ത് ഉറപ്പ്. എന്റെ മുൻഗാമികളായിരുന്ന എസ്. ഐ. മാരും അവർക്കെതിരെ നടപടികളെടുക്കാൻ ധൈര്യപ്പെട്ടില്ല. എടുത്താൽ ഒരു പനിഷ്മെന്റോ സ്ഥലം മാറ്റമോ ഉറപ്പ്".

"ആ കഥയൊക്കെ കളയൂ. ആ പാവം സ്ത്രീയുടെ ആത്മഹത്യയ്ക്ക് എന്താണ് കാരണം? പറയൂ." രാജേന്ദ്രൻ അക്ഷമനായി.

എസ്. ഐ തുടർന്നു. "ഞാൻ ചാർജ്ജെടുത്ത ദിവസമാണ് ആ സ്ത്രീ സ്റ്റേഷനിൽ വന്ന് പരാതി തന്നത്. വിചാരണയിൽ അവരുടെ ദയനീയാവസ്ഥ എനിക്ക് ശരിക്കും ബോദ്ധ്യപ്പെട്ടു. ബഞ്ചമിന്റെ നേതൃത്വത്തിലുള്ള റൗഡി സെറ്റിനെ പല പ്രാവശ്യം താക്കീതു ചെയ്തതാണ്. അവന്റെ അച്ഛനെ വിളിച്ചും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. പക്ഷേ പ്രതീക്ഷിച്ച ഫലമൊന്നുമുണ്ടായില്ല. അതുകൊണ്ടാണ് കേസ് ഫയൽ ചെയ്തത്."

"അതൊക്കെ ശരി. പക്ഷേ നിങ്ങളാ പാവപ്പെട്ട സ്ത്രീയുടെ സുരക്ഷയ്ക്ക് നടപടികളൊന്നുമെടുത്തില്ലല്ലോ.? വിശേഷിച്ചും ഇന്നലെ കോടതിയിൽ വച്ച് അവൾ നടത്തിയ ദയനീയ അഭ്യർത്ഥന നിങ്ങളും കേട്ടതല്ലേ. ആ ഏരിയയിൽ രണ്ടു കോൺസ്റ്റബിൾമാരെ ഡ്യൂട്ടിക്ക് അയക്കേണ്ടതായിരുന്നു." മജിസ്ട്രേട്ട് എസ്. ഐയെ കുറ്റപ്പെടുത്തി. "അതിങ്ങനെയൊക്കെ സംഭവിക്കുമെന്ന് ആരും പ്രതീക്ഷിച്ചതല്ലല്ലോ?."

"ആത്മഹത്യ എങ്ങിനെയുണ്ടായി.? അതിലേക്കു നയിച്ച കാരണങ്ങളെന്തെക്കെയാണ്?"

"ഇന്നലെ കോടതി പിരിഞ്ഞയുടൻ തന്നെ ജാമീനിൽ നിൽക്കുന്ന പ്രതി ബഞ്ചമിൻ നാട്ടിൽപ്പോയി തന്റെ റൗഡി സെറ്റുകളെയും കൂട്ടി മൂക്കറ്റം കുടിച്ചു. രാത്രി 11 മണിയോടു കൂടി റോസമ്മയുടെ കുടിലിന്റെ വാതിൽ ചവിട്ടി പൊളിച്ചകത്തു കടന്ന് പ്രതികാര താണ്ഡവമാടി. അമ്മയെയും മകളെയും മർദ്ദിച്ച് അവശരാക്കിയതു മാത്രമല്ല, മാറിമാറി ബലാത്സംഗം ചെയ്യുകയും ചെയ്തു. അവർ ഉറക്കെ നിലവിളിച്ചെങ്കിലും അയൽപക്കത്തുകാരാരും അടുത്തു വരാൻ ധൈര്യപ്പെട്ടില്ല. സംഹാര താണ്ഡവങ്ങൾ കെട്ടടങ്ങിയപ്പോൾ രാത്രി 12 മണി കഴിഞ്ഞു. ഇനിയും ഈ തെമ്മാടികളുടെ ഇടയിൽ ആത്മാഭിമാനത്തോടെ ജീവിക്കുവാൻ പറ്റില്ലെന്ന് ബോധ്യപ്പെട്ടിട്ടാവും അന്നു രാത്രി തന്നെ തൂങ്ങി മരിച്ചത്. ഇന്നു രാവിലെ 8 മണിക്ക് ആരോ ഫോൺ ചെയ്ത് സ്റ്റേഷനിൽ വിവരമറിയിച്ചത്. ഉടൻ തന്നെ ഇങ്ങോട്ട് പോവുകയും ചെയ്തു. ഇതാണ് സാർ നടന്നത്."എസ്. ഐ പറഞ്ഞു നിർത്തി. അയാളോട് കൂടുതൽ സംസാരിക്കുന്നതു കൊണ്ട് ഫലമൊന്നുമില്ലെന്ന് മനസ്സിലാക്കിയ രാജേന്ദ്രൻ എസ്. ഐയെ പോകാൻ അനുവദിച്ചു.

വന്നിയൂർ ഗ്രാമം മുഴുവനും ദുഃഖം തളം കെട്ടി കിടന്നു. ആരും വീടു വിട്ടു പുറത്തിറങ്ങുന്നില്ല. പ്രതികളെല്ലാം ഒളിവിൽ. ആരെയും കസ്റ്റടിയിലെടുക്കാൻ പോലീസിനു കഴിഞ്ഞിട്ടില്ല. ബാലചന്ദ്രൻ നേരത്തെ പറഞ്ഞ പ്രതികളുടെ ബന്ധുക്കളായ ഉന്നതൻമാർ ഇടപെട്ടു കഴിഞ്ഞിട്ടുണ്ടാവണം.

രാത്രി വളരെയേറെയായിട്ടും രാജേന്ദ്രന് ഉറക്കം വന്നില്ല. കണ്ണടച്ചു കഴിഞ്ഞാൽ സാക്ഷിക്കൂട്ടിൽ നിന്നു കൊണ്ട് നീതിപീഠത്തെ നോക്കിയുള്ള റോസമ്മയുടെ ദീനരോദനമാണ് മുന്നിൽ തെളിയുന്നത്. എല്ലാ അർത്ഥത്തിലും നിസ്സഹായായ ആ പാവത്തിനെ രക്ഷിക്കാനായില്ലല്ലോ, എന്നോർത്തപ്പോൾ രാജേന്ദ്രന് അതിയായ അപകർഷത തോന്നി. നീതി നടപ്പാക്കാനായില്ലെങ്കിൽ തനിക്ക് ഈ മജിസ്ട്രേട്ടിന്റെ മേലങ്കിയെന്തിന്.?

ആഴ്ചകൾ പലതു കഴിഞ്ഞു. ബഞ്ചമിൻ പ്രതിയായ തന്റെ മുന്നിലുള്ള കേസിന്റെ വിചാരണ തുടരാൻ സാധിക്കുന്നില്ല. കാരണം ഒളിവിൽ കഴിയുന്ന പ്രതിയെപ്പിടിച്ച് ഹാജരാക്കാൻ

പോലീസിന് കഴിയുന്നില്ല. സാക്ഷികളും വരുന്നില്ല. എങ്ങിനെയെങ്കിലും പരമാവധി ശിക്ഷ അവനു കൊടുത്തില്ലെങ്കിൽ തന്റെ മനസ്സിന് സ്വസ്ഥത കിട്ടില്ല. കഴിയുന്നതും വേഗം കേസ് തീർപ്പാക്കണം.

സമൻസുകൾ കൊണ്ട് പ്രയോജനമില്ലെന്ന് കണ്ട് വാറണ്ടും അയച്ചു. പത്ത് ദിവസത്തിനകം പ്രതിയെ ഹാജരാക്കണമെന്ന് എസ്. ഐ ക്ക് കർശന മായ നിർദ്ദേശം നൽകി. എസ്. ഐ പ്രതിയെ പിടി ക്കാൻ ആത്മാർത്ഥമായി ശ്രമിച്ചു.

അടുത്ത പോസ്റ്റിംഗ് ദിവസം തന്നെ എസ്. ഐ പ്രതിയെ ഹാജരാക്കി. കഴിഞ്ഞ തവണ കണ്ടതിനേ ക്കാൾ രൗദ്രമാണയാളുടെ മുഖഭാവം. എസ്. ഐ. യോടു മാത്രമല്ല മജിസ്ട്രേട്ടിനോടുമുള്ള പകയാണ യാളുടെ കണ്ണുകളിൽ ജ്വലിക്കുന്നത്. തികച്ചുമൊരു ചെകുത്താൻ തന്നെയാണ് തന്റെ മുമ്പിൽ നിൽക്കു ന്നതെന്ന് മജിസ്ട്രേട്ടിന് തോന്നി. രണ്ടാഴ്ചത്തേക്ക് കേസ് റിമാൻഡ് ചെയ്തു. അതിനകം തന്നെ സാക്ഷി വിസ്താരം പൂർത്തിയാക്കി. കേസ് വിധി പറയുന്ന തിന് അടുത്ത തിങ്കളാഴ്ചത്തേക്കു മാറ്റി.

പത്ര വാർത്തകളിൽ റോസമ്മയുടെയും മകളു ടെയും മരണം സാധാരണ ആത്മഹത്യ മാത്രം. കൊന്ന് കെട്ടിത്തൂക്കിയതാകാനാണ് സാധ്യത യെന്ന് നാട്ടുകാരുടെ ഇടയിൽ അടക്കിപ്പിടിച്ച സംസാരമുണ്ടത്രേ. ആത്മഹത്യയാണെങ്കിൽ തന്നെ അതിലേക്ക് അവരെ നയിച്ച സംഭവവികാസ ങ്ങളെക്കുറിച്ച് എന്തെങ്കിലും ആരോപണം ഉന്നയി ക്കാൻ പോലുമാരും ധൈര്യപ്പെട്ടില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ടും ക്ലീൻ. എസ്.ഐ. യെ വിളിച്ച് ഇക്കാര്യ ത്തെക്കുറിച്ച് സംസാരിച്ചപ്പോൾ അയാളും അത് ശരിവയ്ക്കുകയാണ് ചെയ്തത്. പക്ഷേ രാജേന്ദ്രനത് ആത്മഹത്യയായി വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

കേസ് വിധി പറയാൻ മാറ്റി വച്ചിരുന്നതിന്റെ തലേ ദിവസം അഡ്വക്കേറ്റ് ബാലചന്ദ്രൻ വീണ്ടും കോർട്ടേഴ്സിലേക്ക് വന്നു. കുശല പ്രശ്നങ്ങൾ ക്കൊന്നും മുതിരാതെ അയാൾ കാര്യത്തിലേക്ക് കടന്നു.

"നമ്മുടെ കേസിൻെറ വിധി നാളെയല്ലെ. ആഫ്റ്റർ ആൾ ഇറ്റീസ് എ പെറ്റിക്കേസ്. വാദിയും മകളും മരിച്ചു കഴിഞ്ഞു. ഇനി പ്രതിയെ ശിക്ഷിച്ച് എന്തു നേടാനാണ്?"

വാദി മരിച്ചതല്ലല്ലോ. കൊന്നതല്ലേ.? രാജേന്ദ്രന് അമർഷമടക്കാൻ കഴിഞ്ഞില്ല. ഒരു നിമിഷത്തേക്ക് താനീ കേസിലെ മജിസ്ട്രേട്ടാണെന്ന കാര്യം പോലും മറന്നു.

"അതെല്ലാം നിങ്ങൾ വിധിയെഴുതാൻ പോകുന്ന കേസിന്റെ പർവ്യൂവിൽ വരുന്ന കാര്യങ്ങ ളല്ലല്ലോ. നിങ്ങൾ വളരെ വേണ്ടപ്പെട്ടയാളായതു കൊണ്ട് വീണ്ടുമെന്ന് ഓർമ്മിപ്പിക്കാനിങ്ങോട്ടു കയറിയെന്നേയുള്ളു. നീതി നടപ്പാക്കി വെറുതെ വലിയ വലിയ ആളുകളുടെ പകയ്ക്കിരയാകരുത്. അതല്ലഭാവമെങ്കിൽ സ്പെഷ്യൽ മജിസ്ട്രേട്ടിനു മുകളിൽ ഡിസ്ട്രിക്റ്റ് ജഡ്ജും ഹൈക്കോർട്ടുമുണ്ടെ ന്നുള്ള കാര്യവും മറക്കണ്ട" അഭ്യർത്ഥനയുടെ മട്ടിലല്ല, ഭീഷണിയും പരിഹാസവും നിറഞ്ഞ സ്വരത്തിലായിരുന്നു അയാളുടെ വാക്കുകൾ. മറുപടി പ്രതീക്ഷിക്കാതെ അയാളിറങ്ങിപ്പോയി.



അഡ്വ. ബാലചന്ദ്രൻ ചൂണ്ടിക്കാട്ടിയതു പോലെ തന്റെ മുന്നിലുള്ളത് ഒരു പെറ്റിക്കേസ് മാത്രമാണ്. സ്വതന്ത്രരായ സാക്ഷികളുടെയും വ്യക്തമായ തെളിവുകളുടെയും അഭാവത്തിൽ സംശയത്തിന്റെ ആനുകൂല്യം നൽകി പ്രതിയെ വെറുതെ വിടാവുന്ന തേയുള്ളു. എങ്കിലവർക്കെല്ലാം തൃപ്തിയാകും. പക്ഷേ അങ്ങനെ ചെയ്താൽ ആത്മഹത്യ ചെയ്യാൻ നിർബന്ധിതരായിത്തീർന്ന റോസമ്മയു ടെയും മകളുടെയും ആത്മാക്കൾ മജിസ്ട്രേട്ടിന് മാപ്പു നൽകുമോ...?

ഒരിക്കലുമില്ല. അവരുടെ ശാപം ജീവിതകാലം മുഴുവൻ തന്നെ വേട്ടയാടും. സാക്ഷിക്കൂട്ടിൽ നിന്നു കൊണ്ട് തന്റെ മുഖത്ത് നോക്കി റോസമ്മ നട ത്തിയ "പൊന്നേമാൻ തന്നെ ഞങ്ങളെ രക്ഷിക്ക ണം" എന്ന പരിദേവനം രാജേന്ദ്രനും മറക്കാൻ കഴി യുന്നില്ല. കണ്ണടച്ചിരുട്ടാക്കാൻ നോക്കിയാലും കൂടുതൽ സ്പഷ്ടതയോടെ തന്റെ മനോമുകുര ത്തിൽ ആ ചിത്രം തെളിഞ്ഞു നിൽക്കുന്നു. സാക്ഷി വിസ്താരത്തിൽ കൂടിയല്ലാതെ വേറെവഴിയിൽ ലഭിക്കുന്ന അറിവുകളോ തെളിവുകളോ കേസി ന്റെ വിധിയെ സ്വാധീനിക്കാൻ പാടില്ല തന്നെ. പക്ഷേ

ന്യായാധിപനും ഒരു മനുഷ്യനല്ലേ. സ്വന്തം മനഃസാക്ഷിക്കനുസരിച്ച് ഒരു തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം ഒരു ന്യായാധിപനുമില്ലേ.? ഗുരുതുല്യനായ സി. ജെ. എം. അപ്പു നമ്പ്യാരുടെ ഉപദേശങ്ങൾക്കിവിടെ പ്രസക്തി തോന്നുന്നില്ല. ഒരു പെറ്റിക്കേസിൽ നൽകാവുന്ന പരമാവധി ശിക്ഷ ഒരു വർഷം തടവും അയ്യായിരം രൂപ പിഴയും മാത്രമാണ്. പ്രതിയുടെ ക്രൂരതയ്ക്ക് അതൊട്ടും മതിയാകുന്ന ശിക്ഷയല്ല. കുറഞ്ഞത് ജീവപര്യന്തം തടവെങ്കിലും നൽകണം. പക്ഷേ തനിക്ക് തീർപ്പെഴുതേണ്ടത് ഒരു പെറ്റിക്കേസിലാണ്, കൊലപാതകക്കേസിലല്ല എന്ന വസ്തുത രാജേന്ദ്രനെ കടുത്ത നിരാശയിലാഴ്ത്തി.

ജഡ്ജ്മെന്റ് എഴുതാനിരുന്നിട്ട് മണിക്കൂറുകൾ കഴിഞ്ഞു. എഴുതിമുഴുമിപ്പിക്കാൻ കഴിയുന്നില്ല. വല്ലാത്ത അസ്വസ്ഥത. നാളെ 11 മണിക്ക് ഓപ്പൺ കോർട്ടിൽ വിധി പ്രസ്താവിക്കേണ്ടതാണ്. എങ്ങിനെയെങ്കിലുമെഴുതിത്തീർത്തിട്ടേ കിടക്കാവൂ. വല്ല വിധേനയുമെഴുതിത്തീർന്നപ്പോൾ നേരമേതാണ്ടു പുലരാറായി.

അന്നു രാവിലെ 11 മണിക്ക് നിറഞ്ഞ കോടതി സദസ്സിൽ മജിസ്ട്രേട്ട് തന്റെ വിധിന്യായം ഇങ്ങനെ വായിച്ചു.

“ഈ കേസിലെ പ്രതി ബഞ്ചമിനെതിരായി ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ള കുറ്റങ്ങൾ സംശയാതീതമായി തെളിയിക്കപ്പെട്ടിരിക്കുന്നു. പ്രതിയുടെ പ്രവൃത്തികൾ നിന്ദ്യവും നികൃഷ്ടവും പൈശാചികവുമാണെന്ന് കോടതിക്ക് ഉത്തമ ബോധ്യം വന്നിരിക്കുന്നു. അതു കൊണ്ട് പരമാവധി ശിക്ഷയായ തൂക്കുകയറിനു തന്നെ അർഹനാണിയാൾ. പക്ഷേ കോടതിക്ക് മുന്നിലുള്ളത് ഒരു പെറ്റിക്കേസ് മാത്രമായതിനാൽ, അതിന് നൽകാവുന്ന പരമാവധി ശിക്ഷ മാത്രമേ വിധിക്കുവാൻ നിവൃത്തിയുള്ളൂവെന്നതിൽ കോടതിക്ക് നിരാശയുണ്ട്. എങ്കിലുമധി കാരപരിധി ലംഘിക്കുവാൻ പറ്റില്ലല്ലോ. ഒരു തരത്തിലുമുള്ള ദയയ്ക്കർഹനല്ലാത്ത പ്രതി ബഞ്ചമിന് ഈ കേസിൽ നൽകാവുന്ന പരമാവധി ശിക്ഷയായ ഒരു വർഷത്തെ തടവും, അയ്യായിരം രൂപ പിഴയും; പിഴ അടച്ചില്ലെങ്കിൽ ആറുമാസത്തെ തടവും വിധിച്ച് ഉത്തരവിടുന്നു.”

വിധിന്യായം വായിച്ചു തീർന്നപ്പോൾ രാജേന്ദ്രന് തന്റെ നെഞ്ചിൽ കയറ്റി വച്ചിരുന്ന വലിയൊരു ഭാരമിറക്കി വച്ച ആശ്വാസമനുഭവപ്പെട്ടു. പ്രതിയുടെയോ, വക്കീലൻമാരുടെയോ സദസ്സിന്റേയോ പ്രതികരണമറിയാൻ കാത്തു നിൽക്കാതെ, മജിസ്ട്രേട്ട് തന്റെ ന്യായസനത്തിൽ നിന്നുമിറങ്ങി.

●


## SARADA KRISHNA

**HOMOEOPATHIC MEDICAL COLLEGE & HOSPITAL**

KULASEKHARAM, KANYAKUMARI DIST. TAMIL NADU- 629 161

(30 kms. PROXIMATE TO NAGERCOIL)

A UNIT OF K.V. EDUCATION TRUST - ESTD. IN 2000

Ph: No. 04651 - 277448, 277948, 279448, 280100

Fax: 04651 - 279448 Web Site: www.skhmc.org. E-mail: college@skhmc.org



Affiliated to the Tamil Nadu Dr. M.G.R Medical University, Chennai.
Approved by the Government of Tamil Nadu and Recognized by The Central Council of Homoeopathy, Govt. of India, NewDelhi.

**Conducting B.H.M.S Degree Course (Bachelor in Homoeopathic Medicine & Surgery)**
**4 1/2 years Academic Course + One Year Internship.**

**SALIENT FEATURES OF THE INSTITUTION**

• Well-equipped Teaching Hospital attached to the College with 8- Rural Health Centres • Tie-up facilities for Clinical Training and Witnessing Post-mortem in the Govt. Head Quarters Hospital • A Team of dedicated and disciplined Teaching Faculty with regular programmes for Faculty impronement • Well - equipped Laboratories, Libraries, Audio-visual teaching aids etc. in all teaching departments • A sumptuously furnished Central Library and Reading Room with a plethora of Medical books and contemporary journals • Sophisticated Computer Lab insisting compulsory training in Homoeopathic Soft-wares • Programmes for the development of Communication Skills, Practice of Yoga and Meditation Seperate Hostels for Boys and Girls in the College premises • Facilities for Sports and Games in the College premises • College Van for transportation • Soothing and Serene atmosphere conducive to better studies with immaculate arrangements for continuous flow of power and water • Annual National Seminar and Medical Exhibition on Homoeopathy.

**Mrs. S. CHANDRALEKHA MOHAN**
Director

**Dr. C.K MOHAN**
Chairman & Principal

# വീണ്ടും മലയാളം

**വിശ്വൻ കൊല്ലങ്കോട്**
(ജനറൽ സെക്രട്ടറി)



മലയാളം എന്ന പദം ഒരു ഭാഷയുടെ പേരല്ല, ദേശത്തിന്റേതായിരുന്നു എന്നാണു വിദഗ്ദ്ധ മതം. മല+ആളം, മലയ+അളം മലൈ+ആളം..... അങ്ങനെ നിരുക്തിഭേദവാദം പലതാകാം. എന്നാലും മലയാള ദേശത്ത് വസിച്ചവരുടെ ഭാഷയ്ക്കും അചിരേണ ആ പേരു ലഭിച്ചു എന്നതു സത്യം. മലയാളം, തമിഴ്, മലയാൺമ, മലബാർ ഭാഷ, മണിപ്രവാളം എന്നു കാലദേശ വ്യക്തിഭേദമനുസരിച്ച് പല തരത്തിൽ ഈ ഭാഷ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ പ്രതിപാദിക്കാനുദ്ദേശിക്കുന്നവിഷയം ഭാഷോല്പത്തി അല്ലായ്കയാൽ അതിലേയ്ക്ക് കടക്കുന്നില്ല.

***മലയാളിയുടെ കുഞ്ഞിന്റെ മസ്തിഷ്കത്തിലെ ഭാഷാ ഘടന സ്വാഭാവികമായും മലയാളത്തിലാണ് രൂപപ്പെടുക. അതുകൊണ്ട് ശക്തമായ അടിത്തറ ഉണ്ടാകുവാൻ പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ ആവുന്നതാണ് നല്ലത്.***

സഹ്യപർവ്വതത്തിനും (മലയപർവ്വതം) അറബിക്കടലിനും ഇടയ്ക്ക് പരശതം നാടുവാഴികൾ ചത്തും കൊന്നും കയ്യാളിയിരുന്ന മലയാളദേശമെന്നു പരാമർശിക്കപ്പെടുന്ന പ്രദേശം ആധുനിക കാലമായപ്പോഴെയ്ക്കും മലബാർ, കൊച്ചി, തിരുവിതാംകൂർ എന്ന് മൂന്ന് മേഖലകളായി. അതിൽ തിരുവിതാംകൂറിന്റെ തെക്കേ അറ്റം വേണാട്. വേണാടിന്റെ തെക്കേ അറ്റത്ത് നാഞ്ചിനാട് എന്ന ഫലപുഷ്ഠവും സമ്പൽ സമൃദ്ധവുമായ പ്രദേശവും അതിനെ ചുറ്റിയുള്ള ഭാഗവുമാണല്ലോ ഇന്ന് കന്യാകുമാരി ജില്ല എന്ന പേരിൽ അറിയപ്പെടുന്നത്.

മലയാളദേശത്തിലെ ഭാഷയ്ക്ക് മലയാളം എന്ന പേര് ലഭിച്ചുവെങ്കിലും അതിന്റെ ഉല്പത്തിയെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്. മൂലദ്രാവിഡത്തിന്റെ മുഖ്യശാഖയായ തമിഴിൽ നിന്ന് സംസ്കൃത സംസർഗം മൂലം ഉരുത്തിരിഞ്ഞതാണ് മലയാളമെന്നും അല്ല മൂലദ്രാവിഡത്തിന്റെ സ്വതന്ത്രശാഖ തന്നെയാണതെന്നും മറ്റും.. മറ്റും... അതെന്തൊക്കെ ആയാലും കൊല്ലവർഷാരംഭശേഷമുള്ള പല രേഖകളിലും മലയാള ദേശത്തെ ഭാഷയ്ക്ക് സ്വന്തമായ ലിപിയും പദാവലിയും വ്യാകരണവും ഉണ്ടായിരുന്നു എന്നതിന് തെളിവുകളുണ്ട്. എന്നാൽ ഈ ഭാഷ തെക്കേ അറ്റത്ത് എത്തുമ്പോൾ കന്യാകുമാരിക്കും തിരുവനന്തപുരത്തിനുമിടയ്ക്കുള്ള പ്രദേശങ്ങളിൽ തമിഴ് പദങ്ങളെകൂടി ഉൾക്കൊള്ളുന്നുണ്ട്. ചേരൻമാർക്ക് പുറമേ ഇടയ്ക്കിടെ പാണ്ഡ്യ ചോള രാജാക്കൻമാരുടെയും ഭരണം മാറി മാറി വന്നിട്ടുള്ള പ്രദേശമാകയാൽ സങ്കരഭാഷ സ്വാഭാവികം മാത്രം. അപ്പോഴും ജീവിതരീതി സാമൂഹ്യാചാരങ്ങൾ, ചടങ്ങുകൾ എന്നിവയുടെ കാര്യത്തിൽ മലയാളത്തിന്റെ ശൈലിയാണ്, ഇവിടത്തെ ജനങ്ങൾ പൊതുവിൽ സ്വീകരിച്ചു പോന്നത്. അത് ഇപ്പോഴും തുടരുകയും ചെയ്യുന്നു.

വിദേശികളുടെ ആഗമനം, നാട്ടുരാജ്യങ്ങളുടെ അധഃപതനം എന്നിങ്ങനെ ഭാരതത്തിലാകമാനം ത്വരിത മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കെവേയാണ് നാടുവാഴികളെ ഒതുക്കി മാർത്താണ്ഡവർമ്മ രാജ്യം വിസ്തൃതമാക്കി ശക്തമായ ഒരു ഭരണം സ്ഥാപിച്ചത്. അതോടെ ഭരണരംഗത്ത് മലയാള ഭാഷയുടെ ഉപയോഗം കൂടുതൽ ശക്തമായി.

വിദേശ മിഷണറിമാരുടെ ആഗമനത്തോടെ പൊതുവിദ്യാലയങ്ങൾ വ്യാപകമായി, കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ഭരണാധികാരികളും നിർബന്ധിതരായി. ഭരണഭാഷ മലയാളമായിരുന്നതു കൊണ്ട് സ്വാഭാവികമായും പഠന ഭാഷയും അതുതന്നെയായി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇപ്പോൾ കന്യകുമാരി ജില്ല എന്ന് വിളിക്കപ്പെടുന്ന പ്രദേശത്തെ മുഖ്യ ബോധന മാധ്യമം മലയാളം ആയിരുന്നു. കുറവല്ലാത്ത സ്ഥാനം തമിഴിനും ഉണ്ടായിരുന്നു. എഴുപത്തഞ്ചു വയസ്സിനുമേൽ പ്രായമുള്ള തലമുറയിൽ ഒരു കണക്കെടുപ്പു നടത്തിയാൽ ഇതു ബോധ്യമാകും.

സ്വാതന്ത്ര്യം നേടിക്കഴിഞ്ഞാൽ ജനാധിപത്യ ഭരണക്രമമായിരിക്കും നാം സ്വീകരിക്കുക എന്ന് ഉറപ്പിച്ചു കഴിഞ്ഞപ്പോൾ തന്നെ അതു വിജയിക്കണമെങ്കിൽ ജനങ്ങളുടെ ഭാഷയിലായിരിക്കണം

ഭരണം എന്ന ധാരണയുണ്ടായി. ഇംഗ്ലീഷിൽ പ്രാവീണ്യമില്ലാത്തവർക്ക് തങ്ങളുടെ കാര്യങ്ങൾ വേണ്ടവിധം അധികൃതരെ ധരിപ്പിക്കാൻ കഴിയാത്ത കാലമായിരുന്നല്ലോ അത്. ഭരണീയരും ഭരണകർത്താക്കളും തമ്മിലുള്ള ആശയവിനിമയം സുഗമമാകണമെങ്കിൽ ഭരണഭാഷ മാതൃഭാഷയായിരിക്കണം. അങ്ങനെയാണ് ഭാഷാസംസ്ഥാനങ്ങൾ എന്ന ആശയം ഉടലെടുത്തത്.

ഭൂപ്രകൃതി ഭാഷാവ്യാപനത്തെ സ്വാധീനിച്ചിരുന്നു എന്ന് മുമ്പ് പറഞ്ഞുവല്ലോ. അധികാര സീമകൾ ഭൂപ്രകൃതിയെ മാനിച്ചിരുന്നില്ല. വടക്കേ അറ്റം മലബാർ മേഖല ബ്രിട്ടീഷ് ഭരണത്തിലുള്ള മദ്രാസ് പ്രൊവിൻസിലും തെക്കു ഭാഗം രാജഭരണത്തിലും ആയിരുന്നല്ലോ. പുനഃസംഘടന വേണ്ടിവന്നപ്പോൾ തെക്കും വടക്കും പ്രശ്നങ്ങളുണ്ടായി. മലബാർ മേഖലയുടെ വടക്കേ അറ്റത്ത് കന്നട സംസാരിക്കുന്നവരും മലയാളികളും ഇടകലർന്നു വസിക്കുന്ന കാസർകോട് പ്രദേശം കർണ്ണാടകത്തോട് ചേർക്കണമെന്ന് അന്നത്തെ മൈസൂർ സംസ്ഥാനക്കാരായ കന്നടക്കാരും കേരളത്തോടു ചേർക്കണമെന്ന് മലയാളികളും ആവശ്യപ്പെട്ടു.. തെക്കേ അറ്റത്ത്, തമിഴ് സംസാരിക്കന്നവർ തമിഴകത്തോടും (അന്ന് മദ്രാസ് സംസ്ഥാനം) മലയാളം സംസാരിക്കുന്നവർ കേരളത്തോടും ചേരുവാൻ ആഗ്രഹിച്ചു.

അവകാശവാദം രൂക്ഷമായി. പ്രചാരണം ശക്തമായി. ഭാഷയുടെ പേരിൽ പ്രക്ഷോഭം ഉടലെടുത്തു. നെയ്യാറ്റിൻകരയ്ക്ക് തെക്കുള്ള ഭൂപ്രദേശം ശക്തമായ സമരഭൂമിയായി. പല സമരങ്ങൾക്കും സംഭവിക്കാറുള്ള ഒരു ദുര്യോഗം ഈ ഭാഷാ സമരത്തിനും ഉണ്ടായി. ഭാഷാസമരം പല പ്രദേശങ്ങളിലും സാമുദായിക സ്പർദ്ധയ്ക്ക് വഴിവച്ചു. മലയാളം സംസാരിക്കുന്ന പത്തിലേറെ സമുദായങ്ങൾ ഈ പ്രദേശങ്ങളിലുണ്ടായിരുന്നുവെങ്കിലും മലയാളി എന്നത് നായർക്ക് പര്യായമായി തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു.

വേണാടിന്റെ ഭാഗമായിരുന്ന ഈ പ്രദേശത്ത് ഭൂമിയുടെ ജൻമാവകാശം അന്ന് മുഖ്യമായും നായർ കുടുംബങ്ങൾക്കായിരുന്നു. മലയാളികൾ ഒഴിഞ്ഞു പോയാൽ ജൻമിത്തം അവസാനിക്കുമെന്ന് കുടിയായ്മയുടെ കണ്ണുനീർ കുടിച്ചിരുന്നവർ ആശിച്ചു പോയിരിക്കാം. മലയാളം സംസാരിക്കുന്ന വരിൽ തന്നെ കുടിയാൻമാരെക്കാൾ നികൃഷ്ടമായ അടിമത്തം അനുഭവിക്കുന്നവരുണ്ടായിരുന്നു എന്നത് ശ്രദ്ധിക്കപ്പെട്ടിരുന്നില്ല.

1956 നവംബർ ഒന്നാം തിയതി സംസ്ഥാന പുനഃസംഘടന പ്രാബല്യത്തിൽ വന്നു. കന്യാകുമാരി എന്ന പുതിയ ജില്ല തമിഴ് നാടിന്റെ ഭാഗമായി. തമിഴ്നാടിന്റെ ഔദ്യോഗിക ഭാഷ തമിഴായി. അവിടത്തെ മലയാളികൾ ന്യൂനപക്ഷമായി.

ഇത് തമിഴ് നാടിന്റെയോ കന്യാകുമാരി ജില്ലയുടെയോ മാത്രം പ്രശ്നമല്ല. ഭാഷാസംസ്ഥാന രൂപീകരണം നടന്നപ്പോൾ അയൽസംസ്ഥാനവുമായി തൊട്ടു കിടന്ന ഭാഗങ്ങളിലെല്ലാം ഇത്തരം ഭാഷാന്യൂനപക്ഷങ്ങളുണ്ടായി. ഇത് സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ മുൻകൂട്ടി കണ്ടിരുന്നു. അത്തരക്കാർക്ക് അവരവരുടെ മാതൃഭാഷയും സംസ്ക്കാരവും വിദ്യാഭ്യാസ സൗകര്യങ്ങളും ഭരണബന്ധവും സംരക്ഷിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാൻ ബന്ധപ്പെട്ട സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കേണ്ട ചില ശുപാർശകൾ ആ കമ്മീഷൻ സമർപ്പിച്ചിരുന്നു.

നമ്മുടെ ഭരണഘടനയുടെ 345 മുതൽ 357 വരെയുള്ള വകുപ്പുകൾ പ്രാദേശിക ഭാഷകളെ സംബന്ധിച്ചുള്ളവയാണ്. അതിനു വിധേയമായി അംഗീകരിച്ച ശുപാർശകൾ നടപ്പാക്കുവാൻ വകുപ്പ് 350 'ബി' പ്രകാരം നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ മന്ത്രിസഭാ പ്രതിനിധികൾ ഉൾപ്പെടുന്ന മേഖലാ മന്ത്രിതല ന്യൂനപക്ഷ സംരക്ഷണ സമിതി (Zonal Ministry Committee on Safeguard of Linguistic Minorities) രൂപീകരി ക്കപ്പെട്ടു. ഈ സമിതി സമർപ്പിച്ച Committee on Safeguard of Lingauistic Minorities (ഭാഷാ ന്യൂനപക്ഷ സമിതി) നാലു സംസ്ഥാന മുഖ്യമന്ത്രി മാരടങ്ങുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിച്ച് ഓരോ സംസ്ഥാനത്തും ആവശ്യമായ നിയമ നിർമ്മാണം നടത്തുകയുണ്ടായി. അപ്രകാരം, തമിഴ് നാട് (അന്നത്തെ മദ്രാസ് സംസ്ഥാനം) അംഗീകരിച്ച ന്യൂനപക്ഷ സംരക്ഷണ നടപടികൾക്കായുള്ള ഉത്തരവുകൾ 1965 ഏപ്രിലിൽ കന്യാകുമാരി ഡിസ്ട്രിക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അതിൻ പ്രകാരം സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളും സ്കൂൾ വർഷാരംഭത്തിന് രണ്ടാഴ്ച മുമ്പവസാനിക്കുന്ന മൂന്നു മാസം കൊണ്ട്, ന്യൂനപക്ഷ ഭാഷക്കാരായ രക്ഷകർത്താക്കളിൽ നിന്നും കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനായുള്ള അപേക്ഷകൾ സ്വീകരിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ചുരുങ്ങിയത് ഒരു ക്ലാസ്സിന് പത്ത് അല്ലെങ്കിൽ സ്കൂളിൽ മൊത്തത്തിൽ മുപ്പത് കുട്ടികൾ ഉണ്ടെങ്കിൽ പ്രത്യേക വിഭാഗം ആരംഭിക്കേണ്ടതുമാണ്. എക്കാരണത്താലും ഒരു ന്യൂനപ

ക്ഷഭാഷാ വിദ്യാർത്ഥിയുടെ അപേക്ഷ നിരസിക്കാൻ പാടില്ലാത്തതാണ്.

ഒരു സ്കൂളിൽ ന്യൂനപക്ഷ ഭാഷാ വിഭാഗം ആരംഭിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത് സ്കൂൾ മാനേജ്മെന്റല്ല, ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ്. അതുമാനിക്കാൻ തയ്യാറാകാത്ത മാനേജ്മെന്റിന്റെ അംഗീകാരം റദ്ദാക്കാവുന്നതാണ്.

മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെട്ടു പോകാതിരിക്കാനായി ന്യൂനപക്ഷ ഭാഷാ വിദ്യാർത്ഥികൾക്ക് വേണമെങ്കിൽ സംസ്ഥാനത്തിലെ ഔദ്യോഗിക ഭാഷ കൂടി ഒരു അധികഭാഷയായി പഠിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

പ്രാഥമിക വിദ്യാലയത്തിൽ ന്യൂനപക്ഷഭാഷ പഠിച്ച കുട്ടികൾക്ക് ഉപരിപഠനത്തിന് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പ്രത്യേക പരിഗണന നല്കേണ്ടതാണ്.

ന്യൂനപക്ഷ ഭാഷാ വിദ്യാർത്ഥികളുടെ എണ്ണം നിർദ്ദിഷ്ടം സംഖ്യയിൽ കുറഞ്ഞു പോയാലും സർക്കാരിന്റെ പ്രത്യേക അനുവാദം കൂടാതെ അത്തരം സ്കൂളുകൾ നിർത്തലാക്കാൻ പാടില്ലാത്തതാണ്.

ഈ ഉത്തരവ് നൽകുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ നാം ശ്രമിച്ചിട്ടുണ്ടോ.?

തമിഴ്നാട്ടിൽ തമിഴിനുമാത്രമേ സ്ഥാനമുള്ളൂ മലയാളത്താൻ വേണ്ട, എന്ന് ഏതെങ്കിലും സങ്കുചിത വാദികൾ പ്രചരിപ്പിച്ചാൽ അതിനു വിധേയരായി ഓടി അകലുകയാണോ നാം ചെയ്യേണ്ടത്. G.O. 455 Public (Partition) Department, d/t. 14.03.61 നോക്കുക:

ഒരു പ്രദേശത്ത് ഇരുപത് ശതമാനമോ അതിൽ കൂടുതലോ ആളുകൾ സംസ്ഥാന ഭാഷയല്ലാത്ത മറ്റൊരു ഭാഷ സംസാരിക്കുന്നവരായിട്ട് ഉണ്ടെങ്കിൽ ആ പ്രദേശത്തെ ഒരു ദ്വിഭാഷാ പ്രദേശമായി (Bilingual area) കണക്കാക്കണം. അവിടെ

- എല്ലാ സർക്കാർ വിളംബരങ്ങളും ചട്ടങ്ങളും വോട്ടർ പട്ടിക തുടങ്ങിയവയും ന്യൂനപക്ഷ ഭാഷയിലും കൂടി പ്രസിദ്ധീകരിക്കണം.
- പൊതുജനോപായോഗത്തിനുള്ള ഫോറങ്ങളും മറ്റും ന്യൂനപക്ഷ ഭാഷയിലും തയ്യാറാക്കണം.
- ന്യൂനപക്ഷ ഭാഷയിൽ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യാൻ അനുവദിക്കണം.
- സർക്കാരുമായുള്ള എഴുത്തുകുത്തുകൾ ന്യൂനപക്ഷ ഭാഷയിലും ആകാം.
- കോടതികളിൽ സമർപ്പിക്കേണ്ട ആധികാരിക രേഖകൾ ന്യൂനപക്ഷ ഭാഷയിലും ആവാം.
- ഇത്തരം പ്രദേശങ്ങളിൽ നിയമിക്കപ്പെടുന്ന അധികാരികളും ഓഫീസ് ജീവനക്കാരും ന്യൂനപക്ഷഭാഷ കൂടി അറിയുന്നവരായിരിക്കണം.

മേൽപ്പറഞ്ഞ അവകാശങ്ങളെപ്പറ്റി നാം എത്ര മാത്രം ചിന്തിച്ചിട്ടുണ്ട്.? ഉള്ള കാര്യങ്ങൾ ഉപയോഗപ്പെടുത്താതെ സ്വയം പഴിച്ച് ഓടി ഒളിക്കുകയല്ലേ നാം ചെയ്യുന്നത്.

ഇതൊക്കെ 'ഏട്ടിലെ പശുവാ'ണ് എന്ന വാദം തള്ളിക്കളയാവുന്നതല്ല തന്നെ. എന്നാലും തീവ്രമായി ആഗ്രഹിക്കുകയെങ്കിലും ചെയ്യാത്ത അലസനെ തേടി വന്ന് അനുഗ്രഹങ്ങൾ ചൊരിയുവാൻ ആരെങ്കിലും തയ്യാറാവുമോ?. വാതിൽ ഉണ്ട്. അടഞ്ഞു കിടപ്പാണ്. ഒന്നു മുട്ടുകയെങ്കിലും വേണ്ടേ, അതു തുറന്നു കിട്ടാൻ.

നമ്മുടെ മക്കൾക്ക് മാതൃഭാഷ മറുഭാഷയാകുവാൻ നമ്മൾ കൂട്ടു നിൽക്കണമോ? മുലപ്പാൽ നിഷേധിക്കപ്പെട്ടാൽ വളർച്ച മുരടിക്കുന്നതു പോലെ തന്നെ മാതൃഭാഷ മറക്കുന്നവരുടെ സംസ്ക്കാരവും മുരടിക്കും. മലയാളസംസ്ക്കാരം മക്കളിൽ വളർത്തണമെങ്കിൽ അവർക്ക് മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകാൻ മലയാളികൾ തയ്യാറാകണം.

വിദ്യാഭ്യാസം നേടുന്നത് ഉപജീവനത്തിന് വേണ്ട ജോലി ലഭിക്കാനാണ് എന്നാണല്ലോ സാമാന്യ ധാരണ. തമിഴ് നാട്ടിൽ തമിഴില്ലാതെ ജോലി ലഭിക്കുകയില്ല. അതുകൊണ്ട് തമിഴ് മതി എന്നാണ് പരക്കെ പ്രചരിപ്പിക്കപ്പെടുന്നത്. തമിഴ്

***തമിഴ് നാട്ടിലെ മലയാളപ്പേടി കൊണ്ട് നമ്മൾ കുട്ടികളെ ഇംഗ്ലീഷ് മീഡിയത്തിൽ ചേർക്കുന്നു. വീട്ടിലെ മലയാളവും സ്കൂളിലെ ഇംഗ്ലീഷും പരിസരത്തെ തമിഴും കൂടി അവരുടെ ഭാഷയെ വികലമാക്കുന്നു. ഇവയിലേതെങ്കിലും ഒന്ന് അവർക്ക് സ്വന്തം ഭാഷയായി തോന്നുമോ?; അങ്ങനെ സ്വന്തം ഭാഷയും അതിലൂടെ ലഭിക്കേണ്ട സംസ്ക്കാരവും കൈവിട്ട് സ്വത്വം നഷ്ടപ്പെട്ട ഒരു തലമുറയ്ക്കായി നമ്മൾ അവരെ വളർത്തുകയാണ്.***

പക്ഷപാതികളായ ചില ഉദ്യോഗസ്ഥരും ഭരണാധികാരികളും അങ്ങനെ പെരുമാറുന്നുണ്ടെങ്കിലും നിയമപരമായി അതു തെറ്റാണ്. ജീവനക്കാർ സംസ്ഥാന ഭാഷ അറിഞ്ഞിരിക്കണം എന്നത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം തെലുങ്ക്, കന്നട, ഉറുദു എന്നിവയൊക്കെ ഓരോരോ പ്രദേശങ്ങളിലെ ന്യൂനപക്ഷ ഭാഷകളാണ്. ഈ ഭാഷകളിലൊക്കെ വിദ്യാഭ്യാസം നേടുന്നവർക്ക് സർക്കാർ ജോലി ലഭിക്കുന്നതിന് ആദ്യമേ തമിഴ് അറിഞ്ഞിരിക്കണമെന്നില്ല. ജോലിയിൽ പ്രവേശിച്ച് നിർദ്ദിഷ്ഠ കാല പരിധിക്കുള്ളിൽ തമിഴ് പരീക്ഷ പാസായാൽ മതിയാകുന്നതാണ്.

മലയാളികൾക്ക് സർക്കാർ ജോലി സാധ്യത കുറയുന്നതിനുള്ള കാരണങ്ങൾ മറ്റു പലതാണ്. സർക്കാർ ഓഫീസുകളിലെ നിയമനങ്ങൾ മിക്കവാറും എംപ്ലോയ്മെന്റ് എക്സേഞ്ചുകൾ വഴിയാണ് നടക്കുന്നത്. അങ്ങനെയാവുമ്പോൾ അതാതു ജില്ലകളിലുണ്ടാവുന്ന ഒഴിവുകളുടെ പങ്കു മാത്രമാണ് ലഭിക്കുക. സംസ്ഥാന സർവ്വീസ് കമ്മിഷൻ വഴിയായിരുന്നുവെങ്കിൽ നമുക്കു കൂടുതൽ അവസരങ്ങൾ ലഭിക്കുമായിരുന്നു. ഇത് ഒരു ഉദാഹരണം മാത്രം. ഇങ്ങനെ പലതുണ്ട് കാര്യങ്ങൾ.

സർക്കാർ ഓഫീസ് ജോലി സാധ്യത അനുദിനം കുറഞ്ഞു കൊണ്ടിരിക്കുന്നു. ഇത് മലയാളിക്കും തമിഴനും ഒരു പോലെ ബാധകമാണ്. സ്വകാര്യ മേഖലയിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള ജോലികൾക്ക് പ്രാദേശിക ഭാഷയേക്കാൾ പ്രാധാന്യം ഇംഗ്ലീഷിന് ലഭ്യമായിക്കൊണ്ടിരിക്കുന്നു. നന്നായി ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ സാധിക്കുന്നവരുടെ മാതൃഭാഷയെപ്പറ്റി അത്തരം സ്ഥാപനങ്ങൾ ചിന്തിക്കുന്നില്ല.

മലയാളികൾക്ക് ഈ ലോകത്തുള്ള ഏത് ഭാഷയും വഴങ്ങുന്നുണ്ട് എന്നത് ഒരു അംഗീകൃത സത്യമാണ്. മലയാളം എന്ന ഭാഷയുടെ പ്രത്യേകത തന്നെയാണത്. അതുകൊണ്ട് ആദ്യം മലയാളിയാവുക, മക്കൾക്ക് മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകുക.

സുപ്രസിദ്ധ ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കിയുടെ അഭിപ്രായത്തിൽ ഏതു ഭാഷയും സ്വായത്തമാക്കാനുള്ള മസ്തിഷ്ക വ്യവസ്ഥയോടെ (Language Acquisition Device) യാണ് ഒരു കുഞ്ഞ് ജനിക്കുന്നത് (അതിനെ യൂണിവേഴ്സൽ ഗ്രാമർ എന്ന് പറയാം.) ആദ്യം ഏതു ഭാഷയുമായി ബന്ധം ലഭിക്കുന്നുവോ അതിനനുസൃതമായ ഘടന രൂപപ്പെടുന്നു. പിന്നീട് ഏത് ഭാഷയ്ക്കനുസരിച്ചും ഘടനയിൽ മാറ്റം വരുത്തുവാനതിനു കഴിയും.

## കന്യാകുമാരി ജില്ലയിലെ ബാങ്കുകൾ

| | |
|---|---|
| സ്റ്റേറ്റ് ബാങ്ക് ശാഖകൾ | 16 |
| മറ്റു ദേശസാൽകൃത ബാങ്ക് ശാഖകൾ | 87 |
| സ്വകാര്യ ബാങ്കുകൾ | 25 |
| സെൻട്രൽ കോ ഓപ്പറേറ്റീവ് ബാങ്ക് | 1 |
| പ്രൈമറി കാർഷിക സഹകരണ ബാങ്കുകൾ | 114 |
| കന്യാകുമാരി ജില്ലാ സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്ക് ശാഖകൾ | 14 |
| പ്രൈമറി അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് & റൂറൽ ബാങ്ക് | 5 |
| പീപ്പിൾസ് കോഓപ്പറേറ്റീവ് അർബൻ ബാങ്ക് | 1 |
| തമിഴ്നാട് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് ബാങ്ക് | 1 |
| തമിഴ്നാട് ഇൻഡസ്ട്രിയൽ ഇൻവെസ്റ്റുമെന്റ് കോർപ്പറേഷൻ | 1 |

മലയാളിയുടെ കുഞ്ഞിന്റെ മസ്തിഷ്കത്തിലെ ഭാഷാ ഘടന സ്വാഭാവികമായും മലയാളത്തിലാണു രൂപപ്പെടുക. അതുകൊണ്ട് ശക്തമായ അടിത്തറ ഉണ്ടാകുവാൻ പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ ആവുന്നതാണ് നല്ലത്.

തമിഴ് നാട്ടിലെ മലയാളപ്പേടി കൊണ്ട് നമ്മൾ കുട്ടികളെ ഇംഗ്ലീഷ് മീഡിയത്തിൽ ചേർക്കുന്നു. വീട്ടിലെ മലയാളവും സ്കൂളിലെ ഇംഗ്ലീഷും പരിസരത്തെ തമിഴും കൂടി അവരുടെ ഭാഷയെ വികലമാക്കുന്നു. ഇവയിലേതെങ്കിലും ഒന്ന് അവർക്ക് സ്വന്തം ഭാഷയായി തോന്നുമോ? അങ്ങനെ സ്വന്തം ഭാഷയും അതിലൂടെ ലഭിക്കേണ്ട സംസ്ക്കാരവും കൈവിട്ട് സ്വത്വം നഷ്ടപ്പെട്ട ഒരു തലമുറയ്ക്കായി നമ്മൾ അവരെ വളർത്തുകയാണ്.

അമ്പതു വർഷം മുമ്പ് ജില്ലയിലുണ്ടായിരുന്ന മലയാളം വിദ്യാലയങ്ങൾ പലതും നാം തന്നെ ഉപേക്ഷിച്ചു. വർഷന്തോറും മലയാള അധ്യാപക പരിശീലനം നേടിയിറങ്ങുന്ന യുവാക്കൾ ഗതിയില്ലാതെ അലയുന്നു. പുതിയ തലമുറ മാതൃഭാഷ ഏതെന്നറിയാതെ വലയുന്നു. അവർക്ക് അവരുടെ മാതൃഭാഷയും സംസ്ക്കാരവും തിരിച്ചു നൽകാം. കരിന്തിരി കത്തുന്ന വിദ്യാലയ വിളക്കുകളിൽ ഇത്തിരി എണ്ണ പകരാം. തായ് തമിഴിനെ സ്നേഹിച്ചുകൊണ്ടു തന്നെ നമ്മുടെ മണ്ണിൽ നമുക്കു വീണ്ടും മലയാളികളാവാം. ●

# വിശിഷ്ടാതിഥികൾ മലയാള ഭവനിൽ



കേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ



കേരള സംസ്ഥാനമന്ത്രി ടി.എം.ജേക്കബ്



ഒ. എൻ. വി. കുറുപ്പ്



നീലപത്മനാഭൻ



ചെമ്മനം ചാക്കോ



എസ്. വി. വേണുഗോപൻ നായർ,
വി. മധുസൂദനൻ നായർ




എസ്. രമേശൻ നായർ



എം. ആർ. ഗോപകുമാർ




ടി. എൻ. ഗോപകുമാർ




ആറാട്ടുപുഴ സുകുമാരൻ



ഡോ. പി. പി. തമ്പി



മാത്യു ജോർജ്, കെ. എസ്. നാരായണപിള്ള

# പല്ലി




**ഡോ. എസ്. വി. വേണുഗോപൻ നായർ**

ഒരു പകലുറക്കത്തിൽ ബാലു മുട്ട സ്വപ്നം കണ്ടു. നന്നേ ചെറിയ രണ്ടു മുട്ട-പല്ലിമുട്ട. പൊളിഞ്ഞു വീഴാറായ ഏതോ മൺമതിലിനു മുകളിലെ കൊച്ചു കുഴിയിൽ അവ കിടന്നു. അത് എന്തു മുട്ടയാണെന്ന് അവന് മനസ്സിലായിരുന്നില്ല. എങ്കിലും നല്ല രസം തോന്നി.

ഉറക്കമുണർന്നെണീറ്റപാടെ അമ്മൂമ്മയോട് മുട്ടകളെപ്പറ്റി പറഞ്ഞു. അവരാണ്, അത് പല്ലിമുട്ടയാണെന്നും, മുട്ട വിരിഞ്ഞ് നനുത്ത കുഞ്ഞുങ്ങളുണ്ടാവുമെന്നും പറഞ്ഞു കൊടുത്തത്. ബാലുവിന് സംശയമായി.

"പക്ഷികളല്ലേ അമ്മൂമ്മേ മുട്ടയിടുക.?"

വൃദ്ധ ചിരിച്ചു. "അല്ല മോനേ, ഇഴഞ്ഞു നടക്കുന്ന പാമ്പും പല്ലിയുമൊക്കെ മുട്ട വിരിഞ്ഞുതന്നെ ഉണ്ടാവണത്".



അന്നുമുതൽ ബാലു ചെറിയ പൊള്ളകളിലും കുഴികളിലുമൊക്കെ പക്ഷിമുട്ട തെരഞ്ഞ് നടപ്പാണ്. അവന്റെ വീട്ടിലെ കോഴി മുട്ടയിട്ടാലുടൻ കൂടിനു പുറത്തു വന്ന് ഏങ്ങിയേങ്ങി നീട്ടി നീട്ടി ഒച്ച വയ്ക്കും; മുട്ടയിട്ട സന്തോഷ വർത്തമാനം ഏവരേയും അറിയിക്കാൻ.!

എവിടെങ്കിലുമിരുന്ന് ചിലപ്പോൾ പല്ലി ചിലയ്ക്കും. അതുകേൾക്കുമ്പോഴൊക്കെ ബാലു ഓടിച്ചെന്നു നോക്കും. മുട്ടയിട്ട സന്തോഷത്തിലാണോ ഈ ജന്തു ചിലയ്ക്കുന്നത്? എവിടെയായിരിക്കും മുട്ട? ഓരോ പ്രാവശ്യവും അവൻ നിരാശനാകും.

സന്ധ്യയായാൽ ലൈറ്റിന്റെ ചുറ്റുവട്ടത്ത് ചുമരിലും മച്ചിലുമൊക്കെ പല്ലികൾ പ്രത്യക്ഷപ്പെടും. ദൂരെയെങ്ങാനൊരു പാറ്റയോ ഈച്ചയോ ചലിക്കുന്നതു കണ്ടാൽ തഞ്ചത്തിലൊരു പോക്കാണ്. അടുത്ത നിമിഷം പാറ്റ പല്ലിയുടെ വായിലിരുന്നു പിടയ്ക്കും.

ഒരു ദിവസം ബാലു ഒരു കറുത്ത പല്ലിയെ കണ്ടു. കാണാനൊരു ചേലുമില്ല. അമ്മൂമ്മയോടു ചോദിച്ചു.

"എന്താ അമ്മൂമ്മേ ഈ പല്ലിയിങ്ങനെ?"

"വെളുത്ത പല്ലിയും കറുത്ത പല്ലിയുമുണ്ടു മോനേ. ഒന്ന് ബ്രാഹ്മണൻ. മറ്റേത് പറയൻ." അമ്മൂമ്മ അവന്റെ തലയിൽ തലോടി. അവനും വെളുത്തതാണല്ലോ.

"അപ്പൊ ഈ പല്ലീടെ മുട്ട കറുത്തതായിരിക്കും അല്ലേ?"

അമ്മൂമ്മ ഒന്നും മിണ്ടാതെ വെറുതേ ചിരിച്ചു.

"കറുത്തിട്ടായിരിക്കും." ബാലു പറഞ്ഞുറപ്പിച്ചു.

ഒരിക്കൽ അവൻ അമ്മൂമ്മയോടൊപ്പം കുടുംബവീട്ടിൽ പോയി, ഇളയമ്മയെ കാണാൻ. അവരുടെ മകൻ സുനിലിന് ബാലുവിനെ വലിയ ഇഷ്ടമാണ്. അവന് ഒരുപാടു കഥകളറിയാം.

അന്നാണ് കോഴി അടയിരിക്കുന്നത് കണ്ടത്. പരന്ന വലിയ ചട്ടിയിൽ മണൽ നിറച്ച് അതിൽ നിരത്തിയ മുട്ടകൾക്ക് മുകളിൽ ചിറകു പടർത്തി പതിഞ്ഞിരിക്കുന്ന കോഴി. അതിനടുത്തേയ്ക്ക് ആരെങ്കിലും ചെല്ലുന്നത് തള്ളക്കോഴിക്ക് ഇഷ്ടമല്ല. ഇരുപത്തൊന്നു ദിവസം തള്ളക്കോഴിയുടെ ചൂടേറ്റാലേ മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തു


വരൂ എന്ന് ഇളയമ്മ പറഞ്ഞുകൊടുത്തു. ഈ ദിവസങ്ങളിൽ ശരിയായ തീറ്റപോലും തള്ളക്കോഴി കഴിക്കാറില്ലത്രേ. ബാലു ദൂരെ നിന്ന് വളരെ നേരം ആ തള്ളക്കോഴിയുടെ മട്ടും ഭാവവും നോക്കി രസിച്ചു.

അമ്മൂമ്മ പറഞ്ഞു: "മുട്ടയൊക്കെ വിരിഞ്ഞു കഴിഞ്ഞാലാണ് നല്ല രസം. തള്ളയും കുഞ്ഞുങ്ങളും പറമ്പായ പറമ്പൊക്കെ ചുറ്റിക്കറങ്ങി നടക്കും, തീറ്റയ്ക്ക്. തള്ള കാലുകൊണ്ട് ചപ്പും ചവറും ചിക്കി ചിനക്കിയിടും. പൈതങ്ങള് കൊത്തിപ്പറക്കിത്തിന്ന് വലുതാവും. കാക്കയുടേയോ പരുന്തിന്റേയോ നിഴലു കണ്ടാമതി തള്ളക്കോഴി ഒരു ശബ്ദമുണ്ടാക്കും. കുഞ്ഞുങ്ങളൊക്കെ 'ശടേന്ന്' ചിറകിനടിയില് ഒളിക്കും. അതുകാണേണ്ട കാഴ്ചയാ. പേടിമാറിയാൽ പിന്നേം തീറ്റതേടി തള്ളയും പിള്ളേരും കറക്കം തന്നെ."

വീട്ടിലേയ്ക്കു മടങ്ങുമ്പോൾ ബാലു അമ്മൂമ്മയോടു ചോദിച്ചു:

"പാമ്പും അടയിരിക്കുമോ?"

"പിന്നില്ലേ. തള്ളപ്പാമ്പ് മുട്ടകളുടെ പുറത്ത് ചുരുണ്ട് പതീന്നങ്ങിരിക്കും. എള്ളോളം അനങ്ങാതെ. അപ്പൊ ആരെങ്കിലും കൺവെട്ടത്ത് ചെല്ലണം. ഉടനെ പത്തി വിരിച്ച് ചീറും. മുമ്പോട്ടു ചെന്നാല് കൊത്തിക്കൊല്ലും."



സന്ധ്യയ്ക്ക് അമ്മൂമ്മയും അവനും നിലവിളക്കിനുമുന്നിലിരുന്ന് രാമനാമം ജപിക്കും. അതുകഴിഞ്ഞാൽ പാഠപുസ്തകം നിവർക്കും. കൊച്ചുമോന്റെ വായന അമ്മൂമ്മ രസം പിടിച്ചു കേൾക്കും.

രാവിലെ അവനു തലതോർത്തിക്കൊടുക്കുന്നതും ഷൂസിട്ടു കൊടുക്കുന്നതും കാപ്പികൊടുക്കുന്നതും സ്കൂൾ ബസ്സ് കയറ്റിവിടുന്നതുമെല്ലാം അമ്മൂമ്മ തന്നെ. അച്ഛൻ ബോംബേയിലാണല്ലോ; ഒരു കമ്പനിയിൽ. അമ്മയ്ക്ക് ഒരായിരം തിരക്കുണ്ട്. ഇപ്പൊ പഞ്ചായത്തുമെമ്പറല്ലേ?. അതുകൊണ്ട് ചില കൂട്ടുകാർക്ക് ബാലുവിനോട് ഇത്തിരി അസൂയയുണ്ട്.

ശുചീന്ദ്രം തേരോട്ടം കാണാൻ അവൻ അമ്മൂമ്മയോടൊപ്പം പോയി. ഊണുകഴിക്കുമ്പോൾ ഹോട്ടലിന്റെ പഴയ ചുമരിൽ ഒരു ജന്തുവിരുന്നു നോക്കുന്നു! ഓന്തിന്റെ വലിപ്പമുണ്ട്. ബാലുവിനു പേടിയായി. അമ്മൂമ്മ ചോദിച്ചു:

"എന്താടാ മിഴിച്ചിരിക്കുന്നെ?"

അവനാ ജീവിയെ ചൂണ്ടിക്കാട്ടി.

അമ്മൂമ്മ ചിരിച്ചു "മോനെ, ഇതും പല്ലിയാ. വേറൊരു തരം പല്ലി. നീ ചോറുണ്ണ്".

ബാലു വിചാരിച്ചു. ഈ പല്ലീടെ മുട്ട വലുതായിരിക്കും, തീർച്ച.

അമ്മൂമ്മയോടു ചോദിച്ചു. ഹോട്ടലായതുകൊണ്ടാവാം അവർക്ക് അരിശം വന്നു. "ശ്ശ് മിണ്ടാണ്ടിരുന്ന് വല്ലതും കഴിക്ക്."

കണക്കു ചെയ്ത് കൊണ്ടിരിക്കുമ്പോഴാണ് പല്ലി നീട്ടിയൊന്നു ചിലച്ചത്. അവന്റെ നോട്ടം എ പ്ലസ് ബി യിൽ നിന്ന് പല്ലിയിലേ യ്ക്ക് ചാടി. മച്ചിലങ്ങനെ അള്ളി ച്ചേർന്നിരിക്ക യാണ്; വല്യഗമ യിൽ.

"അമ്മൂമ്മേ ഇതെന്താ താഴെ വന്നു വീഴാത്തെ?"

അമ്മൂമ്മ രസം പിടിച്ചു ചിരിച്ചു.

"ഈ വിദ്വാനല്ലേ മച്ചിനെ താങ്ങി നിറുത്തിയിരിക്കുന്നെ."

"സത്യമായിട്ടും?"

"അങ്ങനാ അതിന്റെ മട്ടും ഭാവവും."

"ഈ ജന്തു വെറുതെ വെറുതെ ചിലയ്ക്കുന്നതെന്തിനാ?"

"അയ്യോ, ആള് വല്യ ജോത്സ്യനല്ലേ; കവിടീം കൊണ്ട് വരുന്ന പണിക്കരെപ്പോലെ. നമ്മള് തെക്കോട്ടു പോണോ; വടക്കോട്ട് പോണോ എങ്ങോട്ട് പോയാലാണ് ഗൊണം പിടിക്കുക; എപ്പഴാ ആപത്തു വരിക എന്നൊക്കെ മുൻകൂട്ടി പറഞ്ഞു തരും. ഗൗളി ശാസ്ത്രം എന്നൊരു ശാസ്ത്രമുണ്ടു മോനെ. പല്ലി നമ്മടെ മേത്ത് വീഴ്ണതിനുമുണ്ട് ലക്ഷണവും ശാസ്ത്രവും."

ആള് മോശക്കാരനല്ല എന്ന് ബാലുവിന് തോന്നി.

അടയിരിക്കുന്ന പല്ലിയെ തേടി ബാലു നടന്നു. എങ്ങും കണ്ടില്ല. കൂട്ടുകാരോടൊക്കെ ചോദിച്ചു.

ക്ലാസ്സിലെ ചില കുട്ടികളൊക്കെ പല്ലിമുട്ട കണ്ടിട്ടുണ്ട്. പൊട്ടിച്ചു നോക്കിയിട്ടുമുണ്ട്.

അമ്മൂമ്മയോട് ചോദിച്ചപ്പോൾ പല്ലുകൊഴിഞ്ഞ മോണകാട്ടി ഇളകിയിളകി ചിരിച്ചു. ഇവന്റെ ഓരോ പുതി.

തന്റെ ചുമരുകളിൽ വന്നിരിക്കുന്ന പല്ലികളെയൊക്കെ ബാലുവിന് നല്ല ചരിചയമാണ്. ഓരോന്നിനെയും തിരിച്ചറിയാം. മിക്കപ്പോഴും പരസ്പരം കണ്ടില്ലെന്ന മട്ടിലിരിക്കുന്നുവരാണീ പല്ലികൾ. എന്നാൽ ചില ദിവസം പോരു തുടങ്ങും. ഒന്നു മറ്റൊന്നിനെ ചുമരു മുഴുവൻ ഓടിക്കും. സംഘം ചേർന്നുള്ള യുദ്ധവും അവൻ കണ്ടിട്ടുണ്ട്. വാലു മുറിഞ്ഞ ഒരെണ്ണമുണ്ട്; മഹാവിരുതൻ. അവൻ നിത്യവും എണ്ണിനോക്കും. ഒരു ദിവസം പോലും എണ്ണത്തിൽ കുറവു കണ്ടില്ല.

പിന്നെപ്പോഴാണിവറ്റ അടയിരിക്കുക?

അടയിരിക്കുക എന്നാൽ അടങ്ങിയിരിക്കലല്ലേ. ഈ ജന്തുവിന് അതു പറ്റില്ലായിരിക്കും. ഒരു പിടിയും കിട്ടുന്നില്ല.

അധിക ദിവസം ബാലുവിനെ പറ്റിക്കാൻ പല്ലിക്കും സാധിക്കില്ല. ഒരു നാൾ മുട്ടവിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങളെയും കൊണ്ട് ഉത്സാഹത്തോടെ തള്ളപ്പല്ലി വരും; തള്ളക്കോഴിയെപ്പോലെ. അവൻ കാത്തിരുന്നു.

ഒടുവിലൊരു ദിവസം ചുമരിൽ കൊച്ചു മണ്ണെര പോലൊന്നിനെ കണ്ടു. തലനാരിന് കൈയും കാലും തലയും വച്ചതുപോലുണ്ട്. അവൻ സൂക്ഷിച്ചു നോക്കി. പല്ലിക്കുഞ്ഞാണ്. ഒറ്റയ്ക്ക് വന്നിരിക്കുന്നു. മെല്ലെ ഇഴയുന്നുമുണ്ട്. വലിയ പല്ലികളൊന്നും അതിനെ ഗൗനിക്കുന്നില്ല. ബാലുവിന് പാവം തോന്നി.

വലിയ പല്ലികളിൽ ഏതാണിവന്റെ തള്ള. മുട്ടവിരിഞ്ഞത് എപ്പോൾ? എങ്ങനെ? അമ്മൂമ്മയും കൈമലർത്തി. രാത്രി ലൈറ്റണച്ചു കിടന്നിട്ടും അവന് ഉറക്കം വന്നില്ല. മനസ്സിൽ ഒരു കുഞ്ഞുപല്ലി ഇഴഞ്ഞിഴഞ്ഞു നടക്കുന്നു. ആ കിടപ്പിൽ അവൻ കേട്ടു. റോഡിൽ ഒരു കാറു വന്നു നില്ക്കുന്ന ശബ്ദം. ഡോർ അടയ്ക്കുന്ന ഒച്ച. ഗേറ്റു തുറന്നടയ്ക്കുന്ന മേളം. പോർട്ടിക്കോവിൽ അമ്മയുടെ സ്വരം.

"ബാലു ഉറങ്ങിയോ അമ്മേ...റാലി കഴിഞ്ഞപ്പൊ സമയം ഒത്തിരിയായി. എം. എൽ. എ സാറ് ഒരു ലിഫ്റ്റ് തന്നു." ●



സമാജം ബേബി ക്രഷിന്റെ ഒരു ദൃശ്യം




# സ്വാതന്ത്ര്യം




**അഡ്വ. കെ. ചന്ദ്രശേഖരപിള്ള**

ഒരു രാഷ്ട്രത്തിലെ ജനസഞ്ചയത്തിൻെറ ചെറുഘടകങ്ങളായ ഓരോ വ്യക്തിക്കും അവരവർക്ക് ഉചിതമെന്ന് തോന്നുന്ന പ്രവൃത്തികളിൽ വ്യാപരിക്കുന്നതിനുള്ള അവകാശവും ആ അവകാശത്തിന്റെ ഫലപ്രദമായ പ്രയോഗത്തിന് ആവശ്യമായ പരിതസ്ഥിതി സംവിധാനവും നിയമത്തിലൂടെ സംസിദ്ധമായിരുന്നാൽ ആ രാജ്യത്ത് പൗര സ്വാതന്ത്ര്യം ഉണ്ടെന്ന് പറയാം. സ്വാതന്ത്ര്യമെന്നാൽ സ്വന്തം തീരുമാനമനുസരിച്ച് പ്രവർത്തിക്കുവാനുള്ള അധികാരമോ അവകാശമോ ആണ്. മനസ്സിന്റെയോ വാക്കിന്റെയോ ശരീരാവയവങ്ങളിലേതിന്റെയെങ്കിലുമോ പ്രവൃത്തികളുടെ ആകെത്തുകയത്രേ ഒരു മനുഷ്യവ്യക്തിയുടെ ജീവിതം. ആകയാൽ വ്യക്തി ജീവിതത്തെ സമഗ്രമായിത്തന്നെ സ്പർശിക്കുന്നതാണ് വ്യക്തി സ്വാതന്ത്ര്യം. ഏതൊരു പ്രവൃത്തിയും ഒരു ഭാഗത്ത് ജീവിതമെന്ന വ്യാപാരത്തിന്റെ പ്രവർത്തന രംഗമായ പുറംലോകത്തോടും ബന്ധപ്പെട്ടിരിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ അഭാവത്തിൽ ഏതൊരു ജന്തുവും അസ്വസ്ഥമായി കാണപ്പെടുന്നു. നഷ്ടപ്പെട്ട സ്വാതന്ത്ര്യം പുനഃസ്ഥാപിക്കപ്പെടുന്നതു വരെ ആ അസ്വാസ്ഥ്യം നിലനിൽക്കുകയും ചെയ്യും. വിശേഷബുദ്ധി ജൻമസ്വത്തായി കിട്ടിയിട്ടുള്ള മനുഷ്യവ്യക്തികൾക്കാകട്ടെ അവരുടെ ആവശ്യ സാധന പട്ടികയിൽ പ്രാണവായുവും ഭക്ഷണ പാനീയങ്ങളും കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനം സ്വാതന്ത്ര്യത്തിനാണ്. അപ്പോൾ ചിന്താശീലരായ മനുഷ്യരെ സംബന്ധിച്ചിടത്തോളം ജീവിതത്തിനൊപ്പം വിലപ്പെട്ടതും അമൂല്യവുമത്രേ സ്വാതന്ത്ര്യം.

എല്ലാവിധ പ്രവൃത്തികളുടെയും ഈറ്റില്ലം മനസ്സാണെന്ന് ഏവർക്കുമറിയാം. മനുഷ്യ മനസ്സിൽ സർവ്വദാ പലവിധത്തിലുള്ള തോന്നലുകളും സങ്കൽപ്പങ്ങളും ജനിച്ചു കൊണ്ടിരിക്കുന്നു. അവയിൽ ചിലതിനെ വികാരങ്ങളെന്നും വേറേ ചിലതിനെ വിചാരങ്ങളെന്നും മറ്റു ചിലതിനെ ഭാവനകളെന്നും വെവ്വേറെ പേരു ചൊല്ലി നാം വിളിക്കുന്നു. ആശയസന്തതികളുടെ നിരന്തരമായ ആവിർഭാവവും തിരോധാനവും സംഭവിച്ചു കൊണ്ടിരിക്കുന്ന അന്തരംഗത്തിനും ആശയമെന്നു തന്നെ നാം പേര് കൽപ്പിച്ചിരിക്കുന്നു. ബുദ്ധി മനസ്സിന്റെ ഭാഗമത്രേ.

മാനവ വർഗ്ഗത്തിൽ വ്യക്തികളെ തമ്മിൽ വേർതിരിക്കുന്ന ഉപാധി പുറമേ കാണുന്ന ശരീരം മാത്രമല്ല ആ ശരീരത്തിലോരോന്നിലും നിറഞ്ഞു നിൽക്കുന്ന മനസ്സും കൂടിയാണ്. ശരീരങ്ങൾക്കു തമ്മിലുള്ള പ്രത്യേകത രൂപത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് കണ്ണ്, കാത് തുടങ്ങിയ ഇന്ദ്രിയങ്ങൾക്ക് അത് വിഷയമാകുന്നു. എന്നാൽ



മനസ്സുകൾക്ക് തമ്മിലുള്ള വ്യത്യാസം രൂപത്തിലല്ല ഭാവത്തിൽ, അതായത് സ്വഭാവത്തിൽ, ആണെന്നുള്ളതുകൊണ്ട് അതു ഗ്രഹിക്കുവാനുള്ള കഴിവ് ഇന്ദ്രിയങ്ങൾക്ക് ഇല്ല, മനസ്സിനേയുള്ളൂ. മനസ്സുകൾക്ക് തമ്മിലുള്ള അന്തരം വ്യക്തമായും സൂക്ഷ്മമായും ഗ്രഹിച്ചാൽ വ്യക്തിമനസ്സുകൾക്ക് തമ്മിലുള്ള ഭിന്നത പരിഭ്രാന്തി ജനകമാം വിധം വൈജാത്യവും വൈവിധ്യവും വൈരൂപ്യവും നിറഞ്ഞതായി തെളിയും. അപ്പോൾ അവിടെ ലൗകീക ജീവിതത്തിലെ ഭീമമായ പ്രശ്നങ്ങളിലൊന്നു തല പൊക്കും. വ്യക്തിസ്വാതന്ത്ര്യം യഥാർത്ഥത്തിൽ മനുഷ്യസമൂഹങ്ങൾക്ക് മൊത്തത്തിൽ ഒരനുഗ്രഹമോ അതോ ശാപമോ? ആ സ്വാതന്ത്ര്യത്തിന് പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കാമോ.?

ആ ധർമ്മസങ്കടത്തിന്റെ സ്വഭാവത്തെപ്പറ്റിയും നിവാരണ മാർഗ്ഗങ്ങളെപ്പറ്റിയും വിശദമായി ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യത്തിന്റെ വിപരീപത പദവും ഭാവവും പാരതന്ത്ര്യമാണ്. സ്വാതന്ത്ര്യം സുഖവും സംതൃപ്തിയും നൽകുമ്പോൾ പാരതന്ത്ര്യം ദുഃഖവും അസമാധാനവുമാണ് നൽകുന്നത്. “സർവം പരവശം ദുഃഖം സർവ്വമാത്മ വശം സുഖം” എന്ന ആപ്ത വചനം നിത്യനൂതനമായി എന്നും പ്രശോഭിക്കും.

പൗരസ്വാതന്ത്ര്യം നിലവിലുള്ള ഒരു രാഷ്ട്രത്തിൽ ഓരോ വ്യക്തിയും നിർബാധം അവരവരുടെ ഹിതമനുസരിച്ച് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പക്ഷം അവിടത്തെ സ്ഥിതി എന്തായിരിക്കുമെന്ന് ആലോചിച്ചു നോക്കുക. ഓരോ വ്യക്തിയുടെയും ഹിതം ആ വ്യക്തിയുടെ മനസ്സിന്റെ പ്രകൃതത്തിനനുരൂപമായി ആ മനസ്സിൽ തന്നെ രൂപം കൊള്ളുന്നതാണ്. ഹിതമെന്നാൽ ആഗ്രഹം തന്നെ. ആഗ്രഹത്തിനു വിഷയമാകുന്നത് പുറം ലോകത്തിലെ ഏതെങ്കിലും വസ്തുവകകളായിരിക്കും. ആഗ്രഹത്തെ സംസ്കൃത ഭാഷയിൽ കാമമെന്നു പറയും. ലൈംഗിക തൃഷ്ണയെ സൂചിപ്പിക്കുവാനും അതേ പദം തന്നെ ഉപയോഗിക്കുന്നു. എല്ലാ പ്രവൃത്തികൾക്കും പ്രചോദകമായിരിക്കുന്നത് കാമമാണെന്ന് മനുസ്മൃതിയിൽ പറഞ്ഞിട്ടുണ്ട്. “അകാമസ്യ ക്രിയാ കാചിത് ദൃശ്യതേ നേഹ കർഹിചിത്” മനസ്സിന്റെ മൗലീക പ്രചോദകമെന്ന നിലയിൽ കാമം ആണ് ഏറ്റവും ശക്തമായും നിർണ്ണായകമായും പ്രവർത്തിക്കുന്നതെന്ന ഒരു സിദ്ധാന്തം ക്രിസ്ത്വബ്ദം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിലുമായി ആസ്ട്രിയ എന്ന യൂറോപ്യൻ രാജ്യത്തിൽ ജീവിച്ചിരുന്ന ഫ്രോയിഡ് എന്ന പ്രസിദ്ധ മനഃശാസ്ത്ര ചിന്തകൻ ലോകമെങ്ങും ച്രരിപ്പിച്ചു. മനുഷ്യ മനസ്സിനെ ഭരിക്കുന്ന മൗലിക പ്രചോദകം അർത്ഥ (ധനം) തൃഷ്ണയാണെന്ന് ലോകമെങ്ങും പ്രചരിപ്പിക്കാൻ മറ്റൊരു മഹാ ചിന്തകനായ കാറൽ മാർക്സിനും കഴിഞ്ഞു. ഇപ്പറഞ്ഞ രണ്ടു ചിന്താപദ്ധതികളിലും സത്യമുണ്ട്. പക്ഷേ ഭാഗികമായിട്ടു മാത്രം. രണ്ടു ചിന്താപദ്ധതികളിലെയും മുഖ്യ പ്രമേയങ്ങൾ തൽകർത്താക്കളുടെ ജീവിത കാലത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പ് പുരാതന ഭാരതത്തിലെ ചിന്തകൻമാർ കണ്ടറിഞ്ഞ് രേഖപ്പെടുത്തിയിട്ടുള്ളവയുമാണ്. ഭാഗവതത്തിലൊരിടത്ത്, ഒരാളിന് സ്വകാര്യസ്വത്തായി തനിക്ക് ജീവിക്കാൻ ആവശ്യമായതു എത്രയോ അത്രയും മാത്രമേ അവകാശപ്പെടാൻ അർഹതയുള്ളൂവെന്നും അതിൽ കവിഞ്ഞ് കരസ്ഥമാക്കാൻ ശ്രമിക്കുന്നവർ അന്യർക്കവകാശപ്പെട്ടതിനെ കൊതിക്കുന്ന മോഷ്ടാക്കളാകകൊണ്ട് ശിക്ഷാർഹരാണെന്നും പറഞ്ഞിരിക്കുന്നു. അർത്ഥ കാമ തൃഷ്ണകൾക്ക് പുറമേ ബുദ്ധിയുക്തമായ മനുഷ്യമനസ്സിൽ പ്രകൃത്യാ കാണുന്നവയാണ്, യുക്തി ബോധവും സൗന്ദര്യ ബോധവും ധർമ്മ

> *സ്നേഹത്തിൽ നിന്നു ജനിക്കുന്നവയാണ് ത്യാഗം, ദയ, കരുണ, സഹാനുഭൂതി, പരോപാകര തൽപ്പരത, വിനയം, വിവേകം തുടങ്ങിയ മാനുഷികഗുണങ്ങൾ. ഇവ അജ്ഞാനോദ്ഭൂത ങ്ങളായ മനോവൃത്തികൾക്ക് വിരുദ്ധങ്ങളാ ണെന്ന് സ്പഷ്ടം. പ്രത്യക്ഷത്തിൽ ഇവയ്ക്കു തമ്മിൽ ശത്രുതാ ഭാവം പ്രകടമാകുന്നുണ്ട്.*

ബോധവും. അർത്ഥവും കാമവും സുഖവും സമാധാനവും സ്വാതന്ത്ര്യവും എല്ലാ മനുഷ്യർക്കും ലഭിക്കേണ്ടതാകകൊണ്ട് അവയെല്ലാം മനുഷ്യർക്കേവർക്കും ഒന്നു പോലെ അവകാശപ്പെട്ടതാണ്. വ്യക്തികളെയെല്ലാം തങ്ങൾക്ക് ഇഷ്ടമുള്ളതൊക്കെ ചെയ്തുകൊള്ളാൻ അനുവദിച്ചാൽ കുറേപ്പേരുടെ ഹിതമേ ലോകത്തിൽ നടക്കൂ. ബലവാൻമാരുടെ ഹിതമേ നടപ്പിൽ വരൂ. ബലഹീനൻമാർ ബലവാൻമാരുടെ ഹിതങ്ങൾക്ക് ഇരയായിത്തീരും. അതായത് കുറേപ്പേരുടെ സ്വാതന്ത്ര്യം മറ്റുള്ളവരുടെ പാരതന്ത്ര്യത്തിൽ കലാശിക്കും. ആ ദുഃസ്ഥിതി ഒഴിവാക്കുന്നതിനാണ് ജനസമൂഹങ്ങളുടെ പൊതു സമ്മത പ്രകാരം ഭരണകുടങ്ങളും നിയമങ്ങളും ഉണ്ടായത്. "ദുർബലസ്യബലം രാജാ.......!"

പക്ഷേ ഭരണകൂടങ്ങളുടെയും നിയമങ്ങളുടെയും ആവിർഭാവത്തോടു കൂടി പ്രശ്നം പരിഹരിക്കപ്പെടുകയും ലക്ഷ്യം കൈവരിക്കുകയും ചെയ്യുമോ?. ചരിത്രവും അനുഭവവും എന്തു തെളിയിക്കുന്നു.?

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും 'പരിഷ്കൃത' ജനസമൂഹങ്ങളും ഭരണകൂടങ്ങളും അവിടെയൊക്കെ നിയമങ്ങളും ഉണ്ടായിക്കഴിഞ്ഞിട്ട് നൂറ്റാണ്ടുകൾ എത്ര കഴിഞ്ഞിരിക്കുന്നു ഇപ്പോൾ?. ഇന്ന് അറുനൂറു കോടിയിലധികം ആളുകളും നൂറുകണക്കിന് രാജ്യങ്ങളുമുള്ള ഈ ലോകത്തിലെ സ്ഥിതി എന്താണെന്ന് പത്രങ്ങളിലും മറ്റു വാർത്താ മാധ്യമങ്ങളിലും കൂടി നാം മനസ്സിലാക്കുന്നുണ്ടല്ലോ. വാരിക്കോരി ചെലവഴിക്കത്തക്കവണ്ണം അർത്ഥവും കാമോപഭോഗ സാമഗ്രികളും സംഭരിച്ചു വച്ചിട്ടുള്ള ബലവാൻമാരുടെ ഇരുമ്പു മുഷ്ടിയിലമർന്ന് ബലഹീനൻമാർ ശ്വാസം മുട്ടി പിടയുന്ന ദയനീയമായ കാഴ്ചയല്ലേ ലോകമെമ്പാടും ദൃശ്യമാകുന്നത്. അതുകൊണ്ട് എല്ലാവർക്കും ഒന്നുപോലെ ആവശ്യമുള്ളതും അവകാശപ്പെട്ടതുമായ മേൽവിവരിച്ച അഞ്ചെണ്ണവും - ധനവും ആഗ്രഹനിവൃത്തിയും സുഖവും സമാധാനവും സ്വാതന്ത്ര്യവും ഏവർക്കും ലഭിക്കത്തക്ക ഒരവസ്ഥ സൃഷ്ടിക്കുവാൻ നിയമത്തിനു മാത്രമായി കഴിയുകയില്ലെന്നത് തീർച്ച. അതിനു മറ്റൊരു മാർഗ്ഗവും കൂടെ കണ്ടെത്തേണ്ടത് ആവശ്യമായി വരുന്നു.

> *സാമൂഹിക ജീവിതത്തിൽ ഏവർക്കും നീതി ഉറപ്പു വരുത്തണമെന്നതാണല്ലോ നമ്മുടെ ആവശ്യം. അതു സാധിക്കണമെങ്കിൽ വ്യക്തികളും തങ്ങളുടെ കടമനിറവേറ്റിയേ മതിയാകൂ.*

രോഗ കാരണം രോഗലക്ഷണങ്ങളിൽ നിന്നും കണ്ടു പിടിച്ചാലേ ചികിത്സ നിർദ്ദേശിക്കുവാൻ പറ്റൂ. കുറേ മനുഷ്യർ മറ്റു മനുഷ്യരെ ഉപദ്രവിക്കുന്നത് എന്തുകൊണ്ട്? അങ്ങനെ ഉപദ്രവിക്കുന്നവർ സ്വാർത്ഥം മാത്രം നോക്കുന്ന ആളുകളായതുകൊണ്ടാണ്; മറ്റു ജീവികളുടെ പല വിധത്തിലുള്ള സഹായമില്ലെങ്കിൽ തങ്ങൾക്ക് ജീവിക്കാനേ കഴിയില്ലെന്ന സത്യം മനസ്സിലാക്കിയിട്ടില്ലാത്തവരോ മനസ്സിൽ എപ്പോഴും കൊണ്ടു നടക്കാത്തവരോ ആയതു കൊണ്ടാണ്. സത്യം അറിയാതിരിക്കുന്ന അവസ്ഥയുടെ പേരാണ് അജ്ഞത (അജ്ഞാനം). അപ്പോൾ അന്യർക്ക് അവിഹിതമായി പ്രവർത്തിക്കുവാൻ ഒരു മനുഷ്യന് കാരണമായി വർത്തിക്കുന്നത് അവന്റെ സ്വാർത്ഥതയും ആ സ്വാർത്ഥതയ്ക്ക് തന്നെ കാരണമായിരിക്കുന്നത് അറിവില്ലായ്മയും ആണെന്നു കാണാൻ കഴിയും.

അറിവിന്റെ ഉദയത്തോടു കൂടി അജ്ഞാനമെന്ന ഇരുട്ടകലും. അതുപോലെ അറിവുണ്ടായാൽ സ്വാർത്ഥതയ്ക്കുള്ള മറുമരുന്നു കണ്ടുപിടിക്കാൻ കഴിയും. സ്വാർത്ഥത പൊട്ടി മുളച്ചു വളരുന്ന മനസ്സെന്ന മണ്ണിൽ തന്നെയാണ് അതിനെ അധികം തല പൊക്കാൻ അനുവദിക്കാത്ത സ്നേഹവും മുളച്ചു വളർന്നു തഴയ്ക്കുന്നത്. സത്യത്തിന്റെ ഊർജ്ജം വർദ്ധമാനമായ അളവിൽ സ്നേഹത്തിന് നിർല്ലോഭമായി ലഭിച്ചു കൊണ്ടിരിക്കും. സ്വാർത്ഥതയ്ക്കാകട്ടെ വളമായി കിട്ടുന്നത് അറിവില്ലായ്മയും അതിന്റെ ഉൽപ്പന്നങ്ങളായ ക്രോധലോഭമോഹമദമാത്സര്യാദികളുമാണ്.

സ്നേഹത്തിൽ നിന്നു ജനിക്കുന്നവയാണ്

ത്യാഗം, ദയ, കരുണ, സഹാനുഭൂതി, പരോപാകര തൽപ്പരത, വിനയം, വിവേകം തുടങ്ങിയ മാനുഷിക ഗുണങ്ങൾ. ഇവ അജ്ഞാനോദ്ഭൂതങ്ങളായ മനോവൃത്തികൾക്ക് വിരുദ്ധങ്ങളാണെന്ന് സ്പഷ്ടം. പ്രത്യക്ഷത്തിൽ അവയ്ക്കു തമ്മിൽ ശത്രുതാ ഭാവം പ്രകടമാകുന്നുണ്ട്. എന്നാൽ അതോടൊപ്പം പ്രസ്പഷ്ടമായ മറ്റൊരു വസ്തുതയുമുണ്ട്. അവയ്ക്കു തമ്മിൽ സാഹോദര്യവും സഹവർത്തിത്വവുമുണ്ട്.

എതായാലും പ്രസ്തുത രണ്ടു തരം മനോവൃത്തികളും സമാന്തരമായ രണ്ടു മാർഗ്ഗങ്ങളിലോ സരണികളിലോ കൂടെ ആണ് സഞ്ചരിക്കുന്നത്. ദൃശ്യ മേഖലയിൽ അതായത് പുറം ലോകത്തിൽ ആ രണ്ടു പന്ഥാക്കളിൽ ഒന്ന് സ്നേഹത്തിന്റെ പന്ഥാവായും മറ്റേത് വിദ്വേഷത്തിന്റെ പന്ഥാവായും വ്യവഹരിക്കപ്പെടുന്നു. സ്നേഹത്തിന്റെ വഴിയെ ധർമ്മമെന്നും വിദ്വേഷത്തിന്റെ വഴിയെ അധർമ്മമെന്നും വിളിക്കുന്നു. ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെ നീങ്ങിയാൽ ആർക്കും ഒരു ദോഷവും സംഭവിക്കുന്നില്ല. അധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെയുള്ള യാത്ര അധികമാളുകൾക്ക് കഷ്ടതകളും ദുഃഖവും ജീവഹാനി പോലും വരുത്തി വയ്ക്കുന്നു. ഭാരതീയ പാരമ്പര്യത്തിൽ അധർമ്മത്തിന് അസുര മാർഗ്ഗമെന്നാണ് പേര്.

ധർമ്മത്തിന് ഒന്നിനോടും ശത്രുതയില്ല. അധർമ്മത്തിന്റെ നേർക്കു പോലും സാധ്യമാകുന്നിടത്തോളം അത് അനുകമ്പയാണ് പ്രദർശിപ്പിക്കുന്നത്. ഗത്യന്തരമില്ലാതെ വരുമ്പോൾ മാത്രമേ അധർമ്മത്തോട് തുറന്ന സംഘട്ടനത്തിന് ധർമ്മം തയ്യാറാകുന്നുള്ളൂ. സംഘട്ടനത്തിൽ അവസാന വിജയം ധർമ്മത്തിന്റേതായിരിക്കുമെന്ന കാര്യത്തിൽ അധർമ്മചാരികൾക്ക് പോലും സംശയമില്ലെന്നാണ് മാനവ ചരിത്രം തെളിയിച്ചിട്ടുള്ളത്.

ഭാരതീയ ചിന്തയിൽ അർത്ഥം, കാമം എന്ന രണ്ടിനും സ്ഥാനമുണ്ട്. പക്ഷേ അവയ്ക്ക് രണ്ടിനും ഉപരിയായി മറ്റു രണ്ടു കാര്യങ്ങൾക്ക് സ്ഥാനം നൽകിയിട്ടുണ്ട്. ധർമ്മത്തിനും യഥാർത്ഥ ജ്ഞാനത്തിനും. അതിനാൽ ഭാരതീയ ചിന്താ പദ്ധതിയനുസരിച്ച് മൂല്യങ്ങൾ നാലത്രേ. ഈ നാലു മൂല്യങ്ങളും നേടിയെടുക്കുന്നതിനുള്ള ഒരു രംഗം അവസരം ആയിട്ടാണ് മനുഷ്യ ജീവിതത്തെ ഭാരതിയ ചിന്ത കണക്കാക്കുന്നത്.

പ്രകൃതി പദാർത്ഥങ്ങളെയും അവയിൽ അടങ്ങിയിരിക്കുന്ന ശക്തി വിശേഷങ്ങളെയും പഠന വിഷയങ്ങളാക്കുന്ന പല ശാസ്ത്രശാഖകൾ ഓരോന്നും ക്രമശഃഭാഗികമായി ഉൺമയെ വെളിപ്പെടുത്തികൊണ്ടിരിക്കുന്നു. ഭൗതിക വസ്തുക്കളെ സംബന്ധിച്ച പഠനം പുരോഗമിച്ച് ഒരു ഘട്ടത്തിലെത്തുമ്പോൾ പദാർത്ഥത്തിന്റെ ഏറ്റവും നേർത്തതും വ്യാപന സ്വഭാവമുള്ളതുമായ മനസ്സിനെ പൂർണ്ണമായ പഠനത്തിന് വിഷയമാക്കേണ്ടതിന്റെ ആവശ്യകത സത്യാന്വേഷിയായ ശാസ്ത്രജ്ഞന് ബോധ്യമാകുന്നു. ആ പഠനം ചെന്നെത്തുന്നത് അടിസ്ഥാന പരമായ സത്യത്തിലാകുമെന്നത് അനിഷേധ്യമല്ലേ. അതോടു കൂടിയല്ലേ - അതായതത് അടിസ്ഥാന പരമായ ഉൺമയുടെ സാക്ഷാത്കാരത്തിലൂടെയല്ലേ മനുഷ്യൻ യഥാർത്ഥത്തിൽ സ്വതന്ത്രനാകുന്നത്. ആ സാതന്ത്ര്യം തന്നെയാണ് മനുഷ്യന്റെ പരമേന്നാത ലക്ഷ്യം. അതിനെയാണ് മുകളിൽ മാനുഷിക മൂല്യങ്ങളിൽ നാലമത്തേതായ യഥാർത്ഥ ജ്ഞാനമായി വിവരിച്ചിരിക്കുന്നത്. താഴെ നിന്ന് മുകളിലോട്ട് എണ്ണുമ്പോഴാണ് അത് നാലാമത്തേതാകുന്നത്. അതിന് മുക്തി (മോക്ഷം) എന്ന് പേരു വരാൻ കാരണം അത് ജ്ഞാനത്തിൽ നിന്നുമുള്ള സമ്പൂർണ്ണ മോചനം ആയതു കൊണ്ടത്രേ.

നേടേണ്ട നാലെണ്ണമുള്ളതിൽ നാലാമത്തേതായ സ്വാതന്ത്ര്യം ലക്ഷ്യം തന്നെയാകയാൽ അതിൽ കൊണ്ടെത്തിക്കുന്ന മറ്റു മൂന്നും മാർഗ്ഗം ആയി കരുതപ്പെടുന്നു. മൂന്നും മൂന്നു പ്രത്യേക മാർഗ്ഗങ്ങളല്ല മൂന്നും പരസ്പരം യോജിച്ച് ഒന്നായിത്തീർന്ന ഒരൊറ്റ മാർഗ്ഗമായി മാത്രമേ വർത്തിക്കാവൂ. വിഭിന്ന പ്രകൃതികളായ മൂന്നെണ്ണം കാര്യ സാധ്യത്തിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കണമെങ്കിൽ അവയിൽ ഒന്നിന് മുഖ്യത്വം നൽകണം. ഇവിടെ മുഖ്യത്വം അർഹിക്കുന്നത് സത്യത്തിന്റെയും സ്നേഹത്തിന്റെയും ആത്മബന്ധുവായ ധർമ്മമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. അപ്പോൾ അർത്ഥത്തെയും കാമത്തെയും നിയന്ത്രണ വിധേയരായ അനുയായികളാക്കിക്കൊണ്ട് ധർമ്മം ജീവിത യാത്ര തുടർന്നാൽ അതു വ്യക്തിയെയും സമൂഹത്തെയും ഉൽക്കർഷത്തിലേക്ക് ആനയിക്കും. ധർമ്മത്തിന്റെ സ്വാഭാവികമായ പരിസമാപ്തിയും സായൂജ്യവുമാണ് പരമ സത്യലബ്ധി അതായത് അജ്ഞാനത്തിന്റെ ആത്യന്തിക അഭാവം.

ധർമ്മത്തിന്റെ സ്വരൂപം ആവതും വ്യക്തമായി ഗ്രഹിച്ചിരിക്കേണ്ടത് അത്യാവശ്യമാണ്. യഥാർത്ഥ ത്തിൽ ധർമ്മം സത്യത്തിന്റെ ഒരംഗമത്രേ. മനുഷ്യ ശരീരത്തിലെ ശിരസ്സിനെ സത്യമായി സങ്കൽപ്പിച്ചാൽ ധർമ്മമെന്നത് ആ ശരീരത്തിലെ കൈകാലുക ളാണെന്ന് കരുതാം. 'വസ്തുതകളിലെ ശരി സത്യം.' 'പ്രവൃത്തികളിലെ ശരി ധർമ്മം.' പ്രാപഞ്ചിക ജീവിത ത്തിൽ രണ്ടിനും തുല്യമായ പ്രാധാന്യമുണ്ട്. ഒന്നു കൊണ്ടു മാത്രം ഒന്നുമാവില്ലിവിടെ. സംസ്കൃത ഭാഷയിൽ ഋതം സത്യമാണ്. ധർമ്മവുമാണ്. സത്യ ബോധം പോലെ ധർമ്മബോധവും മനുഷ്യമനസ്സിൽ രൂഢമൂലമാണെന്ന് മുകളിലൊരിടത്ത് സൂചിപ്പിച്ചല്ലോ. ഈ നൈസർഗ്ഗിക ധർമ്മബോധത്തെയാണ് മനഃസാ ക്ഷിയെന്നും ചിലപ്പോൾ അന്തഃകരണമെന്നും നാം വിളിക്കുന്നത്. അതാണ് നമ്മുടെ അവസാനത്തെ വഴികാട്ടി. ചുരുക്കിപ്പറഞ്ഞാൽ അത്യത്ഭുതകരമായ ഒരു പ്രതിഭാസമാണ് ധർമ്മപത്തനമായ മനുഷ്യ മനസ്സ്.

സാമൂഹ്യ ജീവിതത്തിൽ ഏവർക്കും നീതി ഉറപ്പു വരുത്തണമെന്നതാണല്ലോ നമ്മുടെ ആവശ്യം. അതു സാധിക്കണമെങ്കിൽ വ്യക്തികളും തങ്ങളുടെ കടമനിറവേറ്റിയേ മതിയാകൂ. ആ കടമ ചുരുക്കത്തിൽ ഇത്രമാത്രം ശരിയായ അറിവ് നേടിയിട്ട് ശരിയായ പ്രവൃത്തികൾ മാത്രം ചെയ്യുക. ഒരു രാഷ്ട്രത്തിൽ ഭൂരിപക്ഷം പേരെങ്കിലും അത്തര ത്തിൽ ജീവിച്ചാൽ അത് സ്വർഗ്ഗരാജ്യം തന്നെയാകും.

അങ്ങനെ സർക്കാരിന്റെ നിയമത്തിന്റെയും വ്യക്തികളുടെ ധർമ്മാചരണത്തിന്റെയും സംയുക്ത ഫലമായി നമ്മുടെ രാഷ്ട്രവും അചിരേണ ഭൂലോക സ്വർഗ്ഗമായി പരിണമിക്കട്ടേ എന്നു പ്രാർത്ഥിച്ചു കൊണ്ട് ഈ ചെറു നിബന്ധം ഇവിടെ സമാപിപ്പിച്ചു കൊള്ളട്ടെ. ●


എസ്. പി.
മൾട്ടി സ്പെഷ്യാലിറ്റി
ഹോസ്പിറ്റൽ

24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്വാലിറ്റി

പോസ്റ്റാഫീസ് ജംഗ്ഷൻ, പാറശ്ശാല
ഫോൺ : 0471-3097870

പ്രത്യേകതകൾ

- 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും മെഡിക്കൽ സ്റ്റോറും
- അത്യാധുനിക സജ്ജീകരണങ്ങളോട് കൂടിയ ലബോറട്ടറിയും എയർകണ്ടീഷൻ ഓപ്പറേഷൻ തിയേറ്ററും
- സ്കേൻ, അൾട്രാ സ്കേൻ, എക്സ് റേ, ഇന്റൻസീവ് കെയർ യൂണിറ്റ്, etc.
- കുട്ടികൾക്കായുള്ള പ്രത്യേകം വാർഡുകൾ
- എല്ലാ രോഗങ്ങൾക്കും പ്രത്യേകം പ്രത്യേകം സ്പെഷ്യലിസ്റ്റുകൾ

# സന്ന്യാസി

**റ്റി. ശാന്തകുമാരി**





വെള്ളശ്ശീലയിൽ തീർത്തുള്ള ഭാണ്ഡവും
മെല്ലെയിളകും ചുരുൾമുടിയും
പഞ്ഞിത്താടി തലോടിയും വന്നിതാ
പിന്നെയും കാവിയുടുപ്പിട്ടയാൾ
കണ്ണൻ ചിരട്ടയിൽ തീർത്ത മണ്ണപ്പങ്ങ
ളെണ്ണി ഞാൻ നിന്നൊരാക്കാല്യത്തിൽ
ഉണ്ണിക്കാൽ മുട്ടിയുടച്ചതിലൊന്നിനെ
കുഞ്ഞിക്കുറുമ്പനെൻ കൂട്ടുകാരൻ
വിങ്ങിക്കരഞ്ഞെന്റെ മുത്തശ്ശിയമ്മ തൻ
പിന്നിലൂടന്നു നടന്നപ്പോൾ
ഉമ്മറത്തേയ്ക്കു വിരൽ ചൂണ്ടിയോതിനാ
ളമ്മൂമ്മ കണ്ടുവോ സന്യാസി
കുഞ്ഞുങ്ങളേറെക്കുറുമ്പുകൾ കാട്ടുകിൽ
സഞ്ചിയിലാക്കുമീ സന്യാസി
ഒന്നു നടുങ്ങി ഞാൻ നിൽക്കവേ സന്യാസി
പുഞ്ചിരി കൊള്ളുന്നു സ്നേഹാർദ്രം
പഞ്ഞിക്കെട്ടൊന്നിളകവേയുള്ളിൽ തൂ
മുല്ലപ്പൂവു വിടരുന്നു.
മാടിവിളിച്ചാനരികിലേക്കെങ്കിലും
പോയതില്ലേറെ മടിച്ചൂ ഞാൻ
കാലപ്രവാഹവേഗത്തിലായ് ശില
താനേയുരുണ്ടൂ ബഹുദൂരം
അങ്ങിങ്ങടർന്നു വികൃതമായെങ്കിലും
തങ്ങാതെയെങ്ങുമുരുളുമ്പോൾ
എത്തിയെൻ ഹൃത്തിലിടയ്ക്കിടയ്ക്കാദിവ്യ
ചക്ഷുസ്സുമാമൃദു സുസ്മിതവും
അന്തിക്കതിർ പോൽ ചൊരിഞ്ഞു നിന്നൂ ശാന്തി
അന്തരംഗത്തിലാ സന്യാസി
മഞ്ഞക്കോടിയുടുത്ത വസന്തവും തൂവെള്ള
പൂന്തുകിൽ ചാർത്തിയ ഹേമന്തവും
മുത്തശ്ശി മുറ്റത്തരികിലൊരു കൊച്ചു
കൃഷ്ണതുളസിയായ് നിൽക്കുന്നു.
ഒട്ടും കുറുമ്പു കാട്ടീലയെന്നാകിലും
തട്ടിയെടുത്തു മറഞ്ഞതാമോ?
ഊന്നുവടിയൊച്ച കേൾക്കുമാറുണ്ടെന്റെ
ഏകാന്തതയിലിടയ്ക്കിടയ്ക്കായ്
വന്ദ്യമാ പാദുകത്തിന്നൊച്ചയെത്തുന്ന
ചിന്തയ്ക്കൊരർദ്ധ വിരാമമായി
ഏതു തേജസ്സിൽ ഹൃദയത്തിലേയ്ക്കെന്നെ
നീതയാക്കുന്നു നീ, ആയിടട്ടേ
പേടിച്ചകത്തേയ്ക്കൊളിക്കുകയില്ലിനി
മാടി വിളിക്കുവാനെത്തുമ്പോൾ



ആശംസകളോടെ......

# തങ്കച്ചി





**Jewellers, Margin Free Market, Traders, Bankers, Travells**

**തങ്കച്ചി ഷോപ്പിംഗ് കോംപ്ലക്സ്, നിദ്രവിള**

## തങ്കച്ചി ജുവലേഴ്സ്

**916 KDM, 22 ct സ്വർണ്ണാഭാരണങ്ങൾക്കും, വെള്ളി ആഭരണങ്ങൾക്കും പ്രശസ്തമായ സ്ഥാപനം**

## തങ്കച്ചി ട്രേഡേഴ്സ്

**ഞങ്ങളുടെ സ്ഥാപനത്തിൽ TV (Onida, LG, Samsung) ഫ്രിഡ്ജ്, മിക്സി, VCD, DVD ഗ്രൈന്റർ, സ്റ്റീൽ ഫർണിച്ചർ, അലമാരകൾ, കട്ടിൽ, മെത്ത, മേശ, കസേര, സോഫാ കംബഡ്, ഗ്യാസ് സ്റ്റൗ, പ്രഷർ കുക്കർ, ഫാൻ മുതലായവയും മറ്റു വീട്ടുപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് ലഭിക്കുന്നതാണ്.**

## തങ്കച്ചി മാർജിൻ ഫ്രീ മാർക്കറ്റ്

**വീട്ടിനാവശ്യമായ നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭിക്കുന്നതാണ്.**

## തങ്കച്ചി ബാങ്കേഴ്സ്

**സ്വർണ്ണപണയത്തിനും, നിക്ഷേപത്തിനും തങ്കച്ചി ബാങ്കേഴ്സ്**

## തങ്കച്ചി ട്രാവൽസ്

ഉല്ലാസ യാത്രകൾക്കും കല്യാണാവശ്യങ്ങൾക്കും മിനി ബസ് Semi Sleeper,
D.V.D. Coach: വാടകയ്ക്ക്
Cell : 9443282014, 9443180900

**ഉപഭോക്താക്കളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്**
**തങ്കച്ചി മാനേജ്മെന്റ് & സ്റ്റാഫ്**

# തെക്കൻപാട്ടുകഥയിൽ നിന്നൊരു മാവേലിക്കഥ



ഡോ. തിക്കുറിശ്ശി ഗംഗാധരൻ

തെക്കൻപാട്ടു കഥകളുടെ പഠനത്തിനിടയ്ക്ക് കണ്ടെത്തിയതാണ് ഈ മാവേലിക്കഥ. ചിങ്ങമാസത്തിലെ തിരുവോണവും മാവേലി മന്നന്റെ കഥയും അറിയാത്ത മലയാളികളുണ്ടോ എന്ന് ചോദിക്കാം. ഇല്ലെന്ന് തന്നെ പറയാം. പിന്നെന്തു വിശേഷമാണ് ഈ കഥയ്ക്ക് എന്നതാവും അടുത്ത ചോദ്യം. ഉണ്ട്, വിശേഷമുണ്ട്. അത് വെളിപ്പെടുത്താനാണ് ഈ ലേഖനം.

മാവേലി നാടു വാണിടും കാലം..... എന്നു തുടങ്ങുന്ന പാട്ടിലൂടെയാണ് സമത്വസുന്ദരവും സത്യധർമ്മാധിഷ്ഠിതവുമായ മാവേലി ഭരണത്തിന്റെ ചിത്രം നമുക്കു ലഭിക്കുന്നത്. ഇത്ര നല്ലൊരു ഭരണാധിപനെ വാമനാവതാരമെടുത്ത് മഹാവിഷ്ണു എന്തിനു സ്ഥാനഭ്രഷ്ടനാക്കി? എന്നൊരു യുക്തിയുക്തമായ ചോദ്യത്തിനും ഇവിടെ പ്രസക്തിയുണ്ട്. അതുകൊണ്ട് ഭാഗവതത്തിലെ വാമനാവതാര കഥയുടെ സാരസംഗ്രഹം ആദ്യം പരിശോധിക്കാം.

> **“എനിക്കു പള്ളികൊള്ളാൻ നിന്റെ നാട്ടിൽ ഒരടിസ്ഥലം തരുമെങ്കിൽ ഞാൻ ഒരു അച്ചു പണം (ഒരു നാണയം) തരാം. രണ്ടടി സ്ഥലം തരുമെങ്കിൽ രണ്ടച്ചു പണവും മൂന്നടി സ്ഥലം തരുമെങ്കിൽ മൂന്നച്ചു പണവും തരാം.”**

അസുരരാജാവായ ഹിരണ്യകശ്യപുവിന്റെ പുത്രനും തന്റെ ഭക്തനുമായ പ്രഹ്ലാദനെ രക്ഷിക്കാനായി വിഷ്ണുഭഗവാൻ നരസിംഹാവതാരമെടുത്തു. ഹിരണ്യകശിപുവിനു ശേഷം പ്രഹ്ലാദനും പിന്നീട് വിരോചനനും തുടർന്ന് മഹാബലിയും രാജാക്കൻമാരായി. മഹാബലി യുദ്ധം ചെയ്ത് ദേവേന്ദ്രനെ തോല്പിച്ച് ദേവലോകം സ്വന്തമാക്കി. ദേവകൾ അവിടന്ന് പലായനം ചെയ്തു. അസുരൻമാർ അവിടെ താമസം തുടങ്ങി.

ദേവമാതാവായ അദിതി ദുഃഖിതയായി. ഭർത്താവായ കശ്യപപ്രജാപതിയോട് പുത്രന് ഇന്ദ്രപദവി തിരിച്ചു കിട്ടാൻ എന്ത് ഉപായമാണുള്ളതെന്ന് ചോദിച്ചു. അതിനു മറുപടിയായി വ്രതാനുഷ്ഠാനങ്ങൾ കൊണ്ട് വിഷ്ണുവിനെ പ്രീതിപ്പെടുത്തിയാൽ എല്ലാം സാദ്ധ്യമാവും എന്നറിയിച്ചു. ഭർത്താവിന്റെ നിർദ്ദേശാനുസരണം അനുഷ്ഠാനങ്ങൾ നടത്തിയപ്പോൾ മഹാവിഷ്ണു പ്രത്യക്ഷനായി. എന്റെ പുത്രനായി അങ്ങ് അവതരിച്ച് അസുരൻമാരാൽ അപഹരിക്കപ്പെട്ടിരിക്കുന്ന ദേവലോകവും ഇന്ദ്രപദവിയും എന്റെ പുത്രൻമാർക്ക് വീണ്ടെടുത്ത് തരണം എന്നതാണ് എന്റെ അപേക്ഷ. അദിതി അറിയിച്ചു.

മഹാവിഷ്ണു അദിതിയുടെ ആഗ്രഹനിവൃത്തിക്കായി അവരുടെ പുത്രനായി ജനിച്ചു. വാമനൻ വടുവിന്റെ രൂപത്തിൽ നർമ്മദാ നദിയുടെ ഉത്തര തീരത്തുള്ള മഹാബലിയുടെ യാഗശാലയ്ക്കടുത്ത് ചെന്നിരുന്നു. ദിവ്യ രൂപിയായ വടുവിന്റെ ആഗമന വാർത്തയറിഞ്ഞ് മഹാബലി അദ്ദേഹത്തെ ഉപചാരപൂർവ്വം സ്വീകരിച്ചിരുത്തി ആഗമനോദ്ദേശം അന്വേഷിച്ചു. “അല്ലലെന്നിയേ തപം ചെയ്തുകൊണ്ടനുദിനം കല്യാണാത്മനാ വാഴ്‌വാൻ മൂന്നടി പ്രദേശമിങ്ങെല്ലാനാളേയ്ക്കും നൽകീടേണമെന്നതേ വേണ്ടു.” ഇതായിരുന്നു വടുവിന്റെ മറുപടി.

ശുക്രാചാര്യരുടെ എതിർപ്പു വകവയ്ക്കാതെ സത്യവാദിയായ മഹാബലി വാമനന്റെ കൈക്കുമ്പിളിൽ ജലം പകർന്ന് മൂന്നടി സ്ഥലം കൊടുക്കാമെന്ന് സത്യം ചെയ്തു.

വാമനൻ വളർന്ന് ഒരു ചുവടു കൊണ്ട് ഭൂമിയും രണ്ടാമത്തെ ചുവടുകൊണ്ട് സ്വർഗ്ഗവും അളന്നു. മൂന്നാമത്തെ അടി വയ്ക്കാൻ പാദമുയർത്തിയപ്പോൾ നഖം കൊണ്ട് ബ്രഹ്മാണ്ഡം പിളർന്ന് ലോകത്തിലെ മാലിന്യം കഴുകിക്കളയാൻ, ഗംഗാനദി പ്രവഹിച്ചു. ദാനം ചെയ്യാമെന്നു സമ്മതിച്ചതിനനുസരിച്ച് മൂന്നാ

മത്തെ ചുവടു വയ്ക്കാൻ തന്റെ ശിരസ്സു കാട്ടിക്കൊടുത്തു മഹാബലി. കാലങ്ങൾക്കു ശേഷം മഹാബലിയ്ക്ക് ഇന്ദ്രപദവി ലഭിക്കുമെന്നും അതുവരെ സുതലത്തിൽ പാർക്കണമെന്നും വാമനൻ അറിയിച്ചു. പിതാമഹനായ പ്രഹ്ലാദനോടൊപ്പം മഹാബലി സുതലത്തിലേയ്ക്ക് പോയി.

ഇനി തെക്കൻ കഥാഗാനത്തിലെ മാവേലിക്കഥ അവലോകനം ചെയ്യാം.

മഹാവിഷ്ണുവിന്റെ ത്രിലോകങ്ങളും രാജ്യമോഹിയായ മഹാബലി ആക്രമിച്ച് അധീനത്തിലാക്കി ഭരിച്ചു കൊണ്ടിരിക്കുന്ന കാലം. ദേവമാതാവായ അദിതിയ്ക്കു നൽകിയ വരമനുസരിച്ച് അദിതിയുടെ പുത്രനായി അവതരിച്ച മഹാവിഷ്ണു പൊന്നും ഭാണ്ഡവും പുലിത്തോലും ജടയും ധരിച്ച് വടുവിന്റെ രൂപം കൈക്കൊണ്ട് മാവേലിയുടെ നാട്ടിലെത്തി. അദ്ദേഹത്തെ കണ്ട് സന്ദർശനോദ്ദേശം ഇങ്ങനെ അറിയിച്ചു.

എനിക്കു പള്ളികൊള്ളാൻ നിന്റെ നാട്ടിൽ ഒരടിസ്ഥലം തരുമെങ്കിൽ ഞാൻ ഒരു അച്ചു പണം (ഒരു നാണയം) തരാം. രണ്ടടി സ്ഥലം തരുമെങ്കിൽ രണ്ടച്ചു പണവും മൂന്നടി സ്ഥലം തരുമെങ്കിൽ മൂന്നച്ചു പണവും തരാം.

മാവേലി സമ്മതം അറിയിച്ചു. അതനുസരിച്ച് അർത്ഥം വാങ്ങിയിട്ട് ജൻമക്കാണം (ജൻമാവകാശം) എഴുതിക്കൊടുത്തു. അതോടൊപ്പം കുഴിക്കാണവും (ദേഹദണ്ഡത്തിനു പ്രതിഫലം) എഴുത്തുകാണവും (സാക്ഷി പ്രതിഫലം) കൊടുത്തു. തുടർന്ന് ഭൂമി അളക്കണമെന്ന് നിശ്ചയിച്ചു. അപ്പോൾ മഹാവിഷ്ണു കടലും മലയും അടക്കം ലോകമാകെ ഒരടി കൊണ്ട് അളന്നു. മൂന്നടി ദേശത്തിന് അർത്ഥം (വില) തന്നു. അളന്നപ്പോൾ രണ്ടടി ദേശം പോലും ഇല്ല. എന്ന് വാമനൻ പറഞ്ഞു. അതിനു മറുപടിയായി മഹാബലി അറിയിച്ചു. വിലയർത്ഥത്തിന്റെ പകുതി തിരിച്ചു തരാം. ജൻമിക്കു കൊടുത്ത അർത്ഥം തിരിച്ചു വാങ്ങാൻ പാടില്ല എന്നതാണ് ലോകനടപ്പ് എന്ന് പറഞ്ഞ് ഏറ്റ അർത്ഥവും പുറക്കടവും (ആധാരത്തിൽ ഉൾപ്പെടാതെ വാങ്ങിച്ച ദ്രവ്യം) എഴുതിച്ചിട്ട് നാരായണൻ കൈലാസത്തിൽ പോയി.

നാടു നഷ്ടപ്പെട്ട മാവേലി ഒരു മലയിൽ ചെന്നിരുന്നു. പന്ത്രണ്ടു വർഷം അങ്ങനെ കഴിഞ്ഞു. അതിനുശേഷം കൊക്കോട്ടൻ എന്ന പക്ഷിയെ വിളിച്ച് തന്റെ നാട്ടിൽച്ചെന്ന് മേടം (ചിത്തിര) മുതൽ കർക്കടകം (ആടി) വരെയുള്ള മാസങ്ങളിലെ അർത്ഥം വാങ്ങിക്കൊണ്ടു വരാൻ പറഞ്ഞു.

ഈ വിവരമറിഞ്ഞ നാരായണൻ ഇടയന്റെ വേഷത്തിൽ കാലികളെത്തെളിച്ചു കൊണ്ട് മാവേലി ഇരുന്ന മലയിൽച്ചെന്നു. കാലികളെ മേയ്ച്ചു കൊണ്ടിരിക്കെ കനത്ത മഴ പെയ്തു. ഒരു കാല് അടുത്ത മലയിൽ വച്ചു കിടക്കുകയായിരുന്നു മാവേലി. തന്റെ കാലിമേയ്ക്കുന്ന കോല് മറുവശത്തു കിടക്കുന്നതിനാൽ അതെടുക്കാൻ അപ്പുറത്തു പോകണമെന്നും അതിനായി വഴി ഒഴിഞ്ഞുതരണമെന്നും നാരായണൻ ആവശ്യപ്പെട്ടു. തനിക്കു എഴുന്നേറ്റു മാറാൻ കഴിയില്ലെന്നും വേലിയോരം ചേർന്നു പോയാൽ മതിയെന്നും മാവേലി പറഞ്ഞു.

കൂടുതൽ ബുദ്ധിയൊന്നും ഉപദേശിക്കേണ്ട എന്നു നാരായണൻ പറഞ്ഞപ്പോൾ നിന്റെ കാലിക്കോലിന് എന്താണിത്ര മഹത്വം എന്നു മാവേലി ചോദിച്ചു. ഇതു കേട്ട് നാരായണൻ കാലിക്കോൽ വലിച്ചെടുത്തപ്പോൾ മലയിടിഞ്ഞ് മാവേലിയുടെ മാറിൽ വീണു. മാവേലിയുടെ അസ്ഥികൾ നുറുങ്ങി മരിക്കാറായി.

അപ്പോൾ മാവേലി ചോദിച്ചു എന്റെ നാടും കൈക്കലാക്കി എന്നെയും ഈ വിധമാക്കിയിട്ട് മായാശക്തിയുള്ള അവിടന്ന് എവിടേയ്ക്കാണ് പോകുന്നത്. അങ്ങയുടെ മായാശക്തിയെപ്പറ്റി ഞാൻ അറിഞ്ഞിരുന്നില്ല. ഇതു കേട്ട് നാരായണൻ പറഞ്ഞു. നിന്റെ നാടണെങ്കിൽ ആണ്ടിൽ ഒരു ദിവസം എന്റെ ജൻമനാളിൽ (തിരുവോണം) നിനക്കിവിടെ വരാം. സദ്യയും കോടി വസ്ത്രങ്ങളും വെറ്റില പാക്കും കൊണ്ട് ജനങ്ങൾ സന്തോഷത്തോടെ നിന്നെ സ്വീകരിക്കും.

ഒരു നാടൻ പാട്ടുകവിയുടെ ഭാവന വരുത്തുന്ന വ്യതിയാനങ്ങൾക്ക് ദൃഷ്ടാന്തമാണ് ഈ കഥ. വ്യതിയാനങ്ങളാകട്ടെ കവിയുടെ സംസ്ക്കാരത്തിൽ നിന്ന് ജൻമമെടുത്തവയുമാണ്. ●



അവലംബം : മതിലകത്തു കഥ


கதை

# பிள்ளை கெடுத்தாள் விளை

## சுந்தர ராமசாமி

'பிள்ளை கெடுத்தாள் விளை' என்னும் ஊரின் பெயர் முதலில் என் காதில் விசித்திரமாக ஒலித்தது. தங்கக்கண் அந்த ஊரின் பெயரைப் பத்து வருடங்களாக ஆராய்ச்சி செய்து வருகிறேன் என்பான். மாடக்குழி, மாங்குழி அதற்கு அடுத்தாற்போல் பிள்ளை கெடுத்தாள் விளையைக் கைநீட்டித் தொட்டு விடலாம் என்பான் அவன்.

ஆவன் ஒரு சுதந்திரத் தியாகி. நாற்பத்திரெண்டு புரட்சியில் சிறை சென்றவன். ஐம்பொத்தொன்று கசையடிகள் வாங்கினானாம். முதுகில் பூரான் போல் அற்புதமான தழும்புகள் இன்றும் இருக்கின்றன. சுதந்திர போராட்டத்தைப் பற்றிப் பேச்சு வந்து அவன் தன் ஜிப்பாவை அவிழ்க்காமல் இருந்தான் என்று வரலாறு கிடையாது. நடுத்தெருவாக இருந்தால் என்ன தியாகம் தியாகம்தானே.



இதெல்லாம் பழைய கதை. இன்று அவன் ஒரு ஆராட்சியாளன். அத்துடன் உள்;ர்த் தினசரி 'சூறாவளி'யில் பிரதம நிருபராகவும் பணியாற்றி வருகிறான். முழசாக நாற்பது ரூபாய் சம்பளம். தேநீர், சுக்குக் காப்பி, ரசவடை, பஸ் சார்ஜுக்குக் கணக்கெழுதி கொடுப்பதில் நாளொன்றுக்கு நிச்சயம் ஒரு ரூபாய் இசுக்கிவிட முடியும். கோடுத்து வைத்தவன்.'இந்த காலேஜ் ஆராட்சியாளனுவ என்னத்தெ வேணாப் புடுங்கட்டும், செல்லத்தொரை, ஒருமண்ணும் கெடையாது. ஊர் பேரிலே கையை வை, அள்ளு தங்கப் பாளத்தெ' என்று முழங்குவான் தங்கக்கண்.

நான் ஜிப்பா தைத்துக்கொண்டிருந்தேன். தங்கக்கண்ணு வுக்குத்தான். இருபறமும் பாக்கெட்டு, பக்கவாட்டில் மூன்று தையல் என்று சொல்லியிருந்தான். திருப்பூர் சுத்தக் கதர். அவனுக்குத் தீபாவளிக்கு அலுவலக அன்பளிப்பு.

'பத்து வரு'மாட்டா? என் தங்கமில்லா, ஒரு விதம் நியாயமாட்டுப் பொய் சொல்லு. மேலே இருக்கிறவனும் ஒப்பனுமில்லா' என்று நான் சொன்னேன்.

தங்கப்பன் கடையைவிட்டுத் தெருவில் குதித்து, அவனுடைய சைக்கிள் சாக்குப் பையிலிருந்து ஒற்றை வரி இருநூறு பேஜ் நோட்டுகளை எடுத்து வந்து என் கட்டிங் மேஜையில் ஒவ்வொன்றாக வீசிய வாறே, 'லேய், செல்லத்தொரெ, படிச்சுப் பாரு, மூணு முனைவர் வாங்குது க்கான சரக்கு. நீ எளுதற சொத்தக் கவிதையில்லே' என்றான்.

தங்கக்கண் சொல்வதைக் கோட்கும்போது எனக்கு ஆச்சரியமாகத்தான் இருக்கும். ஊர்ப் பெயர்களில் தான் என்னென்ன புதையல்கள். அவன் கூட்டிச் சொல்கிறவன் தான். கைவசம் கொஞ்சம் பொய்யும் உண்டு. ஆனாலும் அவனுடைய ஆராட்சியில் வெளி ப்பட்ட இந்த பெண் ணின் கதை எந்த கல்மனசையும் உருக கிவிடக் கூடியது. அதில் சந்தேகம் இல்லை.

சென்ற நூற்ற ாண்டின் ஆரம்ப கால மாக இருக்கலாம். வில்லுக்குறிக்குத் தெற்கே ஊரே கிடை யாது. சாலைகள் என்பது ஒற்றையடிப் பாதைகள். இன்று ரோட்டோரம் வயல களை அழித்து அடுக்குமாடிகள் எழும்புகிற இடமெல்லாம் அன்று வெறும் காடு. காடுகளுக்குப் பின்னால் மாடக்குழியும், மாங்குழியும் தான் இருந்தனவாம்.

பக்கத்திலிருந்த தாமரைக்குளத்தை நம்பிப் பிழைக்கிறவர்கள் அங்குக் குடியேறியிருந்தார்கள்.

அந்தத் தாமரைக்குளத்தைத் தன் பத்து வயதிலேயே பார்த்திருந்தான் தங்கக்கண். 'குளமா, கடவுளுடைய மாஜிக்' என்பான் அவன். சிறிய குளம்தான். தாமரைகள் விரிய இடம் தேடி முண்டுவதில் தண்ணீர் தெரியாது. இலைகளின் நளின அசைவுகளை வைத்தும் அவற்றின் மேல் சறுக்கல் நடனம் புரியும் வைரக்கற்களை வைத்தும் தான் நீரின் இருப்பைத் தெரிந்துகொள்ள முடியம்.

தங்கக்கண்ணின் முன்னோர்கள் மாடக்குழியில் தான் இருந்தார்கள். அன்று அவர்களில் பலரும் நாகர்கோவிலைப் பார்க்காமலே இறந்துபோனவர்கள் தானாம். நாகர்கோவில் ஆறு மைல். காலை வீசிப் போடும் அவர்கள் நடைக்கு ஒருமணி நேரம். 'நெசமாட்டுத்தான் சொல்லுதையா?' என்று நான் கேட்டேன். 'லேய் செல்லத்தொரெ, என்ன எளவிலே உனக்குத்தெரியும், கேளு' என்று அடுக்க ஆரம்பித்தான் தங்கக்கண்.

அன்று உணவு, மண் சாய்வுகளில் நடும் மரச்சீனி. ஒரு வேளை உணவு, சூரியன் உச்சிக்கு வந்ததும். பானம் கருப்பட்டிக் காப்பி. உடையா கௌபீனம். 'பொட்டையா? போடாதே மேல்சீலை'. ஒற்றையடிப் பாதைகளில் புல் முளைத்து விடாமல் காலால் மிதித்து அழிக்கும் காலம். பள்ளிக்கூடத்திற்குச் சென்ற ஆணே கிடையாது. அப்புறமென்ன பெண்.

'திண்ணைப் பள்ளிக்கூடமவது இருந்ததா?' என்று நான் கேட்டேன். 'ஆ;ரிலே ஒரு பாதிரியாரு, அவரைத் தேடி வாறவங்களுக்கு எளுத்துச் செல்லித் தந்துக்கிட்டிருந்தாராம்.' என்று செல்லிவிட்டு, 'அந்தப் பாதிரியாருக்குப் பெயர் தெரியுமாலே உனக்கு?' என்று கேட்டான் தங்கக்கண். 'என்னண்ணேய்?' என்றேன் நான். 'அப்படிக் கேளுலே, நல்ல பிள்ளையா லட்சணமாட்டு, ஆண்ட்ரூஸ், சுத்த ஜெர்மன் ரத்தம்' என்றான்.

அந்தப் பெண்ணின் பெயரை திட்டவட்டமாகக் கண்டுபிடிக்க முடியவில்லை. ஆராய்சிசி வலையில் சிக்காத மீன்கள் தானே அதிகம். சிலர் அவர்கள் ஓர்மையிலிருந்து தாயம்மா என்றார்கள். சிலர் பேச்சியம்மா என்றார்கள். பெயர் என்னவாக இருந்தால் என்ன? அது பெண் ஜென்மம். வயதுக்கு வரும். ஆணை நேசிக்கும். அவனுடன் படுத்துறங்கும். குழந்தைகள் பெறும். அவர்களைக் கடைசி வரையிலும் நேசித்துச் சாகும்.

தாயம்மா தாமரை பறிக்கும் பெண். தங்கப்பனுக்குப் பின்னால் அதிகாலை இளங்குளிரில் கைகளைக் கழுத்துக்குள் புதைத்தபடி கறுப்பு காகிதத்தில் கத்தரித்த நிழலுருவமாகப் போகும். தங்கப்பன் தலையில் செம்புபாத்திரம் கவிழ்ந்திருக்கும். அதில் தான் தாயம்மா உட்கார்ந்து தாமரை பறிக்கும். வெயிலேறும் முன் நாலு கரையும் சுற்றி, நடுக்குளம் வழியாக வந்து, தாமரைப் பூக்களினுள்ளே கழுத்து வரையிலும் புதைந்து கிடக்கும் உடலை உருவக் கரையேறி வரும்.

காலத்தின் கூத்து. தாமரை பறிக்கும் பெண். அவளுக்கு எழுத்துப் படிக்க வேண்டுமாம். இப்படியொரு ஆசை எப்படி வந்தது அந்த பெண்ணிற்கு? ஆச்சரியத்திலும் ஆச்சரியம். அவளுடைய தலைமுறையில் இன்று வரையிலும் எவரும் ஒருஎழுத்துப் படித்தவர்கள் இல்லை. ஜெர்மன் சுத்த ரத்தப் பாதிரியாரைப் பற்றி யார் அவளிடம் வந்து சொல்லி இருக்க முடியும்!. 'லேய் எங்கேயோ ஒரு குடிசையில் தீ புடிக்கு. ஒரு பொறி பறந்து வந்து உன் குடிசையிலே விளுது. பத்தியெரியுது குடிசை. உண்டா இல்லையா?' என்றான் தங்கக்கண். 'என்னண்ணே படிப்பெப் போயி நெருப்புன்னு சொல்லுதே' என்று நான் கேட்டேன். 'நெருப்புதாம்பலே. பத்தியெரியற நெருப்பு. களைகளொக்கரிக்கும். கரிச்ச இடத்திலே பயிர் முளைவடும்'. முளைவிடும் பயிர்களை ஆட்காட்டி விரலையும் பாம்பு விரலையும் நெளித்தபடி மேலே கொண்டு போய்க் காட்டினான் தங்கக்கண். எனக்கு உடம்பு புல்லரித்தது.

அந்த பெண்ணை ஆர் பாதிரியார் வீட்டிற்கு எழுத்துப் படிக்கவிடுமா மாடக்குழி? அநேகமாக அது உண்ணாமல் கிடந்திருக்கும். இறந்து போய் விடும் என்னும் பயத்திற்கு ஆட்பட்டதும் யோசிக்கத் தொடங்கியிருப்பார்கள் பெற்றோர்கள் என்பது தங்கக்கண்ணணின் அனுமானம். பிடிவாதமே உடம்பாகப் பிறந்த பெண்கள் அந்த காலத்தில் தங்கள் ஆசைகளை இப்படித் தான் நிறைவேற்றிக் கொண்டார்கள். என்பதிற்கு தன்னிடம் தடையங்கள் பல இருக்கின்றன என்று மார் தட்டினான் அவன். இருக்கலாம். யானையின் மிதிபடும்போது எறும்பு கடிக்கத்தானே செய்கிறது!.

ஜெர்மன் பாதிரியாரைப் பார்த்ததுமே தாயம்தாவுக்கு மூர்ச்சை போட்டுவிட்டதாம். பாதிரியார் அவளை பெஞ்சில் தூக்கிக் கிடத்தி விசிறினார். நினைவு சிறிது தெளிந்ததும் குசினிக்காரர் கொண்டுவந்த இளநீரைப் பாதிரியார் தேக்கரண்டியில் எடுத்து அவள் வாயில் தந்திருக்கிறார். 'என்னை பார்த்த பயம்தான் குழந்தைகளுக்கு வேறு ஒன்றுமில்லை' என்றாராம் பாதிரியார்.

பாதிரியார் பல படங்களைக் கொண்டுவந்து காட்டியிருக்கிறார். பெரிய பெரிய படங்கள். தாயம்மாவுக்குத் தெரியாதா? அவள் பார்த்திருக்கும் பிராணிகள் தானே அவை. காக்காய், புறா, குருவி, நாய், கள்ளப்பூனை. ஒரு எலி இரண்டு பற்களைக் காட்டிச் சிரித்தது. அவளுடைய ஒவ்வொரு பதிலுக்கும் பாதிரியார் கையைப் பலமாகத் தட்டினார். தாயம்மா அதுவரையிலும் அறிந்திராத சில வி' ஜந்துக்களையும் பாதிரியார் அவளுக்கு அறிமுகப்படுத்தினார்.

தன் ஊரில் இருப்பவை தவிர வேறு பிராணிகள் இல்லை என்று நினைத்துக் கொண்டிருந்த தாயம்மாவுக்கு அதிர்ச்சியாக இருந்தது. இவ்வளவு வி' ஜந்துக்களைக் கடவுள் எதற்குப் படைத்திருக்க வேண்டும்? தாயம்மாவின் தந்தை ராசைய்யாவிற்கு ஆண்ட்ரூஸ் பாதிரியாரை பிடித்ததோடு அவர்மேல் நம்பிக்கையும் ஏற்பட்டிருந்தது தெரியவந்தபோது தாயம்மா 'அந்த அய்யா ஏன் கையெத் தட்டிக்கிட்டே இருக்காரு?' என்று கேட்டாள். 'தெரியலேயம்மா நான் இப்படிக் கண்டதில்லே' என்றானாம் ராசையா என்று உடனிருந்து பார்த்தது போல் சொன்னான் தங்கக்கண். அவன் கண்டுபிடித்த உண்மைகளை விட அவனுடைய கற்பனைகள் தான் என்னைப் பைத்தியமாக அடித்தன.


ஒவ்வொரு நாள் காலையிலும் தாமரைகளோடும் தாயம்மாவுடனும் ஆண்ட்ரூஸ் பாதிரியார் வீட்டிற்குப் போனான் ராசைய்யா. பாதிரியார் தினமும் அவன் அனுமதிபெற்றுப் பாதி விரிந்த தாமரையொன்றை எடுத்து தன் மேஜையிலிருந்து பூக்கிண்ணத்தில் வைத்துக்கொள்வாராம். தாயம்மாவுக்கு ஒரே சிரிப்பு. ஏன் இப்படிக் குளந்தை மாதிரி? தாமரைக் குளத்தை விட பெரிய பூக்கிண்ணம் உண்டா?

தாயம்மா வயதுக்கு வந்தாள். வேடிக்கை இது! நாலு எழுத்துப் படிக்கிறோம் என்பதற்காக அவளால் வயதுக்கு வராமல் இருக்க முடியுமா? ஆனால் மாங்குளம்

ஊர் கூடி எதிர்த்தது. தலையும் முலையுமாக நிற்கிற பிள்ளைக்குப் படிப்பு ஒரு கேடா? அவள் தலையை வெளியே நீட்டக் கூடாது. அதன் பின் ஏது ஆ;ர் ஆண்ட்ருஸ் பாதிரியார்.

ஒரு நாள் முற்பகல் நேரம். ஆண்கள் எல்லோரும் வேலைக்குப் போய்விட்டிருந்தார்கள் ஜெர்மன் பாதிரியார் தாயம்மாவின் வீட்டு முற்றத்தில் வந்து நிற்கிறாள். கடவுளே என்ன இது! ஊரப் பெண்கள் அவரைச் சூழ்ந்துவிட்டார்கள். குவிந்த அவர்கள் கைகள் மார்பை அழுத்திக்கொண்டுருக்கின்றன. உடலிறுகியதில் விரல்கள் மடக்கிப் புறங்கையை அழுத்துகின்றன. கண்ணீர் தழும்புகிறது அவர்களுக்கு.

காலை வெயில் பாதிரியார் மீது பாதி விழுந்து மறுபாதியை நிழலுக்குக் கொடுத திருக்கிறது. பின்னால் குடிசைகள். பார்க்கும் இடங்களெல்லாம் தென்னை மரம். தென்னை மரங்களின் அடர்த்தி இறக்கும் இருட்டு. 'நெனச்சுப்பாருலே செல்லதொரை இதை விட அற்புதம் ஓவியம் உண்டா இந்த ஒலகத திலே' என்று கேட்டான் தங்கக்கண். என்ன கற்பனை. என்ன வாய் ஜாலம்.



'தாயம்மா மிகவும் கெட்டிக்காரி. தினமும் இங்கு வந்து தென்னை மரத்தடியில் உட்கார்ந்து பாடம் சொல்லி தருகிறேன்' என்கிறார் பாதிரியார். பெண்கள் அழத் தொடங்கிவிட்டார்கள். 'அய்யா நீங்க போட்டிருக்கிற செருப்பாலே எங்க கன்னத்தில் அடியுங்க அய்யா. இப்பமே புள்ளையைக் கூட்டிக்கிட்டுப் போங்க. ஆசை தீர மட்டும் சொல்லிக்கொடுங்க' என்று எல்லா பெண்களும் சேர்ந்து கத்தியிருக்கிறார்கள்.

ஒரு நாள் இரண்டு நாள் அல்ல, பத்து வருடம் படித்தாள் தாயம்மா. ஆங்கிலம், கணக்கு, விஞ்ஞானம் என்று மூன்று பாடங்கள் சொல்லித் தந்தார் பாதிரியார். படிப்பு முடிந்த அன்று ராசைய்யாவிடம் ஐரோப்பாவில் மிகப்பெரியப் பள்ளியில் இளங்கலை கற்றுத்தேர்ந்த பெண்ணிற்கு நிகராக இருக்கிறாள். தாயம்மா என்று பாரதியார் சொன்னார் இது பாராட்டு என்பதை தெரிந்து கொள்ள முடியாத அளவுக்கு ராசைய்யா என்ன அறிவிலியா? படித்தவர்கள் விவரங்கள் தந்துத்தான் பேசுவார்கள். நமக்கு தெரிய வேண்டியது அடிப் படைத்தானே.

'அய்யா, இதுக்குத் தாய் ஆலோசனைக்கேக்கச் சொன்னாங்க உங்கக்கிட்டே கேக்கலாமா அய்யா?' என்று கேட்டான் ராசைய்யா.

'கேளு' இது பாதிரியார்.

'இனி' இந்த புள்ளெயெ வச்சுக்கிட்டு நாங்க என்ன செய்ய?'

பாதிரியார் முகம் வருத்தத்தில் வாடியது.

ஒரு நிமிடம் கூட அவர் யோசிக்கவில்லை. 'பெரியவங்க எண்ணைக்கும் பெரியவங்க தாம்லே செல்லத்தொரை' என்கிறான் தங்கக்கண்.

தாய்க்கும் தந்தைக்கும் சம்மதம் என்றால் அவளை மேல் படிப்புக்கு ஜெர்மனிக்கு அனுப்புகிறேன் என்றாராம் பாதிரியார்.

'நெனச்சுப் பாருலே, செல்லத்தொரை, நெனச்சுப் பாரு' என்கிறான் தங்கக்கண். அவனுடைய கண்கள் கலங்குகின்றன.

ராசைய்யா தன் மனைவியிடம் பாதிரியார் சொன்னதைச் சொன்னார்: 'என் பிள்ளையைக் கடலிலமுக்கிக் கொல்லுதுக்கு வளி பாக்கேளா எதுக்கு என் முன்னாலேயே நாலு துண்டாட்டு வெட்டிப் போடுங்களேன்' என்று சொல்லியவாறே குரலெடுத்து அழ ஆரம்பித்தாள் அவள்.

தாயம்மா வீட்டோடு இருந்தாள். அவளுக்கு வாசிக்க ஆசையாக இருக்கும். பாடப்புத்தகங்களை எத்தனை தடவைத்தான் திரும்பத் திரும்ப படிப்பது? பக்கங்கள் கசங்கி அழுக்கேறி விட்டன. எழுத வேண்டும் என்று தோன்றும். தாளுக்குப் பஞ்சம். ஆட்டுப் புளுக்கை பென்சில். இருந்தாலும் கொஞசம் எழுதுவாள். அதிகமாக ஆண்ட்ருஸ் பாதிரியாருக்குத் தபாலில் சேர்க்காத கடிதங்கள். ஆங்கிலத்தில் பேச வேண்டும் என்றுத் தோன்றும். மனதிற்குள் பேசிக்கொள்வாள். தாய் சுள்ளி பொறுக்கப் போயிருக்கும் போது ஆங்கில கவிதைகளை வாய்விட்டுச் சொல்லுவாள். ஆண்ட்ருஸ் பாதிரியாரின் உச்சரிப்பைப் போலிசெய்து பார்ப்பாள். இந்த கிராமத்தில் எனக்கு என்னென்ன தெரியும் என்பது தெரிந்த ஒரு சீவன் கூட இல்லாமல் போய் விட்டதே.

என்றைக்கும் மாடக்குழி மாறாமலேயே இருக்குமா? சில பிள்ளைகள் படிக்க ஆ;ருக்கே போகத் தொடங்கிவிட்டன. தாய்மார்களுக்குத் தான் என்ன துனிச்சல் வயது வரும் வருவது வரையிலும் பெண்களும் படிக்கலாமாம். காலத்தின் கூத்து. வீட்டு பாடம் இலவசமாகக் கற்றுத் தருகிறேன் என்று சொன்னபிறகும் கூட ஒரு குஞ்சுக் குளுவான் வரவில்லையே தாயம்மாவிடம்.

குழந்தைகள் என்னசெய்யும்? தாய்மார்கள் அவர்களை வற்புறுத்திய போது 'அக்கா கிட்ட போகுதுக்குப் பயமாட்டு இருக்குதம்மா' என்றிருக்கிறார்கள் அவர்கள்.

இதைச் சொன்னதும் வாய்விட்டுச் சிரித்தான் தங்கக்கண். 'எதுக்கண்ணே சிரிக்கே? என்று நான் கேட்டேன். 'பிள்ளைகள் சொல்லிச்சாம் அவங்க வேற தினுசாட்டு இருக்காங்கம்மா. நம்மளப் போல இல்லேன்னு' மீண்டும் சிரிக்கிறான் தங்கக்கண்.

தாயம்மாவுக்குக் கல்யாணம் ஆகவில்லை. படிக்காத பெண்களைக் கொத்திக் கொண்டு போனார்கள் வகுப்புக்கு வகுப்பு முட்டை போட்டுக் கொண்டிருந்த பையன்கள். தாயம்மாவை கட்ட ஒரு பையன் இல்லை. 'முட்டாப் பயக்களுக்குக் படிச்ச பிள்ளையைக் கட்டுறதுக்குக் பயம்லே செல்லத்தொரை' என்று சொல்லிவிட்டுச் சிரிக்கிறான் தங்கக்கண்.

தைத்த துணிகளை வாங்க வந்தவர்கள் அப்படியே பெஞ்சில் உட்காரத்தொடங்கி விட்டார்கள். பெஞ்சில் இடம் இல்லாமல் ஒருவர் கட்டிங் மேஜையில் சாய்ந்து கொண்டு நிற்கிறார். தங்கக்கண்ணுவின் சொல் ஜாலம் மனித மனங்களை கட்டிப் போடுகிறது. கலைஞன் தான் அவன்.!

அறிவு கெட்டவர்களா காலத்தை மரத்திலா கட்டிப் போடுவீர்கள். அது நகர்ந்து கொண்டு தான் இருக்கும். மிக மெதுவாக. அல்லது மிக வேகமாக நான் சொல்கிறேன் ஒரு நிமிடம் அது உறங்கியது இல்லை. மாடக்குழியில் காலம் நடக்க தொடங்கிவிட்டது. நடக்கிற குழந்தை ஓடுவதற்குத் தனியாக கற்றுத் தர வேண்டுமா?

மாடக்குழியிலேயே ஒரு பள்ளிக்கூடம் இருக்க வேண்டுமாம். மாடக்குழி மகான்கள் சொல்கிறார்கள் 'நம்ம ஊரிலே பள்ளிக்கூடம் இல்லைன்னு சொல்லுதக்குக் குறைச்சலாட்டு இருக்குது' பெரியவர்கள் கூட்டம் போட்டார்கள். தாயம்மாவை தலைமையாசிரியையாக போடலாம். இப்படியும் ஒரு யோசனையா? போடலாமாவா? போட வேண்டும். அவளுக்கிருக்கும் யோக்கியதை உங்களில் எந்த நாய்க்கு இருக்கிறது? தாழ்ந்த ஜாதிபிள்ளை தாழ்ந்த ஜாதிபிள்ளை தான். அதற்காக? அந்த பிள்ளையை தலைமையாசிரழயையாக போடவில்லை என்றால் நான் கமிட்டியிலிருந்து வெளியே போகிறேன் எனறார் மோகன் தாஸ் அவர் சுதந்திர தியாகி. மூன்று வருடம் கடுங்காவலில் வாடியவர். அவருக்கு ரத்தம் கொதிக்கிறது.

'பாருலே செல்லத்தொரை காலம் அடிக்கிற கூத்தை' தங்கக்கண் சிரிக்க, கேட்டுக் கொண்டிருப்பவர்கள் எல்லோரும் சிரிக்கிறார்கள்.

வயல் இருப்பவர்களிடம் பணம் இருப்பது என்ன ஆச்சரியம். ஒரு கோட்டை நெல் ஐந்து ரூபாய்க்கு அல்லவா விற்கிறது! பள்ளிக்கூட சுவர் நிமி'த்திற்கு நிமி'ம் எழும்பி வருகிறது. கூரைக்குப் பனங்கம்பு வந்து இறங்கியாயிற்று. ஓடு வந்து இறங்கி

கொண்டிருக்கிறது.

குடிசையில் கரண்டைக்கு மேல் அடிப்பாவடையும் அம்மாவின் இழுத்து முடியும் உள்பாடியும் தானே போட்டுக் கொண்டிருந்தாள் தாயம்மா. அதற்கு மேல் ஆடை எதற்கு? இப்போது அவள் தலைமை ஆசிரியை ராசைய்யா நாகர்கோவிலுக்குப் போய் நல்ல பெருமாள் கடையிலிருந்து அவளுக்கு ஜார்ஜெட்டு சீலை வாங்கிவந்தான். வாங்கும் போது சரிபாதி விலையைத்தான் சொல்லவேண்டும் என்று நினைத்துக்கொண்டான். தன் மனைவிக்கு தெரியாமல் சிறிய பவுடர் டப்பாவையும் தன் மகளிடம் தந்தான். 'அம்மா கொன்னுடுவாங்கப்பா'அவ கையெ முறிச்சு அடுப்பிலே வைப்பேன். ஊரு ஒலகம் தெரியாத களுதை' அவனுடைய வம்சத்தில் அவள்தான் முதலில் பவுடர் பூசிக்கொள்ளப் போகிறாள். 'மகளே செம்மையாட்டுப் போ தாயோளிகள் தலை தூக்கிப் பார்க்கணும்' என்றான் ராசைய்யா.

அவள் தாழ்ந்த ஜாதி. கறுப்பு ஆனால் அழகுக்கு என்ன குறைவு தோணி போன்ற கண்கள். சிறிய பேனாக் கத்தியின் அழகுப்போல் மூக்கு அவளுடைய உதடுகள் மென்மையானவை .முத்தத்திற்கு அவ்வளவு தோதான உதடுகள் அந்த ஆண்டவன் பயல் அதற்கு முன்னும் படைத்ததில்லை பின்னும் படைத்தது இல்லை. என்று ஒரு போடு போடுகிறான் தங்கக்கண். பெஞ்சில் அமர்ந்திருந்த முதியவர் ஆவேசமாக எழுந்து வந்து தங்கக்கண்ணனை தன் மார்போடு அணைத்துக் கொள்கிறாள். 'நான் சொல்லுதேன் நீ கலைஞன்தாம்லே' என்கிறார். எனக்கு என்ன செய்ய வேண்டும் என்று தெரியவில்லை. துண்டு துணிகளை அப்படியே வாரியெடுத்து அவன் தலையில் தூவுகிறான்.

தாயம்மா ஆத்மார்த்தமாக வேலைப் பார்த்தாள். நாலு வகுப்புகள். வகுப்புக்கு நாலு பிள்ளைகள். காலப்போக்கில் பிள்ளைகள் கூடும். பள்ளியின் பெயர் பரவும். ஊர் பெரியவர்கள் வீடு வீடாகச் சென்று பிள்ளைகளை பள்ளிக்கு அனுப்ப சத்தம் போட்டார்கள். போய்ப் போய் எங்கு போகிறோம் தெரியாமல் ஆ;ர் பெரிய பள்ளிக்கூடம் முன்னால் போய் விழுந்து விட்டார்கள். அது பத்து வகுப்புகள் கொண்ட முரட்டு பள்ளிக்கூடம். 'ஏம்லே வடக்க வாறீங்க தெக்க போங்கலே' எனறு ஆ;ர் பள்ளி ஆசிரியர்கள் இவர்களை விரட்டினார்கள். ஆறு முகத்திற்கு கோபம் தலைகேறிவிட்டது .லேய் எனக்க வயலெ வித்தாவது எங்க பள்ளிகூடத்திலே பத்தாம் வகுப்புவரையிலும் கொண்டு வருவோம்லே. ஒரு குஞ்சு குளுவான் உங்க பள்ளிக்கூடத்துக்கு வராது. துக்குப் போட்டுக்கிட்டு சாவுங்கலே' என்றுகத்தினார் அவர். அது வெறும் ஆவேசமல்ல சவால்.

அவர் நினைத்தால் நடக்காத காரியமா? ஆ;ரிலிருந்து பார்வதிபுரம் வரையிலும் பரந்து கிடக்கின்ற அவர் வயல்கள். அவற்றை அவர் விற்கத்தொடங்கினார். 'எங்க ஊரு பிள்ளைங்களுக்கு நான் கன் தந்து விட்டு தான் சாவேன்' என்றார் 'நான் அனாதைப் பிணமாட்டுச் சாகணும்.' அந்த ஒண்ணு தான் எனக்குப் பெருமை. என்று கர்ஜிக்கத் தொடங்கினார்

மாடக்குழி பள்ளிக்கூடம் மாடக்குழி ஹைஸ்கூல்

ஆகிவிட்டது தாயம்மாவுக்கு முந்நூறு ரூபாய் சம்பளம். 'நம்ம மாவட்டத்திலே எந்த பைய ஒரு ஆசிரியைக்கு முன்னூறு ரூபாய் அள்ளித் தாறான். கேக்கேன் மாடக்குழி ஜங்சன் பெருமை அடித்துக் கொண்டது நியாயம் தான்.

தாயம்மாவின் உடல் லேசாகக் கனக்கத் தொடங்கிற்று. பெண்களுக்குப் பொறாமை! வண்டல் திரண்டது போல் உடம்பு. வீட்டில் மீன் கூடை இறங்காத நாள் கிடையாது. நாளுக்கொரு சேலை. சுதந்திரம் கிடைத்தப்பின் வந்த முதல் தேர்தலிலே நிற்க்க கட்சி காரர்கள் அவள்கையை பிடித்து இழுக்கிறார்கள். பாரலிமெண்டு தேர்தலாம். பிரச்சாரக் கூட்டத்தில் இங்கிலீஸ் பேசிக் காட்ட வேண்டுமாம்.

மாடக்குழி தாண்டி தெற்கே ராசைய்யா ரகசியமாக நிலம் வாங்கிவிட்டான். வீடு கட்ட யோசனை. பணம் கொஞ்சம் குறை தலைமையாசிரியை கையெழுத்துப் போட்டால் பணம் தருகிறோம். என்னிறர்கள் கூட்டுறவு சங்கத்தினர். அதன் பின் என்னபிரச்சனை? ராசைய்யா புதிய வீட்டிற்கு குடிபோனான். அப்போதெல்லாம் அந்த பகுதியை 'தலைமையாசிரியை விளை' என்றுத் தான் மாடக்குழியினர் சொல்லிக் கொண்டுருந்தனர். எவ்வளவு அழகானப் பெயர்! அந்தப் பெயர் அப்படியே இருக்கக் கூடாதா? எல்லோருக்கும் பெருமையாக இருந்திருக்குமே அதை விட்டு எல்லோருக்கும் அவமானம் தரும் பெயர் ஏன் அவர்கள் வாய்களில் நுளைந்நது?

காலமே ஏன் இப்படி புதிய துக்கங்களை கொண்டுவருகிறாய்? தாயம்மா சந்தோ'மாக இருந்தால் உனக்கு என்ன குறைந்து போயிற்று. என்கிறான் தங்கக்கண். ஏன் அவன் தொனி மாறுகிறது. வேலை இருக்கிறது என்று சொல்லிவிட்டு பெஞ்சில் இருந்து எழுந்த பெரியவர் மீண்டும் உட்கார்ந்து கொள்கிறார்.

இந்த காலத்தில் தான் தாயம்மாவுக்கு மிகப் பெரிய அபவாதம் வந்து சேர்கிறது என்று மென்மையான குரலில் சொல்கிறான் தங்கக்கண். 'என்ன அபவாதம்லே' என்று கேட்கிறார்கள் பெரியவர்கள். அவர்களால் நம்ப முடியவில்லை.

தங்கக்கண் தன் இரு கரங்களையும் குவித்துக் கொள்கிறான்.' அய்யா நான் ஒரு எளிய ஆராட்சியாளன். என் ஆராட்சி என்னைப் படுகுளிக்கு இளுத்துக் கிட்டுப் போகுதே நான் என்ன செய்வேன்' என்று புலம்புகிறான் தங்கக்கண்.

மணிகண்டன் மாடக்குழியில் ஹைஸ்கூலில் நாலாவது வகுப்பில் படித்துக் கொண்டிருந்தான். என்ன அழகு! சற்று வசதியான குடும்பம். அரசியல் வாதியான அவன் தந்தை அவசரமாகச் சம்பாதித்து கொண்டிருந்தார் அதோடு நல்ல செல்வாக்கும் அவருக்கு இருந்தது.

மணிகண்டன் கணக்கில் ஓட்டை என்று தாயம்மா அவனுக்குப் பள்ளிக்கூடம் விட்ட பின்பு தனியாகத் பாடம் எடுத்து வருகிறாள். அப்படி எத்தனையே குழந்தைகளைத் தனியாக கவனித்து கரையேற்றி விட்டிருக்கிறாள். அவள் என்பது ஊர் அறிந்த செய்திதான்.

அன்று பள்ளி விட்டுத் திரும்பிய மணிகண்டன் அழுது கொண்டே வீட்டிற்குள் நுழைந்தானாம். அவன் முகம் வீங்கிக் கிடந்ததாம். தன் தாயிடம் என்ன சொன்னான் அவன்?

ஊர்க் கதை எனக்குத் தெரியுது. என் வாய் அதெச்சொல்லுக்கு தடையம் கிடைக்கணும்லா? தேடுதேன், தேடுதேன் ஆம்புடலையே' என்று கையை விரிக்கிறான். தங்கக்கண்.

'நடந்ததைச் சொல்லுலெ' என்கிறார்கள் பெரியவர்கள்.

தங்கக்கண் சிறிது நேரம் மௌனமாக இருக்கிறான். அவனது மௌனத்தை தாங்கிக்கொள்ள முடியவில்லை.



சகல வீடுகளிலும் ஒரே நொடியில் விளக்கை அணைத்து விட்டால் ஒரே நொடியில் அங்கெல்லாம் இருளும் புகந்துவிடாதா? மணிகண்டன் தன் தாயிடம் சொன்ன வி'யம் மாடக்குழி முழுக்க ஒரே நொடியில் பரவிற்று என்றால் அதில் மிகையில்லை.

பள்ளிக்கூட நிர்வாகக் குழுவினர் எங்கு ரகசியமாக கூடி விவாதித்தார்கள் என்பது தெரியவில்லை. நடு நிசியில் பள்ளிக் கூடத்திலேயே அவர்கள் கூடி போயிருக்கலாம். இல்லை யாரவது ஒரு பிரமாணியின் வீட்டில் கூட்டம் போட்டிருக்கலாம். நாகர்கோவிலில் சென்று ஒரு ஓட்டலில் அறை அமர்த்திக்கொள்வது கூட அவர்கள் நினைத்திருந்தால் பெரிய வி'யமில்லை.

எங்கு கூடினால் என்ன? அன்றிரவு அவர்களில் ஒருவர் கூட உறங்கவில்லை. விடிந்து கோழி கூவும் போது அவர்கள் திட்டம் முழுமை அடைந்திருந்தது. அது மிக கொடூரமானத் திட்டம்தான். இல்லை என்று சொல்ல முடியாது. தாங்கள் அரும்பாடு பட்டுக் கட்டி வளர்ந்த பள்ளியை காப்பாற்ற அந்த திட்டத்தை அமல்படுத்த வேண்டும் என்று அவர்களுக்குத் தோன்றிவட்டது.

காலமே உன் கூத்து.

மாலை மணிஅடித்து, மாணவ மாணவிகள் வெளியே றியபின் பள்ளிகள் அடையும் வெறுமையின் துக்கத்திற்கு மாடக்குழிப் பள்ளியும் ஆட்பட்டு நின்ற நேரம்அது. அந்த வெறுமையைக் கண்டு எக்களித்து வருகிறது மாலை மயக்கம். பள்ளியையும் எதிரே தென்னந்தோப்பையும் தன் அணைப்புக்குள் கொண்டு வந்து கொண்டிருக்கிறது அது. கனத்திற்கு கணம் அதன் படி இறுகுகிறது.

தன்னுணர்வின்றிப் பணியில் ஆழ்ந்து கிடந்த தாயம்மா தலை துக்கிப் பார்த்தபோது ஜன்னலோரங்களில் பதுங்குகிறதது இருள். ஆவள் படபடவென்று நோட்டுகளை அடுக்கியவாறே எழுந்தியிருந்தாள்.

அப்போது தான் ஆசிரியர்களில் சிலரும் ஊர்ப் பிரமாணிகளில் சிலரும் தெற்குத் தோப்புக்கு வந்து மரத்தின் மறைவுகளில் தங்கள் உடல்களைப் புதைத்துக் கொண்டார்கள்.

வெளி வாசல், வகுப்பறையில், தஸ்தாவேஜு அலமாரி, தட்டு முட்டுச் சாமான்கள் அறை. எல்லாவற்றின் சாவிகளும் தாயம்மாளிடம் தானே இருந்தன.

'மாடம் சாவிக்கொத்தெ எங்க வச்சிருக்கீங்க மாடம்?' என்று கேட்கிறான் ப்யூன் பிச்சாண்டி.

இவ்வளவு நேரமாகியும் அவன் போகாமலா இருக்கிறான்? தாயம்மாவின் கை யந்திரகதியில் சாவிக்கொத்தை அவனிடம் தருகிறது.

தாயம்மா வராண்டா வழி வந்து படியிறங்கி முற்றத்தில் நின்று பாற்கிறபோது என்ன இது முன் வாசல் பூட்டப்படடிருக்கிறது. அவள் ஒரு நிமிடம் ஸ்தம்பித்து நின்றாள்.

பின்னால் காலவரம் கேட்டு திரும்பிப் பார்த்தபோது அவள் இறங்கி வந்த வராண்டாவிலும் படியிலுமாக ஆசிரியர்களும் பெரியவர்களும் நிற்கிறார்கள். எப்படி முளைத்தாள் ஒரு நொடியில்? அவர்கள் முகங்கள் ஒவ்வொன்றும் கற்குழவிகள் போல் இருக்கிக்கிடக்கிறது.

அப்போது ஊர்ப் பெரியவர்கள் கேட்கிறார்: 'மாடம் நேத்து என்ன நடந்தது? சித்தெச் சொல்வீங்களா?'

தாயம்மா ஏதோ சொல்லதற்கு வாயைத் திறந்தபோது, பெரியவர் பின்னால் மறைத்து வைத்திருந்த பிரம்பால் அவள் வாயில் அடித்தார். அவள் உதடுகள் கழிந்து ரத்தம் வழிந்தது. அதன் பின் ஆளாளுக்குப் பிரம்பால் சாத்தத் தொடங்கினார்கள்.கடவுளே ஒவ்வொரு விளாசலுடனும் என்னென்ன வசைகள்!

'ரவுக்கை அவுக்குதுக்கா ஸ்கூலுக்கு வாறே, தேவிடியா'

மார்பில் ஒரு அடி.

'இப்பம் நான் உறிஞ்சட்டுமா உனக்கு?'

மீண்டும் மார்பில் ஒரு அடி.

தாயம்மா மதிலேறிக் குதிக்க முயன்றாள். அவள் சுவரில் கையை வைக்க வைக்க அவள் கை மீது மாறி மாறி அடி விழுகிறது.

தாயம்மா அழவில்லை. கத்தவில்லை. ஒரு சொல் சொல்லவில்லை.

அவள் மண் தரையில் சரிந்தாள்.

'அவ சீலையெ உறிஞ்சு போடுலே'

'லேய் வேண்டாம்லே ரவுக்கெயெக் கிளிச்சுப் போடுதேன் அந்த மட்டோடு போட்டு'

பெஞ்சில் அமர்ந்திருந்த பெரியவர்கள் எழுந்து நின்றது தெரியாமல் கத்துகிறார்கள்:

'பாவிக கைகளெ முறிக்க ஆளில்லையா?'

'படைச்சவனே நீ பார்த்துக்கிட்டிருந்தாயா?'

தங்கக்கண்ணனின் குரல் தழுதழுக்கிறது. நான் மீனைவிட்டு எழுந்திருந்து அவன் பக்கத்தில் போய் நின்றுக்கொண்டேன்.

'எனக்க மார்பு படபடக்கு. சொல்லுலெ சொச்சத் தையும்' என்று ஒரு பெரியவர் முடுக்குகிறார்.

மறுநாள் தாயம்மாவை ஊரில் காணவில்லை. ஒரு நாள் இரண்டு நாள் அல்ல. ஐம்பத்து முன்று வருடங்கள். எங்குப் போனார்கள் எப்படி ஜீவித்தாள் ஒரு காக்காய் குருவிக்குத் தெரியாது.

போன வரு'ம் அவள் ஊருக்குத் திரும்பி வந்தாள். அப்போது ஊரின் பெயர் 'பிள்ளை கெடுத்தாள் விளை' என்று உறுதிப்பட்டிருந்தது.

'நீ அவளெப் பாத்தாயாலே?'

'பாத்தேன்' என்கிறாள் தங்கக்கண். 'அவங்களுக்கு வயசு எண்பதுக்கு மேல். தலை தும்பப் பூ. ஒடம்பு எலும்புக் கூடு. கையிலே ஊன்றுகொல்.'

அவளுடைய சொந்த வீட்டை நம்பித்தான் அவள் வந்திருக்கிறாள். அந்த வீடு எப்போதோ கை மாறி விட்டிருந்தது. 'வந்த அண்ணு என்ன சொன்னாங்கன்னு நான் அந்த வூட்டுக்காரங்கிட்டேக் கேட்டேன். சாகுதுக்குக் கொஞ்சம்போல எடம் தா கண்ணு. என்று கெஞ்சினாளாம்.'

அந்த வீட்டின் ஈசான மூலையில் நாலுக்கு நாலடி அறையில் அவள் தங்கினாள். அறையின் மூலைக்கு மூலை தலைவைத்துக் கால் நீட்டிப் படுத்துக்கொள்வாளாம்.

ஊரில் சிறுகச் சிறுக அவள் இரும்பு கசியத் தொடங்கிற்று. அவளை அறிந்த வயசாளிகள் ஒன்றிரண்டு போர் மரணப் படுக்கைகளில் இருந்தார்கள். இருந்தாலும் என்ன. ஒழுக்கத்தைக் காப்பாற்றும் பொறுப்பு சாகிற மட்டும் இருக்கத்தானே செய்கிறது.

அவளுடைய தழும்புகளை அவர்கள் புண்ணாக மாற்றிச் சொல்லில் விரித்து மறுவுருவாக்கம் செய்தார்கள். காலமே உன் கூத்து.

# ഒരു മലയാളിയുടെ തമിഴ് ലിപി പരിഷ്കരണ ശ്രമം

## குழந்தைகளின் லிபி - 2005

### S. பாகுலன்

தமிழ் மொழியை 33 லிபிகளில் அடக்கவும் கற்க, கற்பிக்க உலக மொழிகளை விட எளிமையாக அமைக்கவும் ஆரம்பப் பள்ளிக் கல்விக்காலம் 3 வருடமாகக் குறைக்கவும் முடியும். உயிரெழுத்துக்களை அவற்றின் துணை எழுத்துக்களாகவும் அமைக்கலாம். ∴ என்னும் ஆய்த எழுத்தை '0' என்ற லிபியில் எழுதவும் மெய்யெழுத்துக்களுடன் '–' என்ற லிபியை இணைத்து இரட்டிப்பாகவும் செய்யலாம். மெய்யெழுத்து லிபிக்கு மாற்றமில்லை.

<u>உயிரெழுத்து லிபிகள்</u>

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ஞ | ா | ഉ | ா | ൭ | ഉ | ள | ஏ | ல் | ஒ | ல | ஊ |
| அ | ஆ | இ | ஈ | உ | ஊ | எ | ஏ | ஐ | ஒ | ஓ | ஔ |

<u>கூட்டெழுத்துக்கள்</u>

க‿ (க்க) ங‿ (ங்ங) ச‿ (ச்ச) ஞ‿ (ஞ்ஞ) ட‿ (ட்ட) ண‿ (ண்ண)
த‿ (த்த) ந‿ (ந்த) ப‿ (ப்ப) ம‿ (ம்ம) ய‿ (ய்ய) ல‿ (ல்ல)
வ‿ (வ்வ) ள‿ (ள்ள) ற‿ (ற்ற) ன‿ (ன்ன)

<u>எழுதும் முறை</u>

க கா கഉ கா க൭ கഉ கள கஏ கல் கஒ கல கஊ
(க கா கி கீ கு கூ கெ கே கை கொ கோ கௌ)

<u>மாதிரிச் சொற்கள்</u>

ஞப‿ா (அப்பா) — ாள் (ஆள்) — ഉலல் (இலை)
ாயம் (ஈயம்) — ൭ரல் (உரல்) — ഉசഉ (ஊசி)
ளலഉ (எலி) — ஏணഉ (ஏணி) — ல்வர் (ஐவர்)
ஒற‿൭மல் (ஒற்றுமை) — லலல் (ஓலை) — ஊவல் (ஔவை)
கஒக‿ஒக‿லலா (கொக்கொக்கோலா)

நவீன லிபிமுறை குழந்தைப் பருவத்தில் கற்கவும் குழந்தைகளை கற்பிக்கவும் இலகுவானதும் தமிழ் வளர்சிக்கு தகுந்ததும் ஆகும்.

---

அந்த ஊர்ப் பெரியவர்கள் கூடி ஆலோசனைச் செய்தார்கள் அவள் பகலில் வெளியே தலைக் காட்டக் கூடாது. யாருடனும் உறவு கொள்ளக் கூடாது குழந்தைகள் அவள் பக்கம் போகக் கூடாது.

'நீ அவளெப் பாத்து விபரம் கேக்குதுக்கு என்னலே.'

'பல தடவெ பாத்தேன் அண்ணே. அவங்க எள்ளுப் போல ஒரு சொல் சொல்லலயே' என்றான் தங்கக்கண்.

தாயம்மா நடுநிசியில் பின்கதவைத் திறந்து வெளியே வந்து கிணற்றில் தண்ணீர் இறைத்துக் குளித்துவிட்டு அதன் பின் பொங்கிச் சாப்பிடுவாளாம்.

'என்னத்துக்கலே இந்த வயசுல அவங்க இப்படித் துன்பப்படணும் நாம ஆளுக்குப் பத்து ரூபா போட்டு அவங்களெ நல்ல மொறையாட்டுக் காப்பாத்தலாம்லே'.

பெரியவர் ஒருவர் சொன்ன யோசனையை மற்றவர்கள் எல்லேரும் தலை குலுக்கி ஆமோதித்தார்கள்.

'இந்தாலே பத்து ரூபா' என்று ஒரு பெரியவர் கட்டிங் மேஜைமீது தன் நோட்டை வீசினார்.

'அவங்க போய்ச் சேந்துட்டாங்க. இண்ணைக்குப் பதினாறு' என்றான் தங்கக்கண்.

*('കാലച്ചുവട്' എന്ന മാസികയിൽ നിന്ന് കഥാകൃത്തിന്റെ നിർദ്ദേശാനുസരണം)*

# സുധാശശീന്ദ്രൻ സിദ്ധ മെഡിക്കൽ കോളേജ് ആശുപത്രി

## (ഡോ. എൽ. ശശീന്ദ്രൻ വർമ്മ ആശുപത്രി ക്യാമ്പസ്)

**മേക്കോട്, കളിയിക്കാവിള, കന്യാകുമാരി ജില്ല 629 153.**
**(04651)244257, 244232, 244227.**



**Dr. L. ശശീന്ദ്രൻ (Correspondent)**
**Dr. D.R. സുധാ ശശീന്ദ്രൻ (Director)**

മാന്യരെ,

ഉദ്ദേശം 450 വർഷക്കാലമായി പാരമ്പര്യ സിദ്ധമർമ്മ ചികിത്സയിലൂടെ രോഗികളെ സുഖപ്പെടുത്തി വരുന്ന മഹത്തായ സ്ഥാപനം. അടികൾ, ഇടി വീഴ്ച, തട്ട്, മുട്ട്, തുടങ്ങിയവയാൽ ശരീരത്തിനകത്തും പുറത്തും കേടുകൾ സംഭവിക്കുന്നു. തക്കതായ സമയത്ത് മർമ്മ ചികിത്സ (Marma Patronymix Anatripsis) ചെയ്യാതെ വിടുകയാണെങ്കിൽ മയക്കം (Coma), ചതവ് (Brulse), ബോധക്കേട് (Deliriousness), വിറയൽ (Trill), ഞരമ്പു വേദന (Thore), തലച്ചുറ്റ് (Dizziness), നടുക്കം (Perisipiration), ബോധക്ഷയം (Dwalm), ഉളുക്ക് (Ricks), തളർച്ച (Vejade), മരവിപ്പ് (Collaosity), ശരീരക്ഷീണം (Catalepsy), നാടികൾക്ക് ബലക്കുറവ് (Aerotism), പരാനം (Alloveriseness) ശ്വാസംമുട്ട് (Asphyxia), ധാതു നഷ്ടം (Asthemia), ചലനശക്തി ഇല്ലായ്മ (Immobility), വായുകോപം (Vapour), കാസം (Tussia), സന്ധി വാതം, പിത്തം, രക്തവാത രോഗങ്ങൾ, വാതം, വിളർച്ച, വായു, കരൾവേദന, സർവ്വാംഗവാതം, ഉദരരോഗം, മൂത്രതടസ്സം, തളർവാതം, മുഖവാതം, വിറയൽ വാതം, പക്ഷവാതം, നീർതിണപ്പ്, ജീവാണുക്കൾ നശിക്കുക തുടങ്ങിയ രോഗങ്ങൾ ബാധിച്ച് മനുഷ്യജീവനു തന്നെ അപകടകരമാകുന്നു. മേൽപ്പറഞ്ഞ രോഗങ്ങളെ സിദ്ധമർമ്മ വിധിപ്രകാരം സുഖപ്പെടുത്തുന്നതാണ്.


### കുറിപ്പ്

- രോഗികളെ കൈനാഡി പരിശോധിച്ച് രോഗം വന്ന മൂലകാരണം അറിഞ്ഞ് ചികിത്സ ചെയ്താൽ ആ രോഗം വീണ്ടും വരികയില്ല.
- ഒരു രോഗം വീണ്ടും വീണ്ടും വന്നു കൊണ്ടിരുന്നാൽ അത് വർമ്മ രോഗമെന്ന് മനസ്സിലാക്കി, ഞങ്ങളെ സമീപിച്ച് ചികിത്സ ചെയ്ത് പൂർണ്ണസുഖം പ്രാപിക്കുന്നു.
- ഇടയ്ക്കിടയ്ക്ക് വരുന്ന പനി, തലവേദന ഹൃദയരോഗത്തിന്റെ സൂചനയെന്ന് മനസ്സിലാക്കി വർമ്മ ചികിത്സയിലൂടെ രോഗത്തെ ചെറുത്തു നിറുത്തുന്നു.
- പല വർഷങ്ങൾക്ക് മുമ്പ് ശരീരത്തിൽ ഏർപ്പെട്ട അടികൾ, ഇടികൾ, വീഴ്ചകൾ മുതലായവകളാൽ ശരീരഭാഗം തേയൽ, ഉണക്ക്, ശക്തിയില്ലായ്മ എന്നിവ ഏർപ്പെട്ടാൽ മർമ്മ ചികിത്സ ചെയ്ത് അസുഖം ഭേദമാക്കുക.

**ഡോ. എൽ. ശശീന്ദ്രൻ**
(Correspondent and Managing Trustee)
**ഡോ. ഡി. ആർ. സുധാ ശശീന്ദ്രൻ**
(Director and Manager)
**(A UNIT OF SIDHAM TRUST)**

**X- Ray, Lab, ഭക്ഷണം, മറ്റു താമസ സൗകര്യങ്ങൾ എന്നിവ ലഭ്യമാണ്**

# നമോവാകം



വന്ദ്യവയോധികനാമൊരുമാന്യനെ
വന്ദിക്കുവാൻ,നമോവാകങ്ങൾ നേരുവാൻ
മുൻനിന്നു നമ്മെ നയിക്കുവാൻ വന്നോരു
സന്ധ്യേ ! ഭവതിക്കു വന്ദനമാദ്യമായ്.
ഈ സമാജത്തിന്നടിക്കല്ലുപാകുവാൻ,
ഈ മണിമണ്ഡപം കെട്ടിപ്പടുക്കുവാൻ
നേരവു,മൂർജ്ജവും വേണ്ടും വിഭവവും
നേടിപ്പൊലിപ്പിച്ച രാജശില്പീ ഭവാൻ!
ആയോധനത്തിന്നുമാത്രമല്ലക്ഷര
പൂജയ്ക്കുകൂടെ സമർത്ഥമിക്കയ്യുകൾ,
എന്നതിന്നുത്തമദൃഷ്ടാന്തമല്ലയോ
നമ്മൾതൻ പൂജ്യനാമീജ്യേഷ്ഠസോദരൻ !
വേദാന്തതത്വവും, വിജ്ഞാനസാരവും
വേണ്ടപോൽ മേളിച്ച് കാച്ചികുറിക്കിയി
'ട്ടാകാശമോടി പ്രപഞ്ച'ത്തെ സർവ്വവും,
അക്ഷരച്ചെപ്പിലടച്ചമനീഷിയെ
ആദരിക്കുന്നതേ നമ്മൾക്കു കൈവന്ന
ആര്യമാം സന്ദർഭമെന്നുനാമോർക്കുക!
ഭാവനാപൂർണ്ണമാം കാവ്യാനുശീലനം
മേവും ഹൃദയാലുവാണീ മഹാശയൻ !
വാക്കിലും നോക്കിലും നേർവഴി വിട്ടൊരു
വാക്കും വഴുതി വീഴാത്ത നിഷ്ക്കൻമഷൻ
പൊട്ടിത്തെറിക്കും ചിലപ്പോൾ കനലുപോൽ !
ഒപ്പം തണുക്കും പൊടുന്നനെ മഞ്ഞുപോൽ
എൺപതായെങ്കിലും, അൻപതിന്നൂർജ്ജിതം
കൺകളിൽ തത്തികളിപ്പതു കാൺമൂ നാം
മാതൃകാദമ്പതിമാരിവർ തങ്ങളിൽ
പൂവും സുഗന്ധവും മേളിച്ച സൗഭഗം !
ദാമ്പത്യജീവിതവാഹിനി രമ്യമായ്
ശാന്തമൊഴുകുന്നനാർഭാടപൂർവ്വകം
മുങ്ങിയെടുത്തതിൽനിന്നു മുമ്മുത്തുകൾ
ധന്യമാം ജീവിതച്ചെപ്പിന്നുടമകൾ !
നൻമകളെപ്പേരുമിപ്പുണ്യമൗലിയിൽ
പൊൻകതിർവീശിപ്പുലരട്ടെ മേൽക്കുമേൽ !!

*[കന്യാകുമാരി ജില്ല മലയാളസമാജത്തിന്റെ സ്ഥാപക നേതാക്കളിലൊരാളും, പുനർ ജൻമം, ആകാശവും പ്രപഞ്ചവും, തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ക്യാപ്ററൻ ജി.എസ്.നായർ 10.05.2003 വൈകുന്നേരം 4 മണിക്ക് സമാജമന്ദിരത്തിൽ സമ്മേളിച്ച വിശേഷാൽ യോഗത്തിൽ വച്ച് ആദരിക്കപ്പെട്ടു. തദവസരത്തിൽ സമർപ്പിച്ച അനുമോദന പത്രം. ഇദ്ദേഹം 29.03.2005 ൽ അന്തരിച്ചു.]*

കഥ

# ബോൾഷെവിക് റിപ്പബ്ലിക്

**സതീഷ് ചന്ദ്രൻ**



ആഢ്യ ബ്രാഹ്മണന്റെയും ശൂദ്രജാതിയുടെയും ജനിതക ഘടകങ്ങളടങ്ങിയ ഒരപൂർവ്വ സങ്കര ജനുസ്സായിരുന്നു സഖാവ് ദാക്ഷാംഗദൻ.

അയാളുടെ പരമ്പരയിൽപ്പെട്ടവർ ഉന്നത കുലജാതരാണെങ്കിലും തൊഴിലാളി വർഗ്ഗ വിമോചനത്തിലും മാർക്സിയൻ പ്രത്യയശാസ്ത്രത്തിലും ആഭിമുഖ്യമുള്ളവരും ആദ്യകാല കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സജീവ പ്രവർത്തകരുമായിരുന്നു.

സഖാവ് ദാക്ഷാംഗദനാവട്ടെ, ഒരേ സമയം ഒരു സ്വപ്ന ജീവിയും വികാരജീവിയുമാണ്. അയാൾ കാണാറുള്ള സ്വപ്നങ്ങളിലെല്ലാം നാലാം ലോകസങ്കൽപ്പവും തന്റെ പൂർവ്വീകരുടെ പ്രത്യയശാസ്ത്രാഭിമുഖ്യവും അയാളിൽ നിറഞ്ഞു നിന്നിരുന്നു. കമ്മ്യൂണിസ്റ്റ് ചിന്തകനും താത്വികാചാര്യനും പാർട്ടി മുഖപത്രത്തിന്റെ സ്ഥിരം കോളമിസ്റ്റുമായിരുന്ന അറിയപ്പെടുന്ന ഒരു വിപ്ലവകാരി ഒരിക്കലും ഒരു വികാരജീവിയായിക്കൂടെന്ന് അയാൾക്ക് നന്നായറിയാം. അത് പാർട്ടിയെ ക്ഷീണിപ്പിക്കും. പക്ഷെ, സ്വന്തം ജീവിതാനുഭവങ്ങളിലൂടെ സഞ്ചരിക്കുമ്പോഴെല്ലാം, പറിച്ചെറിയാനാവാത്ത വിധം അയാൾ തന്റെ കുടുംബത്തിലേയ്ക്ക് തന്നെ തിരിച്ചെത്തുകയും പ്രക്ഷുബ്ധമായ ഭൂതകാലത്തിലേയ്ക്ക് സ്വയം വിക്ഷേപിക്കപ്പെടുകയും പതിവായിരുന്നു. ഒരു വിപ്ലവകാരിക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ലെന്നു കരുതുന്ന ബാലിശചിന്തകളിലേയ്ക്കും ഒപ്പം പാലക്കാടിന്റെ ഗ്രാമസമൃദ്ധിയിലേയ്ക്കും പുഴകളുടെ ജലശൈത്യത്തിലേയ്ക്കും ഹരിതാഭമായ പാടസ്ഥലികളിലേയ്ക്കും മാറി മാറി ഒരു ബഹിരാകാശയാനം പോലെ അയാൾ ഭ്രമണം ചെയ്തു.

ദാക്ഷാംഗദന്റെ ഇപ്പോഴത്തെ സ്ഥിതി പരമ ദയനീയമാണ്. ഗർഭപാത്രത്തിന്റെ ചുവന്ന ഇരുട്ടിൽ അയാൾ പൊടുന്നനെ ഭ്രൂണാവസ്ഥയിലായി. കാലവും പ്രപഞ്ചവും അയാളിൽ നിന്നുമകന്നു. പകരം ബ്രാഹ്മണപ്പെരുമ കുടിച്ചു ചീർത്ത രക്താണുക്കളുടെയും ഒരു ചിലന്തിയുടെ വൃത്തികെട്ട ശരീരസ്രാവം പോലെ ഒട്ടുന്ന ആമ്നിയോട്ടിക് ദ്രാവകത്തിന്റെയും പ്ലാസന്റയിലൂടെ നീണ്ടുപോകുന്ന ജൻമസുകൃതത്തിന്റെയും ഊഷ്മാവ് അയാളിൽ നിറഞ്ഞു.

നാളുകൾ കഴിഞ്ഞപ്പോൾ അയാൾ ചുരുണ്ടുകിടന്നിരുന്ന ഗർഭപാത്രം വികസിക്കുവാൻ തുടങ്ങി. ഒരവസരത്തിൽ അതിന്റെ ഭിത്തിയിലെ ലോലമായ പേശികൾ വലിയുന്ന ശബ്ദം പോലും അയാൾ കേട്ടു. തൃശൂരുള്ള ഒരു സ്വകാര്യ ആശുപത്രിയിലെ സ്ത്രീരോഗ വിദഗ്ദ്ധയായിരുന്നു ദാക്ഷാംഗദന്റെ അമ്മയുടെ ഡോക്ടർ. പൈൽസിന്റെ അസുഖത്തിനു പോലും സ്റ്റെതസ്കോപ്പുകൊണ്ട് പരിശോധിച്ചിട്ടേ ചികിത്സാക്രമങ്ങൾ തുടങ്ങാവൂ എന്നു വിശ്വസിച്ചിരുന്ന ഒരു ഡോക്ടർ ആയിരുന്നു അവരും. അമ്മയുടെ വീർത്ത ഉദരത്തിനു പുറത്തുകൂടി മൃദുലമായ കൈപ്പത്തികൾ കൊണ്ട് ഡോക്ടർ പരിശോധിച്ചപ്പോൾ ഗാഢനിദ്രയിൽ ഒരു തൂവൽ കൊണ്ട് ആരോ ഉഴിയും പോലെ അയാൾക്കു തോന്നുകയും അതിന്റെ സുഖത്തിൽ അയാൾ ഇടയ്ക്കിടെ ഞെട്ടിയുണരുകയും ചെയ്തു.



ദാക്ഷാംഗദന്റെ ഹൃദയമിടിപ്പായിരുന്നു ഡോക്ടർക്കു വേണ്ടിയിരുന്നത്. ഭ്രൂണശരീരത്തിലെ ഒരേയൊരു സമയമാപിനിയായിരുന്നു അയാളുടെ ഹൃദയം. കാർഷിക കോളേജിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ഒരു സങ്കരയിനം കമുകിന്റെ വിത്തുപോലെ, നെഞ്ചിൽ ആകൂീവതയുള്ള ഒരു മൂലകം പോലെ അതു തിളങ്ങി. അതിന് ഒരു പ്രാവിൻമുട്ടയുടെ വലിപ്പമേ ഉണ്ടായിരുന്നുള്ളൂ. ഹൃദയഭിത്തികൾ വേർതിരിക്കുന്ന നനുത്ത ചർമ്മത്തിനിടയിൽ നിന്ന് പെരികാർഡിയത്തെ തുളച്ചുകൊണ്ട് പുറത്തേയ്ക്കൊഴുകിയിരുന്ന സംഗീതം റബ്ബർക്കുഴലിലൂടെ ഇഴഞ്ഞ് ഡോക്ടറുടെ കാതിൽ ഭീകരമായി വന്നലച്ചുകൊണ്ടിരുന്നു.

പരിശോധന കഴിഞ്ഞപ്പോൾ നേരം വൈകി. വീട്ടിലെത്തിയപ്പോഴേയ്ക്കും പാർട്ടിയുടെ രഹസ്യയോഗം തുടങ്ങിക്കഴിഞ്ഞിരുന്നു. കൊളോണിയൽ ഭൂതകാലത്തെക്കുറിച്ചും ഇടതുപക്ഷത്തിന്റെ ചെറുത്തു നിൽപ്പുകളെക്കുറിച്ചുമുള്ള പഠനക്ലാസ്സുകൾ. 85 ഒക്ടോബറിൽ അമേരിക്ക ഗ്രാനഡയെ ആക്രമിച്ചത്, കരീബിയൻ ദ്വീപുകൾക്കു നേരെ ആ രാജ്യം നടത്തിയ മൃഗീയമായ ആക്രമണങ്ങൾ, കോൺസൺട്രേഷൻ ക്യാമ്പുകൾ, ഗ്രാനഡയിലെ വിപ്ലവജനാധിപത്യ പാർട്ടി മോറിസ് ബിഷപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ചെറുത്തു നിൽപ്പ്.............. ക്ലാസ്സ് തുടരുകയാണ്.

ഗർഭപാത്രത്തിൽക്കിടന്ന് മന്ത്രം ഹൃദിസ്ഥമാക്കിയ അഭിമന്യുവിനെപ്പോലെ ദാക്ഷാംഗദൻ ജാഗരൂകനായി. ഒടുവിലൊരു ദിവസം ആശുപത്രിയിലെ ലേബർ റൂമിൽ പ്രസവരക്തം പുരണ്ട് വൃത്തികേടായ ഒരു ഹരിതകംബള ത്തിലേയ്ക്ക് കൈയ്യുറയിട്ട വിരലുകളുടെയും ഫോഴ്സെപ്സുകളുടെയും അശാന്തമായ വലയങ്ങളിലൂടെ സഖാവ് ദാക്ഷാംഗദൻ തെറിച്ചുവീണു.

ദാക്ഷാംഗദൻ ഒന്നു ഞെട്ടി. അയാളുടെ സ്വപ്നഞരമ്പുകൾ ഛേദിക്കപ്പെട്ടു. ഒപ്പം ടീപ്പോയിൽ കയറ്റി വച്ചിരുന്ന ഒരു കാൽ വിറപൂണ്ട് താഴേയ്ക്ക് പതിക്കുകയും വായിച്ചുകൊണ്ടിരുന്ന പുതിയ ലോകക്രമത്തെക്കുറിച്ചുള്ള പുസ്തകം താഴേയ്ക്ക് വീഴുകയും ചെയ്തു. താൻ കണ്ട വിചിത്രസ്വപ്നം അൽപ്പനേരം അയാളെ വിഭ്രമിപ്പിച്ചു. വിപ്ലവസങ്കൽപ്പങ്ങളിൽ വെറുതെ ഒഴുകി ഒടുവിൽ ഈ അവസാനകാലത്ത് ആദിമരൂപത്തിലേയ്ക്കു തന്നെ ഉൾവലിയാനുള്ള മനസ്സിന്റെ അടങ്ങാത്ത ത്വരയായിരിക്കാം ആ സ്വപ്നമെന്നയാൾ ഊഹിച്ചു.

അയാൾ എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. ഈ മുറിക്കകത്തു തന്നെ കിടന്നാൽ ശ്വാസം മുട്ടി മരിച്ചുപോകും. ശ്വാസം മുട്ടലിനെക്കുറിച്ച് ചിന്തിച്ചതേയുള്ളൂ, ചുമ തുടങ്ങിക്കഴിഞ്ഞു.

നിൽക്കാത്ത ചുമ.

അയാൾ വളരെ കഷ്ടപ്പെട്ട് എഴുന്നേറ്റിരുന്നു. ജനലിലൂടെ പുറത്തേയ്ക്ക് നോക്കിയപ്പോൾ ആശ്വാസം തോന്നി.

മാഞ്ഞുപോകുന്ന വെയിലിന്റെ ഒരു ചെറിയപാളി മുറിക്കുള്ളിൽ വീണുകിടന്നിരുന്നു. ഇപ്പോൾ മുറിയ്ക്കകം അവ്യക്തമായെങ്കിലും കാണാം.

വെളിച്ചക്കുറവും കണ്ണിലെ തിമിരവും ചേർന്നൊരു മൂടൽ.

ചുവരിൽ തൂക്കിയിട്ടിരുന്ന ലെനിന്റെ വലിയ ഫ്രെയിമുള്ള ചിത്രത്തിലും വെളിച്ചം വീണിരുന്നു. ചില്ലിനു മുകളിൽ പൊടിനിറഞ്ഞിരുന്നുവെങ്കിലും സഖാവിന്റെ തീക്ഷ്ണതയാർന്ന കണ്ണുകൾ ഫോട്ടോവിൽ നിന്നുപറിഞ്ഞ് മുറിക്കുള്ളിൽ പരതി നടക്കുന്നതുപോലെ ദാക്ഷാംഗദനു തോന്നി.

ആകാശത്തേയ്ക്ക് കൈചൂണ്ടി നിന്നിരുന്ന ലെനിന്റെ കോട്ടിന്റെ കറുത്ത നിഴൽ തുടങ്ങുന്നിടത്തു നിന്ന് പതാകയുടെ ചുവന്ന ദൃശ്യം വരച്ചു ചേർത്തിരുന്നു. അത് പ്രത്യയശാസ്ത്രസംബന്ധമായ ഏതോ പ്രതിസന്ധിയെ പ്രതീകാത്മകമായി സമന്വയിപ്പിക്കുന്നുണ്ടെന്ന് ദാക്ഷാംഗദന് തോന്നാതിരുന്നില്ല. അടുത്തു തന്നെ പാർട്ടിയിൽ നിന്നു പുറത്താക്കിക്കൊണ്ട് കേന്ദ്രകമ്മിറ്റിയിൽ നിന്നു വന്ന അറിയിപ്പും അയാൾ ഫ്രെയിം ചെയ്ത് തൂക്കിയിരുന്നു. ഉദ്ദേശിച്ചതുപോലെ അതു ഭംഗിയായി ഫ്രെയിം ചെയ്യാൻ കഴിഞ്ഞില്ലെന്നുള്ള വിഷമം മാത്രമേ അയാൾക്കുണ്ടായിരുന്നുള്ളൂ.

മുറി മുഴുവൻ അഴുക്കാണ്. ഇന്ന് ആഹാരം കൊണ്ടുവരുമ്പോൾ അമ്മുവിനോട് മുറി വൃത്തിയാക്കുവാൻ പറയണം. മൂലയിൽ കൂട്ടിയിട്ടിരുന്ന ലഘുലേഖകളിൽ നിന്ന് ഒരെണ്ണം അയാൾ വലിച്ചെടുത്തു. അതിൽ ഇപ്രകാരം

എഴുതിയിരുന്നു.

വിപ്ലവാനന്തര ദിനങ്ങൾ. ഉത്സവ പ്രതീതി യാണെങ്ങും. തെരുവിനെ അലങ്കരിച്ചിരുന്ന വിളക്കുകളുടെ പ്രഭാപൂരം ഗംബ്രീനുസ്സിലെ നിലവറകളെപ്പോലും പ്രകാശമാനമാക്കി. വീപ്പകളുടെ പുറത്തു കയറി നിന്ന് തിളങ്ങുന്ന കണ്ണുകളുള്ള ചെറുപ്പക്കാർ പ്രസംഗിച്ചു. കൈകളിൽ ചെങ്കൊടികളുമേന്തി പാട്ടുപാടി മുന്നോട്ടു നീങ്ങുന്ന ജനങ്ങളുടെ അനന്തമായ ഘോഷയാത്രകൾ, തെരുവുകളെ സജീവമാക്കി. സ്ത്രീകൾ ചുവന്ന റിബണുകളും ചുവന്ന പൂക്കളും ധരിച്ചു. "ഇതാ നിങ്ങളുടെ റിപ്പബ്ലിക്" എന്നവർ വിളിച്ചു പറഞ്ഞു കൊണ്ടേയിരുന്നു.

സഖാവ് ദാക്ഷാംഗദന്റെ കൈയിലിരുന്ന കടലാസ് വിയർപ്പിൽ കുതിർന്നു. വല്ലാത്ത ഉഷ്ണം. ആകാശവും വരണ്ടു പോയിരുന്നു. അകലെയെവിടെയോ ഒരു പൊതുയോഗ മുണ്ടെന്നു തോന്നുന്നു. ഉച്ചത്തിൽ വിപ്ലവ ഗാനങ്ങൾ കേൾക്കാം.

അമ്മു ഇത്രയും വൈകുന്നതെന്താണെ ന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ അപ്പു കടന്നു വന്നു. ഭക്ഷണം നിറച്ച പാത്രം മുറിക്കു ള്ളിൽ വെച്ചിട്ട് അവൻ ഓടിപ്പോയി.

പുറത്ത് രാത്രി കനത്തു തുടങ്ങിയിരുന്നു. അയാൾ പണിപ്പെട്ട് ചിമ്മിനി വിളക്കു കത്തിച്ചു. വിളക്കിന്റെ കറുത്തപുകയുടെ നാട മുകളിലേയ് ക്കുയർന്നു കൊണ്ടിരുന്നു.

കുറേക്കാലത്തിനുശേഷം പാർട്ടി അധികാരത്തിൽ വന്നതിന്റെ സ്വീകരണ യോഗമോ വിശദീകരണ യോഗമോ ആണ്. മൈ ക്കിലൂടെ കെ. പി. എ. സി. യുടെ വിപ്ലവ ഗാനങ്ങൾ.


തന്റെ സമകാലീനരായിരുന്ന പാർട്ടി സഖാക്കളെക്കുറിച്ച് ചിന്തിച്ചപ്പോൾ സഖാവ് ദാക്ഷാംഗദന്റെ കണ്ണു നിറഞ്ഞു. ഒരു വല്ലാത്ത അസ്വസ്ഥത.

ഏറെ നേരം അങ്ങനെ കട്ടിലിൽ നീണ്ടു നിവർന്നു കിടന്നു, അയാൾ. പിന്നെ ഒരു കാലു കൊണ്ട് ടീപ്പോവിൽ വെച്ചിരുന്ന ചിമ്മിനി വിളക്ക് തട്ടിമാറ്റി. നവലോകവാദത്തിലേയ്ക്കും ലഘു ലേഖകളിലേയ്ക്കും പാർട്ടി പ്രസിദ്ധീകരണ ങ്ങളിലേയ്ക്കും മണ്ണെണ്ണയും, തീയും പടർന്നു.

ആസുരമായ ചൂടിൽ സഖാവ് ദാക്ഷാംഗദൻ ഒരു ഗർഭസ്ഥശിശുവിനെപ്പോലെ ചുരുണ്ടു കിടന്നു.

●

# തിരുനന്തിക്കര ഗുഹാക്ഷേത്രം



കുലശേഖരത്ത് നിന്ന് പേച്ചിപ്പാറ റോഡിൽ 5 കി. മീ. യാത്ര ചെയ്യു മ്പോൾ കാണപ്പെടുന്ന അതിപുരാത നമായ ക്ഷേത്രമാണ് തിരുനന്തിക്കര ഗുഹാക്ഷേത്രം. ഒറ്റപ്പാറ തുരന്നു ണ്ടാക്കിയിട്ടുള്ള ക്ഷേത്രമാണിത്. ഇതിന് 15 അടി നീളവും 8 അടി വീതിയുമുണ്ട്. ജൈനമത സന്യാസി മാരുടെ കേന്ദ്രമായിരുന്ന ഈ ക്ഷേത്രത്തിൽ 9-ാം നൂറ്റാണ്ടിൽ അവർ രേഖപ്പെടുത്തിയിട്ടുള്ള ശിലാ ലിഖിതങ്ങൾ കാണാം. രാജരാജ ചോളന്റെ കാലത്തെ ചില ശിലാ ശാസനങ്ങളും ഇവിടെയുണ്ട്. ഇപ്പോൾ ഈ ക്ഷേത്രം പുരാവസ്തു ഗവേഷണ വിഭാഗത്തിന്റെ സംരക്ഷ ണയിലാണ്.


# നായകന്മാർക്ക് വിസ്മൃതിയുടെ സ്മാരകങ്ങൾ

**ടി. രാമാനന്ദകുമാർ**


അംശി നാരായണപിള്ള മരിച്ചപ്പോൾ മുൻമുഖ്യ മന്ത്രി സി. അച്യുതമേനോൻ ഇങ്ങനെ എഴുതി: "തൃശൂരിൽ പഠിക്കുന്ന കാലത്ത് ഗാന്ധിസാഹിത്യവും മറ്റും വിറ്റിരുന്ന അംശി നാരായണ പിള്ളയെ ഞാൻ കണ്ടിട്ടുണ്ട്. സ്വാതന്ത്ര്യ സമര ഭടനായ അംശി ഇതേ വരെ ജീവിച്ചിരുന്നുവെന്ന് ഞാനറിയുന്നത് അദ്ദേഹത്തിന്റെ മരണ വിവരം കേട്ടപ്പോഴാണ്. 'വരിക വരിക സഹജരേ' എന്ന സ്വാതന്ത്ര്യ സമര ഗാനത്തിന്റെ രചയിതാവ് അംശിനാരായണ പിള്ള രാഷ്ട്രീയത്തിൽ നിന്ന് സ്വയം വിരമിച്ചതു പോലെ പലരുടെ ഓർമ്മയിൽ നിന്നും മാറിയിരുന്നു. കന്യാകുമാരി ജില്ലയിൽ നിന്ന് രാഷ്ട്രീയ സാംസ്ക്കാരിക സാഹിത്യ രംഗത്ത് ലബ്ധ പ്രതിഷ്ഠ നേടിയ പലരുടെയും ചിത്രം ഇതിൽ നിന്നും വ്യത്യസ്ഥമല്ല. ഓർമ്മയുടെ പരകോടിയിൽ പോലും തെളിയാത്തതായി പ്രമുഖരിൽ പലരും ഇനിയുമുണ്ട്."

'പ്രസൂന ചരമം' എന്ന ലഘുഖണ്ഡ കാവ്യത്തിന്റെ രചയിതാവായി അറിയപ്പെടുന്നത്. കുഴിത്തുറ സി. എം. അയ്യപ്പൻ പിള്ളയാണ്. വീണപൂവിന്റെ രചനക്കാലത്തിന് മുൻപ് സമാന ആശയമുള്ള ഒരു കൃതിയുടെ രചയിതാവായാണ് അദ്ദേഹത്തെ സാഹിത്യ ലോകം വിലയിരുത്തുന്നത്. അയ്യപ്പൻ പിള്ളയെക്കുറിച്ചുള്ള അന്വേഷണം എങ്ങുമെത്തുകയില്ലെന്നതാണ് സത്യം. മലയാളത്തിൽ ആദ്യത്തെ വിജ്ഞാന കോശത്തിന്റെ അവകാശി കുഴിത്തുറക്കാരനായ ആർ. ഈശ്വര പിള്ളയായിരുന്നു. അപൂർണ്ണമെങ്കിലും മലയാളത്തിലെ ആദ്യ സംരംഭമായി ഇത് സാഹിത്യ രേഖകളിലുണ്ട്. തമിഴിൽ നിന്ന് വേറിട്ട് മലയാളത്തിൽ ഒരു നാടകം അവതരിപ്പിച്ചത് തിരുവട്ടാർ നാരായണ പിള്ളയായിരുന്നു. നവീനവിൽ പാട്ടിന് ചിതറാൽ ബാലൻപിള്ളയിൽ നിന്നാണ് ഇന്നത്തെ രൂപമുണ്ടായത്. ആദ്യ മലയാള ചിത്രത്തിന് നാഗർകോവിലിൽ ജെ. സി. ഡാനിയേൽ (വിഗതകുമാരൻ) രൂപം നല്കിയപ്പോൾ അതിലെ നടി റോസിയും നാഗർകോവിൽ സ്വദേശിയായിരുന്നു. (റോസിയുടെ ചിത്രം, മറ്റ് വിവരങ്ങൾ എന്നിവ ഇന്ന് ലഭ്യമല്ല.)


പിന്നീട് തിരുനയിനാർ കുറിച്ചി മാധവൻ നായർ കവിതാ ഗാനശാഖയിലും, തിക്കുറിശ്ശി സുകുമാരൻ നായർ സിനിമയിലും, കമുകറ പുരുഷോത്തമൻ പിന്നണി ഗാനരംഗത്തും ശ്രദ്ധേയരായി. തിരുനയിനാർ കുറിച്ചിയുടെ കൃതികൾക്ക് പിന്നീട് പതിപ്പുകൾ ഉണ്ടായിട്ടില്ല. തെക്കൻ കേരളത്തിൽ ആദ്യത്തെ കമ്യൂണിസ്റ്റ് ഗ്രൂപ്പിന്റെ സ്ഥാപകരിൽ പ്രമുഖൻ മാത്തൂർ താണുപിള്ളയായിരുന്നു. എൻ. സി. ശേഖർ,



ജെ. സി. ഡാനിയേൽ



പത്മശ്രീ തിക്കുറിശ്ശി സുകുമാരൻ നായർ



കമുകറ പുരുഷോത്തമൻ

പൊന്നറ ശ്രീധർ, എൻ. പി. ഗുരുക്കൾ എന്നിവർക്കൊപ്പം ഇങ്കിലാബിന്റെ ശബ്ദമുയർത്തിയ മാത്തൂർ താണുപിള്ള സ്വാതന്ത്ര്യ ലബ്ധിക്ക് പിന്നാലെ അന്തരിച്ചു. അദ്ദേഹത്തെ നവീന രാഷ്ട്രീയ രംഗത്തെ എത്രപേർ ഓർമിക്കുന്നുണ്ടാകും.?

തിരുവിതാംകൂറിലെ സ്വദേശി ദിവാൻമാരിൽ അധികവും കന്യാകുമാരി ജില്ലയിലെ മലയാളികളായിരുന്നു. ദേശഭക്തി, ജോലിയോടുള്ള കൂറ്, ആത്മാർത്ഥത എന്നിവയായിരുന്നു.അവരെ രാജാക്കൻമാരുടെ വിശ്വസ്തരാക്കിയത്. ശമ്പളത്തിൽ നിന്ന് ചെലവ് കഴിച്ചുള്ള തുക ഖജനാവിൽ തിരിച്ചടച്ച മാതൃക രാജാകേശവദാസന്റേതായിരുന്നു. വലിയ ദിവാൻജി പട്ടം നൽകി അദ്ദേഹത്തെ ആദരിച്ചെങ്കിലും ജയിൽവാസവും ദാരുണമായ അന്ത്യവുമായിരുന്നു അദ്ദേഹത്തിന് ഉണ്ടായത്. നന്ദികേടിന്റെ നാൾവഴികൾ വലിയ ദിവാൻജിക്ക് കന്യാകുമാരി മണ്ണും നൽകാതിരുന്നിട്ടില്ല.

കേരളീയ കലയുടെയും സാഹിത്യത്തിന്റെയും സംഗമ ഭൂമിയായിരുന്നു കന്യകുമാരി മണ്ണ്. അതും നഷ്ടമാവുകയാണ്. കഥകളിയെ സംബന്ധിച്ച് നീലേശ്വരം മുതൽ പത്മനാഭപുരം വരെ എന്നാണ് അതിർത്തി നിശ്ചയിച്ചിരിക്കുന്നത്. ആ അതിർത്തികളിയിക്കാവിളയ്ക്ക് അപ്പുറത്തേക്ക് ചുരുങ്ങുകയാണ്. ഓട്ടൻ തുള്ളലിനും ഇതാണ് അവസ്ഥ. കൂടിയാട്ടത്തിന്റെ മിഴാവ് ചില ക്ഷേത്രങ്ങളിൽ ഇപ്പോഴുമുണ്ട്.-ഒരു സ്മാരകമല്ലെങ്കിലും ഓർമ്മപ്പെടുത്തുന്നതു പോലെ. നാടകരചയിതാവല്ലെന്നും പത്മാനഭപുരത്തെ സുഹൃത്തുക്കൾക്ക് വേണ്ടിയാണ് ആദ്യമായി നാടകമെഴുതിയതെന്നും ശതാഭിഷേകത്തിന്റെ മുഖവുരയിൽ കവി. എസ്. രമേശൻ നായർ പറയുന്നുണ്ട്. ആ നാടകപാരമ്പര്യം ഇന്ന് അന്യമായിരിക്കുകയാണ്.

മലയാളഭാഷയ്ക്കും കന്യാകുമാരി മണ്ണിന്റെ സംഭാവന ചെറുതല്ല. ഭാഷയുടെ ആദിമ രൂപം കണ്ടത് ഈ മണ്ണിലാണ്. പ്രസിദ്ധമായ തിരുവിടയ്ക്കോട് ശാസനത്തിൽ മലയാളഭാഷയുടെ വികസിത രൂപം ഉണ്ടെന്ന് പണ്ഡിതൻമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയിലും ഗ്രാമീണമെങ്കിലും പത്മനാഭപുരത്തെ ഭാഷ കടന്നു കൂടിയിട്ടുണ്ട്. രണ്ടാം ദിവസത്തെ 'അലസതാ വിലസിതം' പദത്തിൽ ചില പ്രത്യയങ്ങൾ പത്മനാഭപുരത്ത് താമസിച്ച കാലത്ത് ഇവിടത്തെ ഭാഷ ഉണ്ണായിയെ സ്വാധീനിച്ചതിന് തെളിവാണെന്ന് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള ചൂണ്ടി ക്കാണിച്ചിരുന്നു. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളിൽ ദേവി കന്യാകുമാരി, ശുചീന്ദ്രനാഥൻ, തിരുവട്ടാർ ആദികേശവൻ, തൃപ്പരപ്പിലെ ശിവൻ എന്നിവ ദേവതാസ്തുതികളിൽ ആവർത്തിച്ച് വരുന്നതും ഈ മണ്ണിനോട് ജനകീയ കവിയ്ക്കുണ്ടായിരുന്ന സ്നേഹാദരവുകളുടെ തെളിവാണ്. ഭാസ കവിയുടെ നാടകങ്ങൾ കണ്ടെത്തിയത് മണലിക്കര മഠത്തിൽ നിന്നായിരുന്നു. ഇത്രയും സാംസ്ക്കാരിക പരമ്പര്യം നിലനിന്ന മണ്ണിൽ മലയാളവും സംസ്ക്കാരവും അനാഥത്വം നേരിടുകയാണ്. മലയാളികൾ ഇല്ലാത്തതിനാലല്ല ഇതെന്ന് പറയാം. ഉണ്ടായതുകൊണ്ടാണെന്ന് കൂട്ടിച്ചേർക്കേണ്ടി വരും.

മനുഷ്യനും മരത്തിനും വേര് മണ്ണിലാണെന്ന് കരുതിയവരായിരുന്നു മുമ്പേ പോയവരിൽ പലരും. ചരിത്രത്തിലെ വേലുത്തമ്പി മുതൽ ഒടുവിൽ പോയ കമുകറ വരേയ്ക്കും അത് ശരിയാണെന്ന് കാണാം. അതല്ലെങ്കിൽ കന്യാകുമാരി ജില്ലയിലെ ഓണം കേറാമൂലകളിൽ താമസിച്ചവർ പേരിന് മുന്നിൽ ആ സ്ഥാനനാമം ഭൂഷണമായി ചേർക്കുകയില്ലെന്നായിരുന്നു. സ്വന്തം മണ്ണിനോടുള്ള കൂറും ആ മണ്ണ് നൽകിയ പാരമ്പര്യവും കടപ്പാടോടു കൂടി അവർ ഓർത്തിട്ടുണ്ടാകണം. സാംസ്ക്കാരിക സഞ്ചയത്തിൽ നമ്മൾ എഴുതിച്ചേർത്ത ആ പേരുകളെ ഓർമ്മിക്കാനോ അംഗീകരിക്കാനോ പിന്നീട് വന്നവർ തയ്യാറായിട്ടുണ്ടോ? സംശയമാണ്.

സമ്പന്നമായ ആ പാരമ്പര്യത്തിന്റെ കണ്ണി മുറിയുന്നില്ല, തുടരുകയാണ് പലരിലൂടേയും. മലയാളം മറക്കുന്ന മണ്ണിൽ നിന്ന് കേരളത്തിലേക്ക് പോയവരിലാണ് ഇപ്പോൾ കന്യാകുമാരിയുടെ പെരുമ അവശേഷിക്കുന്നത്. ഈ മണ്ണിലും സർഗപുളകപ്പൊടിപ്പുകൾ ഉണ്ടാകുന്നുണ്ട്. യശ്ശശരീരനായ ആർഷഭൂമി സോമശേഖരൻ നായർ, തമിഴിൽ എഴുതുന്ന തോപ്പിൽ മുഹമ്മദ് മീരാൻ, ജയമോഹൻ, പ്രശസ്ത കവി എസ്. രമേശൻ നായർ ഡോ. തിക്കുറിശ്ശി ഗംഗാധരൻ, കെ. വി. മണലിക്കര, കെ. വി തിക്കുറിശ്ശി, ഗാനരചയിതാവ് തങ്കൻ തിരുവട്ടാർ നടൻ എം. ആർ. ഗോപകുമാർ, ഐ. എസ്. ആർ. ഒ ചെയർമാൻ ഡോ. മാധവൻ നായർ, പത്രപ്രവർത്തന രംഗത്തെ പ്രശസ്തരായ ടി. എൻ. ഗോപകുമാർ, ദി വീക്ക് ചീഫ് സബ് എഡിറ്റർ സി. സുജിത് ചന്ദ്രകുമാർ, മാതൃഭൂമി ചീഫ് സബ് എഡിറ്റർ ആർ. കെ. കുമാർ, ഗായകൻ കമുകറ ശ്രീകുമാർ, കവികളായ പാകോട് നാരായണ പിള്ള, വിശ്വൻ കൊല്ലംകോട്, തുമ്പകോട് ചന്ദ്രശേഖരൻ നായർ, കൊല്ലംകോട് ചിന്നത്തമ്പി........ ഇവരിലൂടെ കന്യാകുമാരിയിലെ മലയാളവും മധുരവും ഇന്നും നാടെങ്ങുമറിയുന്നു.

# യാത്രാമൊഴി



**കെ. വി. തിക്കുറിശ്ശി**

യാത്രചോദിക്കട്ടെ തോഴരെ, നിങ്ങളോ
ടാർദ്രനേത്രങ്ങളാൽ വിങ്ങും മനസ്സിനാൽ!
വാക്കുകൾ ഭാഷ മറക്കുന്നു, ചിന്തകൾ
തീക്കനലാകുന്നു, തോല്ക്കുന്നു സംയമം.
എന്തിനിച്ചൊല്ലുവാൻ! നാടകവേദിയി
ലന്തിമ രംഗവുമാടിക്കഴിഞ്ഞു ഞാൻ!
കാണികളൊക്കെപ്പിരിഞ്ഞതിൽപ്പിന്നെയും
കാണിനേരം പോലുമെന്തിനു നിൽക്കണം?
വേഷങ്ങളെല്ലാമഴിച്ചു വയ്ക്കാമിനി
വേദനയോടെ വിടപറയാമിനി

യാത്രചോദിക്കട്ടെ തോഴരെ, നിങ്ങളോ
ടാർദ്രനേത്രങ്ങളാൽ വിങ്ങും മനസ്സിനാൽ!

എന്തിനോ തങ്ങളിൽ സ്നേഹിച്ചു, പിന്നെ നാ
മെന്തിനോ തമ്മിൽക്കലഹിച്ചു, ദ്വേഷിച്ചു,
എന്തിനോ വീണ്ടുമിണങ്ങി, വിഷാദവും
സന്തുഷ്ടിയും പങ്കുവച്ചു പരസ്പരം
കാലപ്രവാഹത്തിലൊന്നുമറിയാതെ
യോലത്തുരുമ്പുകളായൊഴുകുന്നവ
രല്ലിനാ, മെല്ലാമദൃശ്യമേതോ കരം
മെല്ലെച്ചരടു വലിക്കും പ്രഹേളിക!
ഒന്നും പറയാതെയെല്ലാം പറഞ്ഞവ
രൊട്ടും ചിരിക്കാതെ പൊട്ടിച്ചിരിച്ചവർ,
അഗ്നിശൈലങ്ങളകത്തെരിയുമ്പോഴും
സ്വപ്നം കൊരുത്തുകൊരുത്തു നടപ്പവർ,
മന്ദഹാസത്തിൻ തെളിമയ്ക്കു പിന്നിലോ
സ്വന്തം ശവം ചുമക്കുന്നവർ, ജീവിതം
ലാഭനഷ്ടങ്ങളിൽക്കൂട്ടിക്കിഴിപ്പവർ,
സ്വാഭിമാനത്തെക്കുരുതി കൊടുപ്പവർ,
ആത്മാവിലെന്നും കുരിശുമായ് നില്പവ
രാകുന്നു നമ്മൾ, ഇതെല്ലാം പ്രഹേളിക!

യാത്രചോദിക്കട്ടെ തോഴരെ, നിങ്ങളോ
ടാർദ്രനേത്രങ്ങളാൽ വിങ്ങും മനസ്സിനാൽ!

ഈ വഴി വന്നു ഞാനിന്നലെയോർക്കാതെ,
യീവഴിയമ്പലം പ്രാപിച്ചു, നിങ്ങളെ
യൊട്ടൊട്ടറിഞ്ഞേൻ; ചിരകാല സൗഹൃദം
മൊട്ടിട്ടുനില്ക്കും വിചിത്ര സമാഗമം!
നാലുദിക്കിൽ നിന്നുവന്നവ, രെത്രയോ
നാളുകളൊന്നിച്ചു ചേർന്നു കഴിഞ്ഞവർ
ഇന്നു ഞാൻ നാളെ നീ, ഇന്നു ഞാൻ നാളെ നീ
യെന്ന മുറയ്ക്കു പിരിഞ്ഞകലുന്നതും
കണ്ടങ്ങിരിക്കവേ, യാ വിധിചക്രത്തി
ലിന്നെന്റെയൂഴവും വന്നതറിവൂ ഞാൻ!
ആവട്ടെ, യെല്ലാമൊരുങ്ങി, യിനി യാത്ര
യാവട്ടെയേതോ വിദൂര തീരങ്ങളിൽ
ഞാനൊരു ബിന്ദുവായ് മായവേ, നിങ്ങൾ തൻ
മാനസമെന്നെയെന്നെങ്കിലുമോർക്കുമോ?.
യാത്രചോദിക്കട്ടെ തോഴരെ, നിങ്ങളോ
ടാർദ്രനേത്രങ്ങളാൽ വിങ്ങും മനസ്സിനാൽ! •

# ആഘോഷങ്ങൾ




സ്വാതന്ത്ര്യദിന സെമിനാർ 2005



ഓണം 2005



ഓണസദ്യ 2005



ഓണക്കളി 2005




ഓണക്കളി 2005



സംയുക്ത ഓണാഘോഷം
(ബ്രദേഴ്സ് ക്ലബ്ബും മലയാള സമാജവും)

# രജതജൂബിലി സമ്മേളനം




വിശിഷ്ടാതിഥികൾ




കുരുന്നു പ്രതിഭകൾ ചുവടു വയ്ക്കുന്നു




HSC. മലയാളം, ജില്ലയിൽ ഒന്നാം സ്ഥാനം
നേടിയ ഐശ്വര്യ




SSLC. മലയാളം, ജില്ലയിൽ ഒന്നാം സ്ഥാനം
നേടിയ ജാസ്മിൻ പ്രിയ

(അവാർഡ് സമ്മാനിക്കുന്നത് വി. പി. മധുസൂദനൻ ഉപദേഷ്ടാവ്)



SSLC മലയാളം മാധ്യമം ജില്ലയിൽ
ഒന്നാം സ്ഥാനം നേടിയ സജു



സദസ്യർ

# NVKS TEACHERS TRAINING INSTITUTE

**Attoor, K.K. Dist.**

**Course Offered : Two years Teacher Training Course**


# NVKS HIGHER SECONDARY SCHOOL

**Attoor, Kanyakumari District**

**Ph: 04651-283125**

***LKG to Std X (CBSE) Std XI & XII State Syllabus***


**The School Offers excellent education for students from Kinder Garden to standard Twelve.**



**Our Specilality**

- **Computer Classes for all the students of the school**
- **Co-curricular Activities for all students**
- **Individual attention for all**
- **Bus facility is also available**
- **Residential accomodation for both boys and Girls**

# ഒമ്പതാം വാർഡ്



**പാകോടു നാരായണപിള്ള**

*(21.08.2000 ൽ മാതൃഭൂമി പത്രത്തിൽ വന്ന ഒൻപതാം വാർഡിന്റെ ഈ ചിത്രം കണ്ടിട്ട് കവിക്ക് തോന്നിയത്)*



വാർദ്ധക്യ ജീവിതനൊമ്പരത്തിൻ മുഖം
വാർത്തയിലൂടെയും ചിത്രത്തിലൂടെയും
കണ്ടു ഞാൻ, ഏറെക്കരഞ്ഞു, കലങ്ങിയ
കണ്ണേ മടങ്ങുക! നെഞ്ചിലൊതുക്കുക!
എൻ നോട്ടമൊമ്പതാം വാർഡിൻ വ്രണങ്ങളെ
പിന്നെയും കുത്തിനോവിക്കുന്നശാന്തമായ്!

വാർദ്ധക്യം, രോഗം, വിശപ്പു, വിവശത,
ദാരിദ്ര്യ ദുഃഖമനാഥത്വമിങ്ങനെ,
ജീവിത ക്ലേശങ്ങൾ തിന്നിട്ട കോതുകൾ
വാരിവലിച്ചങ്ങു കൂട്ടിക്കുമിച്ചിട്ടു,
നാറും ചെളിയിൽ നുരയ്ക്കും പുഴുക്കളായ്,
ജീവിതാന്ത്യത്തിന്നിരുട്ടത്തു തപ്പുമീ
മൂത്ത തലമുറക്കാരിവർ നമ്മുടെ
ധാർഷ്ട്യ വിഷം തീണ്ടി മൂർച്ഛിച്ചു വീണവർ.

കാഴ്ച നശിച്ചു, ചെവി പൊടിഞ്ഞോർമ്മതൻ
മൂർച്ച കുറഞ്ഞു, കരിഞ്ഞ കാഷ്ഠങ്ങളായ്,
മൂത്രപുരീഷങ്ങൾ മാറ്റാതെ, നാറുന്ന
കൂട്ടിലടച്ചിട്ട കാഴ്ച ജന്തുക്കളായ്,
ഈച്ച കൊതുകിന്നുമിഷ്ടഭോജ്യങ്ങളായ്
പൂച്ചയ്ക്കു പട്ടിക്കു മുറ്റബന്ധുക്കളായ്,
ആട്ടിനും തുപ്പിനുമാകെ ശരവ്യമായ്,
കൂട്ടി മൂലയ്ക്കിട്ട ചപ്പും ചവറുമായ്,
തൻമേനിമേൽപ്പറ്റു മീച്ചയെയാട്ടുവാൻ
തന്നെക്കടിക്കുമുറുമ്പിനെ മാറ്റുവാൻ
കൈയ്യൊന്നനക്കി സ്വയം മെയ്യുകാക്കുവാൻ
വയ്യാത്ത ദൈന്യത തൻപഴഞ്ചാക്കുകൾ.

ഈറൻ തറയിൽ ഞരങ്ങിപ്പിറുപിറു
ത്താരെന്നുമെന്തെന്നു മേതുമോരാതവർ.
മുണ്ടില്ലരയിൽ കരിന്തുണിത്തുണ്ടുകൾ
രണ്ടുനാലങ്ങിങ്ങു മേവുന്നനാഥമായ്
എന്തിന്നുഴവുമാടല്ലിവർ, കേവലം
ഇന്നിമേലാർക്കുമേ വേണ്ടാത്ത ചണ്ടികൾ.

നമ്മളെ നമ്മൾ ഭരിപ്പാൻ തുടങ്ങിയി
ട്ടൻപതിലേറെ വർഷങ്ങൾ കടന്നു പോയ്.
നാട്ടിന്റെ സേവനം വോട്ടിന്റെ മൂല്യത്തിൽ
കൂട്ടിക്കുറച്ചങ്ങു തൂക്കി നോക്കുന്നു നാം.
നാനാവിധത്തിലും നാട്ടിൽ പുരോഗതി
ഏറെക്കുമിഞ്ഞതായ് കൂവിത്തിമിർപ്പു നാം

ഒമ്പതാം വാർഡുകളിന്നേതുദേശത്തു
മുണ്ടതിൻ ഫോട്ടോ എടുപ്പതില്ലത്രതാൻ.
ഈ വൃദ്ധജീവികളിക്കോലമാകുവാൻ
കാണിച്ച മാപ്പെഴാ പാതകമെന്തുവാൻ?
ഇല്ലേ ഇവർക്കൊരു മോചനമിന്നിയും?
കൊല്ലുവാൻ, ചാകുവാൻ, ചട്ടങ്ങളില്ലയോ?
ജീവിതാന്ത്യത്തിൻ നിമിഷങ്ങളെണ്ണുമീ
പ്പാവങ്ങളെ, ച്ചെളിക്കുണ്ടിൽ കിടത്താതെ
നേരേ കിടന്നുമരിക്കുവാൻ കട്ടിലും
നാണം മറയ്ക്കാൻ തുണിയും കുളിർ കൊണ്ടു
ദേഹം വിറയ്ക്കുന്ന നേരം പുതയ്ക്കുവാൻ
ഈറനില്ലാത്ത പുതപ്പു, കുപ്പായവും
കാളും വിശപ്പടക്കീടുവാൻ കഞ്ഞിയും
വേദനയ്ക്കൊട്ടുമരുന്നുകൾ വല്ലതും
ആശ്വാസമാർന്നൊരു സാന്ത്വനവാക്കുപി-
ന്നാത്മാവു ദാഹിക്കുമിത്തിരി സ്നേഹവും
ഏകുവാനാകാത്ത നാടെന്റെ നാടെന്നു
നാണമാർന്നെൻ തലതാഴുന്നു പിന്നെയും.

ശുഭാശംസകൾ .........

# മഹാലക്ഷ്മി ഇൻഡസ്ട്രീസ്

പുത്തൻചന്ത

ഫോൺ : 260964



സുപ്രസിദ്ധമായ

**മഹാലക്ഷ്മി വെറ്റ് ഗ്രൈൻഡർ**

നിർമ്മാതാക്കൾ



***Head Office***

**No. 42, Kannaki Street,**
**Awai Nagar, Choolaimedu**
**Chennai - 94**
**Phone 23612562**

**Prop: Ramakrishnan**

***Compliments from ...............***



**P. Stephan Mathew**

**Manager,**
**Velimalai Estate**

# പി. കുഞ്ഞിരാമൻ നായർ



## മലയാളത്തിന്റെ മഹാകവി

**സൗമ്യകൃഷ്ണ .ആർ.**
(മലയാള വിഭാഗം, വി.റ്റി.എം. കോളേജ് ഓഫ് ആർട്സ് & സയൻസ്, അരുമന)

**2006 ഒക്ടോബർ 25 മഹാകവി പി യുടെ ജൻമശതാബ്ദിയാണ്**



ആർഷസംസ്കാരത്തിന്റെ അന്തസ്സത്ത സ്വന്തം ആത്മാവിലുൾക്കൊണ്ട മലയാളത്തിന്റെ മഹാകവിയാണ് പി. കുഞ്ഞിരാമൻ നായർ. കേരളത്തിന്റെ പൈതൃക മൂല്യങ്ങളെയും മനോഹര പ്രകൃതിയെയും ഗ്രാമീണ ജീവിതത്തെയും അവയുടെ അനന്തവൈചിത്ര്യത്തോടെയും അപൂർവ്വ ചാരുതയോടെയും അദ്ദേഹം പകർത്തുകയുണ്ടായി. നമ്മുടെ പൂർവ്വ സംസ്ക്കാരത്തിന്റെ മഹത്വത്തെ എത്ര വർണ്ണിച്ചാലും അദ്ദേഹത്തിന് മതിവരില്ല. എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന പാരമ്പര്യാംശങ്ങളെ കുറിച്ചുള്ള പരിദേവനമാണ് അദ്ദേഹത്തിന്റെ മിക്ക കവിതകളുടെയും അന്തർഭാവമായി വർത്തിക്കുന്നത്. ആ നഷ്ടബോധവും അമർഷവും ഐശ്വര്യപൂർണ്ണമായ ഒരു പഴയ കാലത്തിലേയ്ക്കാണ് അദ്ദേഹത്തെ കൊണ്ടെത്തിച്ചത്. ആ സുവർണ്ണകാലത്തെ പുനഃസൃഷ്ടിക്കാനുള്ള യത്നവും അത് അനശ്വരമായി നിലനിർത്താനുള്ള ആഗ്രഹവും ഭാവിയിൽ എന്നെങ്കിലും അക്കാലം തിരിച്ചെത്തുമെന്നുള്ള പ്രതീക്ഷയും ആ കാവ്യപ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്നു. കേരളത്തിലെ പൂർവ്വകാല സമ്പദ്സമൃദ്ധിയെയും സാംസ്ക്കാരികോന്നമനത്തെയുമെല്ലാം ആവിഷ്ക്കരിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ കവിതകൾ തികച്ചും ഗ്രാമീണ നാടോടി ജീവിതത്തിന്റെ, അവയുടെ കൂട്ടായ്മയുടെ, സമ്പൂർണ്ണ ചിത്രമാണ് കാഴ്ച വയ്ക്കുന്നത്.

അതിവിപുലവും വിശാലവുമായ സാഹിത്യ ലോകമാണ് പി. മലയാള ഭാഷയ്ക്ക് നൽകിയത്. കവിതകൾ, നാടകങ്ങൾ, കഥകൾ, ലേഖനങ്ങൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ, ബാലസാഹിത്യ കൃതികൾ എന്നിങ്ങനെ നൂറ്റി ഇരുപതിലധികം രചനകൾ അദ്ദേഹം നിർവ്വഹിച്ചു. കേരളത്തിലെ പ്രാക്തന വിശ്വാസങ്ങളും ആചാരങ്ങളും ജീവിത രീതിയും സാംസ്ക്കാരിക പാരമ്പര്യങ്ങളും ഭൂപ്രകൃതിയും തുറന്നു കാട്ടുന്ന കണ്ണാടിയാണ് അദ്ദേഹത്തിന്റെ സൃഷ്ടികളെല്ലാം തന്നെ. അതുകൊണ്ടാണ് പ്രശസ്ത സാഹിത്യവിമർശകയായ ഡോ. എം. ലീലാവതി പി. യുടെ ഭാവനയാകുന്ന കാലിഡോസ്കോപ്പ് കുലുക്കിയാൽ കിട്ടുന്ന ഭാവചിത്രങ്ങളെല്ലാം കേരളീയതയുടെ മുദ്ര പതിഞ്ഞവയാണെന്ന് അഭിപ്രായപ്പെട്ടത്.

പി. യ്ക്ക് കവിതയും ജീവിതവും അനന്തമായ ഒരന്വേഷണമായിരുന്നു, രണ്ടും ഒന്നായിരുന്നു. കവിതയെ കാമിനിയായും സഖിയായും ഗ്രാമീണ യുവതിയായും സൗന്ദര്യ ദേവതയായും നിത്യകന്യകയായും അദ്ദേഹം അവതരിപ്പിച്ചു. കാമിനിയെ കവിതയായി ദർശിക്കുകയെന്നതും അദ്ദേഹത്തിന്റെ സവിശേഷതയാണ്. കവിതയെയും സ്ത്രീയെയും പോലെ തന്നെ പി. യെ ആഴത്തിൽ സ്വാധീനിച്ച മറ്റൊരു ചൈതന്യമാണ് പ്രകൃതി. തന്റെ കാവ്യ ജീവിതത്തിന്റെ ആധാരശില പ്രകൃതിയാണെന്ന് കവി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രകൃതി നഗരങ്ങളിലല്ല, നാട്ടിൻപുറങ്ങളിലാണെന്ന് അദ്ദേഹം വിശ്വസിച്ചു. 'തപോവനം', 'പുള്ളുവപ്പെൺകൊടി,' 'സമാധാനം', 'അന്നത്തെ നാടകം', 'സന്ധ്യ', 'പാതിരാചന്ദ്രൻ' തുടങ്ങി അദ്ദേഹത്തിന്റെ നിരവധി കവിതകളിൽ പ്രകൃതിയുടെ സുന്ദര ചിത്രീകരണങ്ങളുണ്ട്.

പ്രകൃത്യാരാധകനും സൗന്ദര്യാസ്വാദകനുമായ പി. ദേശാഭിമാനം ജ്വലിച്ചു നിൽക്കുന്ന നിരവധി കവിതകളും രചിക്കുകയുണ്ടായി. സ്വന്തം നാടിന്റെ

പൈതൃകമൂല്യങ്ങളും ഭാഷയും തനിമയുമെല്ലാം വിദേശ ശക്തികൾക്ക് വിധേയമാകുന്നതിനെതിരെ അദ്ദേഹം ശബ്ദമുയർത്തി. മെക്കാളെയുടെ മകൾ, കാളിദാസന്റെ പെറ്റമ്മ, ഗാമയുടെ കപ്പൽ, ആ മലനാടൻ മങ്കമാർ, കീർത്തിമുദ്ര തുടങ്ങി പല രചനകളിലും ഈ പ്രതിഷേധം പൂർണ്ണമായോ ഭാഗികമായോ ആവിഷ്കൃതമാകുന്നു. സ്വാതന്ത്ര്യ സമരകാലത്ത് ഇവിടെ പടർന്നു പിടിച്ച ദാരിദ്ര്യത്തെ പരാമർശിക്കുന്ന 'കേരളത്തിന്റെ കണ്ണുനീർ', സ്വരാജ്യ സ്നേഹം അസ്തമിച്ച മനുഷ്യരെയും മലനാടിനെയും വിവരിക്കുന്ന 'പുകയുന്ന തറവാട്", 'കവിയുടെ കണ്ണുനീർ', സ്വാതന്ത്ര്യപ്പുലരി പൊങ്ങി വന്നിട്ടും സംസ്ക്കാരം കൈമോശം വന്ന രാഷ്ട്രത്തെക്കുറിച്ചോർത്ത് വിലപിക്കുന്ന 'കുറവന്റെ വിളി'. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്യുന്ന 'മൂശ മാറ്റുക' എന്നീ കവിതകളിലെല്ലാം അദ്ദേഹത്തിന്റെ ഉന്നതമായ മാതൃ രാജ്യസ്നേഹവും സ്വാതന്ത്ര്യാഭിവാഞ്ചയും മുഴങ്ങി കേൾക്കുന്നു. കേരളസംസ്ക്കാരത്തിന്റെ അനശ്വര പ്രതീകമായ കൃഷിയും കവിയുടെ സ്വന്തം പ്രതിനിധിയായ 'കൃഷിക്കാരന്റെ പാട്ടും' അക്കൂട്ടത്തിൽ ശ്രദ്ധേയമാണ്.

**_നൂറ്റി ഇരുപതിലധികം രചനകൾക്ക് അദ്ദേഹം ജൻമം നൽകി. കേരളത്തിലെ പ്രാക്തന വിശ്വാസങ്ങളും ആചാരങ്ങളും ജീവിത രീതിയും സാംസ്ക്കാരിക പാരമ്പര്യങ്ങളും ഭൂപ്രകൃതിയും തുറന്നു കാട്ടുന്ന കണ്ണാടിയാണ് അദ്ദേഹത്തിന്റെ സൃഷ്ടികളെല്ലാം തന്നെ._**

പി.യുടെ കവിമനസ്സിനെ അഗാധമായി സ്വാധീനിച്ച പല പ്രമുഖ വ്യക്തികളെപ്പറ്റിയുള്ള രചനകളും ആ കാവ്യപ്രപഞ്ചത്തിൽ പ്രാധാന്യമർഹിക്കുന്നു. ഗാന്ധിജിയെ 'ഭാരതവീരനി'ലും ഭഗത്സിംഗിനെ 'തൂക്കുമര'ത്തിൽ എന്ന കവിതയിലും ആചാര്യവിനോബാഭവയെ 'സന്യാസിയുടെ പാട്ടി'ലും സഞ്ജയനെ ശേഷക്രിയയിലും ചങ്ങമ്പുഴയെ 'കവിയുടെ കണ്ണുകളിലും' അദ്ദേഹം പ്രകീർത്തിച്ചു.

പുരാണേതിഹാസങ്ങൾ പ്രമേയമാക്കി കാവ്യത്തിന്റെ ഇതിവൃത്തത്തിന് കാലികമായ വ്യാഖ്യാനം നൽകി ഒട്ടേറെ കവിതകൾ പി. അവതരിപ്പിച്ചിട്ടുണ്ട്. സമൂഹത്തിന്റെ അബോധമനസ്സിൽ അന്തർലീനമായ പൗരാണിക ബിംബങ്ങളെയും ആദിരൂപങ്ങളെയും ഐതിഹ്യപുരാവൃത്തങ്ങളെയുമെല്ലാം അദ്ദേഹം ഉപാദാനങ്ങളായി സ്വീകരിച്ചു. അവയെ സമകാലിക ജീവിതവുമായി ഇണക്കിച്ചേർത്ത് പുതിയ അർത്ഥഭാവതലങ്ങൾ സൃഷ്ടിക്കാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. ദാരികനും കാളിയും, ഗജേന്ദ്രമോക്ഷം, ശിവതാണ്ഡവം, പുതിയ രാമായണം, ആകാശഗംഗ തുടങ്ങിയ കവിതകൾ ഉദാഹരണമായി പറയാം. മാതൃഭൂമിയുടെ പരമാധികാരത്തെ വിദേശ ശക്തികൾ ചോദ്യം ചെയ്ത സന്ദർഭത്തിൽ കർമ്മശേഷി നഷ്ടമായ ഭാരതീയർക്ക് വീര്യം പകർന്നു നൽകാനായി രചിച്ച നരബലി അദ്ദേഹത്തിന്റെ മികച്ച കവിതകളിലൊന്നാണ്. ദേശാഭിമാനത്തിന്റെ പ്രതീകമായാണ് കാളി ഇതിൽ പ്രത്യക്ഷപ്പെടുന്നത്.

സാമൂഹിക നിരൂപണത്തിന്റെ ഉജ്ജ്വലമായ മാതൃകകളാണ് പി. യുടെ താററാവിന്റെ ജിജ്ഞ, മൂത്ത മൂശാരിയോട് എന്നീ കവിതകൾ. പ്രമേയം കൊണ്ടും പ്രതിപാനം കൊണ്ടും വ്യത്യസ്തമായ കവിതകളാണ് കളിയച്ഛൻ. നവരസപരമ്പരകൾ ഇടവിടാതെ മിന്നിമറയുന്ന ജീവിതത്തെ അരങ്ങായും ആ അരങ്ങിൽ ആടിത്തിമിർക്കുന്ന മനുഷ്യനെ കഥകളി നടനായും ആ മനുഷ്യനെ അണിയറയിൽ ഇരുന്ന് നിയന്ത്രിക്കുന്ന ദൈവത്തെ ഗുരുവായും അവതരിപ്പിക്കുന്നു. ഈ കൃതി മലയാളത്തിലെ മികച്ച പ്രതീകാത്മക കവിതകളിലൊന്നാണ്. സ്വന്തം അനുഭവത്തിന്റെ ചൂടും ചൈതന്യവും പകരുന്ന 'കളിയച്ഛൻ' മാനസികാപഗ്രഥനപരവുമാണ്.

കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ അഭിമാനം കൊള്ളുകയും ആനന്ദിക്കുകയും ചെയ്യുന്ന കവി വിഷു, തിരുവാതിര, തിരുവോണം തുടങ്ങിയ തനതായ ഉത്സവങ്ങളെക്കുറിച്ച് ആവർത്തിച്ചു പാടിയിട്ടുണ്ട്. ഓരോ ഉത്സവവും അദ്ദേഹത്തിന് നവ്യമായ അനുഭൂതിയാണ് പകരുന്നത്. നിറഞ്ഞു നിൽക്കുന്ന കണിക്കൊന്നകളെയും മേടമാസത്തെയും കണികാണലിനെയും കൈനീട്ടത്തേയും പറ്റിയെല്ലാം അദ്ദേഹം പലവട്ടം വർണ്ണിച്ചിട്ടുണ്ട്. വിഷുക്കണി, കണികാണാൻ, വിഷുവേലനാൾ, വിഷുപ്പക്ഷിയുടെ പാട്ട് തുടങ്ങിയ കവിതകളിൽ കേരളീയരുടെ ആ പരമ്പരാഗത ഉത്സവത്തിന്റെ തിളക്കമേറിയ ആവിഷ്ക്കാരമാണുള്ളത്. അദ്ദേഹത്തെ ആകർഷിച്ച മറ്റൊരു ഉത്സവമാണ് ഞാറ്റുവേലയുമായെത്തുന്ന തിരുവാതിര. ആതിരനിലാവിൽ അന്നത്തെ തിരുവാതിര, പറന്നു പോയ പൂത്തിരുവാതിര എന്നിങ്ങനെ ധാരാളം കവിതകൾ

തിരുവാതിരയെ കുറിച്ചും അദ്ദേഹം എഴുതി.

മലയാളികളുടെ മഹോത്സവമായ തിരുവോണത്തെപ്പറ്റി എത്ര പാടിയാലും പി.യ്ക്ക് മതിവരില്ല. അത്രയേറെ ഓണക്കവിതകൾ അദ്ദേഹം രചിക്കുകയുണ്ടായി. ഓരോ ഓണവും അദ്ദേഹത്തിൽ ഉണർത്തിയ വൈയക്തികാനുഭവങ്ങൾ നിരവധിയാണ്. സർവ്വൈശ്യര്യങ്ങളും നിറഞ്ഞ ഭൂതകാലസ്മരണകളുണർത്തിക്കൊണ്ട് ആണ്ടുതോറും ചിങ്ങം വന്നെത്തുമ്പോൾ പി. യിൽ തീവ്രമായ നഷ്ടബോധമുണ്ടാകുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ മിക്ക ഓണക്കവിതകളിലും ഈ നഷ്ടസ്വർഗ്ഗത്തിന്റെ സ്വരം ഉയർന്നു കേൾക്കാം. 'മുങ്ങിക്കുളിച്ചില്ല', 'ഓണമുണ്ണാൻ', 'ഓണം കഴിഞ്ഞ്', 'പൊയ്പോയ പൊന്നോണം', 'കാട്ടുമുല്ലയുടെ പാട്ട്', 'മാഞ്ഞു മറഞ്ഞ പൂക്കാലം' എന്നിങ്ങനെയുള്ള ഒട്ടേറെ കവിതകളിൽ നഷ്ട സൗഭാഗ്യങ്ങളെപ്പറ്റിയുള്ള കവിയുടെ വിലാപമാണ് മുഴങ്ങുന്നത്. എന്നാൽ ഓണാഘോഷത്തിമിർപ്പുകളും ഓണക്കാല പ്രകൃതിയുടെ അതിഹൃദ്യമായ ചിത്രീകരണങ്ങളും നിറഞ്ഞുനിൽക്കുന്ന കവിതകളും അദ്ദേഹം രചിച്ചിട്ടുണ്ട്. 'ഓണക്കാഴ്ച', 'വെളിച്ചത്തിന്റെ കളി', 'മഞ്ഞക്കിളി', 'ഓണസദ്യ', 'ഓണപ്പൂവ്', 'പൊന്നോണക്കാലം' മുതലായവ ചില ഉദാഹരണങ്ങൾ മാത്രം.

ആയിരമായിരം കവികൾ ആയിരമായിരം കവിതകളിൽ പകർത്തിയാലും സൗന്ദര്യം പൂർണ്ണവും ചിത്രം അപൂർണ്ണവുമെന്ന് ഓണക്കവിതയെക്കുറിച്ച് പി. അഭിപ്രായപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ എല്ലാ കവിതകളും വായനക്കാർക്ക് പകർന്നു നൽകുന്ന അനുഭൂതിയും മറ്റൊന്നല്ല. ഓരോ തവണ ആസ്വദിക്കുമ്പോഴും നൂതന ഭാവാർത്ഥങ്ങളാണ് അക്കവിതകൾ പ്രകാശിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ അവ അനശ്വരങ്ങളാണ്; അവയുടെ രചയിതാവ് അമരനും. ●


# NARAYANAGURU COLLEGE OF ENGINEERING

MANJALUMOODU(P.O), (VIA)KUZHITHURAI, KANYAKUMARI DIST - 629 151.

*PH:04651-284500, 284200, 284445, FAX-284601, RES-04651-286500, 287587, VISIT-WWW.ngce.ac.in*

*(Approved byAICTE Affiliated toAnnaUniversity,Chennai.)*

1. B.E.COMPUTER SCIENCE & ENGG
2. B.E. ELECTRONICS & COMM ENGG
3. B.Tech.INFORMATION TECHNOLOGY
4. B.E.ELECTRICAL&ELECTRO ENGG
5. B.E. CIVIL ENGG
6. MBA *Subjected to approval and affliation

# SIDDHARTHA COLLEGE OF CATERING &HOTELMANAGEMENT

*(Approved by AICTE)*

First Institution in SouthIndia offering 4 year integrated B.HMCT Degree in Hotel Management and Catering Technology (with approval by AICTE. Only institution inTamilNadu, Kerala & Pondichery) Eligible qulification for admission pass in +2

*Other courses offered :* **One year Certificate course in the following**

**1. FOOD PRODUCTION**
**2. BAKERY AND CONFECTIONERY**
**3. FOOD & BEVERAGE SERVICES**

Eligible qulification for admission pass in SSLC

●Highly qualified, talented and experienced faculty ● Well stocked library, ●Most modern labs for Electronics, Micro Processor, Communication Radio Frequency, Physics, Chemistry and Electrical Machines Labs ●Well equipped Work Shop for six trades ● One P4 Computer with E-mail id for each student, Global quality labs in Catering College ● Very close to the neighbourhood towns: just a local call away from Trivandrum (37 Kms), Kuzhithurai (11 Kms), Karakkonam (6 Kms), Nagercoil (40 Kms), Neyyattinkara (15 Kms), Marthandam (12 Kms) ●Separate Hostels for Boys and Girls and very tasty & hygienic food ●Homely atmosphere, Air Conditioned Class Rooms ●Cool salubrious resort like location in a lush green rubber estate. ●Individual care and attention for each student ● College buses available to Trivandrum, Neyyattinkara, Kattakkada, Marthandam, Nagercoi, Thuckaly, Thagapattanam etc●Lower fee for higher marks ●All out efforts for placement of all studnets, Global jobs for B.HMCT students. B.HMCT highly recommended for those who are weak in Maths ●Ideal conditions for study.

## പ്രധാനപ്പെട്ട ചില ദേശീയ - അന്തർദേശീയ അവാർഡുകൾ

- **നോബൽ പ്രൈസ്**

ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവാർഡാണിത്. ആകെ 6 അവാർഡുകൾ ഇതിൽ ഉൾക്കൊള്ളുന്നു. താഴെ പറയുന്ന വിഷയങ്ങളിൽ/മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ഏറ്റവും വലിയ നേട്ടത്തിനാണ് പ്രൈസ്.

ഊർജ്ജതന്ത്രം, രസതന്ത്രം, ഫിസിയോളജി മെഡിസിൻ, സാഹിത്യം, അന്താരാഷ്ട്ര സമാധാനം, സാമ്പത്തിക ശാസ്ത്രം (1968 മുതൽ)

ആൽഫ്രെഡ് ബൺഹാർഡ് നോബൽ എന്ന സ്വീഡിഷ് പ്രഭു തന്റെ മരണപത്രം വഴി ലഭ്യമാക്കിയ തുകയുടെ പലിശ കൊണ്ട് സ്വീഡിഷ് അക്കാഡമിയാണ് പ്രൈസ് നൽകുന്നത്.

- **റമോൺ മാഗ്സോസെ അവാർഡ്**

1957 ൽ ഒരു വിമാനാപകടത്തിൽ മരണമടഞ്ഞ ഫിലിപ്പൈൻസ് പ്രസിഡന്റിന്റെ പേരിൽ ഏർപ്പെടുത്തി യതാണ് ഈ അവാർഡ്. റോക് ഫെല്ലർ സഹോദരൻ മാരും ചില സംഘടനകളും ചേർന്നാണ് ഇതിനാവശ്യ മായ തുക നൽകിയത്. സർക്കാർ സേവനം, പൊതുസേവനം, സാമൂഹ്യ നേതൃത്വം, പത്രപ്രവർത്തനം, സാഹിത്യം, കല, അന്താരാഷ്ട്ര സൗഹൃദം തുടങ്ങിയ മേഖലകളിൽ പ്രവർത്തിന്നവർക്കാണ് ഈ അവാർഡ് നൽകി വരുന്നത്. 10,000 ഡോളർ ആണ് അവാർഡ് തുക.

- **ഗാന്ധി പീസ് അവാർഡ്**

അന്താരാഷ്ട്ര സമാധാനത്തിനും സൻമനസ്സിനും വേണ്ടി പ്രവർത്തിക്കുന്നവർക്ക് നൽകാൻ മഹാത്മഗാന്ധിയുടെ പേരിൽ 1960 ൽ യു. എസ്. എ യിൽ Promoting Enduring Peace In Corporated എന്ന സ്ഥാപനമാണ് ഈ അവാർഡ് ഏർപ്പെടുത്തിയത്.

- **കലിംഗ പ്രൈസ്**

കലിംഗ പീസ് ഫൌണ്ടേഷൻ 1961 ൽ ഏർപ്പെടുത്തി. ശാസ്ത്ര പഠനത്തിലേർപ്പെട്ടവർക്കാണ് നൽകുക. വ്യവസായ പ്രമുഖനായ വിജയാനന്ദ് പട്നായിക്ക് നൽകിയ സംഭാവനത്തുകയുടെ പലിശ കൊണ്ടാണീ അവാർഡ് നൽകുന്നത്.

- **ജവഹർലാൽ നെഹ്റു അവാർഡ്**

അന്താരാഷ്ട്ര സൗഹൃദത്തിനും സമാധാനത്തിനും വേണ്ടി പ്രവർത്തിക്കുന്നവർക്ക്. 1964 ൽ ഏർപ്പെടുത്തി. ഒരു ലക്ഷം രൂപയാണ് സമാധാനമായി നൽകുന്നത്.

- **ജ്ഞാനപീഠം അവാർഡ്**

ഭാരതീയജ്ഞാനപീഠം 1963 ൽ ഏർപ്പെടുത്തി. ഒരു ലക്ഷം രൂപ. അംഗീകരിക്കപ്പെട്ട ഇന്ത്യൻ ഭാഷകളിലെ ഏറ്റവും നല്ല സാഹിത്യകൃതിക്ക് വർഷം തോറും നൽകുന്നു.


Estd: 1948

Phone : 260323

# SREE JAYASREE CHIT FUND

**Kuzhithurai - 629163,**
**K.K. Dist. Tamil Nadu**

**Founder**
**M. Kesava Panicker**

**Partners**
**K. Raveendran BSc. LLB**
**K. Jayasree Kumar**

# தமிழ் நாவல் போக்குகள்

ஜெயமோகனன்

ஒரு இலக்கிய வடிவம் எப்படி உருவாகிறது. அதன் முழுமையான இறுதி வடிவம் எது?

ஆர்வமூட்டும் இக்கேள்விகளுக்கு நம்மால் திட்டவட்டமான பதில்களை சொல்லிவிட முடியாது. சில கோணங்களில் இக்கேள்வியை பகுத்து ஆராயலாம். அப்போது இலக்கிய வடிவங்களைப் பற்றிய சில புரிதல்கள் நமக்கு உருவாகும்.,அவ்வளவு தான்.

சில பொதுவான மனப்பதிவுகளை சொல்கிறேன். 1. ஓர் இலக்கிய வடிவம் இன்னொன்றில் இருந்து தான் உருவாகி இருக்கும். அது அந்த முதல் வடிவத்தின் வளர்ச்சியடைந்த அல்லது கிளை பிரிந்த அல்லது திரிபடைந்த வடிவமாக இருக்கும். 2. ஓர் இலக்கிய வடிவம் ஒரு போதும் நிலையாக இருக்காது. இடைவிடாது வளர்ந்து மாறிய படியே இருக்கும். ஆகவே அதற்கு உச்சநிலை என்பது இல்லை. 3. எல்லா இலக்கிய வடிவங்களும் இன்னொரு வடிவமாக மாறியபடியே இருக்கின்றன. அதாவது நாம் காண்பது நதியின் ஒரு படித்துறையை. அங்கே தண்ணீர் வந்து சேர்ந்தபடியே இருக்கிறது. தண்ணீர் அங்கிருந்து சென்றபடியேயும் இருக்கிறது. அந்த படித்துறையில் நதி என்ற ஒன்று இருந்தாலும் அங்கே நிலையாக எதுவுமே இல்லை.

காவியம் என்ற வடிவம்

காவியம் என்ற வடிவத்தை எடுத்துக் கொள்ளலாம். பழங்குடி மரபில்உள்ள கதைப்பாடல்கள் (Ballad) என்ற வடிவமே காவியம் என்ற வடிவமாக வளர்ந்தது. வீரம், தியாகம், குலவரலாறு ஆகியவற்றை கதைப்பாடல்கள் பாடின. அவற்றுடன் தத்துவ நோக்கும் அழகியல் உணர்வும் கலந்த போது காவியம் உருவாயிற்று. காவியத்துக்கு இலக்கணம் வகுக்க நம் மரபில் பெரும் இலக்கண கர்த்தர்கள் முயன்றுள்ளனர். நால் வகை நிலம் பற்றிய சித்தரிப்பு, நால்வகை மெய்ப் பொருள்கள் (அறம் பொருள் இன்பம் வீடு) குறித்த தெளிவு, நற்குண நாயகன், நாயகி என்று பல வி'யங்கள்காவியத்துக்கு தேவை என்று கூறப்படுகிறது.

ஆனால் இவ்வாறு இலக்கண கர்த்தர்கள் வகுத்த இலக்கணப்படி எழுதப்படாத காவியங்களே மாபெரும் காவியங்களாக உள்ளன. காளிதாசனின் ரகுவம்சம் ஓர் உதாரணம். சீவகசிந்தாமணி இன்னொரு உதாரணம். இலக்கணங்களை கொஞ்சம் வளைத்துத் தான் இக்காவியங்களை ஏற்க வேண்டியிருக்கிறது. காவிய வடிவின் உச்சம் எது? கம்பராமாயணம் தமிழ் காவிய மரபின் உச்ச சாதனை. அதன் விரிவு முழுமை பிரம்மாண்டம் எல்லாமே மாபெரும் காவிய த்துக்கு உரியவை. ஆனால் நேரடியாக அச்சிட்டால் ஐம்பது பக்கம் கூட வராத சிலப்பதிகாரமும் பெருங்காவியமே. அப்படியானால் எது சிறந்த வடிவம்?

நாம் காவிய மரபை கூர்ந்து பார்த்தால் அதன் வடிவம் மாறியபடியே இருப்பதைக் காணலாம். கதைப் பாடலாக இருந்த காவியம் சிலப்பதிகாரத்தின் 'பாட்டு இடையிட்ட உரையுடை செய்யுள்' ஆக மாறியுள்ளது. அதன் வடிவம் இன்றைய நாவல்களை மிகவும் நெருங்கி வருகிறது. பெரியபுராணம் பல்வேறு கதைகளின் தொகுப்பாக உள்ளது. பாஞ்சாலி சபதம் காவியம் தான். ஆனால் அதை நாம் யாப்பில் எழுதப்பட்ட நாவல் என்று சொல்லலாம்.

ஆக நான் முன்னரே சொன்ன மூன்று இயல்புகளும் சரியாக பொருந்துகின்றன அல்லவா?

இதே விதிகள் தான் நாவலுக்கும், நாவல் காவியத்தில் இருந்து பிறந்தது. தொடர்ந்து மாறிக் கொண்டே இருக்கும் வடிவம் அதற்கு உள்ளது. அது இன்னொரு வடிவத்தை நோக்கிச் சென்று கொண்டிருக்கிறது.

நாவலும் காவியமும்

நாவல் காவியத்தின் நீட்சியாக உருவானது. வேதநாயகம் பிள்ளை, அ. மாதவையா போன்ற ஆரம்பகால நாவலாசிரியர்கள் எல்லாருமே ஒரு வி'யத்தை சொல்கிறார்கள். பெரும் காவியங்களை வாசிக்கும் கல்வி அறிவோ பொறுமையான வாழ்க்கையோ இல்லாதவர்களுக்காக தாங்கள் உரைநடையில் (மக்களின் பேச்சு நடையில் என்கிறார்கள் அவர்கள்) தங்கள் நூல்களை எழுதியிருப்பதாக சொல்கிறார்கள். நாவல் அல்லது புதினம் அல்லது நவீனம் என்ற பேரே இவ்வாறு உருவானது தான். அதாவது காவியம் பழைய வடிவம், நாவல் புதுமையானவடிவம். ஆரம்பகால நாவல்களில் பல காவியங்கள் கையாண்ட கருக்களையே கையாண்டன. புதிய கருக்கள் பிறகு தான் உருவாயின.

நாவலுக்கும் காவியத்துக்கும் இடையே உள்ள வேறுபாடு என்ன? மேலோட்டமாக நோக்கும்போது தெரிவது காவியம் செய்யுளில் இருக்கும், நாவல் உரைநடையில் இருக்கும் என்பது. ஆனால் உண்மையான வேறுபாடு, முக்கியமான வேறுபாடு இன்னொன்று உண்டு. காவியம் மரபிலிருந்து பெறப்பட்ட கருத்துக்களை வலியுறுத்தி சமூகத்தில் நிறுவும் பொருட்டு எழுதப்பட்டிருக்கும். நாவல் மரபில் இருந்து வரும் கருத்துக்களை மறுபரிசீலனை செய்யும் பொருட்டு எழுதப்பட்டிருக்கும்.

'உரைசால் பத்தினியை உயர்ந்தோர் ஏத்துதல்' ஐ முன் வைக்கும் சிலப்பதிகாரம் என்ன செய்கிறது? கற்பை வலியுறுத்துகிறது. ஜெயகாந்தனின் 'சில நேரங்களில் சில மனிதர்கள்' மற்றும் அதன் நீட்சிகளான 'சுந்தர காண்டம்' 'கங்கை எங்கே போகிறாள்' போன்ற நாவல்கள் கற்பு என்றால் என்ன என்று ஆராய்கின்றன. இந்த வேறுபாடு முக்கியமானது. அவனும் அவளும் என்று நாமக்கல் கவிஞர் ராமலிங்கம்பிள்ளை யாப்பில் ஒரு நாவல் ஏத்தியிருக்கிறார். அது யாப்பில் இருந்தாலும் காவியமல்ல நாவல் தான். காரணம் அது மரபை பரிசீலிக்கிறது.

நாவலின் இயல்புகள்

நாவல் என்ற சொல்லை நாம் இன்று மிகப் பொதுவாக பயன்படுத்துகிறோம். எல்லா நீளமான கதைகளையும் நாம் நாவல் என்கிறோம். இதில் தவறு இல்லை தான் ஆனால் நாம் நாவல் என்ற வடிவத்துக்கு இதுவரையிலான இலக்கியப் படைப்புகள் மூலம் ஒரு பொதுவான வடிவமும் சில தனித்தன்மைகளும் உருவாகி உள்ளது என்பதை புரிந்து கொள்ள வேண்டும். அதை அடிப்படையாக வைத்து நாவலை பல வகை வடிவங்களாக பிரித்து அணுக வேண்டும். அது நம் அழகியல் ரசனையை துல்லியப்படுத்திக் கொள்ள உதவும். நம் இலக்கிய வரலாற்று அணுகுமுறையை தெளிவும் படுத்தும்.

இதுவரை உலகின் முக்கிய நாவல்களாக அடையாளப்படுத்தப்பட்ட நாவல்களை வைத்து பார்த்தால் நாவலின் இயல்புகள் என்ன?

1. அது வாழ்க்கையை முழுமையாகச்சால்ல முயலும். புக்க அளவு முக்கியமல்ல. ஆனால் வாழ்க்கையின் முழுமை பற்றிய ஒரு சித்திரத்தை அது அளிக்கும். வாழ்க்கையின் ஒரு தளத்தை, ஒரு முகத்தை, அனுபவங்களின் சில தருணங்களை மட்டும் நம்பி அது செயல்படாது. ஒரு வி'யத்தை சொல்ல வந்தால் அதற்கு மறுதளங்களையும் சொல்லும். ஆகவே அது எளிய நேரடியான கதையாக இருக்காது. அதற்கு ஒரு சிக்கலான வடிவம் உருவாகி வரும்.

2. அது வாழ்க்கையைப் பற்றிய ஒரு ஆழமான அடிப்படையான கேள்வியை எழுப்பிக் கொண்டு வாழ்க்கையை அதற்கேற்ப சித்தரித்து விடை தேட முயலும். அது ஒரு விடையை கண்டடையலாம், கண்டடைய முடியாமலும் போகலாம். ஆனால் அடிப்படையான தேடல் இருக்கும். ஆகவே தான் நாவல் என்பது

தத்துவத்தின் கலை வடிவம் என்று சொல்லப்படுகிறது.

மேலே சொல்லப்பட்ட இரு இயல்புகளான பன்முகசித்தரிப்பு, அடிப்படைத் தேடல் இரண்டும் கொண்ட ஆக்கம் தான் சரியான நாவல் என்று சொல்லலாம். இப்படி பார்த்தால் தமிழில் முதல் நாவல் என்றால் அது க நா சுப்ரமணியத்தின் : 'பொய்த்தேவு' தான். அதன் பிறகு நீல பத்மநாபனின் தலைமுறைகள். பிறகு சுந்தர ராமசாமியின் 'ஒரு புளியமரத்தின் கதை'.

நாவலின்பல வடிவங்கள்

நாவலுக்கு உரிய அடிப்படை இயல்புகள் இல்லாவிட்டாலும் வேறு வகையில் முக்கியமான பல இலக்கிய ஆக்கங்கள் நமக்கு உள்ளன. அவை இலக்கிய ரீதியாக முக்கியமானவை தான். நீனமான கதையாக அவை இருப்பதனாலேயே அவை நாவல் என்று கருதப்படுகின்றன. அவற்றை நீளக்கதைகள் என்று பொதுவாகச் சொல்லலாம். இவற்றில் தி ஜானகிராமனின் 'மோகமுள்', 'செம்பருத்தி' 'மலர்மஞ்சம்' முதலியவை முக்கியமான உதாரணங்கள். நமது தொடர்கதைகள் எல்லாமே இவ்வகைப்பட்டவை.

இன்னொரு வகை நாவல்கள் உண்டு. இவை நீளம் காரணமாக நாவல் என்று கருதப்படுகின்றன. ஆனால் சிறுகதையின் இயல்புகள் இவற்றுக்கு இருக்கும். அதாவது நேரடியான ஒற்றை ஓடமாக கதை செல்லும். ஒரு உச்சப் புள்ளியில் கதை முடியும். குடைசியில் திருப்பமோ அல்லது முத்தாய்ப்போ இருக்கும். இவற்றை நாம் குறுநாவல்கள் (NOVELLA) என்று சொல்லலாம். ஓர் 'னண்முக சுந்தரத்தின் 'நாகம்மாள்', அசோகமித்திரனின் பதினெட்டாவது அட்சக்கோடு', தி ஜானகிராமனின் 'அம்மா வந்தாள்' போன்றவை முக்கியமானவை உதாரணங்கள்.

மூன்றாவது வகை உண்டு. இவற்றை நாம் உணர்ச்சிக் கதைகள் (romances) எனலாம். இவை காவியங்கள் போலவே ஒற்றைப்படையான உத்வேகத்தையும் மிகையான உணர்ச்சி வேகத்தையும் உருவாக்குபவை. சாகசம், தியாகம், காதல் போன்ற மரபான உணர்ச்சிகளை முன் வைப்பவை. கல்கி. சாண்டில்யன் நாவல்கள் இவற்றுக்கு உதாரணம். சரித்திர கதைகள் மட்டுமல்லாது கல்கியின் அலை ஓசை, சாண்டில்யனின் மனமோகம் போன்றவை கூட உணர்ச்சிக் கதைகளே.

இவ்வாறு பிரித்துக் கொள்வது நமக்கு உதவியானது.

நாவல் இன்று

சரி, நாவலின் சரியான வடிவம் என்ன? நான் ஏற்கனவே சொன்னது போல அப்படி ஒரு வடிவமே இல்லை. நாவலுக்கு நான் மேலே சொன்ன பொதுவான சில குணங்கள் உண்டு. அக்குணங்களை அடைய அது பல வகையான வடிவங்களை தொடர்ந்து கண்டுபிடித்து கையாள்கிறது. அவ்வடிவங்கள் மாறியபடியே உள்ளன. சுந்தர ராமசாமியின் ஜெ ஜெ சில குறிப்புகள் வெளி வந்த காலத்தில் முக்கியமான புதிய வடிவமாக இருந்தது. இன்று வேறு பல புதிய வடிவங்கள் வந்து விட்டன.

இதுவரை நாவலில் என்ன நடந்தது? இன்று உலகளாவிய தளத்தில் நாவலில் என்ன நடக்கிறது? அதை மட்டும் சுருக்கமான முறையில் இப்படி சொல்கிறேன்.

நாவல் தன்னுடைய தனித்துவத்தை அடைந்தது ' உள்ளது உள்ளபடி' சொல்ல அது முயல ஆரம்பித்த போது தான். அதாவது யதார்த்தவாதமே நாவலை உருவாக்கியது. தல்ஸ்த்தோய் தஸ்தயேவ்ஸ்கி கெர்மன் மெல்வில் தாம்ஸ் கார்டி பால்சாக் முதலிய முக்கிய முதல் கட்ட நாவலாசிரியர்கள் யதார்த்தமாக எழுத ஆரம்பித்து அதன் வழியாகவே நாவலை வடிவமைத்தார்கள். முதலில் காவியங்கள் காட்டிய அதே உயர்தள வாழ்க்கையின் யதார்த்தமான தளத்தை காட்ட நாவலாசிரியர்கள் முயன்றார்கள். அதன் பிறகு காவியங்கள் பொருட்படுத்தாத இருண்ட தளங்களை நாவல்கள் காட்ட ஆரம்பித்தன.

சார்ல்ஸ் டிக்கன்ஸ் தஸ்தவேய்ஸ்கி ஆகியோர் அதற்காக இன்றும் மதிக்கப்படுகிறார்கள்.

இவ்வாறு நாவல் உலகம் முழுக்க இலக்கியம் அதுவரை சொல்லாத மக்களையும் அவர்கள் வாழ்க்கையையும் சொல்லக்கூடிய ஓர் வடிவமாக மாறி பரவியது. அந்த போக்கு இன்றும் தொடர்கிறது. என்னுடைய நாவலான 'ஏழாம் உலகம்' கூட அவ்வகையான ஓர் எழுத்தே.

இதன் அடுத்த கட்டத்தில் நாவல் தன்னுடைய முக்கியமான குறை ஒன்றை கண்டடைந்தது. அதாவது யதார்த்த நாவலில் கவித்துவம் இல்லை. எந்த இலக்கியமும் கவித்துவம் மூலமே தன் உச்சத்தை அடைய முடியும். உள்ளது உள்ளபடி சொல்லுவதில் மகத்துவத்தையும் உணர்ச்சிவேகத்தையும் உச்சமனநிலைகளையும் சொல்வது சிரமம். ஆகவே நாவல் கவிதையம்சத்தை உள்வாங்க முயன்றது. நாவல் ஒரு நவீன வடிவம் ஆகவே அது மரபான கவிதையை அடைய முடியாது. அதனால் அது புதுக்கவிதையை உள்வாங்க தொடங்கியது. தமிழில் இதற்கு முக்கியமான உதாரணம் சுந்தர ராமசாமியின் ஜெ ஜெ சில குறிப்புகள். அது பல இடங்களில் புதுக் கவிதை போலவே இருப்பதைக் காணலாம்.

இவ்வாறு புதுக்கவிதையை உள்ளடக்கி எழுதப்பட்ட நாவல்களையே பொதுவாக நாம் நவீன நாவல்கள் என்கிறோம். நவீன நாவல் உள்ளது உள்ளபடி சொல்லும் முறையை விட்டு நீங்கி புதுக்கவிதைபோல பல கோணங்களில் பல அர்த்தங்கள் உருவாகும்படி வாழ்க்கையை சொல்ல ஆரம்பித்தது. என்னுடைய பின் தொடரும் நிழலின் குரலில் புதுக்கவிதையின் பல தளங்களை காணமுடியும்.

மீண்டும் நாவல் காவியம் நோக்கி திரும்பியது. காவியங்களில் உள்ள நுட்பமான குறியீடுகள், படிமங்கள் முதலியவற்றை எப்படி நாவலில் பயன்படுத்துவது என்ற வினா எழுந்தது. உதாரணமாக சிலப்பதிகாரத்தில் சிலம்பு ஒரு பெரிய குறியீடு. அம்மாதிரி ஒரு குறியீட்டுக்கு பத்து யதார்த்த நாவல்களின் பலம் உண்டு. அது ஆழ்மனதுக்கு நேரடியாக இறங்கி செல்வது. தாதை எப்படி நாவலில் அடைவது? அந்த சவாலை சந்திக்கும் பொருட்டு நாவல் வேறு ஒரு வகை அவ்வடிவம் அடைந்தது. என் வி'ணுபரம்' எஸ் ராமகிரு'ணனின் 'உப பாண்டவம்' ஆகியவை உதாரணங்கள். இவை மரபை மறு ஆக்கம் செய்கின்றன. காவிய வடிவத்தை மாற்றி பயன்படுத்துகின்றன.

நான்காவது ஒரு போக்கு உள்ளது. இது தமிழில் வரவில்லை. அறிவியல் மூலம் உருவாகும் குறியீட்டு செறிவை நாவலின் மொழியில் அடைய முயலும் படைப்பாளிகள் இதை உருவாக்குகிறார்கள். அதன் முன்னோடி பிரைமோ லெவி. ஜான் பார்த் இப்போது பேசப்படும் ஆசிரியர். அறிவியல் அறிமுகமில்லாத என்னைப் போன்ற வாசகன் அவற்றை பின் தொடர இயலவில்லை.

இவையே இன்றைய போக்குகள்.

காவியம் நாவலாக ஆனது போல நாவல் வேறு ஒரு வடிவமாக மாறிக் கொண்டிருக்கிறதா? வேறு ஒரு பேரில் வேறு ஒரு வடிவம் நோக்கி அது செல்கிறதா ? இப்போதைக்கு ஒன்றும் சொல்லமுடியாது. ●

*Compliments from ..........*





**Rm. Sadasivam Pillai & Sons**

**Marthandam**

# മനോഗതങ്ങൾ

എൻ. മുകുന്ദൻ നായർ





സത്യശാഖിയിൽ പൂക്കും ശാസ്ത്രീയ ദൃശ്യങ്ങളിൽ
പാർശ്വഗ ഗുണം പോലെ നിശ്വസിക്കുന്നൂ കാലം
സസ്യവാടിയിൽ നിന്നും ഭൂസർഗ്ഗസൂനങ്ങളും
വിശ്വമണ്ഡലം കൂപ്പിയർപ്പിപ്പൂ മനോഗതം
ചുറ്റിലും ഞെരുക്കേറും കോൺക്രീറ്റു സൗധങ്ങളും
നിശ്ചലം വീക്ഷിക്കുന്നൂ പട്ടാളവേഷം കെട്ടി
ഏകനായ് വിറയ്ക്കുമീ കാരുണ്യദ്രുമം ഭൂവിൽ
മാഴ്കുന്ന നേരം വരാം, എങ്കിലും വധം തീർച്ച
അമ്മ തൻ മാറിൽപ്പറ്റി പ്രാചിയിൽ സൂര്യോദയം
ഉമ്മറം പോലെക്കണ്ടു കൈ കൊട്ടിക്കളിച്ചപ്പോൾ
അംബരം തുടുപ്പിച്ച രശ്മികൾ മുത്തം വയ്ക്കെ
സംപ്രീതി തളിർക്കുന്ന പുഞ്ചിരിപ്പൂവായെല്ലാം
അമ്മതന്നധരങ്ങൾ പിഞ്ചുകാൽ ചുംബിച്ചേവം
സമ്മോദമകത്തേതോ സ്രോതസ്സിൻ സ്പർശം പോലെ
കുസുമദലാതലം തത്തിയും താലോലിച്ചും
വാസിതവദനങ്ങൾ നുകർന്ന സന്തുഷ്ടിയാൽ
ഇഷ്ടരായ് ശലഭങ്ങൾ പൂക്കളുമിളം കാറ്റിൽ
പുഷ്ടമാം ഭാവം കൂറി സമ്പൂർണ്ണ വർണ്ണം പേറി
ഉള്ളിലെക്കനികളും കാണുന്ന സ്വപ്നങ്ങളിൽ
ഉണ്ണികൾ വാണീടുന്ന പിൻമുറയെന്നാണാവോ....!
നൽസുമക്കുരുന്നുകൾ സാക്ഷിയായ് ഋതുക്കളും
വത്സരം ചികയുന്ന നേരമിങ്ങെത്താറായോ...!
പൂങ്കനിഭുജിക്കാനും പറവയ്ക്കുറങ്ങാനും
എൻപത്രവിതാനങ്ങൾ ധാരാളമിങ്ങുണ്ടല്ലോ
പക്ഷെയെൻ വിത്തെത്തുന്ന മണ്ണില്ലാത്തടമെങ്കിൽ
നിക്ഷിപ്തമാകുന്നതും പാഴല്ലേ കൊടും പാപം...!
വേട്ടയ്ക്കു വശമില്ല മറ്റു രാശികൾ പോലെ
കാട്ടിടും ക്രൗര്യത്തിന്റെ സൃഷ്ടിയുമാകുന്നില്ല
പിറന്ന മണ്ണിന്റേതാം ഭാവകർമ്മവും നോക്കി
പേറിയ പേരിന്റേതാം നന്ദിയും നൽകിക്കൊണ്ടും
എൻപഴം ചുണ്ടിൽക്കൊത്തി പക്ഷികൾ
കൊറിക്കുമ്പോൾ
അൻപൊന്നു കാട്ടീടുമോ പൂഴികൾ കാണുന്നിടം
"കാട്ടിലും മരമില്ല നാട്ടിലും കൂടുണ്ടാക്കാൻ
കൂട്ടരും കിട്ടുന്നില്ല വർത്തനം കെട്ടറ്റുവോ
വിണ്ടലനിരത്തിങ്കൽ സന്തതം പറന്നന്ത്യ
സന്ധ്യയിൽ വീഴാമെങ്ങോ മൃത്യുവിൻ
നെരിപ്പോടിൽ..."
എന്നെല്ലാം ദീനം ദീനം നിത്യവും കുറുകുമ്പോൾ
പിന്നെയിങ്ങാരെത്തൊട്ടു നൊമ്പരം ധരിപ്പിക്കും
അർദ്ധനാരീശ്വരാപ്തി സിദ്ധിച്ചോരു മൂർത്തിയായ്
സന്ധിച്ച മണ്ണും വിണ്ണും മേളത്തിലൊന്നാകുന്ന
നേരത്തിൽ ലയിക്കാതെ ധൂളിയായ് കാറ്റത്തെങ്ങോ
പാറുന്ന ശാരീരിക ദുർഗതി കടന്നീടാൻ
ഔഷധ ഗുണോല്പന്ന കോശങ്ങൾ സ്വരൂപിക്കും
ഐഹിക ക്ഷേമം ചൂടും മൂലാഗ്രസമ്പത്തേവം
രോഗനോവേൽക്കോർക്കെല്ലാം ആതുരസേവാർത്ഥമിബ്-
ഭാഗങ്ങളേകും നൂനം കൈവന്ന രക്ഷാകല്പം



ആർഷഭൂമി

# ആർഷഭൂമി സ്മാരക അവാർഡും അവാർഡ് ജേതാക്കളും

എം. എസ്. രവീന്ദ്രൻ
(പ്രസിഡന്റ്, ആർഷഭൂമി സ്മാരകസമിതി)

ആർഷഭൂമി സോമശേഖരൻ നായരെ അറിയാത്തവരായി കന്യാകുമാരി ജില്ലയിലെ മലയാളികൾക്കിടയിലധികം പേർ കാണുമെന്നു തോന്നുന്നില്ല. അന്നത്തെ പ്രത്യേക കുടുംബ സാഹചര്യങ്ങളിൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഉയർന്ന പടവുകൾ താണ്ടാൻ കഴിഞ്ഞില്ലെങ്കിലും, ഭാഷയിലും സംസ്കൃതത്തിലും വേണ്ടത്ര അവഗാഹം നേടി, ഈ ജില്ലയിലെ അറിയപ്പെടുന്ന സാഹിത്യകാരൻമാരിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം നേടിയെടുക്കാൻ കഴിഞ്ഞ പ്രതിഭാശാലികളിലൊരാളാണദ്ദേഹം. അസാമാന്യമായ ഓർമ്മ ശക്തിക്കുടമയായ അദ്ദേഹത്തിൽ നിന്നും പ്രസംഗവേദികളിൽ മാത്രമല്ല, സ്വകാര്യ സംഭാഷണങ്ങളിൽ പോലും സന്ദർഭത്തിന് അനുയോജ്യമായ നിരവധി ഉദ്ധരണികൾ അനർഗളം നിർഗളിച്ചുകൊണ്ടിരിക്കും. എത്രനേരം അദ്ദേഹത്തോടൊപ്പം കഴിഞ്ഞാലും യാതൊരു തരത്തിലുമുള്ള മുഷിപ്പോ മടുപ്പോ ആർക്കും ഉണ്ടാവില്ല. നേരെ മറിച്ച് ഓരോ തവണ അദ്ദേഹത്തെ കണ്ടുമടങ്ങുമ്പോഴും നമ്മുടെ അറിവിന്റെ സീമ ഒരരയിഞ്ചു കൂടെയെങ്കിലും വികസിച്ചിട്ടുണ്ടാവും.

ആർഷ സംസ്ക്കാരത്തിന്റെ വിവിധ തലങ്ങളിലേക്ക് വെളിച്ചം വീശുക എന്ന ലക്ഷ്യത്തോടെ 1950കളുടെ ഉത്തരാർദ്ധത്തിൽ ഈ ജില്ലയിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു മലയാള മാസികയാണ് ആർഷഭൂമി. അതിന്റെ പത്രാധിപത്യം ഏറ്റെടുത്തതോടെയാണ് പാർത്ഥിവപുരം സോമൻ നായർ ആർഷഭൂമി സോമശേഖരൻ നായരായി അറിയപ്പെടാൻ തുടങ്ങിയത്. ഈ ജില്ലയിൽ മുള പൊട്ടിയ മറ്റു പല മലയാള പ്രസിദ്ധീകരണങ്ങളെയും പോലെ ആർഷഭൂമി മാസികയും അകാലചരമം പ്രാപിച്ചെങ്കിലും, അതിന്റെ പത്രാധിപനായിരുന്ന സോമശേഖരൻ നായർ ആർഷഭൂമി എന്ന അഭിജ്ഞ നാമധേയത്തിൽ പിൽക്കാലത്ത് സുപരിചിതനായിത്തീർന്നു. ആർഷഭൂമി എന്ന പദം ദ്യോതിപ്പിക്കുന്ന ഗാംഭീര്യം അന്വർത്ഥമാക്കുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വവും. വിനയവും ലാളിത്യവും മേമ്പൊടിയാകുന്നുവെന്നു മാത്രം.

ഒരിക്കൽ കാണുകയും പരിചയപ്പെടുകയും ചെയ്താൽ പിന്നെ ഒരിക്കലും മറക്കാൻ കഴിയാത്തതാണ് അദ്ദേഹത്തിന്റെ രൂപഭാവങ്ങൾ. വെളുത്തു മെലിഞ്ഞ ശരീരം, ഭംഗിയായി ചീകിയൊതുക്കിയ നരച്ച തലമുടി, എഴുപതു കഴിഞ്ഞ വേളയിലും യുവത്വം വിടാത്ത പ്രസരിപ്പ്, വിരലുകൾക്കിടയിൽ സദാ എരിയുന്ന സിഗരറ്റ്. വേഷവിധാനത്തിനുമുണ്ടൊരു പ്രത്യേകത. ശുദ്ധ ശുഭ്രമായ ഖദർ ജുബ്ബായും വേഷ്ടിയുമാണ് സ്ഥിരം വേഷം. പിന്നെ തോളിൽ തൂക്കിയ ഒരു ഖദർ സഞ്ചിയും പഴയ ഒരു-കാലൻ കുടയും. ഇത്രയുമൊക്കെ ചേർന്നാൽ അദ്ദേഹത്തിന്റെ നഖചിത്രം പൂർത്തിയായി.

കത്തുകളെഴുതുന്ന കാര്യത്തിൽ അദ്ദേഹത്തെ കടത്തിവെട്ടാൻ കെല്പുള്ള ഒരാൾ ഇനി ഈ ഭൂമുഖത്തിൽ ജനിച്ചെങ്കിലേയുള്ളൂ. അക്കാര്യത്തിൽ ഗിന്നസ് ബുക്കിലേക്ക് അദ്ദേഹത്തിന്റെ പേര് വന്നിട്ടില്ലെങ്കിൽ അതിനു കാരണം അതവരുടെ ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടു മാത്രമാണ്. കത്തെഴുതുന്നത് ഒരു കലയായി വളർത്തിയെടുത്ത മാന്ത്രികൻ. കാർഡുകളിലാണധികവും എഴുതാറുള്ളത്. കാർഡിന്റെ നാലുവശവും അരയിഞ്ച് മാർജിൻവിട്ട് കുനുകുനെയുള്ള ആ എഴുത്തിന്റെ ഭംഗി ഒന്നു വേറെ തന്നെ. ആധുനിക ഡി. റ്റി. പി പോലും തോറ്റു പോകും. സാധാരണക്കാർ ഒരു 'ഇൻലാൻഡിലോ' കവറിലോ എഴുതുന്നതിനെക്കാൾ ഏറെ കാര്യങ്ങൾ ഒരു കാർഡിലൊതുക്കി എഴുതാനുള്ള അദ്ദേഹ ത്തിന്റെ കഴിവ് അനന്യസാധാരണമാണ്. ഒരു വാരത്തിൽ

കുറഞ്ഞത് നൂറു കാർഡുകളെങ്കിലും പോസ്റ്റു ചെയ്തിരിക്കും. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും മാത്രമല്ല; ബസ്സിൽ വച്ചോ, ആശുപത്രിയിൽ വച്ചോ മറ്റു പൊതുസ്ഥലങ്ങളിൽ വച്ചോ യാദൃശ്ചികമായി പരിചയപ്പെട്ടവർക്കും, പത്രത്തിലൂടെ അറിയുന്ന അവാർഡു ജേതാക്കൾ, മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികൾ, കായിക താരങ്ങൾ മുതലായവർക്കുമൊക്കെ ആയിരിക്കും ആ കത്തുകൾ.

പ്രഗത്ഭനായ കവിയും സാഹിത്യകാരനുമെന്നതിലുപരി നല്ലൊരു പ്രഭാഷകൻ കൂടിയാണദ്ദേഹം. ആത്മാർത്ഥത മുറ്റിനിൽക്കുന്ന മനുഷ്യപ്പറ്റും ജാടകളില്ലാത്ത ആർജവവുമാണ് പരിചയപ്പെടുന്നവരെയെല്ലാം അദ്ദേഹത്തോട് അടുപ്പിച്ച് നിർത്തിയിരുന്നത്. സ്നേഹത്തിന്റെ ഒരിക്കലും വറ്റാത്ത ഒരു സ്രോതസ്സായിരുന്നു ആ ഹൃദയം. ആർക്കും അതിൽ നിന്നാവോളം പകർന്നു കുടിക്കാം.

ധാരാളം കവിതകൾ രചിച്ചിട്ടുണ്ടെങ്കിലും പുസ്തക രൂപത്തിൽ പുറത്തു വന്നിട്ടുള്ളത് രണ്ടെണ്ണം മാത്രം. തന്റെ മാനസ പുത്രൻ എന്ന് അദ്ദേഹം വിശേഷിപ്പിക്കാറുള്ള പ്രശസ്ത കവി ശ്രീ. എസ്. രമേശൻ നായർ മുൻകൈയെടുത്തു പ്രസിദ്ധീകരിച്ച "കാട്ടുപൂവിന്റെ പാട്ട്" ആണ് ആദ്യകവന സമാഹാരം. ഇതിൽ കണ്ണൻ എന്ന തൂലികാ നാമമാണ് ഉപയോഗിച്ചു കാണുന്നത്. രണ്ടാമത്തെ കൃതി, ഈ ലേഖകന്റെ നിരന്തര സമ്മർദ്ദത്തിനു വഴങ്ങി പ്രസിദ്ധീകരിച്ച "മുക്താലാപ"മാണ്. അവതാരകനായ ഒ. എൻ. വി. കുറുപ്പസൾപ്പെടെയുള്ള പ്രബല സാഹിത്യകാരൻമാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായിട്ടുള്ളതാണീ കൃതി.

ഈ ജില്ലയിലെ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ഏതാണ്ട് അരനൂറ്റാണ്ടു കാലം ജ്വലിച്ചു നിന്ന താരമാണദ്ദേഹം. ആരെയും ആകർഷിക്കുന്ന കുലീനത അദ്ദേഹത്തിന്റെ കൂടെപ്പിറപ്പാണ്. പരിചയപ്പെടുന്ന ആരെയും തനിക്കു ചുറ്റും ഭ്രമണം ചെയ്യുന്ന ഉപഗ്രഹമാക്കി മാറ്റാനുള്ള കഴിവ് ആ സോമഗോളത്തിനുണ്ട്. വാക്കിലും നോക്കിലും നടപ്പിലുമെല്ലാം തന്നെ അപാരമായ ഒരു വശീകരണശക്തി നമുക്ക് അനുഭവപ്പെടുന്നു.

കന്യാകുമാരി ജില്ല മലയാള സമാജത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന കമലജം സാഹിത്യവേദിയെ സമ്പന്നമാക്കിയ നിറചൈതന്യമായിരുന്നു അദ്ദേഹം. ഡോക്ടർ തിക്കുറിശ്ശി ഗംഗാധരൻ 2003-ൽ ആർഷഭൂമി അനുസ്മരണ പ്രഭാഷണം നടത്തിയപ്പോൾ ചൂണ്ടിക്കാട്ടിയതുപോലെ "അക്ഷരങ്ങളാണ് ആർഷഭൂമിച്ചേട്ടന്റെ സർവ്വസ്വവും. മുദ്രപ്പത്രങ്ങളിൽ അച്ചടി ലിപി നാണിക്കുന്ന വടിവൊത്ത അക്ഷരങ്ങളിലൂടെ അദ്ദേഹം ഉപജീവനം കണ്ടെത്തി. നൂറുകണക്കിന് കത്തുകളിലൂടെയും കവിതകളിലൂടെയും സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ നവചൈതന്യം പ്രസരിപ്പിച്ചു. അക്ഷരങ്ങളുടെ ചൈതന്യം എക്കാലവും നിലനിൽക്കുന്നതുപോലെ ആർഷഭൂമിച്ചേട്ടൻ പ്രസരിപ്പിച്ച ചൈതന്യവും അനശ്വരമായിരിക്കും."

ആ പ്രതിഭാധനന്റെ പാവനസ്മരണയെ നിലനിർത്തേണ്ടത് കന്യാകുമാരി ജില്ല മലയാള സമാജത്തിന്റെ മാത്രമല്ല, ഈ ജില്ലയിലെ എല്ലാ മലയാളികളുടെയും കടമയാണ്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടുതന്നെയാണ്, 30.09.1972 ൽ തന്റെ 72-ാമത്തെ വയസ്സിൽ അപ്രതീക്ഷിതമായി അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞപ്പോൾ, "ആർഷഭൂമി സ്മാരക അവാർഡ്" എന്നൊരു പുരസ്ക്കാരം കന്യാകുമാരി ജില്ല മലയാള സമാജം ഏർപ്പെടുത്തിയത്.

## ആർഷഭൂമി സ്മാരക അവാർഡ്

മലയാള സമാജത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന ആർഷഭൂമി സ്മാരക സമിതിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നത്. ഈ ജില്ലയിലെ സാഹിത്യകാരൻമാരിൽ നിന്നും ആണ്ടു തോറും തെരഞ്ഞെടുപ്പ് നടത്തുന്നു. ഇവിടത്തെ മലയാളികളിൽ സർഗസിദ്ധികളുള്ളവരെ കണ്ടു പിടിച്ച് അവരിൽ അന്തർലീനമായിരിക്കുന്ന സാഹിത്യവാസനയെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് അവാർഡ് ഏർപ്പെടുത്തിയതിലുള്ള പ്രധാന ലക്ഷ്യം.

ആയിരത്തി ഒന്നു രൂപയുടെ കാഷ് അവാർഡും, പൊന്നാടയും പ്രശസ്തിപത്രവുമാണ് 2004 വരെ പുരസ്ക്കാരമായി നൽകി വന്നത്. ഇക്കൊല്ലം മുതൽ അവാർഡ് തുക ആയിരത്തിനൂറ്റിപ്പതിനൊന്നായി വർദ്ധിപ്പിച്ചു. അതോടൊപ്പം, പൊന്നാടയ്ക്കും പ്രശസ്തി പത്രത്തിനും പുറമേ, ഒരു സ്മരണോപഹാരം (Moments)കൂടെ സമ്മാനിച്ചു.

ആർഷഭൂമിയുടെ കുടുംബാംഗങ്ങളും, അടുത്ത സുഹൃത്തുക്കളും സംഭാവന ചെയ്ത തുക ബാങ്കിൽ നിക്ഷേപിച്ച് അതിൽ നിന്നും കിട്ടുന്ന പലിശ ഉപയോഗിച്ചാണ് അവാർഡ് നൽകുന്നത്. തദവസരത്തിൽ കേരളത്തിലെ പ്രശസ്തരായ സാഹിത്യകാരൻമാരെക്കൊണ്ട് ആർഷഭൂമി സോമശേഖരൻ നായർ അനുസ്മരണ പ്രഭാഷണവും നടത്തി വരുന്നു.

ആദ്യ അവാർഡ് 2002 മാർച്ചിലാണ് നൽകിയത്. 2002 മുതൽ 2005 വരെ നൽകിയ അവാർഡുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പുറത്തുമുള്ള (വേദാന്തകേസരി, പ്രബുദ്ധഭാരതം, ഭവാൻസ് ജേർണൽ) തുടങ്ങിയ പ്രമുഖ ആനുകാലിക പ്രസിദ്ധീകരണങ്ങളിലും വിശേഷാൽ പ്രതികളിലും മറ്റും എഴുതിയിട്ടുണ്ട്. മലയാളത്തിലും, ഇംഗ്ലീഷിലും, സംസ്കൃതത്തിലും അഗാധപാണ്ഡിത്യം നേടിയിട്ടുള്ള അദ്ദേഹം ഈ മൂന്നു ഭാഷകളിലും ഉത്തമകൃതി കൾ രചിച്ചിട്ടുണ്ട്. അതിനു പുറമേ തമിഴ്, ഹിന്ദി മുതലായ ഭാഷകളിലും പ്രാവീണ്യം നേടിയിട്ടുള്ള ഒരു ബഹുഭാഷാപണ്ഡിതൻ കൂടിയാണ്.

'ധർമ്മാമൃത ബിന്ദുക്കൾ' എന്നൊരു ലഘു ഗ്രന്ഥം വർഷങ്ങൾക്ക് മുമ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| അവാർഡ് നൽകിയ തിയതി | അവാർഡ് ജേതാവ് | അവാർഡ് ദാനം നിർവ്വഹിച്ചത് | അനുസ്മരണ പ്രഭാഷണം നടത്തിയത് |
|---|---|---|---|
| 03.03.2002 | അഡ്വ. കെ. ചന്ദ്രശേഖരപിള്ള | ശ്രീ. ആർ. രാമചന്ദ്രൻ നായർ (റിട്ട. ചീഫ് സെക്രട്ടറി, കേരള) | പ്രൊഫ. വി. മധുസൂദനൻ നായർ |
| 08.03.2003 | ശ്രീ. തുമ്പകോട് ചന്ദ്രശേഖരൻ നായർ | ശ്രീ.രവീന്ദ്രൻ തമ്പി (റിട്ട.ഐ.എ.എസ്. ആഫീസർ) | ഡോ. തിക്കുറിശ്ശി ഗംഗാധരൻ |
| 28.02.2004 | ശ്രീ. എസ്. എം. മണി കുലശേഖരം | ശ്രീ. നീലപത്മനാദൻ (തമിഴിലും മലയാളത്തിലും രചനകൾ നടത്തുന്ന സാഹിത്യകാരൻ) | ഡോ. ആറാട്ടുപുഴ സുകുമാരൻ |
| 14.05.2005 | ശ്രീ. പാകോട് നാരായണപിള്ള | ശ്രീ. റ്റി. എൻ. ഗോപകുമാർ (ഏഷ്യാനെറ്റ് പ്രോഗ്രാം ചീഫ്) | പ്രൊഫ. ചെങ്കൽ സുധാകരൻ |

## അഡ്വ. കെ. ചന്ദ്രശേഖരപിള്ള



2002 ൽ ആദ്യ ആർഷഭൂമി പുരസ്ക്കാരം നൽകിയത് ഗുരുദക്ഷിണയായിട്ടു കൂടിയാണ്. ശ്രീ. സോമശേഖരൻ നായർ ഗുരുകല്പനായി ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്തിരുന്ന പണ്ഡിതവരേണ്യനായ സാഹിത്യകാരൻ അഡ്വ. കെ. ചന്ദ്രശേഖരപിള്ള സാറിനായിരുന്നു അത്. ചിന്തോദ്ദീപകങ്ങളായ നിരവധി ലേഖനങ്ങൾ കേരളത്തിലും

ഇംഗ്ലീഷിൽ രചിച്ച "The Timeless Truth of Vedic Wisdom" അദ്ദേഹത്തിന്റെ മാസ്റ്റർ പീസാണെന്നു പറയുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. 2001 ആഗസ്റ്റ് 15 ൽ കുഴിത്തുറ മലയാളഭവനിൽ വച്ച്, കേരള സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന ഡോ. ബാലമോഹൻ തമ്പി പുസ്തകത്തിന്റെ കാപ്പി പ്രൊഫ. ജി. എൻ. പണിക്കർക്ക് നൽകിയാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്. അതിന്റെ തന്നെ വിപുലീകരിച്ച രണ്ടാമത്തെ പതിപ്പ് (enlarged second edition) 25.01.2003-ൽ തിരുവനന്തപുരം ശൈവപ്രകാശസഭാ ഹാളിൽ വച്ച് കേരള ഹൈ കോർട്ട് റിട്ടയർഡ് ജസ്റ്റിസ് വൈ. വിശ്വനാഥ അയ്യർ നിർവ്വഹിച്ചു. അഡിഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീമതി. ലളിതാംബിക ഐ. എ. എസ് ആണ് കൃതി ഏറ്റുവാങ്ങിയത്. സ്വാതന്ത്ര്യസമര സേനാനികളെയും, നവഭാരത ശില്പികളെയും മറ്റു മഹാൻമാരെയും അനുസ്മ


രിച്ചു കൊണ്ടദ്ദേഹമെഴുതിയ ഭാരത ഗാനം എന്ന സാമാന്യം ദീർഘമായ കവിത രചനാസൗകുമാര്യം കൊണ്ടും ഭാവോജ്വലത കൊണ്ടും തിളക്കമാർന്ന താണ്.

ജനനം 19.09.26 ൽ കളിയിക്കാവിളയ്ക്കടുത്തുള്ള മേക്കോട്ട് എന്ന ഗ്രാമത്തിൽ. ബാല്യകൗമാരങ്ങൾ പാറശ്ശാലയിൽ. മാർത്താണ്ഡം ഗവൺമെന്റ് ഹൈസ്ക്കൂളിൽ നിന്നാണ് സ്കൂൾ ഫൈനൽ പാസ്സായത്. 1947 ൽ തിരുവനന്തപുരം എച്ച്. എച്ച്. മഹാരാജാസ് കോളേജിൽ ബി. എ. ഫിലോസഫി പരീക്ഷയിൽ യൂണിവേഴ്സിറ്റി ലവലിൽ ഒന്നാമ നായി പാസായി 'രാജാരവിവർമ്മ ഗോൾഡ് മെഡൽ' നേടി. 1950 ൽ എറണാകുളം ലാ കോളേജിൽ നിന്ന് പ്രശസ്തമായ രീതിയിൽ ബി. എൽ. ബിരുദവും സമ്പാദിച്ചു. 1952 മുതൽ പ്രാക്റ്റീസ് ആരംഭിച്ചു.

കുഴിത്തുറ ബാറിലെ ലീഡിംഗ് ലായറായി രുന്ന അദ്ദേഹം, ഏതാണ്ട് അരശതാബ്ദക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം 1998 ൽ തന്റെ തൊഴിലിൽ പ്രശസ്തിയുടെ കൊടുമുടിയിൽ എത്തി നിൽക്കുന്ന വേളയിൽ പിന്നെയും എത്രയോ വർഷങ്ങൾ അതേ നിലയിൽ തുടരാമായിരുന്നിട്ടും വളരെ ആദായകരമായിരുന്ന തന്റെ പ്രാക്റ്റീസിൽ നിന്നും സ്വയം വിരമിച്ചു. മുഴുവൻ സമയവും സാഹിത്യ സംസ്ക്കാരിക ദാർശനിക മേഖലകളിൽ വ്യാപരിക്കുവാൻ വേണ്ടിയുള്ള ഒരു ആത്മത്യാഗ മായിരുന്നു അത്. എങ്കിലും തുടർന്നും ഒരു അഡ്വക്കേറ്റ് എന്നനിലയിൽ അറിയപ്പെടാനാണ ദ്ദേഹമിഷ്ടപ്പെടുന്നത്. സഞ്ചരിക്കുന്ന സർവ്വകലാ ശാല എന്ന് ആരാധകരാൽ വിശേഷിപ്പിക്കുന്ന അദ്ദേഹത്തിന് ജീവിതത്തിന്റെ സമസ്ത മേഖലക ളിലുമുള്ള എല്ലാ വിഷയങ്ങളിലും ഇതഃപര്യന്ത ജ്ഞാനം (upto date knowledge) സ്വായത്തമാണ്. അത് ആർക്കുവേണമെങ്കിലും എപ്പോഴും പകർന്നു കൊടുക്കാൻ സന്നദ്ധനുമാണ്.

മലയാളസമാജത്തിന്റെ സ്ഥാപക നേതാക്കളി ലൊരാളായ അദ്ദേഹം 2001 മുതൽ പ്രസിഡന്റ് പദവി അലങ്കരിച്ചു വരുന്നു. കമലജം സാഹിത്യ വേദിയുടെ ആരംഭകാലം മുതൽക്കെയുള്ള ചെയർമാൻ കൂടെയാണ് അദ്ദേഹം.

## ശ്രീ. തുമ്പകോട് ചന്ദ്രശേഖരൻ നായർ



കന്യാകുമാരി ജില്ല, മലയാളഭാഷയ്ക്ക് നൽകിയ ഏറ്റവും നല്ല കവികളിലൊരാളാണദ്ദേഹം. ഷഷ്ട്യബ്ദപൂർത്തി കഴിഞ്ഞതിനുശേഷമാണദ്ദേഹം സാഹിത്യ ലോകത്തേയ്ക്ക് കടന്നു വരുന്നത്. മലയാള സമാജത്തിന്റെ കീഴിൽ സ്ജീവമായി പ്രവർത്തിച്ചു വരുന്ന സാഹിത്യവേദിയുമായി ബന്ധ പ്പെട്ടതു മുതൽക്കാണ് അദ്ദേഹത്തിൽ ഉറങ്ങിക്കിട ന്നിരുന്ന സർഗ്ഗവാസനകൾ സടകുടഞ്ഞെണീറ്റത്. അതിനെത്തുടർന്ന് കുറഞ്ഞൊരു കാലത്തിനു ള്ളിൽ ഈടുറ്റ നിരവധി കവിതാസമാഹാരങ്ങൾ പുറത്തിറക്കി. തിരുമുടികളുടെ ജൻമപുരാണം, (1990) കവിത (1991) ദിവ്യസംഗമം (1995) എന്റെ ആദ്യകാല കവിതകൾ (1997) സ്വപ്നത്തിന്റെ സംഗീതം (1998) മുതലായ ഉത്തമകൃതികൾക്കു പുറമേ, മഹാനായ മഹർഷി അരവിന്ദഘോഷിന്റെ വിശ്വോത്തര മഹാകാവ്യമായ സാവിത്രിയുടെ ഒന്നാം കാണ്ഡത്തിന്റെ (പ്രതീകപ്രഭാതം) പരിഭാഷ യും ഉദാത്തമായി നിർവ്വഹിച്ചിട്ടുണ്ട്. വാർദ്ധക്യ സഹജമായ പ്രയാസങ്ങളും രോഗങ്ങളും കാരണം ശയ്യാവലംബിയായിത്തീർന്നിരിക്കുന്ന അദ്ദേഹ ത്തിന് 'സാവിത്രി' പരിഭാഷ പൂർത്തിയാക്കാൻ കഴി യാത്തതിൽ അനല്പമായ നിരാശയുണ്ട്.

കേരളത്തിലെ പ്രസിദ്ധകവികളായ ഒ. എൻ. വി. കുറുപ്പ്, അക്കിത്തം, ഡോ. അയ്യപ്പപണിക്കർ, പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി, പ്രമുഖ നിരൂപകനായ പ്രൊഫ. ഗുപ്തൻ നായർ തുടങ്ങി യവർ അദ്ദേഹത്തിന്റെ കൃതികൾക്ക് അവതാരി കയും ആസ്വാദനങ്ങളുമെഴുതിയിട്ടുണ്ട്.


തമിഴ് നാട്ടിലകപ്പെട്ട കന്യാകുമാരി ജില്ല യിലെ തുമ്പകോട് എന്ന ഒരു ഗ്രാമത്തിൽ ജനിച്ചു

വളർന്ന തന്റെ പ്രവർത്തനമേഖല ഈ ജില്ലയുടെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിപ്പോയതു കാരണം അദ്ദേഹം ഒരു ഘടദീപമായിപ്പോയി. നേരേമറിച്ച് കേരളത്തിലായിരുന്നുവെങ്കിൽ മലയാളത്തിന്റെ മഹാകവികളിലൊരാളായി വളർന്നേയ്ക്കുമായിരുന്നു. നിരവധി അവാർഡുകളും അദ്ദേഹത്തെ തേടി എത്തിയിരിക്കുമായിരുന്നു. പക്ഷെ പ്രസിദ്ധിയുടെയോ, അവാർഡുകളുടെയോ പിന്നിലലഞ്ഞു തിരിയാൻ അദ്ദേഹം ഒരിക്കലും താല്പര്യം കാണിച്ചിരുന്നില്ല. എങ്കിലും ചെറുപ്പത്തിൽ തനിക്കുണ്ടായ ദുര്യോഗം, സർഗ്ഗവാസനയുള്ള ഇന്നത്തെ യുവാക്കളക്കനുഭവിക്കാതിരിക്കാൻ തന്നെക്കൊണ്ട് ആവതെല്ലാം ചെയ്യാൻ അദ്ദേഹം സന്നദ്ധനായി. അതിലേക്കുവേണ്ടി ചന്ദ്രശേഖരൻ നായർ അവാർഡ് ഫോർ മലയാളം പൊയട്രി (CAMP) എന്നൊരു അവാർഡ് സ്വന്തം ചെലവിൽ അദ്ദേഹം ഏർപ്പെടുത്തുകയുണ്ടായി. അതിനുപുറമെ ഈ ജില്ലയിലെ കലാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി മറ്റൊരു അവാർഡും ഏർപ്പെടുത്തിയിരുന്നു.

നിയമബിരുദധാരിയായ അദ്ദേഹം കോടതികളിൽ പ്രാക്റ്റീസ് ചെയ്യാൻ പോയില്ല. കുറേക്കാലം ഒരു കമ്പനിയിൽ ജോലി നോക്കിയിരുന്നു. അനുഗ്രഹീതമാണാകുടുംബം. ഭർത്തൃസേവാനിരതയായ ഭാര്യയും രണ്ടുമക്കളും. മകൻ ബാലചന്ദ്രൻ കുലശേഖരത്തിലെ ഒരു വ്യവസായ പ്രമുഖനും മലയാള സമാജത്തിലെ രക്ഷാധികാരി അംഗങ്ങളിലൊരാളും ആണ. കുലശേഖരത്തിൽ ഒരു ഹോമിയോ കോളേജ് സ്ഥാപിച്ച് നടത്തി വരുന്ന ഡോ. മോഹനനാണ് മകളുടെ ഭർത്താവ്.

## ശ്രീ. എസ്. എം. മണി

മാതൃഭാഷ തമിഴായിരുന്നുവെങ്കിലും മലയാള ഭാഷ പഠിക്കുകയും അതിന്റെ ഉത്ക്കർഷത്തിനു വേണ്ടി തന്റെ അന്ത്യശ്വാസം വരെ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്ത ഉന്നതനായ ഒരു ഭാഷാസ്നേഹിയാണ് മാസിലാമണിയെന്ന ശ്രീ. എസ്. എം. മണി. ഈ ജില്ലയിലെ മലയാള സാഹി ത്യകാരൻമാരിൽ അവിസ്മരണീയമായ ഒരു സ്ഥാനം നേടിയെടുത്ത ഉൽകൃഷ്ടനാണദ്ദേഹം. സാഹിത്യത്തിലെ എല്ലാ ശാഖകളിലും നൈപുണ്യം നേടിയിരുന്നുവെങ്കിലും ചെറുകഥകളും നാടകങ്ങളും രചിക്കുന്നതിലാണദ്ദേഹം കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നത്. 'ശബ്ദത്തിന്റെ നാടിമിടിപ്പ് 'എന്ന സമാഹാരവും 'മുഖം കാണിപ്പ് 'എന്ന നാടകവും മാത്രമേ ഇതുവരെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അപ്രകാശിതങ്ങളായ ചെറുകഥകൾ മാത്രം നാലഞ്ചു സമാഹാരത്തിനു വരും. നാടകങ്ങളും ഏകാങ്കനാടകങ്ങളും മറ്റും വേറെയും.



മലയാള സമാജത്തിൻെറ ആഭിമുഖ്യത്തിൽ മാസംതോറും നടത്തി വരുന്ന സാഹിത്യവേദിയെ സമ്പന്നമാക്കിയ പ്രതിഭാശാലികളിലൊട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണദ്ദേഹത്തിനുള്ളത്. കന്യാകുമാരി ജില്ലയിലെ പ്രത്യേക സാഹചര്യത്തിൽ ഒതുങ്ങിപ്പോയില്ലായിരുന്നുവെങ്കിൽ സമകാലീന മലയാള സാഹിതൃത്തിൽ ഉത്കൃഷ്ടമായ ഒരു സ്ഥാനം ഇതിനകം തന്നെ അദ്ദേഹത്തിന് ലഭിച്ചിരിക്കുമായിരുന്നു.


ആതമ്ാർത്ഥ സ്നേഹത്തിൻെറയും, ദീനാനുകമ്പയുടെയും, മനുഷ്യത്വത്തിന്റെയും ആൾ രൂപമായിരുന്നു അദ്ദേഹം. നൻമകളുടെ നിലവറയായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം. തന്റെ കഥകളിൽ പ്രകടമാകുന്നതിലേറെ നൻമ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ മനസ്സ്. അവശർക്കും ആലംബഹീനർക്കും തന്റെ കഴിവിനുപരി കൈയയച്ച് സഹായിക്കും. വിശേഷിച്ചും നിർധന യുവതികളുടെ വിവാഹത്തിന് സ്വന്തം കൈയിൽ നിന്നും പതിനായിരക്കണക്കിന് രൂപ ചെലവാക്കി പാവപ്പെട്ട എത്രയോ യുവതികൾക്ക് മംഗല്യ ഭാഗ്യം നൽകി. അതുപോലെ തന്നെ വീടില്ലാത്തവർക്ക് വീടു കെട്ടി കൊടുക്കാനും, അശരണരായ രോഗികളെ ചികിത്സിക്കാനും കടം വാങ്ങിപ്പോലും സംഭാവന ചെയ്യുമായിരുന്നു.

തികഞ്ഞ വിശ്വാസിയായിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ജാതിമത ചിന്തകൾക്കതീതമായിരുന്നു. ക്രിസ്ത്യാനികളുടെ കുടുംബ

ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവമായ ക്രിസ്തുമസ് ദിനത്തിൽ പതിവായി അക്രൈസ്തവ രായ തൻെറ സുഹൃത്തുക്കളെ തന്റെ വീട്ടിൽ ക്ഷണിച്ചു വരുത്തി വിഭവസമൃദ്ധമായി ഊട്ടുന്നതിൽ നിന്നു തന്നെ അദ്ദേഹത്തിന്റെ ഹൃദയ വിശാലത പ്രകടമാണല്ലോ.

മുഞ്ചിറക്കടുത്ത് വാവറ എന്ന ഗ്രാമത്തിൽ ജനിച്ചു വളർന്ന അദ്ദേഹത്തിന്റെ ബാല്യകൗമാര ങ്ങൾ വളരെ ക്ലേശത നിറഞ്ഞതായിരുന്നു. കഠിന മായ പ്രയത്നത്തിലൂടെയും സഹനത്തിലൂടെയും അദ്ദേഹത്തിന് ഒരു അദ്ധ്യാപകനാകാനും അതിലൂടെ അന്തർലീനമായിരുന്ന സർഗ്ഗ വാസനകളെ പരിപോ ഷിപ്പിക്കാനും കഴിഞ്ഞു. തന്റെ ശിഷ്യകൂടിയായ ശ്രീമതി മറിയാമ്മയോട് തോന്നിയ പരിശുദ്ധ പ്രണയം വിവാഹത്തിലൂടെ സായൂജ്യം നേടി. ആ ദാമ്പത്യ വല്ലരിയിൽ വിരിഞ്ഞ രണ്ടു പുത്രൻ മാരെയും രണ്ടു പുത്രിമാരെയും അവശേഷിപ്പിച്ചിട്ട് ആ സ്നേഹധനൻ - മാസില്ലാ മണി-കളങ്കമില്ലാത്ത രത്നം 2004 ൽ നമ്മെ വിട്ടു പിരിഞ്ഞു.

## ശ്രീ. പാകോട് നാരായണപിള്ള



22.11.1933 ൽ കുഴിത്തുറയ്ക്ക് അടുത്തുള്ള പാകോട് എന്ന സ്ഥലത്ത് ജനിച്ചു. ബിരുദധാരിയായ അദ്ദേഹം തമിഴ് നാട് ഗവ. സർവ്വീസിൽ സബ് ട്രഷറി ആഫീസറായി ജോലി നോക്കി. 1991 ൽ അടുത്തൂൺ പറ്റി. മലയാളസമാജവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ, ജൻമനാൽ തന്നെ അദ്ദേഹത്തിൽ കുടി കൊണ്ടിരുന്ന സർഗ്ഗശക്തിയെ തട്ടിയുണർത്തി. കുഴിത്തുറ മലയാളഭവനിലും തിരുവനന്തപുരത്തെ സാഹിത്യ വേദികളിലും പങ്കെടുത്ത് അവതരിപ്പിച്ച കവിതകളിൽ കുറെയെണ്ണം തെരഞ്ഞെടുത്ത് 1995ൽ 'ഉണ്ണിനിലാവ്'എന്ന തന്റെ പ്രഥമകൃതി പ്രസിദ്ധീക രിച്ചു. ഇനിയും പ്രകാശനം ചെയ്യാത്ത നിരവധി കവിതകൾ അദ്ദേഹത്തിന്റെ രചനകളായിട്ടുണ്ട്. അനതിവിദൂര ഭാവിയിൽ അവയെല്ലാം പുസ്തക രൂപേണ പ്രസിദ്ധീകരിക്കാൻ കവി മുൻകൈ എടുക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഒരു വാർദ്ധക്യ കൗതുകം എന്ന നിലയിലാണ് താൻ കവിതയെഴുതാൻ തുടങ്ങിയതെന്നദ്ദേഹം അവകാശപ്പെടുന്നുവെങ്കിലും അവ രസനിഷ്യന്ദികൾ തന്നെ. നമുക്കു ചുറ്റും നടന്നുകൊണ്ടിരിക്കുന്ന കൊച്ചു കൊച്ചു കാര്യങ്ങൾ അയത്ന ലളിതമായ പദവിന്യാസത്തിലൂടെ പ്രതിപാദിക്കുമ്പോൾ അനവദ്യസുന്ദരമായ ആനന്ദാനുഭൂതിയാണ് അനുവാചകർക്ക് അനുഭവപ്പെടുന്നത്.

തമിഴ് നാട് ഗവൺമെന്റിന്റെ മൂന്നാം ക്ലാസ്സിലെ മലയാള പാഠാവലിയിൽ 'ഉണ്ണിനിലാവ് ' എന്ന കവിത ചേർത്തിട്ടുള്ളത് കവിക്ക് ഗവൺമെന്റിൽ നിന്നു കിട്ടിയ അംഗീകാരമാണ്.

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ 11-ാം ചരമവാർഷികത്തോടനുബന്ധിച്ച് 2002-ൽ തിരുവനന്തപുരത്ത് കോട്ടയ്ക്കകത്തുള്ള കൃഷ്ണ വിലാസം കൊട്ടാരത്തിൽ വെച്ച് വിദ്വൽസദസ്സിനു മുന്നിൽ നടന്ന കാവ്യാഞ്ജലിയിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുത്ത് അവതരിപ്പിച്ച കവിതയ്ക്ക് മാർത്താണ്ഡവർമ്മ മഹാരാജാവിൽ നിന്നും പ്രത്യേക പുരസ്ക്കാരം ലഭിക്കുകയുണ്ടായി.

2004-ൽ കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച സാഹിത്യകാര ഡയറക്ടറിയിൽ നമ്മുടെ പ്രിയങ്കരനായ ഈ കവിയുടെ ബയോഡേറ്റ, ഫോട്ടോ സഹിതം കൊടുത്തിട്ടുണ്ടെന്നുള്ള വസ്തുത (242-ാമത്തെ പേജ് കാണുക.) ഈ ജില്ലയിലെ മലയാളികൾക്കാകമാനം അഭിമാനകരം തന്നെ.

# ഉമാമഹേശ്വര സംവാദം

**ഡോ. എം. പി. ബാലകൃഷ്ണൻ**



കാളിദാസൻ തന്റെ പ്രശസ്തമായ കുമാര സംഭവത്തിൽ ജഗൽ പിതാക്കൻമാരെ വാഗർത്ഥങ്ങളോടാണല്ലോ ഉപമിച്ചത്. കവിയുടെ ഭാഷ പാർവ്വതീ പരമേശ്വരൻമാരെപ്പോലെ വ്യക്തമായ വാഗർത്ഥങ്ങളോടു കൂടിയതായിരിക്കണം എന്നതിലുപരി ആ വാഗർത്ഥങ്ങൾ ജഗത്തിന്റെ പിതാക്കളാകണം എന്നൊരു ധ്വനി കൂടി അതിലുണ്ട്. അച്ഛനമ്മമാരെ പോലെ ശാസിച്ചും നേർവഴി കാട്ടിയും വേണ്ടതു തന്ന് നമ്മെ വളർത്താൻ പോന്നതാകണം സാരസ്വതം. എന്നാൽ ഭാര്യയെപ്പോലെയാകണം എന്നാണു വേറെ ചിലർ പറഞ്ഞത്.

'കാവ്യം യശസ്സേ *f*ർത്ഥകൃതേ
വ്യവഹാരവിദേ ശിവേതരക്ഷതയേ
സദ്യഃ പരിനിർവൃതയേ
കാന്താസമ്മിതയോപദേശയുജേ'
(മമ്മടൻ കാവ്യപ്രകാശം)

പിൽക്കാലത്ത് ഭാര്യാപദവി പോലും നൽകാതെ കാവ്യശ്രീയെ കാമുകിയും കേവലം സ്വൈരിണിയും ആക്കിയതിനു ദാഹരണം നമ്മുടെ ഭാഷയിൽ ഏറെയുണ്ട്. അച്ചീചരിതങ്ങൾ, വെൺമണി കൃതികൾ എന്നിങ്ങനെ ആ പട്ടിക നീളുന്നു.

ഈ കാളിദാസൻ കവി എന്നു വിളിച്ച ഒരാളേയുള്ളൂ. - വാല്മീകി. രഘുവംശത്തിൽ ലക്ഷ്മണൻ കാട്ടിലുപേക്ഷിച്ചു പോയ സീതയുടെ കരച്ചിൽ കേട്ടെത്തിയ വാല്മീകിയെ "താമഭ്യഗച്ഛരൻ രുദിതാനു സാരീ കവിഃ" എന്നാണല്ലോ പരാമർശിച്ചിരിക്കുന്നത്.

മനുഷ്യനു വഴികാട്ടാൻ മാതൃകാ മനുഷ്യ കഥ തന്നെ വേണം. ശോകം പോലെ ഹൃദയ സ്പർശിയായ ഭാവം വേറെയില്ല താനും. അങ്ങനെ, ശോകത്തിലൂടെ അഗ്നിപരീക്ഷയിലൂടെ സംശുദ്ധി നേടുന്ന മനുഷ്യജീവിതങ്ങളുടെ കഥയാവുമ്പോൾ എല്ലാം തികഞ്ഞു.

"ക്രൗഞ്ച ദ്വന്ദ്വ വിയോഗോത്ഥ
ശോകം ശ്ലോകത്വ മാഗതഃ"

ചരിത്രാതീത യുഗത്തിലെ തമാവൃത ഭൂമിയുടെ മാറിലേക്ക് പാറിവീണ ആദി ശ്ലോകമാകുന്ന ആ നക്ഷത്രപ്പൊടി പിൽക്കാലത്ത് സഹസ്രകിരണനായി ഉദിച്ചുയർന്നതാകുന്നു ആദികാവ്യം. രുദിതാനുസാരിയായ ഋഷിഃകവിയുടെ തപഃ ഫലം.

ഋഷിമാർ ദേവൻമാരെയും അസുരൻമാരെയും കുറിച്ചേ എഴുതിയിരുന്നുള്ളൂ അന്നോളം. ആദ്യമായി വാല്മീകി മനുഷ്യരെക്കുറിച്ചെഴുതി. സരസ്വതി വാല്മീകിയിലേക്ക് പോയപ്പോൾ ബ്രഹ്മാവ് കൂടി അങ്ങോട്ടു പോയി എന്നാണ്. ഋഷിഃകവിയെക്കുറിച്ചല്ലാതെ ഋഷിമാരെക്കുറിച്ച് ഇതു പറഞ്ഞിട്ടില്ല.

***ഋഷിമാർ ദേവൻമാരെയും അസുരൻമാരെയും കുറിച്ചേ എഴുതിയിരുന്നുള്ളൂ അന്നോളം. ആദ്യമായി വാല്മീകി മനുഷ്യരെക്കുറിച്ചെഴുതി.***

തന്നെ ആവേശിച്ച കാവ്യദേവതയെ കൊണ്ട്, കേവലം പ്രാപഞ്ചിക നേട്ടങ്ങൾ മുന്നിൽ കണ്ട് അധികാരപൂജ ചെയ്യിക്കാൻ ആദികവി തയ്യാറായില്ല. തപഃസ്വാദ്ധ്യായ നിരതനായ ശ്രീനാരദനോടു ആ വാഗീശ്വരൻ ചോദിച്ചു. "ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ സദ്ഗുണ സമ്പന്നനും വീര്യവാനും ധർമ്മജ്ഞനും കൃതജ്ഞനും സത്യസന്ധനും ദൃഢവ്രതനും സദാചാര നിഷ്ഠനും സർവ്വഭൂത ഹിതൈഷിയും വിദ്വാനും സമർത്ഥനും പ്രിയദർശനനും ജിതേന്ദ്രിയനും അനസൂയകനും പരന്തപനുമായ മഹാപുരുഷ നാരാണ്? അതറിയാൻ എനിക്ക് അതിയായ താൽപ്പര്യമുണ്ട്." ഈ ചോദ്യത്തിനുത്തരമായി ശ്രീനാരദൻ ധർമ്മവിഗ്രഹനായ രാമന്റെ കഥ കീർത്തിക്കുകയാണ്.

പണ്ഡിതരത്നം കെ. പി നാരായണ പിഷാരടി ആ ത്യാഗചരിതം ഇങ്ങനെ ഒതുക്കുന്നു. അച്ഛന്റെ സത്യം പരിപാലിക്കാൻ വേണ്ടി രാജ്യം ഉപേക്ഷിച്ചു പതിനാല് വർഷം വനവാസം സ്വീകരിച്ചു എന്നതാണ് രാമന്റെ ആദ്യത്തെ ത്യാഗം. ഏതു ഭരതനു വേണ്ടിയാണോ താൻ രാജ്യം ഉപേക്ഷിച്ചത് ആ ഭരതൻ തന്നെ അയോദ്ധ്യാവാസികളോടു കൂടി കാട്ടിൽ ചെന്നു രാജ്യം രാമന്റെ കാൽക്കൽ അടിയറ വച്ചിട്ടും സത്യപരിപാലനത്തിനു വേണ്ടി അതു സ്വീകരിച്ചില്ലെന്നതാണു രാമന്റെ രണ്ടാമത്തെ ത്യാഗം. ഏതു സീതയ്ക്കു വേണ്ടിയാണോ രാമൻ സുഗ്രീവ സഖ്യം, ബാലിവധം, സേതു ബന്ധനം, രാവണവധം എന്നിങ്ങനെയുള്ള മഹാപ്രയാസങ്ങൾ പലതും സഹിച്ചത് ആ സീതയെ ഗർഭിണിയായിരിക്കേ ജനാപവാദപരിഹാരത്തിനു വേണ്ടി കാട്ടിലെറിഞ്ഞു കളഞ്ഞതാണ് ആ ധീര ഹൃദയന്റെ മുന്നാമത്തെ ത്യാഗം. ഏതാപത്തിലും തനിക്കു തുണ നിന്നിട്ടുള്ള ലക്ഷ്മണനെത്തന്നെ, മുനിവേഷധാരിയായ കാലനോടു ചെയ്തിട്ടുള്ള പ്രതിജ്ഞയനുസരിച്ച് പരിത്യജിക്കേണ്ടി വന്നപ്പോൾ അതിനും മടിക്കാതിരുന്നതാണ് ഒടുവിലത്തെ ദുഷ്കരമായ ത്യാഗം. ഇങ്ങനെ അസാധാരണമായ ത്യാഗങ്ങൾ നിറഞ്ഞതാണു രാമന്റെ ജീവിതം.

അപ്പോൾ ത്യാഗധനനായ ഒരു മനുഷ്യൻ - അത്ര മാത്രമാണോ രാമൻ? അതിലുപരി ഐശ്വര്യ ഭാവുകങ്ങൾക്കുടമയല്ലെന്നു വരുമോ? അദ്ധ്യാത്മരാമായണ നായകനെയല്ല, വാല്മീകിയുടെ നായകനെയാണിവിടെ വിവക്ഷിക്കുന്നത്. ബ്രഹ്മാവിന്റെ പ്രാർത്ഥനയനുസരിച്ചാണ് ജനനം. സശരീരനായി, സഹാനുജനായി വിഷ്ണുവിൽ പ്രവേശിക്കുന്ന സ്വധാമപ്രാപ്തിയാകുന്ന അന്ത്യവും. ഈ രാമൻ-വാല്മീകിയുടെ ഈ രാമൻ-കേവലം മനുഷ്യനാണെന്നെങ്ങനെ പറയാം. മനുഷ്യേ തര ജീവികളിൽ നിന്നും അവധ്യത്വം വരമായി നേടിയിരുന്നു രാവണൻ എന്നുള്ളതുകൊണ്ട് വധിച്ചു ധർമ്മസ്ഥിതി പാലിക്കേണ്ടവൻ മനുഷ്യനായി പിറന്നേ പറ്റൂ. മനുഷ്യനായി ജീവിച്ചേ പറ്റൂ. അതീവ തൻമയത്വത്തോടെ ദശരഥപുത്രൻ ആ വേഷം അഭിനയിച്ചു പോയി. ശ്രീകൃഷ്ണനെ പോലെ

***ഈ രാമൻ കേവലമനുഷ്യനോ?. അവതാര പുരുഷനോ? രണ്ടുമല്ലെങ്കിൽ ദേശാഭിമാനയുക്ത നായ ധർമ്മ പ്രതീകമോ? വിഭിന്ന കോടികളിൽ നിന്നു വീക്ഷിച്ചു വിധിയെഴുതിയവരാണു രാമായണ പഠിതാക്കളിൽ പലരും.***

സ്വന്തം ഐശ്വര്യ മഹിമകൾ അധികമൊന്നും പ്രകടമാക്കാൻ രാമൻ കൂട്ടാക്കിയില്ല. എങ്കിലും

"അവജാനന്തിമാം മൂഢാഃ
മാനുഷീം തനുമാശ്രിതം"

(മനുഷ്യനായി വന്ന എന്റെ പരമവൈഭവത്തെ അറിയാതെ മൂഢൻമാർ എന്നെ അപമാനിക്കുന്നു) എന്നു കൃഷ്ണൻ പറഞ്ഞപോലെ

"ആത്മാനം മാനുഷംമന്യേ
രാമം ദശരഥാത്മജം"

(ദശരഥ പുത്രനായ ഒരു മനുഷ്യനാണ് ഞാൻ എന്നു കരുതുന്നു.) എന്നു രാമനും പറയുന്നുണ്ട്. മനുഷ്യനെങ്കിൽ മനുഷ്യനാണ് എന്നു പറഞ്ഞാൽ മതിയല്ലോ. "മാനുഷം മന്യേ" - മനുഷ്യനാണെന്നു കരുതുന്നു എന്ന് പറയുമ്പോൾ അതു തൽകാലം സ്വീകരിച്ച ഭാവമാണെന്നു വ്യക്തം. അതിൽ തന്നെ, ഇതിഹാസാരംഭത്തിലെ നാരദ വാല്മീകി സംവാദത്തിൻ പടിയുള്ള ഗുണപൂർണ്ണത കേവല മനുഷ്യരിൽ അസംഭവ്യമാണല്ലോ.

രാവണവധം കഴിഞ്ഞു. രാമലക്ഷ്മണൻമാർ ലങ്കാനഗരം നടന്നു കാണുകയാണ്. പെട്ടെന്നു ലക്ഷ്മണൻ പറഞ്ഞു. "ജ്യേഷ്ഠാ, ഇത്ര സമ്പൽ സമൃദ്ധമായ ഈ നാടുവിട്ട് നമുക്കിനി അയോദ്ധ്യയിലേക്ക് മടങ്ങണമോ? സ്വർഗ്ഗസമാനമായ ഈ രാജ്യം ഭരിച്ച് ഇവിടെത്തന്നെ കഴിഞ്ഞാൽ പോരെ?" രാമന്റെ മറുപടി എന്തായിരുന്നു എന്നല്ലേ? "നീയെന്താണു പറഞ്ഞതു ലക്ഷ്മണാ?

"ജനനീ ജന്മഭൂമിശ്ച
സ്വർഗ്ഗാദപി ഗരീയസി"

പെറ്റമ്മയും പിറന്നനാടും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമാകുന്നു." ഈ രാമൻ കേവലമനുഷ്യനോ? അവതാരപുരുഷനോ? രണ്ടുമല്ലെങ്കിൽ ദേശാഭിമാനയുക്തനായ ധർമ്മ പ്രതീകമോ?

വിഭിന്ന കോടികളിൽ നിന്നു വീക്ഷിച്ചു വിധിയെഴുതിയവരാണു രാമായണപഠിതാക്കളിൽ പലരും. കേവലചരിത്രം, ഒരു സാധകന്റെ അദ്ധ്യാത്മപ്രയാണത്തിന്റെ അന്യാപദേശം, ഗായത്രിയുടെ

ബൃഹദ്‌രൂപം, കവികല്പനാ ജന്യമായ കാവ്യാതിശയം അങ്ങനെയങ്ങനെ ഓരോ സുമനസ്സിലും ഓരോ വെളിച്ചം !

രാമകഥ ഈ പുണ്യം പിറന്ന മണ്ണിൽ സംഭവിച്ചതാണെന്നതിൽ സംശയമില്ല. ഇതിഹാസം എന്നാൽ ചരിത്രവുമാണ്. മഹാ പുരുഷൻമാരുടെ സ്വധാമ പ്രാപ്തിയോളം നീളുന്ന ത്യാഗമാർഗ്ഗം, പക്ഷേ എക്കാലത്തെയും സാധകന്റെ പ്രഗതി കൂടിയായിരിക്കും. അങ്ങനെയാണതിനു ലോകസംഗ്രഹത്വ ഗുണം കൈവരുന്നതും.

വ്രതശുദ്ധിയാർന്ന രാമന്റെ അയനത്തിൽ കളങ്കത്തിന്റെ പാടുകൾ ചിലരെങ്കിലും കാണുന്നുണ്ട്. താടകവധം, ബാലിവധം, സീതാ പരിത്യാഗം, ശംബൂക വധം.... ആദികവിയുടെ വാച്യമായും വ്യംഗ്യമായുമുള്ള വെളിപ്പെടുത്തലുകൾക്ക് മുൻവിധിയന്യേ കാതു നൽകുക മാത്രമാണിവിടെ കരണീയം എന്നു തോന്നുന്നു. വാല്മീകിക്ക് വേണമെങ്കിൽ സർവ്വാവയവ സമ്പൂർണ്ണനായ ഒരു ധർമ്മ മൂർത്തിയെ നിർമ്മിക്കാൻ വയ്യായ്കയില്ല. ബാലിയെ ഒളിയമ്പെയ്തു കൊന്നു എന്നു പറയാതെ കഴിക്കാൻ വിഷമമുണ്ടായിട്ടുമല്ല. നേരിട്ടു ചെന്നു ബാലിയെ പോരിനു വിളിച്ചുവെന്നും യുദ്ധം ചെയ്തു കൊന്നുവെന്നും എഴുതിവച്ചാൽ ആരു ചോദ്യം ചെയ്യാനാണ്?. എന്നിട്ടും അങ്ങനെ ചെയ്യാതെ, രാമന്റെ പേരിലപരാധം വേണമെങ്കിൽ ചാർത്താവുന്ന മട്ടിലെഴുതി. ഇതിനെ മഹർഷിയുടെ നിഷ്പക്ഷത എന്നു വേണം വിളിക്കാൻ. - പ്രൊഫ: ഗുപ്തൻ നായർ നിരീക്ഷിക്കുന്നു.

ഏതദ്വിഷയകമായ വാദകോലാഹലങ്ങളുടെ നിരർത്ഥകത ഓർത്തിട്ടെന്ന പോലെ വിദ്യാവിവേക വൃദ്ധനായ സി. രാജഗോപാലാചാരി എഴുതിയിട്ടുണ്ട്:

"ഇതൊക്കെ കേവലം അപ്രകൃതം എന്നെണ്ണി തള്ളിക്കളയുകയാണു ഞാൻ. പണ്ഡിതൻമാർ എന്നോടു ക്ഷമിക്കണം എന്നു പ്രാർത്ഥിക്കുന്നു. ഞാൻ വിചാരിക്കുന്നതിതാണ്. അവതാരം എന്തായാലും അവതാരം തന്നെ. ഭഗവാനും ഭഗവത്കളത്രത്തിനും ഈ ലോകജീവിതത്തിൽ അനുഭവിക്കേണ്ടി വന്ന ദുഃഖങ്ങളുടെ കൂട്ടത്തിൽ ഇങ്ങനെയൊന്നുമുണ്ടായി. - തങ്ങളുടെ ചെയ്തികളെ ആളുകൾ ഭൂമിയുടെ ത്രാസിലിട്ടു തൂക്കിനോക്കുക എന്ന ക്ലേശഭാരം. ഭഗവാൻ അധസ്ഥവും പരിച്ഛിന്നവുമായ ഒരു രൂപം സ്വീകരിക്കുമ്പോൾ ഒപ്പം തന്നെ പരിമിതികളും അവിടത്തെ അനുഗമിക്കുന്നു. ഇത് ഓർമ്മവച്ചാൽ നമ്മുടെ ഭ്രമങ്ങൾ നീങ്ങും."

വാല്മീകിയുടെ രാമൻ ഒരേ സമയം മനുഷ്യനും ഈശ്വരനുമാണ് എന്നർത്ഥം. മഹർഷിതന്നെ രാമന്റെ ഈ ദ്വിവിധ വ്യക്തിത്വത്തെപ്പറ്റി ബോധവാനായി രുന്നു എന്ന് വേണം കരുതാൻ. അതുകൊണ്ടു തന്നെയാകുന്നു, മറ്റൊരത്ഭുതരാമായണമാകാതെ വാല്മീകിരാമായണം മനുഷ്യമനസ്സുകളിൽ, പോരാ ചിരപുരാതനമായ ഒരു രാഷ്ട്രത്തിൽ ഇതഃപര്യന്തമുള്ള പ്രഗതിയിൽ മാർഗ്ഗദീപമായി ശോഭിക്കുന്നതും.

"ഭക്ത്യായുക്ത്യാ വിഭക്ത്യാച
ജ്ഞേയം രാമായണം സ്മൃതം"

എന്നാണു പഴമൊഴി. ഏതെങ്കിലും ഒന്നുള്ളവന്റെ ആസ്വാദനം 'അന്ധഹസ്തി ന്യായാ'ടിസ്ഥാനത്തിലാകാതെ തരമില്ല. മഹർഷി അരവിന്ദൻ ഭംഗ്യന്തരേണ ഇക്കാര്യം പറഞ്ഞു വച്ചിട്ടുണ്ട്.

ഈ സർവ്വോത്തമ കൃതിയുടെ ചൈതന്യത്തിലേക്ക് ഒറ്റക്കുതിപ്പിനു കടക്കാൻ എല്ലാവർക്കും സാധിച്ചില്ലെന്നു വരാം. പക്ഷെ ഒരിക്കലതു സാധിച്ചവർ ലോകത്തിലുള്ള മറ്റൊരു കാവ്യവും അതിന്റെ മീതെയാണെന്നു സമ്മതിച്ചു തരികയില്ല. തീർച്ച.

വാഗർത്ഥങ്ങളുടെ സംവൃക്തതയിലൂന്നിയായിരുന്നുവല്ലോ ഈ ലഘൂപന്യാസത്തിന്റെ സമാരംഭം. കാവ്യത്തിൽ വാക്കുമർത്ഥവും പാർവ്വതീ പരമേശ്വരൻമാരെപ്പോലെ തമ്മിലിണങ്ങിച്ചേരണം. സംവൃക്തമാവണം. സീതാരാമൻമാരെ പോലെ സഹിതൻമാരായാൽ പോരാ. സീതയെ രാവണൻ കൊണ്ടു പോയി. പാർവ്വതിയെ ഏതു ഘോര നിശാചരനായകനും കൊണ്ടു പോവാനാവില്ല. കാളിദാസൻ അതുകണ്ടിരുന്നു. അതിനുമുൻപേ വാല്മീകിയും. പക്ഷേ നമ്മുടെ ആലങ്കാരികൻമാർ അതു കണ്ടില്ലെന്നു വേണം അനുമാനിക്കാൻ. അതുകൊണ്ടാണല്ലോ കാവ്യം ശബ്ദാർത്ഥങ്ങളുടെ സഹിതഭാവമായ 'സാഹിത്യം' ആയത്. അതെന്തു തന്നെയായാലും ഇവിടെ രാമായണത്തിൽ മനുഷ്യനും ഈശ്വരനും സംവൃക്തരാവുന്നു. ഹൃദയ ശബ്ദത്തിനു സിദ്ധിനാഥാനന്ദ സ്വാമികൾ ദർശിക്കുന്ന നിഷ്പത്തി ഹൃദി അയമിതി തസ്മാദ് ഹൃദയം നിഷ്പത്തി- (ഹൃത്തിൽ ഇവൻ, ഈശ്വരൻ വാഴുന്നു എന്നതു കൊണ്ടു ഹൃദയം) (ഛാന്ദോഗ്യോപനിഷത്ത് 8.3.3) ചേരുന്ന സഹൃദയൻ മാത്രമേ പക്ഷേ അത് കാണൂ.

കാവ്യലോകത്തിൽ എന്ന പോലെ കർമ്മലോക ത്തിലും വേണ്ടതായ ഈ സംവൃക്തത സൂചിപ്പിക്കുവാൻ വേണ്ടിയല്ലേ. അദ്ധ്യാത്മരാമായണകാരൻ രാമായണം ഉമാമഹേശ്വര സംവാദമാക്കിയതും മലയാളത്തിന്റെ തുഞ്ചത്തെ ആചാര്യൻ അതനു വർത്തിച്ചതും. ●

കഥ

# യാത്ര

ടി. രാമദാസ്



മറവികളിലും ഓർമ്മകളിലും മയങ്ങിക്കിടന്നിരുന്ന ഊടുവഴികളിലും കയറ്റിറക്കങ്ങളിലും പണ്ടെന്നോ ഇവിടെ വന്നിട്ടുണ്ട്.

ആൽത്തറയിൽ ബസ്സിറങ്ങിയപ്പോൾ ആരോടും ചോദിക്കേണ്ടിവന്നില്ല. പാടത്തെ അമ്പലമുറ്റത്തു കൂടെ ഒലിച്ചു പോകുന്ന ഒറ്റയടിപ്പാത തന്റെ വരവിനായി കാത്തു കിടന്നിരിക്കണം.

നീണ്ട യാത്രയായതുകൊണ്ട് നന്നേ മുഷിഞ്ഞു പോയിരുന്നു. ആൽത്തറയ്ക്കരികിലെ അഴിയടിച്ച മാടക്കടയിലെ ആടുന്ന ബഞ്ചിൽ കയറിയിരുന്നപ്പോൾ മുറിക്കയ്യൻ ബനിയനിട്ട മെലിഞ്ഞു നീണ്ട വൃദ്ധൻ മുന്നിൽ വന്ന് മുരടനക്കി.



കുപ്പിഗ്ലാസിൽ ആവി പറക്കുന്ന കട്ടൻ തേയില, മധുരമേശാത്ത കടുത്ത തേയിലച്ചൂട് നുണഞ്ഞിറങ്ങിയപ്പോൾ, നീണ്ട യാത്രയ്ക്കിടയിൽ മനസ്സിൽ അടർന്നുവീണ മടുപ്പിന്റെ കരിയിലകൾ പറന്നുപോയി.

ഈ യാത്രയും നാടും വീടും എല്ലാം ഒരു വിസ്മൃതിയുടെ ഇടത്താവളം ഇനി തേടുമ്പോൾ മനസ്സിനെ മയക്കി ഉറക്കാൻ ഒരു നിദ്രവന്നെത്തുമോ? ജനിച്ചും വളർന്നും മരിച്ചും കൊണ്ടിരിക്കുന്ന ഈ മണ്ണിൽ നിന്നും മണ്ണിലേയ്ക്കുള്ള മടക്കയാത്രയുടെ മഹാനിദ്രയിലേയ്ക്ക്.

ഇവിടെ ഇരുന്നാൽ, കാലം മുഴുക്കെ ഇവിടെത്തന്നെ, ഇങ്ങനെ തന്നെ ഇരുന്നുപോകും. മഴ തോർന്ന നേരമാണ്. അടുത്ത മഴ എപ്പോൾ വേണമെങ്കിലും പെയ്യാം. അതിനു മുൻപ് വീടെത്തണം. വഴിയരുകിൽ കയറി നില്ക്കാൻ ഒരിടം പോലുമില്ല. വരുന്ന മഴ വഴിയിൽ വെച്ചു കാണാം. ഒരു സിഗരറ്റിന് തീ മൂട്ടി ആഞ്ഞു വലിച്ചുകൊണ്ട് മെല്ലെ നടന്നു.

നോക്കെത്താത്തിടത്തോളം നെല്പാടങ്ങൾ. ഓർമ്മത്തെറ്റുകൾ പോലെ അങ്ങിങ്ങായി ഒറ്റപ്പെട്ടുപോയ വീടുകൾ. ചരൽനിറഞ്ഞ ഒടയടിപ്പാത നെല്പാടത്തിൽ അവസാനിക്കുന്നു. ഇനി വരമ്പിലൂടെയുള്ള നടത്തം. അതുകഴിഞ്ഞാൽ ചെറിയൊരു കുന്നായി. മാവുകളും പ്ലാവുകളും നിറഞ്ഞ ആ കുന്നിൻ നെറുകയിലെത്തുമ്പോഴേയ്ക്കും....

മുണ്ടും മടക്കിക്കുത്തി, ചെരുപ്പൂരി കയ്യിൽ പിടിച്ചുകൊണ്ട് മെല്ലെ ചളിനിറഞ്ഞ വയൽ വരമ്പിലിറങ്ങി. കലങ്ങിമറിഞ്ഞ ചളിവെള്ളത്തിന്റെ മണമേറ്റിട്ട് വർഷങ്ങൾ എത്ര കഴിഞ്ഞിരിക്കുന്നു. ഓരോ അടിവെയ്ക്കുമ്പോഴും കാൽ വിരലുകൾക്കിടയിലൂടെ തുളച്ചുകയറുന്ന കുഴഞ്ഞുമറിഞ്ഞ ചളി.

അജ്ഞാതമായൊരു ഏകാന്ത ദുഃഖം പോലെ ഒറ്റപ്പെട്ടുനിന്ന പഴയ വീട്, കടലാവണക്കിന്റെയും കാരവള്ളിയുടെയും പടർപ്പുകയറിയ വേലി, പാറക്കല്ലുകൾ പാകിയ പടിക്കെട്ടുകൾ കയറിച്ചെന്നാൽ

കൊട്ടിയമ്പലമായി. വിള്ളലുകൾ വീണ ആടുന്ന വാതിൽ ഉള്ളിൽ കെട്ടിവെച്ചിട്ടുണ്ടാവും. മുട്ടിവിളി ച്ചാലൊ, ശബ്ദമുണ്ടാക്കിയാലൊ, വലിയ മുറ്റവും കടന്ന് വീട്ടിനുള്ളിൽ ഒച്ചയെത്തി, ഈ പെരുമഴയത്ത് ആര് കേൾക്കാൻ? ആര് വരാൻ?

വാതിൽ തള്ളിയപ്പോൾ താനേ തുറന്നു.

ഇറയത്ത് കെട്ടിത്തൂക്കിയിരുന്ന ശരറാന്ത ലിന്റെ ഭീതിയാർന്ന നിഴൽ നിലത്ത് പടർന്നു കിടന്നി രുന്നു. പുറത്ത് ആളനക്കമില്ല.

മുറ്റത്ത് മഴവെള്ളം കെട്ടി നില്ക്കുകയായി രുന്നു. പതിച്ചിട്ടിരുന്ന ചവിട്ടുകല്ലുകളിലൂടെ ഇറയത്തെത്തി. പടിക്കെട്ടിൽ ഒടിച്ചുകുത്തിക്കിടന്ന കൊടിച്ചിപ്പട്ടി മുരടനക്കി.

അകത്തളത്തിൽ മുനിഞ്ഞുകത്തുന്ന നില വിളക്കിന്റെ അരണ്ട നാളം ഇളകിയാടിക്കൊണ്ടിരുന്നു.

നാരുകട്ടിലിൽ മൂടിപ്പുതച്ചു കിടക്കുന്നതാരാണ് ?

മെല്ലെ അടുത്തെത്തി മുരടനക്കി. മൂടിയിരുന്ന പുതപ്പിന് അനക്കമുണ്ടായി. കറുത്തു കരുവാളിച്ച, കുറ്റിരോമം പടർന്ന മുഖത്തെ കുഴിയിലാണ്ട കണ്ണുകളിൽ ഒരു തിരിവെട്ടം

"ആരാത്?"

"ഞാനാ,"

കരുതിക്കൂട്ടി പേരു പറയാതിരുന്നു. ആ മുഖത്ത് കാലം പുറകിലോട്ട് ഓടുന്നതിന്റെ ചാലുകൾ വീണു. പാറക്കെട്ടുകൾക്കിടയിൽ ഊറിനിന്ന വേനൽക്കാലത്തെ കരുണാർദ്രമായ നീരുറവ പോലെ മുഖത്ത് ഉന്തിനിന്ന അസ്ഥികൾ ക്കിടയിൽ കുരുങ്ങിക്കിടന്ന മിഴികൾ. കാലത്തിന്റെ ഭൂതകയങ്ങളിൽ നിന്നും മാറ്റൊലിയുടെ ഈറന ണിഞ്ഞ ശബ്ദം.

"അപ്പുവല്ലെ........?"

"അതെ, അപ്പൂപ്പന്റെ അപ്പു !"

തന്റെ മുന്നിലേയ്ക്കു നീണ്ടുവന്ന കരിഞ്ഞു ണങ്ങിയ ചുള്ളിക്കമ്പുകൾ പോലുള്ള കൈത്ത ണ്ടുകൾ. ചുള്ളിക്കമ്പുകൾ തന്നെ കട്ടിലിന്റെ ഓരത്ത് പിടിച്ചിരുത്തി.

ഒരുകാലത്ത് ശാഖകളും ഉപശാഖകളുമായി, പ്രതാപത്തോടെ പടർന്നു പന്തലിച്ചു നിന്നിരുന്ന വടവൃക്ഷം, ഈ നിഴലിൽ, കത്തിയെരിയുന്ന ഉച്ചവേനൽ മറന്ന് എത്ര പേർ എത്ര കാലം മയങ്ങിക്കിടന്നിരിക്കുകയില്ല. ഇന്ന് വേരുകൾ ദ്രവിച്ചു തുടങ്ങിയിരിക്കുന്നു. കൊമ്പുകൾ ഉണങ്ങിക്കഴിഞ്ഞി രിക്കുന്നു. പച്ചിലകൾ പഴുത്തു കരിഞ്ഞിരിക്കുന്നു. വിണ്ടുണങ്ങിയ കൊമ്പുകളുമായി ഇനിയൊരു ചെറുകാറ്റടിക്കുന്നതും കാത്ത്.........

"മാനാകെ നനഞ്ഞല്ലൊ" ഈറനണിഞ്ഞ തന്റെ ഷർട്ടിന്റെ നനവ് കൈയ്യിൽ തട്ടിയപ്പോൾ മുത്തശ്ശൻ പറഞ്ഞു. "അമ്മുവേ, ആ തുവർ ത്തെടുക്കൂ,"

ആരാ, അമ്മു?

അകത്തെങ്ങോ കുപ്പിവളകൾ കിലുങ്ങി. വാതിൽ മുഖത്ത് ഒരു നിഴൽ വീണു. മുന്നിലേയ്ക്കു നീണ്ടു വന്ന കൈപ്പത്തിയിൽ തുവർത്ത്. കാച്ചിയ എണ്ണയുടെയും സോപ്പിന്റെയും മണം പുരണ്ട, കരപ്പൻ കുത്തിയ നരച്ച തുവർത്ത്. അമർത്തി ത്തുവർത്തിയമ്പോൾ ഉള്ളിൽ ഉറങ്ങിക്കിടന്നിരുന്ന കാട്ടുവേഴാമ്പലുകൾ ചിറകു കുടഞ്ഞു.

"മക്കളാരും ഇവിടില്ലെ"

"അവരവരുടെ കുടുംബവുമായി അവരൊക്കെ അന്യനാട്ടിൽ കഴിയുകയാണ്. പൊതിക്കെട്ടു കളുമായി വല്ലപ്പോഴുമൊക്കെ വരാറുണ്ട്."

"പാഴടഞ്ഞ ഈ പഴയവീട്ടിൽ മക്കളാരു മില്ലാതെ ഒറ്റയ്ക്ക് എങ്ങനെ ?"

"ഉണ്ടല്ലോ അമ്മു ഉണ്ടല്ലോ. അവൾക്കും ആരു മില്ല. ആരുമില്ലാത്ത അമ്മു മാത്രമാണ് എിക്കൊരു തുണ."

"ഏതെങ്കിലും മക്കളോടൊത്തു കഴിയരുതൊ ?"

"ആര് കൈയ്യേൽക്കാൻ? ഈ മണ്ണിൽ ഞാൻ നട്ടുവളർത്തിയ മരങ്ങളും എന്റെ മക്കളാണ്. എത്ര വളർന്നാലും പിറന്ന മണ്ണും വളർന്ന മണ്ണും മരങ്ങൾ മറക്കൂല. പണത്തിനുവേണ്ടി പെറ്റ മണ്ണിനെയും കൂടപ്പിറപ്പുകളെയും വിട്ട് ഓടില്ല. ഞാൻ നട്ട്, ഞാൻ വളർത്തിയ ഈ മരങ്ങളാണ് ഇന്നെനിക്ക് താങ്ങും തണലും. ഈ മക്കൾ എന്നെ കൈ വെടിയില്ല. ആര് ഒറ്റപ്പെടുത്തിയാലും, ഉൾത്തുടിപ്പാർന്ന ഈ മണ്ണിൽ ഉള്ള ചെടികളും കൊടികളും എനിക്കു ചുറ്റും ഉള്ളിടത്തോളം ഞാൻ ഏകനല്ല."

കൂടുതലൊന്നും ചോദിക്കുവാൻ ധൈര്യ

പ്പെട്ടില്ല. ആ വൃദ്ധ ഹൃദയത്തിനുള്ളിൽ തകർന്ന ടിയുന്ന ഒരു കുടുംബക്ഷേത്രത്തിന്റെ നീറുന്ന നൊമ്പരങ്ങൾ വീർപ്പുമുട്ടുകയായിരുന്നു. അതു കൊണ്ടാവാം മക്കളുടെ മനക്കാഠിന്യത്തിന്റെ മണി മാളികകളെക്കാൾ ഈ മണ്ണിലും ഈ മരങ്ങളിലും ഈ മാടക്കുടിലിലും ഒതുക്കി ക്കൂടിയത്.

രക്തബന്ധത്തിനു പോലും വിലയറ്റ ഈ ലോകത്ത്, ഇന്നോ നാളയൊ എന്നറിയാതെ, എണ്ണി എണ്ണി കിടക്കുന്ന ഈ വൃദ്ധൻ ആരാരുമല്ലാത്ത തന്നെ കാണണമെന്ന് ആഗ്രഹിച്ചതെന്തിന്? ജന്മ ജന്മാന്തരങ്ങളിലെ കർമ്മബന്ധങ്ങൾ കടപ്പാടുക ളായി അവശേഷിച്ചിരിക്കണം. അതുകൊണ്ടായിരി ക്കണം, അന്യമായ യാഥാർത്ഥ്യത്തിന്റെ പൊരുളറി യാതെ, താനും വന്നെത്തിയത്.

മുത്തശ്ശൻ വാതോരാതെ സംസാരിച്ചു കൊണ്ടിരുന്നു. അന്വേഷണങ്ങൾ...... വാർത്തകൾ.... വിശേഷങ്ങൾ.... പഴങ്കഥകൾ.... സംസാരത്തി നിടയ്ക്ക് പലപ്പോഴും മുത്തശ്ശൻ തന്റെ കൈ പിടിച്ച് തഴുകുകയും മുഖത്തമർത്തി വെയ്ക്കുകയും ചെയ്തു. വാക്കുകളെ വിഴുങ്ങിക്കളയുന്ന ഗദ്ഗദ ങ്ങൾ.

"അപ്പു നാട്ടിൽ വന്നത് ഞാനറിഞ്ഞില്ല. നിന്നെ കാണണണമെന്നുണ്ടായിരുന്നു. അതുകൊണ്ടാ ണ് ഞാൻ ആവശ്യപ്പെട്ടത്. എങ്കിലും നീ വന്നല്ലൊ, അപ്പു ജോലിക്കുപോയിട്ട് എത്ര വർഷമായി?"

"പതിനാലു വർഷം കഴിഞ്ഞു." അതിനിട യ്ക്ക് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായി. നാടും വീടും വിട്ട് എവിടെല്ലാം അലഞ്ഞു നടന്നു.

സമയം ഒൻപതടിച്ചപ്പോഴാണ് നേരം പോയത റിഞ്ഞത്. അങ്ങിങ്ങായി തേയ്പ്പടർന്ന ഭിത്തിയിലെ നടുവാതിലിനു മുകളിൽ പതിച്ചുവെച്ച പഴയ ഘടികാരം അതിലെ റോമൻ അക്കങ്ങളെയും തുരുമ്പെടുത്ത സൂചികളെയും നിഴൽ പരത്തുന്ന കറ പടർന്ന ചില്ല്. ശബ്ദം കേട്ടു മാത്രം സമയം തിട്ടപ്പെടുത്തുന്ന ഘടികാരത്തിന് എന്തിനാണ് അക്കങ്ങളും സൂചികളും? ആരാവും ഇതിന് കീ കൊടുക്കുക?

"മോന് വിശക്കുന്നില്ലേ ? നേരം ഒരുപാടായി. അമ്മുവേ, അപ്പൂന് കഞ്ഞി വിളമ്പിക്കോളൂ."

"അല്ല; ഞാൻ പോകുകയാണ്"

"ഈ രാത്രീലൊ? ഈ മഴയത്തൊ?"

"സാരമില്ല, ഞാൻ പെയ്ക്കോളാം"

"അല്ല, അപ്പു ഒരു രാത്രി ഇവിടെ കഴിയണം."


ഒരാഗ്രഹമല്ലെ, പോകാനാവില്ലെങ്കിലും, പോകണമെന്ന് പറഞ്ഞെങ്കിലും, ഇത്രയും ദൂരം താണ്ടി വന്നസ്ഥിതിക്ക്, ഈ രാത്രി തങ്ങുകതന്നെ. ഇനി ഒരാവർത്തി വരാൻ വിധിച്ചില്ലെങ്കിൽ.......

"ഇല്ല ഞാൻ പോകുന്നില്ല."

അടുക്കളയിൽ പാത്രങ്ങൾ കലമ്പി. പുറത്തെ ഇരുളിലെങ്ങോ ചീവീടുകൾ ചിലച്ചുകൊണ്ടിരുന്നു. അടുത്ത മഴ തുടങ്ങിക്കഴിഞ്ഞു. അകലങ്ങളിൽ നഷ്ടപ്പെട്ടു പോകുന്ന ഒരുറക്കുപാട്ടുപോലെ മുത്തശ്ശന്റെ വാക്കുകൾ മയക്കത്തിന്റെ അലകളിൽ അലിഞ്ഞലിഞ്ഞവശേഷിക്കുകയാണ്.

"കഞ്ഞി വിളമ്പീട്ടുണ്ട്". വാതിൽപ്പലകയിൽ നിഴലനക്കം.

വടക്കിനിയിലെത്തിയപ്പോൾ, അമ്മു ഒരല ക്കിയ മുണ്ടും തുവർത്തും കൊണ്ടുതന്നു. അപ്പോൾ മാത്രമാണ് അവളെ ശരിക്കും കണ്ടത്. എള്ളെണ്ണ യുടെ നിറം.



കൈ കഴുകിയിട്ട്, നിലത്ത് ഇട്ടുവെച്ച തടുക്കിൽ ചടഞ്ഞിരുന്നപ്പോൾ അവൾ കവടി പിഞ്ഞാണത്തിൽ കഞ്ഞി വിളമ്പി.

കഞ്ഞിയും, കാച്ചിയ മുളകും, കാച്ചിൽ പുഴുക്കും. വിശപ്പും തണുപ്പും കഞ്ഞിക്ക് സ്വാദേറ്റി. എങ്കിലും, അമ്മു മടിച്ചു മടിച്ച് പറഞ്ഞു. "കറി യൊന്നും ........"

കഞ്ഞി കുടിച്ചു തീരാറായപ്പോൾ അവൾ പാത്രത്തിലുള്ള വറ്റത്രയും അരിച്ചു വിളമ്പി.

"മതി. അമ്മുന്....."

"മുത്തശ്ശനും കൊടുത്തിട്ട്, ഞാനും നേരത്തേ കഴിച്ചതാ. ഒരാൾക്കുള്ളതെന്നും ബാക്കിയുണ്ടാ വും. ആരും വരില്ലെന്നറിയാമെങ്കിലും ..."

അതെ, വരാത്ത ഒരാൾ വന്നെത്തി. യാത്ര യില്ലാത്ത രാവുമായി, പെരുമഴയത്ത്.

കഞ്ഞികുടി കഴിഞ്ഞ്, നടുത്തളത്തിൽ വന്ന പ്പോൾ മുത്തശ്ശൻ കൂർക്കം വലിച്ചുറങ്ങുകയാ യിരുന്നു. അപാര തീരങ്ങളിൽ അലതല്ലുന്ന അഗാധ സാഗരം. പാവം ഉറങ്ങിക്കോട്ടെ. അങ്ങയുടെ നീണ്ട രാവുകളെ ഈ നിദ്ര കീഴടക്കുമ്പോൾ, പാതയുടെ പര്യവസാനത്ത് പുലർവെളിച്ചം പൊട്ടിയുണരുമോ?

ഇനി ഒരു സിഗരറ്റു പുക കൂടി അകത്തു ചെന്നാൽ കനിഞ്ഞെത്തുന്ന നിദ്ര. ഊരിയിട്ട ഉടുപ്പിൽ നിന്നും സിഗരറ്റു പായ്ക്കറ്റും തീപ്പെട്ടിയു മെടുത്ത് ഇറയത്തു ചെന്നു.

കൈവിട്ടുപോയ കാലത്തിന്റെ ആലാപന ത്തിൽ, നിദ്രകൾ രാവുകൾ തേടുമ്പോൾ ഈ യാത്ര ഇനിയും തുടരും. ഈ രാത്രി കൂടി കഴിഞ്ഞാൽ പിന്നെ എത്ര രാവുകളും പകലുകളും? ഒൻപതാം തീയതി മടക്കയാത്ര. അന്ന് താൻ പോകുമാവും. ഓർമ്മകളുടെ മുൾവേലിയിൽ കുരുങ്ങിയ മനസ്സു മായി താൻ മടങ്ങിപ്പോകുമാവും.

ഇവിടെ ഈ മഴക്കാലത്ത്, ഹിൽമാൻ ഹോട്ടലിലെ മുപ്പത്തൊന്നാം നമ്പർ മുറി, എരിഞ്ഞു പൊള്ളുന്ന വേനലുമായി തന്റെ വരവും കാത്ത് ഇരിക്കുകയാവും. ഓഫീസിലെ കെട്ടിവച്ച ഫയലു കൾ തന്റെ മേശപ്പുറത്ത് ഉറങ്ങുകയാവും. താൻ വന്നെത്തും വരെ സുവർണ്ണയുടെ നീണ്ടു കൂർത്ത കൈവിരലുകൾക്ക് ആലസ്യം. ടൈപ്പു റൈറ്ററിന് ഉറക്കം.

ഞാൻ വരും. നിന്റെ നീണ്ടുകൂർത്ത വിരൽ ത്തുമ്പുകളിൽ അഗ്നിസ്ഫുലിംഗമായി ഞാൻ എരിഞ്ഞണയും.

ഇനി താൻ ഇവിടെ വരുമൊ? മുത്തശ്ശൻ അന്നുണ്ടാവുമൊ?

ഒരു കാര്യം മറന്നു. കൊണ്ടുവന്ന പൊതി ക്കെട്ട് മുത്തശ്ശന്റെ കൈയിൽ കൊടുത്തില്ല. ജനലോ രത്ത് വെച്ചത് മുത്തശ്ശൻ കണ്ടിരിക്കുകയില്ല. വന്നു കയറിയപ്പോൾ തന്നെ പൊതി മുത്തശ്ശന്റെ കൈ യിൽ ഏൽപ്പിക്കേണ്ടതായിരുന്നു. ഒരു കഷണം ഹൽവ മുത്തശ്ശന്റെ വായിൽ വച്ചുകൊടുക്കേണ്ട തായിരുന്നു.

ഇനിയിപ്പോൾ...... മുത്തശ്ശൻ ഉറങ്ങിക്കഴിഞ്ഞു. നാളെ രാവിലെ പോകും മുമ്പ് മറക്കാതെ പൊതി യെടുത്ത് മുത്തശ്ശന്റെ കൈയിൽ കൊടുക്കണം.

തോർന്ന മഴ വീണ്ടും കനത്തു. തണുത്ത കാറ്റിൽ അകത്തളത്തിലെ നിലവിളക്ക് വിതുമ്പി. നേരം പതിനൊന്നടിച്ചു.

അകത്തളത്തിലെ ചുമരിൽ ചാരിയിരുന്ന് അമ്മു മയങ്ങുകയായിരുന്നു. തന്റെ കാലടി ശബ്ദം കേട്ടിട്ടാവണം അവൾ ഞെട്ടിയുണർന്നു.

തെക്കുമുറിയിൽ പായും തലയിണയും വെച്ചിട്ടുണ്ട്. പുറത്തെ വാതിൽ അടച്ചോട്ടെ ?

മനസ്സിലെങ്ങോ തുരുമ്പു പിടിച്ച ഇരുമ്പു സാക്ഷകൾ നീങ്ങി.

അമ്മു നിലവിളക്കിലെ മുനിഞ്ഞുകത്തുന്ന തീനാളം ചുവട്ടിൽ വച്ചിരുന്ന ചെമ്പരത്തിപ്പൂവ് കൊണ്ട് കെടുത്തി.

മനുഷ്യഗന്ധം മറന്നുപോയ മുറി. മൂലയിൽ മേൽപ്പലകയില്ലാത്ത മേശയിൽ ആമപ്പാറ്റകൾ അടയിരുന്നു.

പത്തായപ്പുറത്ത് അലകുകൾ വിട്ടുപോയ പഴയൊരു പുൽപ്പായ വിരിച്ചിരിക്കുന്നു. എണ്ണവിഴു ക്കാർന്ന കറുത്ത, കനത്ത ഒരു തലയിണ. പഴയൊരു പുതപ്പ്.

ഇനി ഒരുറക്കം; ഉണരുവോളം. ഉറങ്ങാത്ത വർക്ക് എന്തുണർച്ച?

അകമുറികളിലെങ്ങോ വാതിലുകൾ കലമ്പി.

ചുരുണ്ടു കൂടി, തലവഴി മൂടിയപ്പോൾ, പുതപ്പാകെ മട്ടിപ്പശയുടെയും പാറ്റാമുട്ടയുടെയും ഗന്ധം. എണ്ണക്കറ പടർന്ന കല്ലൻ തലയിണയിൽ നൂറ് ഉറക്കങ്ങളുടെ പഞ്ചിക്കെട്ടുകൾ കനത്തു കല്ലിച്ചിരിക്കുന്നു. ഇനി എത്രനേരം ഈ വരാത്ത ഉറക്കവും കാത്ത്... വിളക്കുകളെല്ലാം കെടുത്തിയപ്പോൾ ഒന്നും വ്യക്തമല്ല. എങ്കിലും അണയാത്തൊരു ദീപം ഉള്ളിന്റെ ഉള്ളിൽ കെട്ടടങ്ങാതിരിക്കുന്നു. മുനിഞ്ഞു കത്തുന്ന ആ ഈർക്കിൽ നാളം ഊതിക്കെടുത്തുവാൻ ഒരു കരിങ്കാറ്റ് വരുമൊ?

കനിഞ്ഞെത്തുന്ന മയക്കത്തിന്റെ വർണ്ണനൂലിഴകളിലൂടെ അകലങ്ങളിലേയ്ക്കുള്ള അനന്തയാത്ര. ഞാൻ ചെന്നെത്തുന്നതിനു മുൻപ് എന്റെ നൂഴിലകളെ പൊട്ടിച്ചതാരാണ്?

ഇരുൾ വിഴുങ്ങിയ കാലടികൾ ആരുടേതാണ്?

മേനിയിലാകെ കുത്തി വിരിയുന്ന കുരുക്കുത്തിമുല്ലമൊട്ടുകൾ. എള്ളെണ്ണയുടെ ഗന്ധം. കൈക്കുടന്നയിലൂടെ പിടഞ്ഞു നീങ്ങുന്ന അരിപ്രാവുകൾ.

ആകാശങ്ങൾ തേടി നീ പറന്നെത്തിയ ഉയരങ്ങളിൽ നിന്നും ഉതിർന്നു വീണ നിന്റെ ചിറകടികൾ. ഇനി ഞാൻ ഉറങ്ങട്ടെ!

പിന്നെ എപ്പോൾ ഉറങ്ങി? എപ്പോൾ ഉണർന്നു ?

ഉണർന്നപ്പോൾ നേരം നന്നേ വെളുത്തിരിക്കണം. മനസ്സു നിറയെ ഇരുട്ടായിരുന്നു. കിടക്ക വിട്ടെഴുന്നേറ്റ് പുറത്തു കടന്നു.

നടുത്തളത്തിലെ ജനലോരത്ത് മുത്തശ്ശന്റെ ഉണർവു കാത്തിരിക്കുന്ന ചായ.

തൊട്ടുണർത്തണമൊ? വേണ്ട; ഉറങ്ങട്ടെ. താമസിച്ചാവും എന്നും എഴുന്നേൽക്കുക. താൻ ഇറങ്ങുന്നതിനു മുമ്പ് ഉണരുമാവും. ഏതായാലും നേരം കളയേണ്ട. ആദ്യ ബസ്സിൽ തന്നെ മടങ്ങണം. അതു നഷ്ടപ്പെട്ടാൽ, പിന്നെ ഉച്ച കഴിഞ്ഞേയുള്ളൂ.

മുത്തങ്ങാപ്പുല്ലു പടർന്ന കിണറ്റിൻകര. അടുക്കളയുടെ പുകയോട്ടിലൂടെ ഉയർന്നു പൊങ്ങുന്ന നീലപ്പുകച്ചുരുളുകൾ. മഴമേഘങ്ങൾക്കിടയിൽ ഒളിമിന്നുന്ന നേർത്ത വെള്ളിവെളിച്ചം. ഈ വെളിച്ചവും നോക്കി നിന്നാൽ യാത്ര ഇനിയും വൈകും. മനസ്സുപോലെയാണ് ആകാശം. അതിന്റെ നിറം മാറുന്നത് എപ്പോഴെന്ന് ആർക്കറിയാം? മഴ എപ്പോൾ വേണമെങ്കിലും പെയ്യാം.

മടക്കയാത്രയ്ക്കൊരുങ്ങുന്ന മനസ്സ്.

വസ്ത്രം മാറി പുറത്തു കടന്നപ്പോൾ അമ്മു പറഞ്ഞു: "ചായയെടുത്തു വെച്ചിട്ടുണ്ട് ?"

"മുത്തശ്ശനുണർന്നില്ലേ?"

"ഇല്ല"

പോകാൻ നേരത്ത്, യാത്ര ചോദിക്കുമ്പോൾ മുത്തശ്ശന് വിഷം തോന്നും. നേരത്തെ അറിയിക്കണം.

മുത്തശ്ശൻ തലവഴി പുതച്ച് ഉറങ്ങുകയായിരുന്നു. ചുമരിലൂടെ വരിവച്ചു നീങ്ങുന്ന ചേണുറുമ്പുകൾ ജനൽപ്പടിയിൽ ഇന്നലെ വെച്ച പൊതിക്കെട്ടിൽ അവസാനിക്കുന്നു.

മുത്തശ്ശൻ പുതച്ചിരുന്ന കരിമ്പടം മെല്ലെ മാറ്റി.

മഞ്ഞളിച്ച മുഖത്ത് അരിച്ചു നടക്കുന്ന ഉറുമ്പുകൾ; അവ ശവം തീനി ഉറുമ്പുകളായിരുന്നു.


അഴകും മികവും ഒത്തുചേർന്ന
22 ct. സ്വർണ്ണാഭരണങ്ങൾക്ക്

# R.K. Jewellery
## Arumanai



Proprietor
**Rajkumar**

# ആദരാഞ്ജലികൾ



വിങ് കമാണ്ടർ
എസ്. എം. നായർ



മടിച്ചൽ
കുഞ്ഞുകൃഷ്ണ പിള്ള



ആർ. വേലായുധൻ
തമ്പി



ക്യാപ്റ്റൻ
എസ്. എൻ. നായർ



ആർഷഭൂമി
സോമശേഖരൻ നായർ



സുകുമാരൻ നായർ
പൈങ്കുളം




കെ. ബി. നായർ
കുഴിത്തുറ



കെ. രവീന്ദ്രനാഥൻ
നായർ



പി. എസ്. തമ്പി
തക്കല



എസ്. എം. മണി
കുലശേഖരം




ക്യാപ്റ്റൻ
ജി.എസ്. നായർ




ശേഖരപിള്ള
അരുമന



ടി. ആർ. മൊറായിസ്
(സാഗരശബ്ദം പത്രാധിപർ)



ശ്രീധര പണിക്കർ
മരുതംകോട്



പി. നാരായണപിള്ള
പാകോട്

എം. വിക്രമൻ നായർ

കെ. വി. തമ്പി

ജി. ശ്രീകുമാർ

ജി. വി. നായർ
മുഞ്ചിറ

# കൊച്ചു രാമൻ

എം. എസ്. ശ്രീനാഥ്



അച്ഛനുമമ്മയുമാരോരുമില്ലാത്ത
അഞ്ചു വയസ്സുള്ള കൊച്ചു രാമൻ
ആരോ കൊടുത്ത പൊതിച്ചോറുമായിട്ടൊ
രാൽത്തറത്തിണ്ണമേൽ ചെന്നിരുന്നു.

നന്നേ വിശന്നു തളർന്നൊരു മുത്തശ്ശി
വന്നു കരം നീട്ടി നിന്നു മുമ്പിൽ
കൈയിലിരുന്നതാമപ്പൊതിച്ചോറിനെ
പൈതീർപ്പാൻ മുത്തശ്ശിക്കേകി രാമൻ

കുമ്പിളിൽ കൊണ്ടകുളിർ ജലം കോരിത്തൻ
കൊച്ചു വയർക്കുണ്ടിൽ തീ കെടുത്തി.
രാവും പകലും പലതു കഴിഞ്ഞു പോയ്
രാമന്റെ ദാനധർമ്മങ്ങൾ നീണ്ടു.

പിന്നൊരു നാളിലൊരല്പമുറങ്ങുവാൻ
അമ്മരച്ചോട്ടിൽ കിടന്നു രാമൻ
ഉച്ചത്തിൽ മുത്തശ്ശി തൻ വിളികേട്ടതും
ഞെട്ടിത്തരിച്ചോടി കൊച്ചു രാമൻ

പൊക്കത്തിൽ നിന്നൊരു വൻമരകൊമ്പങ്ങു
പൊട്ടിയടർന്നു വീഴുന്ന കണ്ടു.
മുത്തശ്ശി തന്നുപകാരം നിനച്ചതും
കൈപ്പത്തികൾ ചേർന്നു മൊട്ടുപോലായ്

നമ്മളുമിക്കൊച്ചു രാമനെപ്പോലവേ
സൻമനസ്സുള്ളോരായ് തീർന്നിടേണം.



# ജീവനും ജീവനാശവും



**ഉണ്ണികൃഷ്ണൻ, കൊല്ലങ്കോട്**

ജീവനാശം എന്ന പദത്തിന് മരണം അഥവാ പ്രാണനെ ഉപേക്ഷിക്കൽ എന്നാണ് നിഘണ്ടു അർത്ഥം. എല്ലാം മാറുന്നു എന്നതു മാത്രമാണ് മാറാത്ത സത്യമെങ്കിലും ഈ അർത്ഥം മിക്കവാറും മാറ്റത്തിനു വിധേയമാകാതെ തനിമ നിലനിർത്തുന്നു. മരണത്തെക്കുറിച്ച് അത്ഭുത പൂർണമായ അന്വേഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും വസ്തുനിഷ്ഠമായ ഒരു നിഗമനത്തിലെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് ഇന്നും പറയാനാവില്ല. ജീവന്റെ നാശം മരണമാണെങ്കിൽ ദ്രവ്യം നിർമ്മിക്കപ്പെടുകയോ നശിക്കപ്പെടുകയോ ചെയ്യുന്നില്ല. (Matter is either Created nor Destroyed) എന്ന അംഗീകൃതാഭിപ്രായം അർത്ഥ ശൂന്യമാവും. ജീവൻദ്രവ്യമല്ല എന്ന വാദവും അപ്രസക്തമാണ്. ദ്രവ്യത്തിന് രൂപഭേദമുണ്ട്. ദ്രവ്യം ഊർജ്ജമാവാം. ഊർജ്ജം ദ്രവ്യവുമാവാം. $E = mc^2$ എന്ന ഐൻസ്റ്റീന്റെ സമീകരണം ഇക്കാര്യം സമർത്ഥിച്ചു കാണിക്കുന്നു. ദ്രവ്യത്തിന്റെ രൂപ ഭേദമായ ഊർജ്ജവും ജീവനല്ല എന്ന അഭിപ്രായവും അസ്വീകാര്യമാണ്. ദ്രവ്യമോ ഊർജ്ജമോ ഇല്ലാത്തിടത്ത് ജീവനുണ്ടോ? എന്ന മറു ചോദ്യമാണ് ഈ അഭിപ്രായത്തിനുത്തരം. നഗ്ന നേത്രങ്ങൾക്ക് അഗോചരമായ ജീവന്റെ ആദി രൂപമെന്നു കരുതപ്പെടുന്ന ഏകകോശ ജീവിയായ പ്രോട്ടോസോവയും സൂപ്പർ കമ്പ്യൂട്ടറിനെക്കാൾ സങ്കീർണ്ണമായ ശരീരഘടനയോടു കൂടിയ മനുഷ്യനും ദ്രവ്യ നിർമ്മിതമാണ്.

*'മെഴുകുതിരിയിൽ നിന്നുണ്ടാകുന്ന വെളിച്ചവും പോഷകാഹാര ഭോജനത്തിൽ നിന്നു ണ്ടാകുന്ന ജീവനും, ഗുണത്തിലും, അളവിലും വ്യത്യസ്ഥമാണ്. രണ്ടിലും എരിയുന്ന ഇന്ധനത്തിന്റെ അളവ് സമമായാലും ഉത്പാദിപ്പിക്കപ്പെടുന്ന ഊർജ്ജം ജന്തുശരീരത്തിൽ അധികമാകാനേ തരമുള്ളൂ.'*

ഇവയിലെ ഇന്ധനം എരിക്കപ്പെടുമ്പോൾ വെളിച്ചമെന്നോണം ജീവൻ പ്രകടമാകുന്നു. ദ്രവ്യമോ ഊർജ്ജമോ ഇല്ലാത്തിടത്ത് ജീവനില്ലെന്ന് സാരം. ആംഗല സാഹിത്യസാമ്രാട്ടായ ഷേക്സ്പീയറിന്റെ അവസാന നാടകമായ 'ടെംപെസ്റ്റ്' ലെ ഏരിയൽ എന്ന മിഴിപ്പുള്ള കഥാപാത്രം പുറപ്പെടുവിക്കുന്ന ശബ്ദം അശരീരിയാണ്. ദൃശ്യമില്ലാത്ത ശരീരത്തിൽ നിന്നുണ്ടാകുന്ന ശബ്ദം ശരീരം കൂടാതുള്ള ശബ്ദമാണെന്നു കരുതി 'അശരീരി' എന്ന് പേരിട്ടിരുന്നിരിക്കണം. താളം തെറ്റുമ്പോൾ ഇല്ലാത്തത് ഉണ്ടെന്നുതോന്നുന്നതും സർവ്വസാധാരണമാണ്. സ്കിസോഫ്രാനിയ പിടിച്ച മനോരോഗി ഒറ്റയ്ക്കിരുന്ന് ചിരിക്കുന്നതും സംസാരിക്കുന്നതും പ്രത്യക്ഷത്തിൽ ഇല്ലാത്ത ആരോടോ പ്രതികരിക്കുമ്പോഴാണ്. അശരീരിയ്ക്ക് സമാനമെന്ന് സങ്കൽപ്പിക്കപ്പെടുന്ന റേഡിയോ ശബ്ദം ദ്രവ്യ നിർമ്മിതമായ ശരീരിയിൽ നിന്നാണ് പുറപ്പെടുന്നത്. ഈ ശബ്ദം വൈദ്യുതകാന്ത തരംഗങ്ങളുടെ രൂപത്തിൽ വിദൂരങ്ങളിൽ നിന്നും എത്തിച്ചേരുന്നുവെന്നു മാത്രം. ഫോട്ടോ കണങ്ങൾ പാറുമ്പോൾ പ്രകാശം പ്രത്യക്ഷമാകും. ഈ ഫോട്ടോ കണങ്ങളും ദ്രവ്യനിർമ്മിതമായ ഒരു ശരീരിയിൽ നിന്നു പുറ പ്പെടുന്ന മറ്റൊരു ശരീരമാണ്. ദ്രവ്യമോ, ഊർജ്ജമോ ഇല്ലാതെ ജീവനോ, ജീവസമാനമായ വെളിച്ചമോ ഉണ്ടാകുന്നില്ലെന്ന് അനുമാനിക്കണം.

ഇനി ജീവൻ എന്താണെന്ന് പരിശോധിക്കാം. നിശ്ചിത അനുപാതത്തിൽ പദാർത്ഥങ്ങളോ മൂലകങ്ങളോ പ്രത്യേക രീതിയിൽ കൂടിച്ചേരുമ്പോൾ വിശേഷഗുണങ്ങളോടു കൂടിയ ഒരു വസ്തു രൂപപ്പെടും. ബ്രിട്ടണിലെ രാജകുടുംബാംഗങ്ങൾ

ക്കായി തയ്യാറാക്കപ്പെടുന്ന, മഞ്ഞലോഹത്തേക്കാൾ വില പിടിപ്പുള്ള, റോയൽ സല്യൂട്ട് എന്ന മദ്യത്തിന് കൈവരുന്ന വിശേഷ ഗുണം അതാണ്. ജീവക കേന്ദ്രീകരണം (Protien Concentration) ആയ പാമ്പിന്റെ വിഷത്തിനും കസ്തൂരിമാനിന്റെ കസ്തൂരിക്കും ആ ആനുപാതിക ചേരുവ വൈവിധ്യം പകരുന്നു. മേൽപ്പറഞ്ഞ അപൂർവ്വ വസ്തുക്കളിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങളും പദാർത്ഥങ്ങളും വെവ്വേറയായി പരിശോധിച്ചാൽ അവയിൽ 'റോയൽ സല്യൂട്ടി'ന്റെ അനുഭൂതി പകരുന്ന ലഹരിയോ സർപ്പ വിഷത്തിന്റെ അത്ഭുത രോഗ നിവാരണ സിദ്ധിയോ, കസ്തൂരിയുടെ മാസ്മരിക സുഗന്ധമോ, അനുഭവിക്കാനാവില്ല.

മേൽപ്പറഞ്ഞ മാതിരിയുള്ള ആനുപാതിക ചേരുവയുടെ ഫലമായുണ്ടാകുന്ന വിശേഷ ഗുണം തന്നെയാണ് 'ജീവൻ' എന്ന പ്രതിഭാസവും. മെഴുകുതിരി എരിയുമ്പോൾ ഉണ്ടാവുന്ന വിശേഷഗുണം ചൂടും വെളിച്ചവുമാണല്ലോ. എരിയൽ എന്ന പ്രക്രിയ ഉണ്ടെങ്കിലേ വെളിച്ചം ഉണ്ടാകൂ. വെളിച്ചം ഉണ്ടാകാൻ മെഴുകുതിരിയും, പ്രാണവായുവും, എരിയലും ആവശ്യമാണെന്നു സാരം. മെഴുകുതിരിയിലെ മെഴുകും അന്തരീക്ഷത്തിലെ പ്രാണവായുവും എരിക്കുന്ന തീയുടെ ഇന്ധനമാണ്. ഇന്ധനം തീരും വരെ എരിയൽ തുടരും.

കോശനിർമ്മിതമായ ജന്തുശരീരത്തിലും എരിയൽ നടക്കുന്നു. അതുകൊണ്ടാണ് എവിടെ സ്പർശിച്ചാലും ചൂടനുഭവപ്പെടുന്നത്. ചൂടില്ലാത്ത ഭാഗമുണ്ടെങ്കിൽ എരിയൽ തടയപ്പെടുന്നതിനാൽ അപ്രതിഗമ്യമാം വിധം മരണം കടന്നുകയറിയ ഭാഗമാണവിടം എന്നു കരുതണം. ആനുപാതിക ചേരുവയിലുണ്ടായ ഭംഗമാണ് ഇതിനു കാരണം. ദ്രവഖര രൂപത്തിലെ ഭക്ഷണവും പ്രാണവായുവുമാണ് ജന്തുശരീരത്തിൽ ഇന്ധനമായി എരിക്കപ്പെടുന്നത്. മായം കലർന്ന മെഴുകാകുന്ന ഇന്ധനം എരിയലിന് ഭാഗികമായ തടസ്സമുണ്ടാക്കുന്നു. അതിനാൽ ജീവൻ പോലെ വെളിപ്പെടുന്ന വെളിച്ചവും ചൂടും ഭാഗികമായി കുറയുന്നു. ജന്തുശരീരത്തിനാവശ്യമായ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷണമാകുന്ന ഇന്ധനം ശരീരത്തിലെത്തിയില്ലെങ്കിൽ അതിലൂടെ വെളിപ്പെടുന്ന ജീവൻ ആനുപാതികമായ താളക്കേട് പ്രകടിപ്പിക്കും. നല്ല മെഴുക് എരിയുമ്പോൾ ആവശ്യത്തിന് ചൂടും വെളിച്ചവും വെളിപ്പെടുന്നതു പോലെ നല്ല ഭക്ഷണം (പോഷക മൂല്യമുള്ള ഭക്ഷണം) എരിക്കപ്പെട്ടാൽ ഊർജ്ജസ്വലതയുള്ള ശരീരത്തെ നിലനിർത്തുന്ന ജീവൻ വെളിപ്പെടും. അങ്ങനെ ജന്തുശരീരമാകുന്ന പ്രത്യേക രീതിയിലുള്ള ആനുപാതിക ചേരുവ, ചെലുത്തപ്പെടുന്ന പോഷകാഹാരം ഓക്സിജന്റെ ജാരണത്തിൽ എരിക്കപ്പെടുന്നതിലൂടെ ജീവൻ എന്ന വിശേഷ ഗുണത്തെ രൂപപ്പെടുത്തുന്നു.

മെഴുകുതിരിയിൽ നിന്നുണ്ടാകുന്ന വെളിച്ചവും പോഷകാഹാര ഭോജനത്തിൽ നിന്നുണ്ടാകുന്ന ജീവനും, ഗുണത്തിലും, അളവിലും വ്യത്യസ്ഥമാണ്. രണ്ടിലും എരിയുന്ന ഇന്ധനത്തിന്റെ അളവ് സമമായാലും ഉത്പാദിപ്പിക്കപ്പെടുന്ന ഊർജ്ജം ജന്തുശരീരത്തിൽ അധികമാകാനേ തരമുള്ളൂ. ജന്തുശരീരത്തിൽ നടക്കുന്ന കോശവിഭജനമാണ് ഇതിന് നിദാനം. ജീവനുള്ള കോശങ്ങളുടെ എണ്ണം കൂടുമ്പോൾ അവയിലെ ജീവന്റെ അളവ് കൂടുക സ്വാഭാവികം മാത്രം. കോശ വിഭജനം നടന്നാലും ജീവനുള്ള കോശങ്ങളുടെ എണ്ണം കുറവാണെങ്കിൽ ജീവന്റെ അളവിലും കുറവുണ്ടാകും. ജനിക്കുന്ന കോശങ്ങൾ മരിക്കുന്ന കോശങ്ങളേക്കാൾ കുറയുമ്പോഴാണ് അതുണ്ടാവുന്നത്. വൃദ്ധരുടെ ഭാരം കുറയുന്നത് അതുകൊണ്ടാണ്. ചെറുപ്പക്കാരുടെ ശരീരത്തിൽ ജനിക്കുന്ന കോശങ്ങൾ നാൾക്കുനാൾ ഉയരുന്നതും അതിനാലാണ്. ചെറുപ്പക്കാർക്ക് ശാരീരികമായ ചലനാത്മകത കൂടുതലാണ്. അവർ പെട്ടെന്ന് നടക്കുകയും ചാടുകയും ഓടുകയും ചെയ്യുന്നു. ഓടുമ്പോൾ ശ്വാസോച്ഛ്വാസ വേഗത കൂടുന്നു. തൻമൂലം ശ്വാസകോശത്തിലെ പഴയവായു പുറന്തള്ളപ്പെടുന്നു. ഒഴിഞ്ഞ സ്ഥലത്ത് പുതിയ വായു സ്ഥാനം പിടിക്കുന്നു. പുതിയ വായുവിൽ പ്രാണവായുവിന്റെ അളവ് കൂടുതലാണ്. തൽഫലമായി കൂടുതൽ പ്രാണവായു രക്തത്തിലൂടെ കോശങ്ങളിൽ എത്തിച്ചേരുന്നു. ഈ പ്രാണവായു എരിയലിനെ ത്വരിതപ്പെടുത്തുന്നു. കോശ നിർമ്മാണവും തദ്വാരാ ഉയരുന്നു. ചെയ്യുന്ന ജോലിയുടെ കാഠിന്യത്തിനനുസരിച്ച് വ്യത്യസ്ത കലോറിയിലുള്ള ഭക്ഷണമാണ് ശരീരത്തിന് ആവശ്യമാവുന്നത്. ഓടുന്ന വ്യക്തിയിലെന്നപോലെ ചലനാത്മകത കൂടിയ പണികളിൽ വ്യാപൃതനാവുന്നവന് കൊഴുപ്പും, കാർബോഹൈഡ്രേറ്റും, പ്രോട്ടീനും കൂടുതൽ ഉൾക്കൊള്ളാനാവുന്നു. തൽഫലമായി ആ ശരീരത്തിന്റെ ഉറപ്പും പുഷ്ടിയും കൂടുന്നു. അദ്ധ്വാന ഭാരം കുറഞ്ഞ ശരീരത്തിൽ മേദസ്സ് കെട്ടികിടക്കുന്നു. രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾ അദ്ധ്വാനിക്കുന്നവർക്ക് താരതമ്യേന കുറവാണ്.

മേൽപ്പറഞ്ഞ വിവരണങ്ങളിൽ നിന്നും ജന്തു ശരീരത്തിൽ ജനനവും മരണവും അവിരാമം നടക്കുന്നുവെന്ന് വ്യക്തമാണ്. എങ്കിലും ജീവിച്ചിരിക്കുന്ന ഒരുവന്റെ ശരീരത്തിൽ നിത്യേന നടക്കുന്ന മരണം, മരണമായി കരുതപ്പെടാത്തത് ഒരപാകതയാണ്. ദഹനസമയത്ത് കാർബോഹൈഡ്രേറ്റിൽ നിന്നുണ്ടാകുന്ന ഒരു പ്രകാരത്തിലുള്ള പഞ്ചസാരയാണ് ഗ്ലൂക്കോസ്. ഈ ഗ്ലൂക്കോസ് വേണ്ടും വിധം ഉപയോഗിക്കപ്പെട്ടില്ലെങ്കിൽ രക്തത്തിൽ പഞ്ചസാരയുടെ അളവ് കൂടും. പഞ്ചസാര നിറഞ്ഞ കോശങ്ങളിൽ എരിയൽ പ്രക്രീയ തടസപ്പെടും. ഒരു കാലിലെ ഭൂരി പക്ഷം കോശങ്ങളും ഈ അപകടത്തിന് ഇരയായാൽ ആ കാൽ അഴുകാൻ തുടങ്ങും. കാൽ മുറിച്ചു മാറ്റലാണ് ഇതിനു പ്രതിവിധി. പ്രമേഹം മുറ്റിയ രോഗികളിൽ രണ്ടു കാലും രണ്ടു കൈയും മുറിച്ചു മാറ്റപ്പെട്ടവരുമുണ്ട്. അവരിൽ പകുതി ജീവനാണ് അപ്പോൾ അവശേഷിക്കുന്നത്. എന്നാലും അവർ അൽപ്പവും മരിച്ചവരല്ലെന്നാണ് പൊതുവേ കരുതപ്പെടുന്നത്. ശരീരത്തിൽ മുക്കാലേ മുണ്ടാണിയും മരിച്ചു കഴിഞ്ഞ ശേഷം ഒരു നെഞ്ചിടിപ്പു മാത്രം ബാക്കിയുള്ളവനും നമുക്ക് മരിക്കാത്തവനാണ്. യശശ്ശരീരനായ തമിഴ്നാട് മുഖ്യമന്ത്രി എം.ജി രാമചന്ദ്രന് അദ്ദേഹത്തിന്റെ ജ്യേഷ്ഠ പുത്രിയായ ഡോക്ടർ ലീലാവതി ഒരു കിഡ്നി സമ്മാനിച്ചു. തൽഫലമായി മുമ്പേ മരിക്കേണ്ട എം.ജി.ആർ. പിമ്പേ മരിച്ചു. മരണത്തോടെ സമ്മാനിക്കപ്പെട്ട കിഡ്നിയും മരിച്ചു. ഡോക്ടർ ലീലാവതിക്ക് മൊത്തം ജീവനിൽ നിന്നും ഒരു കിഡ്നി നൽകിയ ജീവൻ നഷ്ടപ്പെട്ടു.

*ഒരു കാലിലെ ഭൂരിപക്ഷം കോശങ്ങളും ഈ അപകടത്തിന് ഇരയായാൽ ആ കാൽ അഴുകാൻ തുടങ്ങും. കാൽ മുറിച്ചു മാറ്റലാണ് ഇതിനു പ്രതിവിധി. പ്രമേഹം മുറ്റിയ രോഗികളിൽ രണ്ടു കാലും രണ്ടു കൈയും മുറിച്ചു മാറ്റപ്പെട്ടവരുമുണ്ട്. അവരിൽ പകുതി ജീവനാണ് അപ്പോൾ അവശേഷിക്കുന്നത്. എന്നാലും അവർ അൽപ്പവും മരിച്ചവരല്ലെന്നാണ് പൊതുവേ കരുതപ്പെടുന്നത്. ശരീരത്തിൽ മുക്കാലേ മുണ്ടാണിയും മരിച്ചു കഴിഞ്ഞ ശേഷം ഒരു നെഞ്ചിടിപ്പു മാത്രം ബാക്കിയുള്ളവനും നമുക്ക് മരിക്കാത്തവനാണ്.*

മരണം പലർക്കും ഒരു ഭീകര സ്വപ്നമാണ്. മരണസമയത്ത് സഹിക്കാനാവാത്ത വേദന അനുഭവിക്കേണ്ടി വരുമെന്നാണ് അവരുടെ ഉറച്ച വിശ്വാസം. 303-ാം നമ്പർ തോക്കിൽ നിന്ന് വെടിയുണ്ട പുറത്തു പോകുമ്പോൾ തോക്ക് വലിയ ഊക്കോടെ പുറകോട്ട് തള്ളപ്പെടും. ആ സമയത്ത് തോളെല്ലിന് കീഴ്ഭാഗത്തുള്ള മാംസളഭാഗത്തിൽ തോക്കിന്റെ ബട്ട് അമർത്തിപ്പിടിച്ചിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പിന്നോട്ടു വരുന്ന തോക്ക് ഇടിച്ച് തോളെല്ല് ഉടയുകയോ, നെഞ്ചെല്ലു തകരുകയോ ചെയ്യാം. അതുപോലെ ജീവൻ പുറത്തു പോകുമ്പോൾ ശരീരത്തിന് സങ്കൽപ്പിക്കാനാവാത്ത കടുത്ത ആഘാതമേൽക്കുമെന്ന് കരുതുന്നവരുമുണ്ട്.

മരണം ആരിലും ക്ഷണപ്പൊഴുതിൽ നടക്കുന്ന ഒരു പ്രതിഭാസമല്ല. ശ്വാസോച്ഛ്വാസം നിലച്ചാൽ പ്രാണവായു പ്രവാഹം തടസ്സപ്പെടും. പ്രാണവായുവില്ലാതെ എരിയൽ ഇല്ല. എരിയലില്ലാതെ ശരീരത്തിനാവശ്യമായ ഊഷ്മാവുമില്ല. ശരീരം തണുക്കുകയും രക്തചംക്രമണം നിലയ്ക്കുകയുമാവാം ഫലം. ശ്വാസം നിലച്ചാൽ ഹൃദയ പ്രവർത്തനം സ്തംഭിക്കും. ആദ്യത്തെ മരണം ഇപ്പോൾ നടക്കുന്നു. ഈ മരണത്തിന് ക്ലിനിക്കൽ മരണമെന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ മരണം സംഭവിച്ചു കഴിഞ്ഞശേഷവും ജീവൻ പിടിച്ചു നിർത്തപ്പെടാം. കാലദൈർഘ്യം കൂടുന്നതിന് മുമ്പ് കൃത്രിമ ശ്വാസോച്ഛ്വാസവും കൃത്രിമ ഹൃദയവും കൂടെ ജോലി നിർവ്വഹിക്കണമെന്നു മാത്രം. ക്ലിനിക്കൽ മരണ ശേഷം മസ്തിഷ്ക്കത്തിലേയ്ക്കുള്ള രക്തപ്രവാഹം നിലയ്ക്കുന്നു. അഞ്ചുമിനിറ്റിനകം ഇതു തടയപ്പെട്ടില്ലെങ്കിൽ പൂർണ്ണമരണം അഥവാ മസ്തിഷ്ക്ക മരണം സംഭവിക്കും. മസ്തിഷ്ക മരണത്തെ കൃത്രിമ മാർഗ്ഗത്തിലൂടെ തടയുവാൻ ശാസ്ത്രം ഇനിയും വളരേണ്ടിയിരിക്കുന്നു. ഈ മരണം ശേഷം ശരീരം ജീർണ്ണിക്കാൻ തുടങ്ങുന്നു. ഇ. ഇ. ജി. (Electro Encephalo Graph) പരിശോധനയിലൂടെ പൂർണ്ണ മരണം സ്ഥിരീകരിക്കപ്പെട്ടാൽ കാലതാമസമെന്യേ ഹൃദയവാൾവുകളും, കിഡ്നികളും കരളും മാറ്റപ്പെടാവുന്നതും ആവശ്യക്കാർക്ക് പൊരുത്തിക്കൊടുക്കാവുന്നതുമാണ്. കണ്ണുകൾ നാലോ ആറോ മണിക്കൂറുകൾക്കകം മാറ്റപ്പെട്ടാലും ഉപയോഗപ്രദമാണ്. പൂർണ്ണമരണം സംഭവിച്ച ശേഷവും മണിക്കൂറുകളോളം മരിക്കാത്ത അവയവങ്ങൾ ശരീരത്തിലുണ്ടെന്ന് ഇത് സ്പഷ്ടമാക്കുന്നു. ശ്വാസം

നിലച്ച ഉടൻ ഒരാൾ മറവു ചെയ്യപ്പെടുകയോ ദഹിപ്പി ക്കപ്പെടുകയോ അരുത്. ആ അജ്ഞത കൊലപാതക മല്ലാതെ മറ്റൊന്നുമല്ല. ശ്മശാനക്കുഴിയിൽ നിന്നും മോർച്ചറിയിൽ നിന്നും ശരീരം എരിക്കപ്പെടുകയോ വെട്ടിമുറിക്കപ്പെടുകയോ ചെയ്യുന്നതിനു മുമ്പ് എണീറ്റു വന്നിട്ടുള്ള വരുടെ കഥകളും അപൂർവ്വമല്ല.

*മുൻനിശ്ചയമനുസരിച്ച് നിർദ്ദിഷ്ട സമയത്ത് മരണം നടക്കുന്നുവെന്ന ധാരണ അബദ്ധ ജടിലമാകാനേ തരമുള്ളൂ. ആദി മനുഷ്യൻ മരിക്കാതെ പരമ്പര നിലനിർത്തുന്നുവെന്ന് പറഞ്ഞാലും അസത്യ മാവുകയില്ല.*

മസ്തിഷ്ക മരണശേഷം നീക്കം ചെയ്യപ്പെട്ട ഹൃദയ വാൾവുകൾ കിഡ്നി കൾ, കരൾ, കണ്ണുകൾ തുടങ്ങിയ അവയവങ്ങൾ ജീവിച്ചിരിക്കുന്നവരുടെ ശരീരത്തിൽ പൊരുത്ത പ്പെടുമ്പോൾ മരിച്ചു പോയവൻ മറ്റൊരുവന്റെ ശരീരത്തിൽ ജീവിക്കുന്നുവെന്നു പറഞ്ഞാൽ അസത്യമാവുകയില്ല. ഡോ. ലീലാവതി തന്നിലും, എം.ജി.ആറിലും ജീവിച്ചു. മരിക്കുന്നതിന് മുമ്പും പിമ്പും ഒരാളിന് പലരിൽ ജീവിക്കാനാവുമെന്നാണ് ഇത് തെളിയിക്കുന്നത്.

വാർദ്ധക്യ മരണം മറ്റു മരണങ്ങളെക്കാൾ ആശ്വാസമാണ്. പ്രായം കൂടുന്നതിന് അനുസരിച്ച് ജരാനര വർദ്ധിക്കുന്നു. ശക്തിക്ഷയം വാർദ്ധക്യ ത്തിന്റെ സ്വാഭാവികത തന്നെ. മുട്ടു വേദന, ശ്വാസ തടസ്സം, രക്തസമ്മർദ്ദം, പ്രമേഹം എന്നിവ വാർദ്ധക്യ ത്തിൽ കണ്ടു വരാറുള്ള രോഗങ്ങളാണ്. ഇവയെ നിയന്ത്രിക്കാനും തടയാനും ശ്രമിച്ചാലും പൂർണ്ണമായ ആശ്വാസം അസാദ്ധ്യമാണ്. ശരീര ഭാഗങ്ങൾ കാലാന്തരത്തിൽ അനക്കാതെ ആകുന്നു. രക്ത യോട്ടം കുറയുന്നു. മരിക്കുന്ന കോശങ്ങൾ പെരു കുന്നു. ഭാരം കുറയുന്നു. വേദനാസംഹാരികൾ ഉദ്ദിഷ്ടഫലം നൽകാതാവുന്നു. വേദന ശമിച്ചി ല്ലെങ്കിലും വേദനയുടെ തീക്ഷ്ണത കുറയുന്നു. പ്രായാധിക്യം കോശങ്ങളുടെ ഊർജ്ജസ്വലത നഷ്ടപ്പെടുത്തുന്നതിനാൽ കോശങ്ങളിലൂടെ അനുഭവിക്കേണ്ട വേദനയും താരതമ്യേന കുറയു ന്നു. പല്ലു വേദന അനുഭവിക്കുന്ന വൃദ്ധനുണ്ടാകാ നിടയുള്ള വേദനയുടെ പലമടങ്ങ് ആ രോഗമനു ഭവിക്കുന്ന യുവാവിനുണ്ടാകും. ഊർജ്ജസ്വല തയുള്ളപ്പോഴേ (കാഠിന്യം കൂടിയ) വേദന ഉണ്ടാവൂ. വൃദ്ധരിൽ ചലനാത്മകത അൽപാല്പം നഷ്ടമാ കുന്നു. ആ പ്രദേശങ്ങളുടെ നിയന്ത്രണം മസ്തിഷ്ക ത്തിനു കുറയുന്നു. ഉൾക്കൊള്ളുന്ന ഭക്ഷണത്തിന്റെ അളവും കുറയുന്നു. തൻമൂലം ജീവനുള്ള കോശ ങ്ങളുടെ എണ്ണം നാൾക്കുനാൾ കുറയുന്നു. ഖരരൂപ ത്തിലുള്ള ഭക്ഷണം ഉപേക്ഷിക്കുന്നു. ദ്രവരൂപ ത്തിലുള്ള ഭക്ഷണവും ഉള്ളിലോട്ട് പോവാതാവുന്നു. ഒരു തുടിപ്പു മാത്രം ശരീരത്തിൽ അവശേഷിക്കുന്നു. ഇത്തരത്തിൽ ആ മനുഷ്യൻ ഒരു വേദനയും അനുഭ വിക്കാനിടയില്ല. ശരീരത്തിനു ണ്ടാകാൻ പോ കുന്ന ആപത്ത് മസ്തിഷ്കത്തെ അറിയി ക്കാ നു ള്ള നാഡികൾ (nerves) പ്രവർത്തിച്ചാലേ വേദന അറിയാനാവൂ. ഉറ്റവരെയും, ഉടയവരെയും തിരിച്ചറിയാനാവാതെ നിശ്ചലനായി കിടക്കുന്ന വൃദ്ധന്റെ മസ്തിഷ്ക്കത്തിന് നാഡികൾ എത്തിക്കാനിടയുള്ള ഒരു സന്ദേശവും സ്വീകരി ക്കാനാവില്ല. അതിനാൽ അന്ത്യശ്വാസമാണ് മരണ മെങ്കിൽ ഒരു ബുദ്ധിമുട്ടുമില്ലാത്ത ഒരു സംഭവമാണ് അതെന്ന് മനസ്സിലാക്കാൻ വിഷമമില്ല. ശരീരത്തിലെ കോടാനുകോടി കോശങ്ങൾ മരിച്ചു കഴിഞ്ഞശേഷം അന്ത്യശ്വാസ സമയത്ത് അവശേഷിക്കുന്ന ജീവൻ എരിഞ്ഞമർന്ന മെഴുകുതിരിയിലെ അവസാന തീനാളം പോലെ മങ്ങിക്കെടുന്നുവെന്നേയുള്ളൂ. വെറും ലൗകീകമായ ഒരു പ്രതിഭാസം മാത്രമാണ് മരണം എന്നു കരുതാവുന്നതും യുക്തി യുക്തം.

ശീതളീകരിച്ച് കൊല്ലപ്പെട്ട ഉറുമ്പിനെ ശരീരം നശിച്ചു പോകാതെ മരവിപ്പിച്ചു സൂക്ഷിക്കുകയും ചില വർഷങ്ങൾക്കുശേഷം ഊഷ്മാവ് നൽകി വീണ്ടും ജീവിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ശാസ്ത്ര വിഭാഗത്തിന് 'ക്രയോജനിക്സ്' (Cryogenics) എന്നാണ് പേര്. മൃഗങ്ങളിൽ കൃത്രിമ ഗർഭധാരണം നടത്തുന്നതിനുപയോഗിക്കുന്ന ശുക്ലം (Semen) ശീതളീകരിച്ച് സൂക്ഷിക്കുകയും ദീർഘ കാലത്തിനു ശേഷം ഗർഭധാരണം വിജയകരമായി നടത്തുകയും ചെയ്യുന്നുണ്ട്. മനുഷ്യർക്കും ഇതു സാദ്ധ്യമാണ്. പാശ്ചാത്യ രാജ്യങ്ങളിൽ രക്തബാങ്കു പോലെ ശുക്ലബാങ്കുമുണ്ട്. മരിച്ച മനുഷ്യന്റെ സന്തതി പരമ്പര തലമുറകളോളം അവന്റെ ശുക്ല ത്തിലൂടെ വീണ്ടും നിലനിർത്താൻ കഴിയും. മരണ ത്തിനു മുമ്പ് നീക്കപ്പെട്ട ജീവവാഹിയായ രക്തത്തി നും ഭാവിയിൽ പലർക്കും ജീവൻ നൽകാനാകും.

കൃമി വർഗ്ഗത്തിൽപ്പെട്ട പ്ലനേറിയ എന്ന ജീവി പലകഷ്ണങ്ങളായി മുറിക്കപ്പെട്ടാലും ഓരോ

കഷണവും ഓരോ പൂർണ്ണ ജീവിയായി വളരും. ചീലാന്തി മരത്തിലെ ശാഖകൾ മുറിച്ചു നട്ടാൽ ഓരോ ശാഖയും ഓരോ മരമായി വളരുന്നതു പോലെയാണിത്. പ്ലനേറിയ എന്ന സ്വതന്ത്രമായി ജീവിക്കാനാവുന്ന ജീവിയിൽ പല ജീവികൾ അടക്കം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് സാരം.

ഈ വിവരങ്ങളിൽ നിന്നും, ക്ഷണപ്പൊഴുതിൽ അവസാനിക്കുന്ന ഒരു പ്രക്രീയ അല്ല മരണം എന്ന് മനസ്സിലാക്കാം. മുൻനിശ്ചയമനുസരിച്ച് നിർദ്ദിഷ്ട സമയത്ത് മരണം നടക്കുന്നുവെന്ന ധാരണ അബദ്ധ ജടിലമാകാനേ തരമുള്ളു. ആദി മനുഷ്യൻ മരിക്കാതെ പരമ്പര നിലനിർത്തുന്നുവെന്ന് പറഞ്ഞാലും അസത്യമാവുകയില്ല. മരണം ഒരു താൽക്കാലിക പ്രതിഭാസമാണെന്നും നിരന്തരമായ മരണം ഒരു സങ്കൽപ്പം മാത്രമാണെന്നും അനുമാനിക്കുന്നതും അനുചിതമല്ല. കൃത്രിമമായി ജീൻ കണ്ടു പിടിച്ച ഭാരത വംശജനും അമേരിക്കൻ പൗരനുമായ എച്ച്. ജി. ഖുറാന കൃത്രിമ ജീവൻ അസംഭവ്യമല്ലെന്ന് തെളിയിച്ചിരിക്കുന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. ജീവശാസ്ത്ര രംഗത്തെ നവീനകാല കണ്ടുപിടുത്തങ്ങളാണ് ജെനോമും സ്റ്റെം സെല്ലുകളും (Stem Cells). മനുഷ്യ DNA (ജീൻ) യിൽ നിന്നും 310 രാസാക്ഷരങ്ങൾ അഥവാ ജെനോമുകൾ ശാസ്ത്രം വായിച്ചറിഞ്ഞിരിക്കുന്നു. സർവ്വ ജൈവ രാസപ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് 35000 ജീനുകളാണെന്നും കണ്ടെത്തിയിട്ടുണ്ട്. ജീവഹാനി വരുത്തുന്ന ജീനിന്റെ സ്ഥാനത്ത് ക്ലോണിംഗിലൂടെ വികസിപ്പിച്ചെടുക്കാനാവുന്ന സ്റ്റെംകോശ ജീനിന്റെ സ്ഥാനാരോഹണം വഴി കാലനെ വെല്ലുന്ന കാലം വൈകാതെ വന്നെത്തുമെന്ന് വിശ്വസിക്കാതെ വയ്യ.

പ്രപഞ്ചം രൂപപ്പെട്ട ശേഷം ഉണ്ടായ അനുകൂല സാഹചര്യം ജീവന് തുടക്കം കുറിച്ചെന്നും ആ ജീവൻ പരിണാമവിധേയമായി മനുഷ്യനോളം എത്തിയെന്നും വിശ്വസിക്കുന്നതാവും ഉചിതം. സാഹചര്യം പ്രതികൂലമാവുമ്പോൾ ഈ ജീവൻ ഇല്ലാതായിക്കൂടെന്നുമില്ല. പ്രകൃതിയുടെ ദാനമായ ജീവനെ സ്വർഗ്ഗനരക സങ്കൽപ്പങ്ങളിൽ കുടുക്കി അയുക്തി പൂർവ്വമായ നിർവ്വചനങ്ങൾ നൽകി അലങ്കോലപ്പെടുത്തിയാൽ മനുഷ്യന്റെ സ്വതന്ത്രമായ അന്വേഷണബുദ്ധി തകരാറിലാവും. ●


CAPSTOCKS

CAPSTOCKS & SECURITIES (INDIA) PVT. LTD

Member : National Stock Exchange - Depository Participant : CDSL - Portfolio Manager
SEBI Reg. No. INB 231167439, INF 231167439, IN-DP-CDSL-203-2003, INP 000001066

6 / 51, AMOSON COMPLEX, MAIN ROAD, MARTHANDAM,
Phone : 270417, 205042, 205043, Mobile : 9367511617
e-mail.capsmar@sancharnet.in

✪ Equities ✪ Derivative ✪ Depository Services ✪ Internet Trading
✪ Equity Research Centre ✪ Protfolio Management
✪ Commodity Trading ✪ Mutual Funds

* Through Subsidiary Company - Caspstocks Financial Services Ltd. (Reg. No. 12580)

Head Office : Winsol Towers, Thakaraparambu Road, Fort, Trivandrum - 23
Tel. 0471 - 2461745, 2463518, 2463735
Fax : 0471- 2461946.
E-mail : capstock@vsnl.com Website : http://www.capstocksindia.com

# താമ്രവർണ്ണി


കൊല്ലംകോട് ചിന്നത്തമ്പി



മാധവ മാസം കടന്നു പുതുജല
ധോരണി സമ്പത്തു കൊണ്ടു വേഗം
കാടും മലയും കടന്നു താമ്രവർണ്ണി
കാമുക സാമീപ്യമെത്തി നിൽക്കെ
ആയിരം കൈകൾ പരപരാ കൈകൂടി
ആമോദമാശ്ലേഷമാർന്നു കൊണ്ടും
പുത്തൻ മണവാളനായിച്ചമഞ്ഞബ്ധി
ഉത്തുംഗമോദേന സൗമ്യമോതി
ഓമനേ കാത്തുകാത്തെത്ര നാൾ ഭൈരവ
കാമന താണ്ഡവമാടിയാടി
എത്ര പൊഴികൾ ചമച്ചു ചമച്ചു ഞാ
നെത്രയും വേഗമഴിച്ചു മാറ്റി
എത്ര ശ്രമിച്ചു പോയ് കുന്നേറി വന്നിടാ
നത്രയും നിഷ്ഫലം പിൻമാറി ഞാൻ
എങ്കിലും മങ്കാട്ടു ചപ്പാത്തിലെത്തി ഞാൻ
മുഞ്ചിറ ദേവനെ കൈതൊഴുതു[1]
ആയിരങ്ങൾ പത്നിയായിട്ടും രുഗ്മിണി
സേവയറ്റുള്ളൊരു കണ്ണനെപ്പോൽ
കണ്ണുനീർവാർക്കെ ഗ്ഘനമായി പൊഴിഞ്ഞവ
വിണ്ണവർക്കാമോദമായിരിക്കാം
ഭർത്തൃസമാഗമ ഹർഷവായ്പിങ്കലും
പുത്രദുഃഖത്താൽ കുതിർന്ന തമ്പി
ഏറെപ്പ്രദമാർന്ന ഭർത്താവു തൻ വിരി
മാറിൽ മുഖമൊന്നമർത്തി മെല്ലെ
മുത്തുക്കുഴിവയൽ തന്നിൽ പിറപ്പാർന്ന
തൊട്ടു തൻ ജീവിത വാർത്തയോതി
ദുർഘട സ്ഥാനങ്ങളെത്രയോ താണ്ടി ഞാൻ
തൃപ്പരപ്പീശനെ കൈവണങ്ങി
അത്യന്തഘോഷമായ് നീർവീഴ്ചയുണ്ടാക്കി
ഭദ്രകാളിക്കുഴി താണ്ടി നിൽക്കെ
[2]അച്ഛന്റെ പാദം കഴുകുവാനായ് തിരു
വട്ടാറുചുറ്റി മൂവാറ്റുമുഖം
സന്ധിച്ച സോദരികൾക്കൊത്തു നീർച്ചുഴി
യുണ്ടാക്കി വീണ്ടും ഗമിക്കയായി
തിക്കുറിശ്ശിദ്ദേവ പാദം പൊടുന്നനെ
ത്തൊട്ടു കൊണ്ടോടിക്കുഴിത്തുറയിൽ
എത്തിഹരിഹര പുത്രനാമെൻ സുതൻ
ശാസ്താവിനോടൊട്ടു സല്ലപിച്ച്
നെട്ടോട്ടമോടി ഞാൻ ഭർത്താവിരിമാറിൽ
തൊട്ടേയൊരു ഹൃത്തു ശാന്തമാവൂ
എൻമക്കളെത്ര തടഞ്ഞുവെന്നാകിലും
നൻമയവർക്കു പെരുകുമല്ലോ
[3]മേലണ കീഴണ കെട്ടിയുണ്ടാക്കിയും
പാറതുരന്നു തുരംഗമേറ്റും
മക്കളുണ്ടാക്കുന്ന വൈദ്യുതീ വൈഭവം
തൃക്കണ്ണിൽ പീയുഷ ധാരയല്ലേ
അമ്മയമ്മിഞ്ഞയാൽ നൽപ്പയസ്സൂറ്റുന്നു
പേച്ചിപ്പാറ പെരുഞ്ചാണി മൂലം
അങ്ങുനാഞ്ചിൽ നാടു കായ്ക്കുന്നു മൂക്കുന്നു
പച്ചയും മഞ്ഞയും മാറി മാറി
അർച്ചന ചെയ്യുന്നു പാവം മനുഷ്യരോ,
തർപ്പണം ചെയ്യുന്ന ശ്രാദ്ധ മദ്ധ്യേ
രണ്ടായിരത്തി നൂറ്റാണ്ടുകൾക്കപ്പുറം
ഉണ്ടായ ദിവ്യനഗസ്ത്യ ശിഷ്യൻ
[4]തൊൽക്കാപ്യകർത്താവുമാർത്മ വിദ്യാലയ
ചൊൽക്കൊണ്ട ഗാനികമുകറയും[5]
അന്നത്തെ മാർത്താണ്ഡവർമ്മയും വേലുവും
എന്നമൃതുണ്ട മഹാത്മാക്കളല്ലേ
അമ്മഹദ്രീശന്റെ നെറ്റിക്കൺ സൂര്യനാ
ലിമ്മഹി നിത്യമിരിട്ടു മാറ്റി
ആഗോള ഭൂമിയെത്തീറ്റിച്ചും പോറ്റിച്ചും
മാനവനെക്കാത്തു കൊള്ളുമെങ്കിൽ
അമ്മഹാദേവന്റെ യുച്ചിയിൽ വെണ്ണിലാ-
വിന്ദുകുളിർക്കെ വിലസുമെങ്കിൽ
അജ്ജടായുക്തയാം ഗംഗയീ ഞാനുമെൻ
സ്വാർത്ഥതയറ്റ പുരുഷനുമായ്
സ്നേഹമാം നൽപയസൂറ്റി മനുഷ്യരെ
ത്രാണനം ചെയ്തിടും നിത്യസത്യം.

1. വേനൽക്കാലത്ത് കടൽജലം എതിരേറുന്നതിനാൽ മങ്കാട്ടു ചപ്പാത്തുവരെയുള്ള ജലത്തിൽ ഉപ്പു രസമുണ്ടാകും
2. വിഷ്ണുവിന്റെ പെരുവിരലിൽ നിന്നാണ് ഗംഗയുടെ പുറപ്പാട്.
3. അപ്പർകോതയാർ, ലോവർ കോതയാർ എന്നീ അണക്കെട്ടുകൾ
4. അതങ്കോട്ടാശാൻ
5. കമുകറ പുരുഷോത്തമൻ
6. വേലുത്തമ്പി ദളവ

# ഭാരത സംസ്ക്കാരത്തിന് കേരളത്തിന്റെ സംഭാവനകൾ



**എസ്. മോഹൻകുമാർ കുഴിത്തുറ**

വിശ്വസംസ്ക്കാരത്തിന് ഭാരതത്തിന്റെ സംഭാവ നകൾ മഹത്തരങ്ങളാണ്. അതുപോലെ തന്നെ മഹത്തരങ്ങളാണ് ഭാരതസംസ്ക്കാരത്തിന് കേരളം നൽകിയിട്ടുള്ള സംഭാവനകളും. അപൂർവ്വ പ്രകൃതി സമ്പത്തായ സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങി 'ഏകാന്താദ്വയശാന്തി സന്ദേശം' വരെ ആ സംഭാ വനകളുടെ ഗണത്തിൽപ്പെടുന്നു. നമ്മുടെ ഏറ്റവും പ്രാചീനേതിഹാസമായ വാല്മീകി രാമായണത്തിൽ തന്നെയും കേരളത്തെയും അന്ന് കേരള തലസ്ഥാന മായിരുന്ന 'മുരചി' പട്ടണത്തെയും പരാമർശിക്കു ന്നു. ഏറ്റവും ആധു നിക സംഭവമായ സർവസമഗ്ര സാക്ഷരതയെ സംബന്ധിക്കുന്ന സംസ്ക്കാരിക വിപ്ലവ വിഷയത്തിനും മാതൃക കേരളം തന്നെ. ഏറ്റവും ആദ്യമായി ഉയർത്തിക്കാണിക്കാൻ കഴിയുന്ന അഭിമാന വൈജയന്തി ആദിശങ്കരാചാര്യ രുടെ അപ്രതിമമായ മഹാത്മ്യമാകുന്നു. ആചാര്യ സ്വാമികളുടെ അദ്വൈതഭാഷ്യം തൊട്ട് ശ്രീ നാരായണ ഗുരുവിന്റെ വിശ്വമാനവ സാഹോദര്യ ദർശനം വരെ കാലാകാലത്തിൽ നമുക്കു ലഭിച്ചിട്ടുണ്ട്.

സംസ്കൃത ഭാഷാപ്രചാരത്തിന്റെ കാര്യ ത്തിലും കേരളനാടുതന്നെയാണ് മുൻപന്തിയിൽ നിലകൊള്ളുന്നത്. ആര്യ ഭാഷ ദ്രാവിഡഭാഷയുമായി മേളിച്ചതിന്റെ ഫലമായിട്ടാണ് 'മലയാളം' എന്നൊരു ഭാഷ തന്നെ കേരളത്തിനു സ്വന്തമായി രൂപപ്പെട്ടു കിട്ടിയത്. ആര്യ ദ്രാവിഡ സങ്കരത്തിന്റെ ഏറ്റവും വ്യക്തമായ ഉദാഹരണവും ഇതു തന്നെ. ദ്രാവിഡ ഗോത്രത്തിൽപെട്ട മലയാളഭാഷയെ സംസ്കൃത 'ഹിമഗിരി ഗളിത' എന്നു വൈയാകരണൻമാർ പോലും പ്രശംസിക്കത്തക്ക ആര്യഭാഷാ സ്വാധീനം ഇവിടെ സംഭവിക്കാനിടയായി. സംസ്കൃത മഹാ നിഘണ്ടുവായ 'അമരകോശ'ത്തിന് കേരളക്കരയിൽ ലഭിച്ചത്ര പ്രചാരം മറ്റൊരു പ്രദേശത്തും ലഭിച്ചിട്ടില്ല. കാളിദാസന്റെ പൂർവ്വസൂരിയായി പ്രശസ്തി സമ്പാദിച്ച ദാസന്റെ നാടകചക്രത്തിന്റെ ഓലഗ്രന്ഥ ങ്ങൾ ആദ്യം കണ്ടെടുത്തത്. കേരളത്തിൽ നിന്നാകുന്നു. സംസ്കൃത ഭാഷയ്ക്ക് ഇവിടെ ലഭിച്ച മാന്യതയുടെ അനന്തര ഫലങ്ങളാണു സാഹിത്യ ത്തിനും ആയുർവേദത്തിനും ജ്യോതിശാസ്ത്ര ത്തിനും മറ്റും സിദ്ധിച്ച സാർവ്വ ത്രികവും അന ന്യസാധാരണ വുമായ പ്രചാര വും പ്രഭാവവും. കേരളത്തിൽ ഒരു കാലത്ത് ബുദ്ധജൈനമതങ്ങൾ ക്കുണ്ടായ പ്രചാരവും തൻമൂലം കൈവന്ന സംസ്ക്കാര പാരമ്പര്യവും മറ്റൊരു വസ്തുതയാണ്. ആദിശങ്കാരാചാര്യ സ്വാമികളുടെ അവതാരവും കർമ്മമാർഗ്ഗങ്ങളും സഫലമായിത്തീർന്നതിന്റെ ഹേതുവായിട്ടാണ് ബുദ്ധ ജൈനമതങ്ങൾ ഇവിടെ നിന്നും അന്തർദ്ധാനം ചെയ്തത്. കേരളത്തിലെ പ്രാചീനസംസ്ക്കാര കേന്ദ്രങ്ങളായി പരിലസിച്ച കാന്തള്ളൂർ ശാല പാർത്ഥിവ പുരംശാല തുടങ്ങിയ മഹാവിദ്യാകേന്ദ്രങ്ങളും ആതുര സംരക്ഷണ കേന്ദ്രങ്ങളും അവയുടെ പാരമ്പര്യം ഇന്നും നിലനിർത്തിപ്പോരുന്നു. 'എത്തി നിന്നൂ ഭാരതത്തിൽ ഒരു പത്തു ശതാബ്ദശ്ശാന്തി' എന്ന് കുമാരനാശാൻ 'ചാണ്ഡാലഭിക്ഷുകി'യിൽ ആശ്വാസത്തിന്റെ നിശ്വാസം പുറപ്പെടുവിച്ചത് കേരളത്തിനു ലഭിച്ച ബുദ്ധമതശാന്തിയുടെ പാരമ്പര്യവിശേഷം കണ്ടു കൊണ്ടു തന്നെയാണ്.

***ജാതിവ്യവസ്ഥയുടെയും അയിത്താചാരത്തിന്റെയും അതിക്രൂരമായ ക്ഷുദ്ര പാരമ്പര്യ വും കേരളം കരസ്ഥമാക്കിയിട്ടുണ്ട്. അതിന്റെ തിരിച്ചടിയുടെ ശക്തിയും ചരിത്രം സൃഷ്ടിച്ചു.***

ലോകത്തിലെ ഏറ്റവും വലിയ ഇതിഹാസഗ്രന്ഥമായ മഹാഭാരതം കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മലയാളത്തിലേക്ക് പദാനുപദ തർജമ ചെയ്ത് 'കേരളവ്യാസൻ' എന്ന കീർത്തി മുദ്ര സമ്പാദിച്ചു. ആദി കാവ്യമായ 'വാല്മീകി രാമായണം' മഹാകവി വള്ളത്തോളും വിവർത്തനം ചെയ്തു. ഋഗ്വേദവും വള്ളത്തോൾ തന്നെപരിഭാഷപ്പെടുത്തി. കാളിദാസകവീന്ദ്രന്റെ 'അഭിജ്ഞാന ശാകുന്തളം' കേരളവർമ്മ വലിയകോയിത്തമ്പുരാൻ 'മണിപ്രവാള ശാകുന്തളം' എന്ന പേരിൽ ഭാഷാന്തരീകരിച്ചു. ഇതിനുശേഷമാണ് മലയാളനാടിനു സ്വന്തമായൊരു നാടകപ്രസ്ഥാനം രൂപപ്പെട്ടു കിട്ടാൻ ഇടയായത്. കൗടില്യന്റെ 'അർത്ഥശാസ്ത്ര'വും നൂറ്റാണ്ടുകൾക്കു മുമ്പ് 'ഭാഷാകൗടിലീയം' എന്ന പേരിൽ മലയാള ഗദ്യത്തിൽ വിവർത്തനം ചെയ്യപ്പെട്ട വസ്തുതയും അഭിമാനപൂർവ്വം ചൂണ്ടിക്കാണിക്കുവാനുണ്ട്. ഇതര ഭാരതീയ ദേശ ഭാഷകളിൽ ഇത്തരമൊരു സംരംഭം അക്കാലത്ത് (എട്ടു പത്തു നൂറ്റാണ്ടുകൾക്കു മുമ്പ്) ഉണ്ടായിട്ടുണ്ടോ എന്ന് ഗവേഷണം ചെയ്തു കണ്ടു പിടിക്കേണ്ടിയിരിക്കുന്നു.

എ. ഡി. 1778 ൽ കേരളത്തിൽ നിന്നും റോമിലേയ്ക്ക് പോയ തോമാകത്തനാർ വിരചിച്ച വർത്തമാനപ്പുസ്തകം എന്ന യാത്രാവിവരണ ഗ്രന്ഥവും അപൂർവ്വതയുടെ അഭിമാനപതാക ഉയർത്തിപ്പിടിക്കുന്നു. ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ടിനെപ്പോലെയുള്ള പ്രതിഭാശാലികളായ മഹാപണ്ഡിതൻമാരുടെ ഭാഷാസേവനവും കേരളത്തിനു ലഭിച്ചു. ക്രിസ്തുമത പ്രചാരണമായിരുന്നു. മിഷണറിമാരുടെ പരമമായ ലക്ഷ്യമെങ്കിലും അവരിൽ നിന്നും പരോക്ഷമായി ലഭിച്ച സമ്മാനമായ ഭാഷാ സേവനം കേരളീയരെ സംസ്ക്കാര പാരമ്പര്യത്തിന്റെ പടവുകൾ ചവിട്ടിക്കയറാൻ ഏറെ സഹായിച്ചു എന്നതും വസ്തുതയത്രേ. ശസ്ത്രക്രിയയിൽ അത്ഭുതകരമായ സാമർത്ഥ്യം തെളിയിച്ച വിശ്വവിശ്രുതനായ ഡോ. സാംമ്രവല്ലിന്റെ സേവനവും കൂടുതൽ ലഭിച്ചത് കേരളത്തിനു തന്നെ.

ഒരേ ഒരു മഹാകവിയുടെ പ്രതിഭാവിലാസത്തിൽ നിന്ന് ഉത്ഭവിച്ച് വികസ്വരമായി തീർന്ന അതിവിപുലവും അത്യന്തം സരസവുമായ ഒരു സാഹിത്യപ്രസ്ഥാനം നമുക്കുണ്ട്. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ പ്രസ്ഥാനം. ഇത്തരത്തിലുള്ള ഒരു സാഹിത്യ പ്രസ്ഥാനം ഭാരതത്തിലെ മറ്റൊരു ദേശഭാഷയ്ക്കും അവകാശപ്പെടാൻ കഴിയുകയില്ല. അതുപോലെ തന്നെയാണ് എസ്. കെ. പൊറ്റക്കാടിന്റെ യാത്രാവിവരണ ഗ്രന്ഥങ്ങളുടെ കാര്യവും. ഒരേ സാഹിത്യകാരൻ ഒറ്റയ്ക്ക് ലോകം മുഴുവൻ സഞ്ചരിച്ച് ഇത്രയേറെ സാഹിത്യസുരഭിലമായ ഗ്രന്ഥങ്ങൾ രചിച്ച ഉദാഹരണം വേറെ ഏതെങ്കിലും ദേശത്തിന് എടുത്തു പറയാനുണ്ടെങ്കിൽ അതും ആരെങ്കിലും ചൂണ്ടിക്കാണിക്കേണ്ടതാണ്. മലയാള ഗദ്യത്തിനുള്ള ഭാരതീയ ജ്ഞാനപീഠ പുരസ്ക്കാരം ആദ്യം എസ്. കെ. പൊറ്റക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥയ്ക്ക്' ലഭിക്കാനിടയായത് ഇക്കാരണത്തിലാണെന്നു വേണം വിശ്വസിക്കുവാൻ. ഭാരതീയ ഭാഷകളിൽ മലയാളത്തിലെ പദ്യശാഖയാണ് ഒന്നാം സ്ഥാനത്ത് നിലകൊള്ളുന്നതെന്ന് ജി. ശങ്കരക്കുറുപ്പ് നേടിയ ഒന്നാമത്തെ ഭാരതീയ ജ്ഞാനപീഠ പുരസ്ക്കാരം അർത്ഥശങ്കയ്ക്ക് ഇടം കൊടുക്കാതെ തെളിയിച്ചു കഴിഞ്ഞതാണ്.

കേരളത്തിന്റെ കഥകളി ഉത്തര ഭാരതത്തിലെ കഥക് ഗീഥാ മണിപ്പൂരി തുടങ്ങിയ ദൃശ്യകലാ രൂപങ്ങളെയും പിന്നിലാക്കിക്കൊണ്ട് വിശ്വപ്രസിദ്ധിയാർജിച്ചുകഴിഞ്ഞതു സർവസമ്മതമായ മറ്റൊരു വസ്തുതയാണ്. ഭാരതനാട്യത്തിനും ഭക്ഷിണേന്ത്യൻ സംഗീതത്തിനും തുല്യമായ സുന്ദരകലാപാരമ്പര്യവും കേരളത്തിലെ നൃത്ത നാട്യങ്ങളും സംഗീതവും നേടിക്കഴിഞ്ഞു. നാടോടിക്കലകളുടെ കാര്യത്തിലും ദന്തശില്പം, ദാരുശില്പം, ലോഹശില്പം, ശിലാ ശില്പം എന്നിവയുടെ കാര്യത്തിലും കേരളം മറ്റൊരു ദേശത്തിന്റെയും പിന്നിലല്ല. കരകൗശല വിദ്യയിൽ അഖിലഭാരത പ്രശസ്തി നേടിയവരാണ് നമ്മുടെ കലാകാരൻമാർ.

ജാതിവ്യവസ്ഥയുടെയും അയിത്താചാരത്തിന്റെയും അതിക്രൂരമായ ക്ഷുദ്രപാരമ്പര്യവും കേരളം കരസ്ഥമാക്കിയിട്ടുണ്ട്. അതിന്റെ തിരിച്ചടിയുടെ ശക്തിയും ചരിത്രം സൃഷ്ടിച്ചു. സാമൂഹ്യമായ അനാചാരങ്ങൾക്കും അനീതികൾക്കും അക്രമങ്ങൾക്കും എതിരായ തീവ്രസ്വഭാവത്തിലുള്ള പ്രക്ഷോഭങ്ങൾ ഫലപ്രദമാം വിധം സംഭവിച്ചതും കേരളത്തിൽ തന്നെയാകുന്നു. അതിന്റെ ഫലമായി 'ക്ഷേത്ര പ്രവേശന വിളംബരം' എന്ന വിജയകകാഹളം ആദ്യം മുഴക്കിയതും തിരുവിതാംകൂറിൽ നിന്നായിരുന്നു. ജൻമിത്വത്തിന്റെ വിഷപ്പല്ലും പറിക്കുന്ന അടിമത്ത നിരോധനനിയമവും ആദ്യം ഉണ്ടാക്കി നടപ്പിലാക്കിയത് ഇവിടെയായിരുന്നു.

ഭരണ സമ്പ്രദായത്തിൽ അനുദ്യോഗസ്ഥരായ പൗരൻമാർക്കു കൂടി പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള ആദ്യത്തെ ജനപ്രതിനിധി സഭ രൂപീകരിക്കപ്പെട്ടതും കേരളത്തിൽ തന്നെ. ലെജിസ്ലേറ്റീവ് കൗൺസിൽ എന്ന പേരിൽ 1888 ൽ തിരുവിതാംകൂറിലാണ് ആദ്യത്തെ ജനപ്രതിനിധി സഭ സമ്മേളിച്ചത്. ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷമാണ് ഇതര സംസ്ഥാനങ്ങളിൽ ലക്ഷണമൊത്ത ജനകീയ നിയമ നിർമ്മാണ സഭകൾ രൂപീകരിക്കപ്പെടാനിടയായത്. ബ്രിട്ടീഷുകാർക്ക് എതിരായ

സമരങ്ങളിലും സജീവമായി പങ്കെടുത്ത് പാരമ്പര്യം തെളിയിച്ചിട്ടുണ്ട്. 1721 ലെ ആറ്റിങ്ങൽ കലാപം തൊട്ടുള്ള സ്വാതന്ത്ര്യസമര പാരമ്പര്യം കേരളീയർക്ക് എടുത്ത് കാട്ടുവാനുണ്ട്. കേരളത്തിലെ കളരികളും ചാവേറ്റുപടയും കൂടി രണ പാരമ്പര്യം സ്ഥാപിച്ചിട്ടുണ്ട്. ചാവേറ് എന്ന യുദ്ധ സമ്പ്രദായം തന്നെ ലോകചരിത്രത്തിൽ ആദ്യം രൂപം കൊണ്ടത് കേരളത്തിലാണ്. മുസ്തഫാ കമാലിന്റെ ടർക്കിയിലെ യുവതുർക്കികളും ഇറ്റലിയിലെ ബ്രൗൺഷർട്ടുകളും റഷ്യയിലെ റെഡ് ആർമി (ചെമ്പട) യും രൂപപ്പെടുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ കേരളത്തിലെ ചാവേർപ്പട വീരതയുടെയും മഹാവിജയത്തിന്റെയും പ്രശസ്തി പരത്തിയിരുന്നു.

വിദൂരദേശങ്ങളുമായുള്ള വാണിജ്യ ബന്ധത്തിലും കേരളത്തിന് ബി. സി. ആയിരം തൊട്ടുള്ള പാരമ്പര്യം ഉണ്ട്. കേരളത്തിന്റെ അപൂർവ്വങ്ങളും അനന്യസുലഭങ്ങളുമായ സുഗന്ധവ്യഞ്ജനങ്ങളുടെ സമൃദ്ധിയാണ് വിദേശവാണിജ്യക്കാരെ കേരളത്തിലേയ്ക്കുള്ള സാഹസിക യാത്രയ്ക്ക് പ്രേരിപ്പിച്ചത്. വീരകേസരിമാരായിരുന്ന നമ്മുടെ പിതാമഹൻമാർ തകർത്തു സമ്പാദിച്ച് അനൽപൈശ്വര്യമാർന്നവർ' ആയിരുന്നു എന്ന വസ്തുത ആർക്കും ഒരു കാരണവശാലും നിഷേധിക്കാനാവില്ല.


എല്ലാറ്റിനും ഉപരിയാണ് കേരളീയരുടെ ഉത്സാഹശീലവും സഹനശക്തിയും. ബുദ്ധിശക്തിയുടെയും പ്രതിഭാപ്രഭുത്വത്തിന്റെയും കാര്യത്തിൽ കേരളീയർക്കുള്ള അഗ്രിമ സ്ഥാനം കാലാകാലങ്ങളിൽ തെളിയിച്ചു കഴിഞ്ഞ വസ്തുതയാണ്. എത്ര പെരുമാക്കൾ, ശങ്കരാചാര്യൻമാർ എത്രയോ തുഞ്ചൻമാർ കുഞ്ചൻമാരും. ജാതിയുടെ ക്ഷുദ്ര പ്രയോഗത്തിൽ ഭാരതമാതാവിന്റെ ഉദരത്തിൽ അലസിപ്പോയി. എങ്കിലും രാജാരവിവർമ്മയെ പ്പോലുള്ള ചിത്രകലാചക്രവർത്തിമാർ ഉജ്ജ്വലമായി പ്രകാശിക്കുക തന്നെ ചെയ്തു. സംഗീത ശാഖയ്ക്ക് സ്വാതിതിരുനാളിന്റെ സംഭാവന വളരെ വലുതാണ്.

വിദേശ മതങ്ങൾ, വിശേഷിച്ച് ക്രിസ്തുമതവും ഇസ്ലാംമതവും ഇത്രയും സൗഹാർദ്ദപൂർവ്വം സഹിഷ്ണുതയോടെ സ്വാതന്ത്ര്യം അനുഭവിക്കുന്ന മറ്റൊരു പ്രദേശം ഭാരതത്തിലെന്നല്ല ലോകത്തിൽ തന്നെ ഏതെങ്കിലുമൊരു കോണിൽ ഉണ്ടോ.? •


Kirloskar

രജി ഏജൻസീസ്

ഊരമ്പ് ജംഗ്ഷൻ
കൊല്ലങ്കോട്
ഫോൺ : 2220153, 2202258,
04651-246052, 246082



100 വർഷത്തിലേറെ സേവന പാരമ്പര്യമുള്ളതും
ISO 9001 & 14001 അംഗീകാരമുള്ളതുമായ കിർലോസ്കർ
പമ്പുകളുടെ അംഗീകൃത വ്യാപാരി

കുറഞ്ഞ വൈദ്യുതി, കൂടുതൽ ഗുണമേൻമ
കിർലോസ്കർ പമ്പുകൾ

എല്ലാവിധ കെട്ടിട നിർമ്മാണ സാധനങ്ങളും
സിമെന്റ് ഹോളോബ്രിക്സും മിതമായ നിരക്കിൽ
ലഭിക്കുന്നതിന് സമീപിക്കുക

Prop: എസ്. ജയൻ



# നുറുങ്ങുകൾ

കരിക്കകം ശ്രീകുമാർ



1

വയലിൽ നിറയെ
നെല്ലു വിളഞ്ഞു
വിളയിൽ നിറയെ
പുല്ലു വിളഞ്ഞു
വയലിലെ നെല്ലും
വിളയിലെ പുല്ലും
അയലിലെ പശുവിന്
ഒരു പോലെ

2

ആഴി ചിരിച്ചപ്പോൾ
ആറ് കരഞ്ഞു
കരയുന്ന ആറിനും
കണ്ണീര്
ചിരിയ്ക്കുന്ന ആഴിയ്ക്കും
കണ്ണീര്

3

എളിയോന്റെ വലയിൽ
പെരിയോൻ കുടുങ്ങി
എളിയോൻ നടുങ്ങി
പെരിയോൻ മടങ്ങി

4

അറിയാത്തോനെറിയില്ല
അറിയുന്നോനെറിയുന്നു.
എറിയുമ്പോളറിയുന്നു
അറിയാത്തോനായെങ്കിൽ

5

ചെറുനാക്കിൽ തെറികേട്ടാൽ
അറിവുള്ളോർ മൂളുന്നു.
ചെറുനാക്കാണറിയേണം
വളരുമ്പോൾ തൂവല്ലേ

6

കഞ്ചാവേ കഞ്ചാവേ
തളരല്ലേ കുഴയല്ലേ
വളരാനും വിളയാനും
ജയിലെന്നും ഉണ്ടല്ലോ
കടലാസിൽ കറിയുപ്പായ്
അലിയുന്ന നിയമങ്ങൾ
ഉണ്ടല്ലോ ഉണ്ടല്ലോ
പറയാനും പാടാനും.
കരകാണാക്കടലല്ലോ
കടലാസിൽ നിയമങ്ങൾ
നിയമത്തിൻ വഴിവക്കിൽ
വ്യാമോഹം വിൽക്കുന്നു
കഞ്ചാവേ കഞ്ചാവേ

# അഭിനന്ദനങ്ങൾ



ഇന്ത്യൻ അഗ്രിക്കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട് ന്യൂഡൽഹിയിൽ നിന്ന് എന്റെമോളജിയിൽ ഡോക്ടറേറ്റ് നേടിയ ഡോ. സി. പി.വിജി. കന്യാകുമാരി ജില്ലാ മലയാള സമാജം ജോയിന്റ് സെക്രട്ടറി ശ്രീ. പി. ചിന്നതമ്പി യുടെയും ശ്രീമതി. പുഷ്പാ ബായിയുടെയും പുത്രിയാണ്.



2004 ൽ നാഗർകോവിൽ OWEN TRUST LIBRARY സംഘടിപ്പിച്ച ജില്ലാതല ഇന്റർ സ്കൂൾ സീനിയർ വിഭാഗം ഇംഗ്ലീഷ് പ്രസംഗമത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ കുമാരി. എം. എ. ലക്ഷ്മി (ഗുഡ് ഷെപ്പേർഡ് ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥിനി) കന്യാകുമാരി ജില്ലാ മലയാള സമാജാംഗം ശ്രീ. എസ്. അശോകിന്റെയും ഡോ. എസ്. കെ.മിനിയുടെയും പുത്രിയാണ്.



2005 ൽ തൂത്തുക്കുടി കാമരാജ് കോളേജും നാഗർകോവിൽ റോട്ടറി ക്ലബും സ്കോട്ട് ക്രിസ്ത്യൻ കോളേജ് റോട്ടറി ക്ലബും സംഘടിപ്പിച്ച മൂന്ന് ഇന്റർകോളേജ് ക്വിസ് മത്സരങ്ങളിലും രണ്ടാം സ്ഥാനം നേടിയ കുമാരി. യു. പി. പ്രീത. (ശ്രീ അയ്യപ്പാ വനിതാ കോളേജ് വിദ്യാർത്ഥിനി) കന്യാകുമാരി ജില്ലാ മലയാള സമാജം കേന്ദ്രസമിതി അംഗം ശ്രീ. കെ. ഉണ്ണിക്കൃഷ്ണൻ നായരുടെയും ശ്രീമതി. പത്മകുമാരി അമ്മയുടെയും പുത്രിയാണ്.



2005 ൽ നാഗർകോവിൽ OWEN TRUST LIBRARY സംഘടിപ്പിച്ച ജില്ലാതല ഇന്റർ സ്കൂൾ സീനിയർ വിഭാഗം ഇംഗ്ലീഷ് പ്രസംഗമത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ കുമാരി. പി. എസ്. അശ്വിനി (ഗുഡ്ഷെപ്പേർഡ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിനി) കന്യാകുമാരി ജില്ലാ മലയാള സമാജാംഗം പാകോട് മാധവമന്ദിരത്തിൽ ശ്രീ. എം. പത്മകുമാറിന്റെയും ശ്രീമതി. എൽ. സുഷമയുടെയും പുത്രിയാണ്.



രാഷ്ട്രപതി ഗൈഡ് അവാർഡ് നേടിയ സി. വി. സിദ്ധി വിഹ മലയാള സമാജം ജനറൽ സെക്രട്ടറി വിശ്വൻ കൊല്ലങ്കോട്- ചന്ദ്രിക ദമ്പതികളുടെ മകൾ




നാഷണൽ ലെവൽ ടെക്നിക്കൽ സിമ്പോസിയ ബ്ലിറ്റ്സ് 2 K5 ക്വിസിൽ രണ്ടാം സ്ഥാനം നേടിയ എസ്. ജി. ശരത് കുമാർ (സി. എസ്. ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ മൂന്നാം വർഷ ബി. ഇ. വിദ്യാർത്ഥി.) സമാജം ട്രഷറർ ബി. ശശിധരൻ നായർ - ഗീത ദമ്പതികളുടെ മകൻ

# അഭിനന്ദനങ്ങൾ




മികച്ച അദ്ധ്യാപകർക്കുള്ള തമിഴ്നാട് സംസ്ഥാന അവാർഡ് നേടിയ മലയാള സമാജാംഗം
പി. കൃഷ്ണപിള്ള, അണ്ടുകോട്



മികച്ച അദ്ധ്യാപകർക്കുള്ള തമിഴ്നാട് സംസ്ഥാന അവാർഡ് നേടിയ മലയാള സമാജാംഗം എൻ. കാളീശ്വരൻ നായർ




മികച്ച അദ്ധ്യാപകർക്കുള്ള തമിഴ്നാട് സംസ്ഥാന അവാർഡ് നേടിയ മലയാള സമാജാംഗം ആർ. തങ്കപ്പൻ നായർ, തിക്കുറിശ്ശി



ഹിസ്റ്ററിയിൽ ഡോക്ടറേറ്റ് നേടിയ മലയാള സമാജാംഗം ഡോ. ഡി. എൻ. കൃഷ്ണൻ നായർ (റ്റി. സി. കെ. ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ് മാസ്റ്റർ)



മികച്ച അദ്ധ്യാപകർക്കുള്ള കേരള സംസ്ഥാന അവാർഡ് നേടിയ പത്മജാദേവി, രുദ്രാലയം, പാകോട് (സമാജാംഗമായ നാരായണൻ നായരുടെ ഭാര്യ)



ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ ആയി സ്ഥാനക്കയറ്റം ലഭിച്ച് ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റിൽ കളക്ടറുടെ പി. എ. ആയി പ്രവർത്തിക്കുന്ന എൻ. തങ്കമണി (മലയാള സമാജാംഗവും ആർഷഭൂമി സ്മാരക സമിതി വൈസ് പ്രസിഡന്റുമാണ്)



മലയാള ഭവനിൽ പ്രവർത്തിച്ചിരുന്ന ബാലഭാരതി വിദ്യാലത്തിലെ അദ്ധ്യാപികമാരും വിദ്യാർത്ഥികളും

# ലോകവ്യാപകമായി ആചരിക്കപ്പെടുന്ന ദിനങ്ങൾ

| | | |
|---|---|---|
| ജനുവരി | 10 | ലോക ചിരി ദിനം |
| ഫെബ്രുവരി | 14 | വാലന്റൈൻ ദിനം |
| ഫെബ്രുവരി | 21 | ലോക മാതൃഭാഷാ ദിനം |
| മാർച്ച് | 8 | ലോക വനിതാ ദിനം |
| മാർച്ച് | 15 | ലോക ഉപഭോക്തൃ ദിനം |
| മാർച്ച് | 23 | ലോക ജല ദിനം |
| ഏപ്രിൽ | 7 | ലോക ആരോഗ്യദിനം |
| ഏപ്രിൽ | 23 | ലോക പുസ്തകദിനം |
| ഏപ്രിൽ | 29 | ലോക നൃത്ത ദിനം |
| മേയ് | 1 | ലോക തൊഴിലാളി ദിനം |
| മേയ് | 3 | ലോക മാധ്യമ സ്വാതന്ത്ര്യ ദിനം |
| മേയ് | 15 | ലോക കുടുംബദിനം |
| മേയ് | 31 | ലോക പുകയില വിരുദ്ധ ദിനം |
| ജൂൺ | 5 | ലോക പരിസ്ഥിതി ദിനം |
| ജൂൺ | 20 | ലോകപിതൃ ദിനം |
| ജൂലായ് | 11 | ലോകജനസംഖ്യാ ദിനം |
| ആഗസ്റ്റ് | 1 | ലോകമുലയൂട്ടൽ ദിനം |
| ആഗസ്റ്റ് | 12 | ലോകയുവജനദിനം |
| ആഗസ്റ്റ് | 22 | ലോക നാടൻ കലാ ദിനം, ലോക സംസ്കൃത ദിനം |
| സെപ്തംബർ | 8 | ലോകസാക്ഷരതാ ദിനം |
| സെപ്തംബർ | 16 | ലോക ഓസോൺ ദിനം |
| സെപ്തംബർ | 27 | ലോക വിനോദ സഞ്ചാര ദിനം |
| ഒക്ടോബർ | 1 | ലോക സംഗീത ദിനം |
| ഒക്ടോബർ | 16 | ലോക ഭക്ഷ്യ ദിനം |
| ഒക്ടോബർ | 30 | ലോക മിതവ്യയ ദിനം |
| നവംബർ | 14 | ലോക പ്രമേഹദിനം |
| ഡിസംബർ | 1 | ലോക എയ്ഡ്സ് ദിനം |
| ഡിസംബർ | 3 | ലോക വികലാംഗ ദിനം |
| ഡിസംബർ | 5 | ലോക സൗഹൃദ ദിനം |
| ഡിസംബർ | 10 | ലോക മനുഷ്യാവകാശ ദിനം |




# കടൽച്ചിപ്പികൾ

**ബിജു ബാലകൃഷ്ണൻ**



കന്യാകുമാരിക്കടലിരമ്പുമ്പോൾ
കലങ്ങി മറിയുന്നതാരുടെ ഹൃത്തടം......!
തിരകളെല്ലാം തകർത്തു വീശുമ്പോൾ
തീരത്തിലെങ്ങും തിരയുന്നതാരെ നീ......!
നിന്റെ നൊമ്പരം നീറ്റുന്ന മണ്ണിത്
നിന്റെ കണ്ണുനീർത്തുള്ളിയീ സാഗരം
നിന്റെയുള്ളിൽ കറുത്ത കിനാവുകൾ
നിന്റെ മുന്നിലൊടുങ്ങാത്ത കാഴ്ചകൾ.......!
നിലാവും നിഴൽച്ചിരികളും നീറുമോർമ്മയും
നീലാകാശവും നിന്റെ നിശ്വാസവും
നുരയിട്ടുപൊന്തും കടൽക്കരയിലൂടിന്നും
ഇരവു പകലാക്കിയലയുന്നവർ
കൈയിലെന്നും കരുതുന്ന ചില്ലു പെട്ടിക്കുള്ളിൽ
ആയിരം സ്ഫടികത്തരിവളകൾ
കണ്ണിലെഴുതാൻ തിളങ്ങും മഷിക്കൂട്ടുകൾ
കടൽച്ചിപ്പികൾ പാശിമാലകൾ ശംഖുകൾ.....!
പണ്ടുപണ്ടീമണൽപ്പരപ്പിൽ നിന്നു
വിണ്ടലം നോക്കി വിസ്മയം കൊണ്ടതും
കടലലകൾ തൻ താളത്തിലെത്രയോ
കഥകളായി നിറഞ്ഞു രസിച്ചതും
കടലുമേറെ മോഹിച്ചു പോയ് ജീവിതം
കടലിരമ്പുന്ന പോലെയാണെങ്കിലും.....!
അന്നു കണ്ടൊരക്കൗതുകക്കാഴ്ചകൾ
അധികമോഹം നിറച്ചു നിന്നുള്ളിലും
അരികിലെത്തി നീയെന്തോമൊഴിഞ്ഞു
മിഴിയിലേറെയാഹ്ലാദനിലാവൊളി...!
കടലിലെങ്ങുമലഞ്ഞു തിരഞ്ഞവൻ
കാമിനിക്കായ്ക്കടൽച്ചിപ്പി കോർക്കുവാൻ
കലിതമോഹമുറഞ്ഞു തിരകളിൽ
തരളനിസ്വനം കാറ്റും മറന്നു പോയ്....!
കടലിരമ്പീ കടൽക്കാറ്റു വീശി
തിരയിലെങ്ങും തിരഞ്ഞു നീ കാന്തനെ .....!
കരയിലേറെക്കടൽച്ചിപ്പികൾ നിന്റെ
കണ്ണുനീരായ്പ്പതയുന്ന സാഗരം ......!

ഒരു ശിലാരൂപമായി നീ കന്യകേ
തിരിതെളിഞ്ഞതിൻമുമ്പേ പൊലിഞ്ഞുപോയ്....!
പ്രണയലോലവിലാസലയങ്ങൾക്കു
വറുതിയായിന്നു നീറുന്നു നിൻമനം...!
കരയിലെങ്ങും തളിർക്കുന്ന ജീവിതം
തിരകളായിത്തകർന്നു വീഴുന്നതും
കൊഞ്ചലും കൊച്ചു വർത്തമാനങ്ങളും
വഞ്ചിതുഴയുന്നവരുടെ പാടലും
കപടവർണ്ണപ്പൊലിമയിൽ ചിറകടി -
ച്ചകലെ മറയുന്ന പക്ഷിതൻ ഹർഷവും
കണ്ടുകണ്ടിരിക്കുമ്പൊഴും നിന -
ക്കുണ്ടു ചൊല്ലാൻ നടുക്കുന്ന തൻകഥ....!
എത്ര സൂര്യനുദിച്ചസ്തമിച്ചു പോയ്
എത്രതാരകൾ കൺചിമ്മിമാഞ്ഞു പോയ്
എത്ര രാപകലീമണൽത്തിട്ടയിൽ
എത്രജീവിതനർത്തനം കണ്ടു നീ
അപ്പൊഴും നീ തിരയുന്നു തിരകളിൽ
പൊള്ളുമോർമ്മയായീ കടൽച്ചിപ്പികൾ....!
കന്യയായിന്നുമറിയുമ്പൊഴും നിന്റെ
കണ്ണുനീരിറ്റിറങ്ങുന്നു ഭൂമിയിൽ
കന്യാകുമാരിക്കടലിരമ്പുമ്പോൾ
കലങ്ങി മറിയുന്നതാരുടെ ഹൃത്തടം....!
ഇരവുപകലുകൾ കാക്കുന്ന പെണ്ണിന്റെ
ഹൃദയമാണീയിരമ്പുന്ന സാഗരം......!

# കന്യാകുമാരിയുടെ ഖജനാവ്



പി. സ്റ്റീഫൻ മാത്യു
(മാനേജർ, വേളിമല എസ്റ്റേറ്റ്)

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച കമനീയ ഗ്രാമമാണ് കന്യാകുമാരി ജില്ല. തിരമാലകൾ തഴുകുന്ന തീരവും ഇടനാടിലെ ഹരിതാഭ ചൂടുന്ന നാഞ്ചിനാടും കടന്ന് മലയോരത്തെത്തുമ്പോൾ കനകം വിളയുന്ന കരിമണ്ണും കുളിരു പകരുന്ന കാട്ടു ചോലകളും നമ്മുടെ മനം കവരുന്നു. നാണ്യവിളകളുടെ ഒരു നന്ദനവനമാണിവിടം.

സഹ്യപർവ്വതത്തിന്റെ ഈ ദക്ഷിണ ഖണ്ഡത്തിൽ കുരുമുളക്, ഗ്രാംപു, ജാതി, ഏലം എന്നിവയോടൊപ്പം കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കർഷകനെവാനോളം വിശാലമായ സ്വപ്നം കാണിച്ച വാനിലയും ചേർന്നുള്ള സുഗന്ധ വിളകളും, കാപ്പി, തേയില, റബ്ബർ എന്നിവയും ഉൾപ്പെടുന്ന നാണ്യവിളകൾ കൃഷി ചെയ്യുന്നുണ്ട്.

***വർഷങ്ങൾക്കു ശേഷം മാർത്താണ്ഡം വിത്തുകൾ എന്നറിയപ്പെടുന്ന റബ്ബർ വിത്തുകൾ ഇന്ത്യയിലെ എല്ലാ ഭാഗത്തേയ്ക്കും നേഴ്സറി ആവശ്യത്തിന് ഇവിടെ നിന്ന് പോകാൻ തുടങ്ങി. അങ്ങനെ ഈ ജില്ല ഇൻഡ്യയിൽ റബ്ബറിന്റെ മാതൃഭവനമായി എന്നത് ചരിത്ര വസ്തുത.***

ഏലം, കാപ്പി എന്നിവ ഇപ്പോൾ നാമമാത്ര കൃഷിയായി ചുരുങ്ങിയിരിക്കുന്നു. കൊക്കോയ്ക്ക് സംഭവിച്ചതിലും വലിയ ദുര്യോഗം വാനിലയ്ക്കും സംഭവിച്ച ദുഃഖത്തിലാണ് കൃഷിക്കാർ. പച്ച വാനിലയുടെ വില കിലോയ്ക്ക് മൂവ്വായിരം രൂപയിൽ നിന്ന് നൂറു രൂപയിലേക്കുള്ള ദ്രുത പതനം ഉണ്ടാക്കുന്ന ദുഃഖത്തിന്റെയും നഷ്ടബോധത്തിന്റെയും നിരാശയുടെയും ആഴം അനുഭവിക്കുന്നവർക്ക് അല്ലാതെ മറ്റുള്ളവർക്ക് ഗ്രഹിക്കുവാൻ സാദ്ധ്യമല്ല.

ഗ്രാംപൂവും കുരുമുളകും സാമാന്യം പരക്കെ കൃഷി ചെയ്യുന്നുണ്ട്. എന്നാൽ വിലയുടെ അസ്ഥിരതയും, ഉൽപാദന ചിലവിലും താഴ്ന്ന വിലയും അടിക്കടി ഉണ്ടാകുന്ന വരൾച്ചയുടെയും, രോഗങ്ങളുടെയും ഫലമായ ചെടികളുടെ ഉണക്കും കർഷകരെ സാമ്പത്തിക പ്രതിസന്ധിയിൽപ്പെടുത്തുന്നു. വല്ലപ്പോഴും കിട്ടുന്ന ഉയർന്ന വില പിന്നീടുള്ള കുറേ വർഷത്തേയ്ക്ക് കൃഷികൾ പൂർണ്ണമായി ഉപേക്ഷിക്കാതിരിക്കാൻ കർഷകർക്കുള്ള പ്രേരണ ആകുന്നു. സ്പൈസസ് ബോർഡിന്റെ പ്രവർത്തനവും ഒരു പരിധിവരെ കർഷകരെ പ്രോത്സാഹിപ്പിച്ച് നിറുത്തുന്നു. ജാതിക്കായുടെ വില ഏതാനും വർഷങ്ങളായി സ്റ്റെഡിയാണെങ്കിലും, അത് കൃഷി ചെയ്യേണ്ട മണ്ണിന്റെ പ്രത്യേകതയും മരം കായ്ച്ചു തുടങ്ങുന്നതിലെ കാലതാമസവും, ജാതികൃഷി വ്യാപിപ്പിക്കുന്നതിൽ നിന്ന് കർഷകരെ പിൻതിരിപ്പിക്കുന്നു. ഒട്ടു തൈകൾ ലഭ്യമായി തുടങ്ങിയതിനാൽ ഇപ്പോൾ കർഷകർക്ക് ഉത്സാഹം തോന്നി തുടങ്ങിയിട്ടുണ്ട്.

1800 -കളുടെ രണ്ടാം പകുതിയിൽ തേയില തോട്ടങ്ങൾ തെക്കേ ഇന്ത്യയിൽ വ്യാപകമായി തുടങ്ങിയ കാലഘട്ടത്തിൽ തന്നെ കന്യാകുമാരി ജില്ലയിലും തേയില കൃഷി എത്തിച്ചേർന്നു. സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം വർദ്ധിക്കുന്നതിനനുസരിച്ച് തേയിലയുടെ ഗുണമേൻമ വർദ്ധിക്കുന്നതിനാൽ മൂന്ന് തോട്ടങ്ങളിലായി 400 ഹെക്ടറിൽ (1000 ഏക്കർ) താഴെ തേയില കൃഷി ഒതുങ്ങി നിൽക്കുന്നു. ഉൽപാദന ചിലവും വിൽപ്പന വിലയും താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ വലിയ നഷ്ടം കൂടാതെ നടക്കുന്ന തേയില തോട്ടങ്ങളുടെ ഉടമസ്ഥർ അഭിനന്ദനാർഹരാണ്.

1900 - കളുടെ ആദ്യ വർഷങ്ങളിൽ സിലോൺ വൈ. എം. സി. യുടെ ഒരു സംഘം ശിവലോകത്ത് റബ്ബർ തൈകൾ പരീക്ഷണാടിസ്ഥാനത്തിൽ നട്ടു.

എന്നാൽ മലമ്പനിയെ ഭയന്ന് ഇവിടം റബ്ബർ കൃഷിക്ക് അനുയോജ്യമല്ല എന്ന് രേഖപ്പെടുത്തി അവർ മടങ്ങി. വർഷങ്ങൾക്കു ശേഷം മാർത്താണ്ഡം വിത്തുകൾ എന്നറിയപ്പെടുന്ന റബ്ബർ വിത്തുകൾ ഇന്ത്യയിലെ എല്ലാ ഭാഗത്തേയ്ക്കും നേഴ്സറി ആവശ്യത്തിന് ഇവിടെ നിന്ന് പോകാൻ തുടങ്ങി. അങ്ങനെ ഈ ജില്ല ഇൻഡ്യയിൽ റബ്ബറിന്റെ മാതൃഭവനമായി എന്നത് ചരിത്ര വസ്തുത. 1875 ൽ കൽക്കത്ത ബൊട്ടോണിക്കൽ ഗാർഡനിലും, 1902 ൽ തൃശൂർ തട്ടേക്കാട് എസ്റ്റേറ്റിലും നടത്തിയ റബ്ബർ കൃഷി പരീക്ഷണം പരാജയമായിരുന്നു. 1904 ൽ ജോൺ ജോസഫ് മർഫി എന്ന ഇംഗ്ലീഷുകാരൻ, ഇംഗ്ലണ്ടിൽ കിളിർപ്പിച്ച റബ്ബർ തൈ, സിലോൺ വഴി, മുണ്ടക്കയ ത്തിനടുത്ത ഏന്തയാറിൽ എത്തിച്ച് നട്ടുവളർത്തി. ഈ വിജയം ബ്രിട്ടീഷ് കമ്പനികൾക്ക് കേരളത്തിൽ റബ്ബർ കൃഷി ചെയ്യുന്നതിന് പ്രചോദനം നൽകി. ശിവലോകം, വൈകുണ്ഠം, മാരുതി, കാന്തിമതി, കാമധേനു, അമ്പാടി, ബാഥനി, വേളിമല എന്നീ തോട്ടങ്ങൾ നിലവിൽ വന്നു. 1911 നു മുമ്പ് റബ്ബർ ഉൽപാദിപ്പിച്ചതിന് രേഖകൾ ഉള്ളതിനാൽ, ഏന്തയാ റിൽ റബ്ബർ കൃഷി വിജയം കണ്ടതിന്റെ അടുത്ത വർഷങ്ങളിൽ തന്നെ കന്യാകുമാരി ജില്ലയിലും റബ്ബർ കൃഷി ആരംഭിച്ചതായി ഉറപ്പിക്കാം.

ക്യാപ്റ്റൻ അലക്സാണ്ടർ, ആർ. എഫ്. എച്ച് ക്രൗധർ എന്നീ ബ്രിട്ടീഷുകാരുടെ പേരുകൾ കന്യാകുമാരി ജില്ലയിലെ റബ്ബർ കൃഷിയുടെ ചരിത്ര ത്തിൽ തങ്കലിപികളിൽ ചേർക്കപ്പെട്ട പേരുകളാണ്. റബ്ബർ ഉൽപാദനം ആരംഭിച്ചു എങ്കിലും 1930-1933 കാലയളവിലെ രൂക്ഷക്ഷാമം പല കമ്പനി തോട്ട ങ്ങളും അടഞ്ഞു കിടക്കുന്നതിന് ഇടയാക്കി. 1934 മുതൽ പുനരാരംഭിച്ച റബ്ബർ കൃഷി ആകർഷകമായ ആദായം കിട്ടുന്നതായിരുന്നു എന്നതിനാൽ പുരോഗതി പ്രാപിച്ചു വന്നു. രണ്ടാം ലോകമഹായുദ്ധ ത്തോടു കൂടി റബ്ബർ ഒരു ആവശ്യ വസ്തു ആയതി നാൽ റബ്ബർ കൃഷിയിലേക്ക് കൂടുതൽ പേർ ആകൃ ഷ്ടരായി. റബ്ബർ തോട്ടങ്ങളിലെ ടാപ്പിംഗ് തൊഴിലാ ളികൾ ഭൂരിഭാഗവും മലപ്പുറം ഭാഗത്തു നിന്ന് ആയി രുന്നു. ഇപ്പോൾ കന്യാകുമാരി ജില്ലാക്കാരായ ടാപ്പിംഗ്കാർക്ക് വടക്കൻ ജില്ലകളിൽ മുൻഗണന കിട്ടുന്നുണ്ട്.

കന്യാകുമാരി തോട്ടങ്ങളിലെ ആദ്യകാല ഉദ്യോഗസ്ഥർ മദ്ധ്യ തിരുവിതാംകൂറുകാർ ആയിരുന്നു. റബ്ബർ കൃഷിയുടെ ഇവിടുത്തെ വിജയവും, ഭൂമിയുടെ ലഭ്യതയും കൊണ്ട് മദ്ധ്യ തിരുവിതാംകൂറിൽ നിന്ന് വന്ന ഉദ്യോഗസ്ഥരും, അവർ വഴി അവരുടെ നാട്ടിൽ നിന്നു വന്ന കൃഷി ക്കാരും, ഇവിടെ റബ്ബർ കൃഷി ആരംഭിച്ചു. മേൽ പ്പറഞ്ഞ കർഷ കരുടെ വിജയം, കന്യാകുമാരി ജില്ല യിലെ പാരമ്പര്യ ഭൂഉടമകളും അത്യുത്സാഹികളായ കർഷകരും പരിമിതമായ തോതിൽ റബ്ബർ കൃഷി ആരംഭിക്കുന്നതിന് കാരണമായി.

1960 -കളിൽ 400 ഹെക്ടർ സ്ഥലത്ത് തമിഴ്നാട് സർക്കാർ റബ്ബർ കൃഷി ആരംഭിച്ചു. റബ്ബർ ബോർ ഡിന്റെ പ്രോത്സാഹനമായ പുതുകൃഷി വായ്പാ പദ്ധതിയും, 1979- ൽ തുടങ്ങിയ പുതുകൃഷി സഹായ പദ്ധതിയും വന്നതോടു കൂടി സ്വന്തമായി റബ്ബർ കൃഷിക്ക് അനുയോജ്യമായ സ്ഥലമുള്ള മിക്കവാറും മുഴുവൻ ആളുകളും റബ്ബർ കൃഷി ആരംഭിച്ചു. റബ്ബർ ബോർഡിന്റെ ഏറ്റവും പുതിയ കണക്കനുസരിച്ച് കന്യാകുമാരി ജില്ലയിൽ 18633 ഹെക്ടർ (45000 ഏക്കർ) സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നു. (രജിസ്റ്റർ ചെയ്യാത്ത കുറച്ച് സ്ഥലം കൂടി ഉണ്ടാകാം. ഇതിൽ 4000 ഹെക്ടർ (10000 ഏക്കർ) ഗവൺമെന്റ് പ്ലാന്റേഷനാണ്. 26 തോട്ടങ്ങളിലായി 2331 ഹെക്ടർ (5750 ഏക്കർ) റബ്ബർ കൃഷി ഉണ്ട്. 12302 ഹെക്ടർ (30400 ഏക്കർ) സ്ഥലത്തെ റബ്ബർ കൃഷി 12300 പേരുടേതാണ്. അതിൽ 10 സെന്റുകാരും ഉൾപ്പെടും. കഴിഞ്ഞ വർഷത്തെ റബ്ബർ ഉൽപ്പാദനം 22520 മെട്രിക് ടൺ എന്നു കണക്കാക്കി, മാർക്കറ്റു വില ശരാശരി കിലോഗ്രാമിൽ 50 രൂപയായി നിജപ്പെടുത്തിയാൽ ജില്ലയിലെ വിറ്റു വരവ് 112.6 കോടി രൂപയാണ്. നേരിൽ 14000 ആളുകൾക്കും പരോക്ഷമായി 2000 ആളുകൾക്കും ജോലി ലഭിക്കുന്നു. റബ്ബർ തടിയിൽ നിന്നുള്ള ആദായവും, തൊഴിൽ ദിനങ്ങളും ഇതിൽ കണക്കാക്കിയിട്ടില്ല.

ശക്തമായ ട്രേഡ് യൂണിയൻ പ്രവർത്തനമുള്ള ഈ ജില്ലയിലെ റബ്ബർ തോട്ടം തൊഴിലാളികളാണ് ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും ഉയർന്ന ദിവസ ശമ്പളം വാങ്ങുന്ന തോട്ടം തൊഴിലാളികൾ എന്നത് ശ്രദ്ധേയമാണ്. ഏതാനും വർഷങ്ങൾക്ക് മുമ്പ് റബ്ബറി ന് വൻ വില ഇടിവ് ഉണ്ടായതിന്റെ പ്രത്യാഘാതം റബ്ബർ കർഷകരെ മാത്രമല്ല കന്യാകുമാരി ജില്ലയെ മുഴുവൻ ബാധിച്ചിരുന്നു. സ്വർണ്ണക്കടക്കാർ, ജൗളി വ്യാപാരം, സ്റ്റേഷനറി, പലചരക്ക് കടകൾ, ഹോട്ടൽ എന്നിനേറെ ബാർബർ ഷോപ്പുകളെ വരെ സാമ്പ ത്തിക മാന്ദ്യം പിടിച്ചുലച്ചു.

റബ്ബർ വിലത്തകർച്ച നേരിട്ടപ്പോൾ, അതിൽ നിന്ന് കരകയറ്റുന്നതിന് റബ്ബർ ബോർഡ് വേണ്ട വിധം പരിശ്രമിച്ചു. ആ കാലയളവിലെ ബോർഡ് ചെയർമാൻ ശ്രീ. എസ്. എം. ഡസൽഫിൻ. ഐ. എ. എസ്, കന്യാകുമാരി ജില്ലക്കാരൻ ആയിരുന്നതും, ഇപ്പോഴത്തെ റബ്ബർ ബോർഡ് വൈസ് ചെയർമാൻ വൈകുണ്ഠം പ്ലാന്റേഷൻ ലിമിറ്റഡിന്റെ ഡയറക്ടർ ശ്രീ. എസ്. രാമചന്ദ്രൻപിള്ളയും രണ്ട് വർഷം മുൻപ് റബ്ബർ ബോർഡ് വൈസ് ചെയർമാനായിരുന്ന വേളിമല റബ്ബർ കമ്പനി മാനേജിംഗ് ഡയറകടർ ശ്രീ. എ. ജേക്കബ്, സി. എയും കന്യാകുമാരി തോട്ടം ഉടമകളുടെ പ്രതിനിധികളായിരുന്നു എന്നുള്ളതും ഈ ജില്ലയിലെ റബ്ബർ കർഷകർക്കുള്ള അംഗീകാരമാണ്. റബ്ബർ വിപണി ശക്തമാക്കുന്നതിന് ഇവർ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുന്നു.


പാൽ, ഒട്ടുപാൽ, സംസ്ക്കരണ യൂണിറ്റുകളും, റബ്ബർ അധിഷ്ഠിത വ്യവസായങ്ങളും ഇവിടെ വളർച്ച പ്രാപിക്കുന്നുണ്ട്. ഇപ്പോൾ ഫാക്ടറികളിൽ എല്ലാമായി നേരിൽ 2500 -ഉം പരോക്ഷമായി 400-ഉം ആളുകൾക്ക് തൊഴിലുകൾ ലഭിക്കുന്നു. ഒട്ടുപാൽ, പാൽ സംസ്ക്കരണ യൂണിറ്റുകളും, വിവിധതരം കൈയ്യുറകൾ (ഗ്ലൗസുകൾ) ഉല്പാദിപ്പിക്കുന്ന ഫാക്ടറി ശൃംഖലയും, ഉല്പാദനത്തിന്റെ ഭൂരിഭാഗവും വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന വ്യാപാരശൃഖലയും പ്രവർത്തിപ്പിക്കുന്നത്, ഈ ജില്ലയിലെ വ്യവസായ പ്രമുഖൻ ശ്രീ. എ. കുര്യൻ, മാനേജിംഗ് ഡയറക്ടറായ കുര്യൻ എബ്രഹാം ലിമിറ്റഡ് (കെ.എ.ലാറ്റക്സ്) എന്ന കമ്പനിയാണ്. കൂടുതൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രോത്സാഹനമേകുവാൻ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ഈ ജില്ലയുടെ അനുഗ്രഹങ്ങളിൽ ഒന്നായ റബ്ബർകൃഷി, ഉല്പാദനം വർദ്ധിപ്പിച്ചും, റബ്ബർ ബോർഡ് പുതുതായി വികസിപ്പിച്ച അത്യുൽപ്പാദന ശേഷിയുള്ള R. R. II- 414, 417, 422, 429, 430 എന്നീ ഇനങ്ങളിൽ അനുയോജ്യമായവ ആവർത്തന കൃഷി ചെയ്തും വികസിപ്പിക്കാൻ ശ്രമിക്കേണ്ടതാണ് എങ്കിൽ കൂടുതൽ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കന്യാകുമാരി ജില്ലയുടെ സാമ്പത്തിക അഭിവൃദ്ധിക്ക് കൂടുതൽ ശക്തിപകരുവാൻ റബ്ബർ മേഖലയ്ക്ക് കഴിയും. ●


FATHIMA
TRADERS
SUPPLIERS OF QUALITY BUILDING MATERIALS,
ELECTRICAL GOODS - WHOLESALE & RETAIL
4-99 A, Oorambu Jn. Kollemcode - 629160
Kanyakumari District
Phone : 04651-246036, 246046, 246056, 04712202239
Fax : 04651-246066
e-mail : fathimagroup@etx.net
Prop: J. Varghese

# ആത്മസമർപ്പണം

തിരുവട്ടാർ സുകുമാരൻ നായർ



പൂർവ്വസങ്കല്പങ്ങളൊന്നുമില്ലാതെയും
പൂർവ്വപിതൃമാതൃബന്ധമില്ലാതെയും
കാരണങ്ങൾക്കൊക്കെ കാരണഭൂതനാം
നാഥനന്നത്യുഗ്ര രൂപം ധരിച്ചതും
പ്രാപഞ്ചിക ശക്തി ഭേദങ്ങളൊന്നായി
മാത്രനേരം കൊണ്ടുഘോരസ്വരൂപിയായ്
മിന്നൽപ്പിണർപോലെ കൽത്തൂൺ പിളർന്നൊരു
മാനുഷകേസരി വേഷമെടുത്തതും
ദൈത്യന്റെ മാറിടം കുത്തിപ്പൊളിച്ചതും
നീർധാരപോലെ രുധിരം കുടിച്ചതും
സർവലോകങ്ങളും പൊട്ടുമാറുച്ചത്തിൽ
ഘോരാട്ടഹാസേന ചുറ്റിത്തിരിഞ്ഞതും
സർവ്വ ദൈവങ്ങളും ഞെട്ടി വിറച്ചതും
വക്ഷസ്ഥലത്തിൽ കുടികൊള്ളും ദേവിക്കു -
മാരെന്നറിയാതെ വിഭ്രമം വന്നതും
പുണ്യപുരാണകർത്താവിൻ വിവരണ -
മെന്റെ ഹൃദയം കവരുന്നിതെപ്പൊഴും
പിഞ്ചിളം പൈതലിൻ വാക്കുകൾ സാർത്ഥക -
മാക്കുവാൻ മാത്രമായ് ജൻമമെടുത്തിട്ടു -
ശിഷ്ട സംരക്ഷണ കർത്തവ്യമാണെന്നൊ -
രുത്ഘോഷണം ചെയ്ത നാഥ! പ്രസീദമേ!
ബാലകനല്ല ഞാൻ, വൃദ്ധവയോധികൻ
പാപാർണ്ണവത്തിൽ മുഴുകിക്കിടപ്പവൻ
ആശിപ്പതെങ്ങിനെ ചിദ്രൂപദർശനം
സ്വപ്നത്തിലെങ്കിലും, മാപ്പു നൽകേണമേ!
ശ്രീപത്മപാദരുമല്ല ഞാൻ താവക
ദർശനം ചക്ഷുസ്സു കൊണ്ടു ലഭിക്കുവാൻ
മുജ്ജൻമ പാപക്കറകളടിഞ്ഞടി-
ഞ്ഞിന്നെൻ മനം തമോഗർത്തങ്ങളായഹോ
അല്ലെങ്കിൽ താവകപാദപങ്കേരുഹം
നിത്യവും ചിത്തേയുറപ്പിച്ചു ഭദ്രമാ-




യാത്മസമർപ്പണം ചെയ്യുമീ ദാസനെ-
യൊന്നു വീക്ഷിക്കാത്തതെന്തേ, മഹാപ്രഭോ !
ഒന്നുമാശിക്കുന്നില്ലടിയനുത്വൽപാദ
ഭക്തി മാത്രം മതി, തന്നാലുമീവരം
തൃച്ചേവടികൾ തൻ മുന്നിലെ പൂഴിയിൽ
സാഷ്ടാംഗവന്ദനം കൊണ്ടു ഞാൻ തൃപ്തനാം. •

# മുത്തച്ഛന്റെ സ്വപ്നം

അരുമന വിശ്വംഭരൻ നായർ



അക്ഷരമറിയില്ലയെങ്കിലും മുത്തച്ഛൻ
അക്ഷരമറിയുവാൻ ലക്ഷ്യമിട്ട്,
അധ്വാനനേട്ടത്തിലൊരു പിടിമണ്ണിനെ
ആനന്ദത്തോടെ നീക്കി വച്ച്
കർഷകത്തളിർമന കന്നി ധരിത്രിയിൽ
അക്ഷരവിത്തുകൃഷിയിറക്കി
അതുകണ്ടു ഗ്രാമത്തിനൈശ്വര്യ ദേവത
താമ്രവർണ്ണീനദി സന്തോഷിച്ചു....
മുത്തച്ഛൻ കണ്ടോരു സ്വപ്നങ്ങളാമണ്ണിൽ
കുലദേവതയെക്കുടിയിരുത്താൻ!....
നല്ല ഗ്രാമീണർ തോളോടുതോൾ ചേർന്ന്
ആഹ്ലാദത്തോടെ പണിതു ക്ഷേത്രം....
പാർശ്വത്തിൽ മറ്റൊരു മോഹനമന്ദിരം
ശാശ്വതമക്ഷരമഭ്യസിക്കാൻ.
കാതം നടക്കാതെ പൈതങ്ങൾ പോയപ്പോൾ
മുത്തച്ഛനാഹ്ലാദചിത്തനായി
ചിത്തത്തിൽ ഹർഷം നിറഞ്ഞു കവിഞ്ഞപ്പോൾ
മുത്തച്ഛൻ മണ്ണിൽ മടങ്ങുകയായ്...!
നാളുകളേറെക്കഴിഞ്ഞപ്പോൾ, ഗ്രാമത്തിൽ
നൻമവളർന്ന് വിളയുകയായ്
മുത്തച്ഛനൊട്ടുമേ ബന്ധമില്ലാത്തൊരു
പുത്തനവകാശി, വിത്തദാഹി
നാട്ടിനും നാട്ടാർക്കുമല്ലെന്റെ മുത്തച്ഛൻ
കാട്ടിയതീ വഴിയെന്നു ചൊല്ലി,
സർവം മയങ്ങും നിശാമദ്ധ്യേയാധന്യൻ
സർവ്വവുമഗ്നിക്കു സദ്യയാക്കി.
പിറ്റേന്നുസൂര്യനുദിക്കും മുൻപപ്പുമാൻ
ഗ്രാമത്തെ വിട്ടുകടന്നു പോയി.
മണ്ണു മുഴുവൻ മനക്കോട്ട കെട്ടിയ
മന്നവനീമണ്ണിലന്യനായി !
മർത്യനുമഹനീയ സേവനം ചെയ്തവൻ
മാനസേനിത്യം വളർന്നിടുന്നു.
ഗ്രാമീണർ പിന്നെയും തോളോടുതോൾ ചേർന്നു
ഗ്രാമമോ ചൈതന്യ പൂർണ്ണയായി
ആരോ വിതയ്ക്കുന്നു, കൊയ്യുന്നിതാരാരോ
ആരോടും പകവേണ്ട അദ്ധ്വാനിക്കാം
മുത്തച്ഛൻ കണ്ടോരു സ്വപ്നങ്ങളൊക്കെയും
സത്യമായ് സാക്ഷാത്കരിച്ചു നിൽപ്പൂ...
ചാരത്തിനുള്ളിലെ തീപ്പൊരി പോലല്ലോ
ചാരുത ചാർത്തുന്നു മുത്തച്ഛനും....



*അഞ്ച് ശതാബ്ദത്തോളം പഴക്കമുള്ള ഒരു ദേവാലയവും അതിനരുകിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയവും ചേർന്ന ഭൂമിയെ സ്വന്തമാക്കാൻ ശ്രമിച്ച് പരാജയപ്പെട്ടതിന്റെ ഓർമ്മകളാണീ കവിതയ്ക്ക് കാരണം.*



# മാർഗ്ഗവും ലക്ഷ്യവും

അഡ്വ. വി. എസ്. ഗിരിജ

ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു എന്ന തത്വശാസ്ത്രം മുതൽകൂട്ടാക്കി കൊണ്ട് ഏറ്റവും ഉദാത്തമായ ലക്ഷ്യങ്ങൾക്ക് വേണ്ടി പോരാടിയ ആത്മാക്കൾ നിരവധി. ഓരോരോ കാലഘട്ടത്തിലും കാലത്തിനും മനുഷ്യർക്കും ആവശ്യമായ ലക്ഷ്യത്തിനു വേണ്ടിയായിരുന്നു പേരാട്ടങ്ങൾ ഉണ്ടായത്. ഒരു കാലത്തിന്റെയോ, വർഗ്ഗത്തിന്റെയോ, നാടിന്റെയോ, രാജ്യത്തിന്റെയോ, അല്ലെങ്കിൽ മനുഷ്യരാശിയുടെ തന്നെയോ നിലനിൽ പ്പിനു വേണ്ടിയായിരുന്നു ഈ പോരാട്ടങ്ങളൊക്കെയും. ഹിംസയുടെയും അഹിംസയുടെയും മാർഗ്ഗത്തിൽ പോരാട്ടങ്ങളുണ്ടായി. ഏറ്റവും ദീപ്തമായ ലക്ഷ്യത്തിന് വേണ്ടി പോരാട്ടമുണ്ടായപ്പോൾ ഹിംസ എന്ന മാർഗ്ഗത്തെപ്പോലും സാധൂകരിക്കാനും ന്യായപ്പെടുത്താനും മനുഷ്യ മനസ്സാക്ഷിക്ക് കഴിഞ്ഞു. കൂട്ടായ പ്രവർത്തനത്തിലൂടെ മറ്റൊരു ജീവജാലത്തോടും വെറുപ്പോ വൈരാഗ്യമോ പുലർത്താതെ ചിന്താഗതികളോട് മാത്രം പോരാടിക്കൊണ്ട്, നേടിയെടുക്കാൻ വേണ്ടി ഉരുത്തിരിഞ്ഞ അനിവാര്യമായ ലക്ഷ്യങ്ങളായിരുന്നു അവയൊക്കെയും. എങ്കിലും ചിന്താഗതികൾ തമ്മിലുള്ള യുദ്ധത്തിന്റെ വക്താക്കൾ മനുഷ്യ ശരീരങ്ങൾ തന്നെയായിരുന്നു എന്നതിനാൽ അപ്പപ്പോൾ ചോരയൊഴുക്കും അനിവാര്യമായി. കഥകളെന്നോ, കെട്ടുകഥകളെന്നോ ഉചിതം പോലെ ചിന്തിച്ചു കൊള്ളാവുന്ന പുരാണേതിഹാസങ്ങൾ മുതൽ ചരിത്രത്തിന്റെ രോമാഞ്ചമായ സ്വാതന്ത്ര്യസമരം വരെ പരിശോധിച്ചാൽ ഈ വസ്തുത മനസ്സിലാകും.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെയും തീവ്രവാദം എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കാനോ, ഉൾക്കൊള്ളാനോ നമുക്ക് കഴിഞ്ഞിരുന്നില്ല എന്നതാണ് സത്യം. ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാളികൾ ഇരുതരക്കാരായിരുന്നു. മിതവാദികളും തീവ്രവാദികളും. ഗാന്ധിജി നയിച്ച മിതവാദസമരവും തിലകൻ നയിച്ച തീവ്രവാദസമരവും ഒരേ ലക്ഷ്യത്തിനു വേണ്ടിയായിരുന്നു. സാന്ധിജി സമാധാന സമരം സ്വീകരിച്ചപ്പോഴും അവരുടെ മനസ്സിൽ സ്വാർത്ഥ താല്പര്യങ്ങളുടെ ലാഞ്ചന പോലും ഉണ്ടായിരുന്നില്ല. നിയന്ത്രണങ്ങളൊന്നും തെറ്റിക്കാതെ ജൻമനാടിന്റെ സ്വാതന്ത്ര്യം മാത്രമായിരുന്നു അവരുടെ സ്വപ്നം.

ഭാരതം മോചിതയാക്കപ്പെട്ട് 58 വർഷം തികയുമ്പോൾ പോരാട്ടം എന്ന വാക്കിന്റെ രൂപാന്തരങ്ങൾ ആഗോളതലത്തിൽ വ്യാപിച്ച് വ്യത്യസ്ത ഭാവങ്ങളിലും നാമങ്ങളിലും നിർണ്ണയിക്കാനാവാത്ത വിധം വിരൂപമായി തീവ്രവാദം എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇന്ന് നമുക്ക് പോരാട്ടവും തീവ്രവാദവും തമ്മിലുള്ള അന്തരം മനസ്സിലാക്കാൻ കഴിയുന്നു. ചുരുക്കി പറഞ്ഞാൽ പോരാട്ടങ്ങളിൽ ശോഭനവും അനുകരണീയവുമായ ലക്ഷ്യങ്ങൾ നേടാനുള്ള വെമ്പലാകുമ്പോൾ തീവ്രവാദം എന്നത് ഒറ്റപ്പെട്ട അല്ലെങ്കിൽ തികച്ചും സ്വാർത്ഥതാൽപ്പര്യങ്ങൾ നേടുവാൻ വേണ്ടി ചിന്താഗതികളെയോ, വ്യവസ്ഥിതികളെയോ കുറിച്ച് വിശകലനം ചെയ്യാതെ, സഹജീവികളെ എന്ത് വിലകൊടുത്തും അടിച്ചമർത്തികൊണ്ട് പ്രവർത്തിക്കുക എന്നതാണ്.

നിർഭാഗ്യകരമെന്ന് പറയട്ടെ, ഉന്നതൻമാരായ ബുദ്ധിജീവികളും നേതാക്കളും കൂടി രാപകലുകൾ ചിന്തിച്ച് ആലോചിച്ച് നടപ്പിൽ വരുത്തിയ നിയമത്തിന്റെ ചട്ടക്കൂടുകളൊക്കെയും അവിശ്വസനീയമാം വിധം ഉടച്ചെറിയപ്പെടുന്നു. നിയമം കൈയ്യാളുന്ന നീതിദേവൻമാർ ജസ്റ്റിസ് എന്ന പദത്തിന് കളങ്കം ചാർത്തുന്ന വിധം സമാധാനത്തിന്റെ പാതകളിൽ മുള്ളുകൾ വിതയ്ക്കുന്നു. ശാന്തിക്ക് വേണ്ടി നിലകൊണ്ട നിയമപാലകരെയും നീതിദേവൻമാരെയും മറക്കുന്നില്ല. ഇപ്പോഴും ഇല്ല എന്നുമല്ല. പക്ഷെ എത്രപേർ? ആരാണ് നീതി ദേവൻമാർ? ആർക്കാണ് നീതി എന്ന ലക്ഷ്യത്തെ നടപ്പിലാക്കാനാവുക ഓരോ പൗരനും ആത്മ പരിശോധന ചെയ്ത്, നീതിയും അനീതിയും തിരിച്ചറിഞ്ഞ്, നീതിക്ക് വേണ്ടിയും അനീതിക്കെതിരെയും ശബ്ദമുയർത്തേണ്ടത് അവരവരുടെ ദൗത്യവും അവകാശവുമാകുന്നു. കുടുംബത്തിന്റെ ഭദ്രത നിലനിർത്താൻ ഓരോ അംഗവും എത്ര കടപ്പെട്ടിരിക്കുന്നുവോ അതിന്റെ ഇരട്ടിയോ അതിലധികമോ രാജ്യക്ഷേമത്തിനായി പാടുപെടാൻ ഓരോ പൗരനും കടപ്പെട്ടിരിക്കുന്നു. നമുക്ക് നീതി ലഭിക്കാനുള്ള ഏറ്റവും എളുപ്പവും വിശാലവുമായ മാർഗ്ഗം അപരനോട് നീതി കാണിക്കുക എന്നതാണ് എന്ന മഹാത്മഗാന്ധിയുടെ വാക്കുകൾ അന്വർത്ഥമാക്കാൻ നമുക്കോരോരുത്തർക്കും കഴിയട്ടെ. ●

# എത്തുമോ മാവേലി ഈ മുനമ്പിൽ ?

## വത്സലകുമാർ പൊൻമന

നിനവുകളുടെ
നനവുകളിൽ............
ഓലക്കുടയിലെ
സൗമ്യന്റെ
ധീരയാത്ര
പൂക്കളങ്ങളിൽ
കൃത്രിമ സ്വാഗതം
പ്ലാസ്റ്റിക് പൂക്കുലകൾ
ഹോട്ടൽ വിഭവങ്ങളുടെ
സുഭിക്ഷത
ഇനിയൊരു തിരുവോണമി
ങ്ങനെയാവല്ലെന്നാശിപ്പൂ
സൗമ്യന്റെ മുൾമനം
മോഹവിമുക്തനായ് പുലമ്പുന്നു മാവേലി
അന്നായിരുന്നല്ലോ തിരുവോണം
ഞാനന്നു നാടുവാണീടും കാലം
മാനവ രെല്ലാരുമൊന്നുപോലെ
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ലാ പൊളിവചനം
ഇന്നു ഞാൻ കാണുന്നതെന്തെന്തു
താണ്ഡവം
മാനവരെല്ലാരുമൊന്നൊന്നായ്
കള്ളമാണെങ്ങും ചതിക്കെണിക്കൂടുകൾ
എള്ളോളം മാത്രം സുതാര്യതകൾ
മായുന്നു മിഴികളിൽ വർണ്ണങ്ങൾ നൽകിയ
മാവേലി മന്നൻ എന്നെന്നേക്കുമായ.
നിനവുകളുടെ നനവുകളിൽ
ഞെട്ടിത്തിരിയെ പകച്ചു നിൽപ്പൂ



കാലം, കത്തി ജ്വലിക്കും
പകലിന്റെ ശൗര്യം
മുഖം പൊത്തി കേണാലുമെത്തുമോ
മാവേലീ ........
എല്ലാമെല്ലാം സത്യമായ് കാണുവാൻ
ഒരുനാൾ ഒരോണനാളിലിവിടെ
ഈ മുനമ്പിൽ

## കന്യാകുമാരി ജില്ലയിലെ നാല് അണക്കെട്ടുകൾ

**പേച്ചിപ്പാറ:** നാഞ്ചിനാടിന്റെ ജലസേചനത്തിനുവേണ്ടി കോതയാറിൽ അണകെട്ടുന്നതിനായി 1830 നു പരിശോധ നകൾ ആരംഭിച്ചു. 1897 ൽ തിരുവിതാംകൂർ രാജാവിന്റെ നിർദ്ദേശപ്രകാരം നിർമ്മാണം ആരംഭിച്ചു. ഇംഗ്ലണ്ടുകാരനായ ഹെംറി അലക്സാണ്ടർ എന്ന എൻഞ്ചിനീയർക്ക് ആയിരുന്നു ചുമതല. 1906 ൽ പണി പൂർത്തിയാക്കിയപ്പോൾ 42 അടിയായിരുന്നു. 1969 ൽ ഉയരം 6 അടി കൂടി വർദ്ധിപ്പിച്ചു.

**പെരുഞ്ചാണി:** ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ നിർദ്ദേശപ്രകാരം പറളിയാറിനു കുറുകെ കെട്ടപ്പെട്ടതാണ് പെരുഞ്ചാണി അണ. 1948 ൽ തുടങ്ങി 1953 ൽ പൂർത്തി യാക്കുമ്പോൾ 71 അടി ഉയരമായിരുന്നു. 1964 ൽ 6 അടി കൂടി ഉയർത്താൻ തീരുമാനിച്ച് 1969 ൽ പൂർത്തിയാക്കി.

**ചിറ്റാർ ഒന്ന്, ചിറ്റാർ രണ്ട് :** കോതയാറിലേയും പറളിയാറിലേയും രണ്ട് അണക്കെട്ടുകളിൽ സംഭരിച്ചതിനു ശേഷം ബാക്കിയുള്ള ജലം സംരക്ഷിക്കാനായി 1964 ൽ തുടങ്ങി 1970 ൽ പൂർത്തിയാക്കിയ അണക്കെട്ടുകളാണിവ.

## 'ക്യൂ' ബൊട്ടാണിക്കൽ ഗാർഡൻ


ലണ്ടൻ മഹാനഗരത്തിന്റെ ഹൃദയഭാഗത്ത് 'Q' എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന അന്താരാഷ്ട്ര പ്രശസ്തി ആർജ്ജിച്ച ഒരു സസ്യ ശാസ്ത്ര ഉപവനമാണ് (Botanical Garden) 'ക്യൂ ഗാർഡൻ.'

302 ഏക്കർ വിസ്തീർണ്ണമുള്ള 'Q'ഗാർഡൻ ലോകത്തിലെ ഏറ്റവും വലിയ ബൊട്ടാണിക്കൽ ഗാർഡനാണ്. ലോകത്തെ വ്യത്യസ്ത ശീതോഷ്ണ സ്ഥിതികളിൽ വളരുന്ന വ്യത്യസ്ത വിഭാഗങ്ങളിലെ ചെടികൾ ഒരേ കുടക്കീഴിൽ വളരുന്നു എന്നതാണ് ഈ ഗാർഡന്റെ പ്രത്യേകത. നമ്മുടെ നാട്ടിലെ തെങ്ങും പനയും പോലും അവിടെ കൃത്രിമ സംരക്ഷണത്തിൽ വളരുന്നുണ്ട്.



# വായന

ജി. സതീഷ് കുമാർ, മാലയ്ക്കോട്
(ഗവൺമെന്റ് ലൈബ്രേറിയൻ)



വായന ജീവിതവിജയത്തിന്റെ ഒരു വഴികാട്ടിയാണ്. നാം പുസ്തകങ്ങളും ആനുകാലികങ്ങളും വായിക്കുവാൻ പബ്ലിക്ക് ലൈബ്രറികൾ സന്ദർശിക്കാറുണ്ട്. അത് ക്ഷേത്രദർശനം പോലെ ആത്മസംതൃപ്തിദായകമാണ്. ക്ഷേത്ര പ്രാകാരങ്ങളെപ്പോലെ ആദ്യം കാണുന്നത് വരിവരിയായി നിരന്നിരിക്കുന്ന അലമാരകളാണ്. സന്നിധിയിൽ കാണുന്നത് പുസ്തകങ്ങളും. അവിടെ വായനക്കാരന്റെ അഭിരുചിക്കനുസരിച്ച് പ്രത്യേക വിഭാഗങ്ങളിൽ നിന്ന് പുസ്തകം തെരഞ്ഞെടുക്കുവാൻ സാധിക്കുന്നു. അങ്ങനെ നാം കാണുന്ന പുസ്തകങ്ങൾ ഈശ്വരനും അക്ഷരങ്ങൾ ദീപങ്ങളുമാകുന്നു.

ഒരു ഘോര വനത്തിനുള്ളിൽ, പഞ്ചേന്ദ്രിയങ്ങളെ അടക്കി മറ്റെല്ലാം മറന്ന് ധ്യാനത്തിലിരിക്കുന്ന ഒരു മഹർഷിവര്യന് കിട്ടുന്ന ആത്മ സുഖം വായനക്കാരന് പുസ്തകങ്ങളിൽ നിന്നു ലഭിക്കുന്നു. മനസ്സിനെ ഏകാഗ്രമാക്കി വായനയിൽ ലയിപ്പിച്ച് പുസ്തകത്തിലൂടെ ആത്മസഞ്ചാരം നടത്തുവാൻ വായന എന്ന ക്രിയ സഹായിക്കുന്നു.

*വായന മനസ്സിലെ മാലിന്യങ്ങളെ മാറ്റി പുതിയ വ്യക്തികളെ സൃഷ്ടിച്ചിട്ടുണ്ട്. ഒരു ഗ്രന്ഥശാല തുറക്കുമ്പോൾ ആയിരം ജയിലുകൾ അടയപ്പെടും എന്നാണ് സ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെട്ടത്.*

ഒരു വ്യക്തിയുടെ നിസ്സഹായത മാറ്റുവാൻ ആഴത്തിലുള്ള പുസ്തക വായനയ്ക്കു കഴിയും. ഇത് പല പ്രമുഖ വ്യക്തികളുടെയും അനുഭവമാണ്. വായന നമുക്ക് അറിവിന്റെ ഒരു പുതിയ ലോകം തുറന്നു തരുന്നു. ഇന്നലത്തെയും ഇന്നത്തെയും നാളത്തെയും ലോകങ്ങളിലേയ്ക്ക് അത് നമ്മെ കൊണ്ടെത്തിക്കുന്നു. നേത്രങ്ങൾ അക്ഷരങ്ങളിലൂടെ പ്രയാണം ചെയ്യുമ്പോൾ മനസ്സിനുള്ളിൽ വിജ്ഞാന മഴ പെയ്യിക്കുവാൻ വായനയ്ക്ക് സാധിക്കും.

വായന മനസ്സിലെ മാലിന്യങ്ങളെ മാറ്റി പുതിയ വ്യക്തികളെ സൃഷ്ടിച്ചിട്ടുണ്ട്. ഒരു ഗ്രന്ഥശാല തുറക്കുമ്പോൾ ആയിരം ജയിലുകൾ അടയ്ക്കപ്പെടും എന്നാണ് സ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെട്ടത്. വായന അപരിമേയമായ അറിവ് പകർന്നു തരുന്നു. ഭൂഗോളം മുഴുവൻ സന്ദർശിച്ചതു പോലുള്ള സംതൃപ്തി ഒരു ചെറിയ യാത്രാവിവരണ പുസ്തകം വായിക്കുമ്പോൾ നമുക്ക് ലഭിക്കുന്നതാണ്. കവിയുടെ മനസ്സിൽ മൊട്ടിട്ട ഭാവനകൾ അനുവാചകന്റെ മനസ്സിൽ വിടരുന്നത് വായനയിലൂടെയാണ്.

അറിവിലൂടെ വിമോചനത്തിന്റെ പാത കാട്ടിത്തരുന്ന ഗുരുവും മാതാവും പിതാവുമാണ് പുസ്തകം. സ്നേഹധാര ഒഴുക്കിത്തരുന്ന ജീവിത സഖിയാണ്. എടുത്തുലാളിക്കുവാൻ തോന്നുന്ന വശീകരണശേഷിയുള്ള ശിശുവാണ്. വായനക്കാരന് പുസ്തക ദർശനം നൽകുന്ന അനുഭൂതി അനിർവചനീയമാണ്. ശിശുവിന്റെ, യുവതിയുടെ, അമ്മയുടെ, ഗുരുവിന്റെ, സ്പർശനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു ദൈവിക സ്പർശനമാണ് അത്. പുസ്തകങ്ങളെല്ലാം വിജ്ഞാനത്തിന്റെ കലവറയാണ്. അതിൽ നിന്നും വേണ്ടത് കണ്ടെത്തലാണ് വായനക്കാരന്റെ കടമ.


കൃത്യാന്തര ബഹുലതകൾക്കിടയിൽ സ്വസ്ഥതയുടെ തുരുത്തായി മാറുന്ന ഒരു 'കേബിൻ' ആണ് പുസ്തകം. അക്ഷരങ്ങൾക്കോരോന്നിനും ജീവനുണ്ട്. അവ വാക്കുകളായി വിശ്വരൂപം എടുക്കുമ്പോൾ നാമറിയാതെ തന്നെ നമ്മുടെയുള്ളിൽ ഒരു പുതിയ രക്ത ചംക്രമണം നടക്കും.

പല വിശേഷ നാളുകളിലും ജൗളിക്കട, സ്വർണ്ണക്കട എന്ന് നെട്ടോട്ടമോടി സമയവും ധനവും ചെലവഴിക്കുന്നവരെ നാം കാണാറുണ്ട്. എന്നാൽ അഴിവില്ലാത്ത വിജ്ഞാനധനം നേടുവാൻ ശ്രമിക്കുന്നവർ എത്രപേരുണ്ട്?.


ലോകസാക്ഷരതാ ദിനം, ദേശീയ ലൈബ്രറി ദിനം, ലോക പുസ്തക ദിനം തുടങ്ങിയ ദിവസങ്ങളിൽ പുസ്തക വില്പനശാലകളും ഗ്രന്ഥാലയങ്ങളും സന്ദർശിക്കുക എന്ന ശീലം നമുക്ക് വളർത്തിയെടുത്തു കൂടെ?

# വാണീവന്ദനം

മുരുകൻ, കൃഷ്ണപുരം







ഹിമപാളികളിളകേപ്പുതുമഴയായ് തുണവരണേ
മുകിൽ പാളികളിരുളിൽ ജലകണമായ് തുണവരണേ
വരണം മമ മനമേൽ ഹിമമരുവിൽ ജലകണമായ്
തരണം മൊഴിവടിവും, അകപൊരുളും തിരുവരമായ്
പരശോഭകളറിയാതെയീ
ഇരുളിൽ തവ തുണയ്ക്കായ്
അലയും വഴിപലതിൽ
പദനിഴൽപാടുകൾ മേലാ
മൊഴിയും പലമൊഴികൾ
തവതിരുദർശനമേകാൻ
ഹിമപാളികളിളകെ
പ്പുതുമഴയായ് തുണവരണേ!
ഇരുൾമേലിലുപൊരുളുണ്ടതു
നവസൂനമുദിക്കാൻ
മണിമേലൊരു മറയുണ്ടതി
ഗൂഢം തവപൊരുളും
കളവാണികൾ തവമേനികൾ
അണിയും തവപ്രഭയും

ഉതിരും പലനെടുവീർപ്പുകൾ
പദമായ് ശ്രുതിപകരാൻ
അടിയൻ പദകമലേ തവ
തിരുദർശനമരുളാൻ
പദമായനുപദമായതു
പലതായ് മമനാവിൽ
ഹിമപാളികളിളകെപ്പുതു
മഴയായ് തുണവരണേ
അറിയും പല കഥകൾ തവ
തിരുരൂപമുദിക്കാൻ
അനുതാപമായനുരൂപമായ്
വരവും പലതേകി
ഇരുളിൽപ്പുതുപ്രഭയായക
പൊരുളും മമനാവിൽ
പകരും പുതുമലരായതു
വിരിയും തവശരണം
അകമേനിയിലഴകായിരുൾ
തുണയായ് മണമേകും ●

# സമയനിർണ്ണയവും കാലഗണനയും പൗരാണികഭാരതത്തിൽ



സജിചന്ദ്രൻ. ബി, കാരക്കോണം

ആധുനിക ശാസ്ത്രോപകരണങ്ങളോ, ഗണിത ശാസ്ത്ര സിദ്ധാന്തങ്ങളോ ഇല്ലാതിരുന്ന കാലത്തു തന്നെ പൗരാണിക ഭാരതത്തിൽ സമയനിർണ്ണയവും കാലഗണനയും അതിസൂക്ഷ്മമായി നിർവ്വചിക്കപ്പെട്ടിരുന്നു. പകലും രാത്രിയും ചേരുന്ന ദിവസമാണ് കാലഗണനയുടെ അടിസ്ഥാനമായി കണക്കാക്കിയിരുന്നത്. ആഴ്ച, മാസം, വർഷം ഇവയെല്ലാം ദിവസങ്ങളുടെ അടിസ്ഥാനത്തിലാണ് കണക്കാക്കപ്പെട്ടിരുന്നത്. ഭാരതീയ രീതിയനുസരിച്ച് ഒരു സൂര്യോദയം മുതൽ അടുത്ത സൂര്യോദയം വരെ (സ്രാവണ ദിനം) യുള്ള സമയപരിധിയെ ഒരു ദിവസമായി നിർവ്വചിച്ചിരുന്നു. ആധുനിക ശാസ്ത്രം ദിവസത്തെ 24 മണിക്കൂറായും ഒരു മണിക്കൂറിനെ 60 മിനിറ്റായും 1 മിനിറ്റിനെ 60 സെക്കന്റായും വിഭജിച്ചിരിക്കുന്നു. അതായത് 86,400 സെക്കന്റാണ് ഒരു ശരാശരി ദിവസം. ഒരു ഫസ്റ്റിൽ നിന്നും സെക്കന്റിലേക്കുള്ള ദൂരത്തെയാകാം സെക്കന്റ് എന്ന് വിവക്ഷിക്കുന്നത്.

ഭാരതീയ രീതി അനുസരിച്ച് ഒരു പകലിനെ അതായത് സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള സമയത്തെ നാലു തുല്യഭാഗങ്ങളായി പകുത്തിരുന്നു. ഓരോ ഭാഗത്തിനും പ്രകരം അല്ലെങ്കിൽ യാമം എന്ന് പേർ നൽകിയിരിക്കുന്നു. മറ്റൊരു രീതിയിൽ ഒരു പകലിനെ 15 മുഹൂർത്തങ്ങളായും വിഭജിച്ചിരിക്കുന്നു. രാത്രിയിലും ഇതുപോലെ യാമവും മുഹൂർത്തവും നാലിലൊന്നും പതിനഞ്ചിൽ ഒന്നുമായി കണക്കാക്കുന്നു. ഒരു യാമം 3 മണിക്കൂറും മുഹൂർത്തം 48 മിനിറ്റുമാണ്.

സിദ്ധാന്ത ജ്യോതിഷ പ്രകാരം ഒരു സൂര്യോദയം മുതൽ അടുത്ത സൂര്യോദയം വരെയുള്ള കാലത്തെ 60 തുല്യ ഘടികകൾ അഥവാ നാഴിക ആയി വിഭജിച്ചിരിക്കുന്നു. ഓരോ ഘടികയും 60 വിഘടികകകൾ അല്ലെങ്കിൽ പലങ്ങൾ അഥവാ വിനാഴിക ആയും ഓരോ വിഘടികയും വീണ്ടും 60 വിപലങ്ങൾ ആയും വിഭജനം ചെയ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരം ഒരു ദിവസത്തിന് 60 ഘടികകളും 3600 പലങ്ങളും 2,16,000 വിപലങ്ങളും ഉണ്ട്. ഒരു ഘടിക (നാഴിക) 24 മിനിട്ടും ഒരു പലം 24 സെക്കന്റും ഒരു വിപലം 0.4 സെക്കന്റും ആണ്. പലം അഥവാ വിഘടികയെ ചിലപ്പോൾ പ്രാണ എന്ന് 6 വിഭാഗങ്ങളായി ഭാഗിക്കാറുണ്ട്. ഒരു പ്രാണ 4 സെക്കന്റ് സമയത്തിന് തുല്യമാണ്. ഒരു ഘടികയിൽ 360 പ്രാണങ്ങൾ അല്ലെങ്കിൽ ഒരു ദിവസം 21,600 പ്രാണങ്ങൾ ഉണ്ട്. ഇത് ഒരു വൃത്തത്തിലെ മിനിട്ടുകൾക്ക് (കല അഥവാ ലിപ്തിക) തുല്യമാണ്.

ഭാഗവതത്തിൽ സമയനിർണ്ണയത്തെപ്പറ്റി വിവരിച്ചിരിക്കുന്നത് ഇങ്ങനെയാണ്. ഇളയതാമര ഇല രണ്ടൊന്നിച്ച് നേരിയ സൂചി കൊണ്ട് ആഞ്ഞു കുത്തുമ്പോൾ ഒരില മുറിഞ്ഞ് മറ്റേതിൽ ചെന്ന് പറ്റുന്നതിനിടയിലുള്ള കാലമാണ് ഒരു അൽപ്പകാലം - 0. 00000333 (സെക്കന്റ്)

| | | |
|---|---|---|
| 30 അൽപ്പകാലം | - | 1 ത്രുടി (0.0000999 സെക്കന്റ്) |
| 30 ത്രുടി | - | 1 കല (0.002997സെക്കന്റ്) |
| 30 കല | - | 1 കാഷ്ട (0.08991സെക്കന്റ്) |
| 4 കാഷ്ട | - | 1 ഗണിതം (0.35964സെക്കന്റ്) |
| 11 ഗണിതം | - | 1 വീർപ്പ് (4 സെക്കന്റ്) |
| 6 വീർപ്പ് | - | 1 വിനാഴിക (24 സെക്കന്റ്) |
| 60 വിനാഴിക | - | 1 നാഴിക (1440 സെക്കന്റ് - 24 മിനിറ്റ്) |
| 60 നാഴിക | - | 1 ദിവസം (86,400 സെക്കന്റ് - 24 മണിക്കൂർ) |

ഇതിനു പുറമേ സൂര്യ രശ്മി പരമാണുവിൽ പതിക്കാൻ എടുക്കുന്ന കാലം ഒരു പരമാണുവായും, പ്രപഞ്ചത്തിൽ അർക്കരശ്മി പരക്കാൻ വേണ്ട കാലം ഒരു മഹത്കാലമായും പറയപ്പെടുന്നു. പരമാണുവിനെ കാണാൻ കഴിയില്ല. രണ്ട് പരമാണുക്കൾ ചേരുന്നത് ഒരു അണുവും മൂന്ന് പരമാണുക്കൾ ചേരുന്നത് ഒരു ത്രസരേണുവുമാണ്. ത്രസരേണു നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയും.

| | | |
|---|---|---|
| ത്രസരേണു | - | (0.0000237സെക്കന്റ്) |
| 3 ത്രസരേണു | - | 1 ത്രുടി (0.0000711 സെക്കന്റ്) |
| 100 ത്രുടി | - | 1 വേധം (0.00711 സെക്കന്റ്) |
| 3 വേധം | - | 1 ലവം (0.02133 സെക്കന്റ്) |
| 3 ലവം | - | 1 നിമിഷം (0.064 സെക്കന്റ്) |
| 3 നിമിഷം | - | 1 ക്ഷണം (0.192 സെക്കന്റ്) |
| 5 ക്ഷണം | - | 1 കാഷ്ട (0.96 സെക്കന്റ്) |
| 15 കാഷ്ട | - | 1 ലഘു (14.4 സെക്കന്റ്) |
| 50 ലഘു | - | 1 മുഹൂർത്തം (720 സെക്കന്റ്) |
| 2 മുഹൂർത്തം | - | 1 നാഴിക (1440 സെക്കന്റ്) |
| 7.5 നാഴിക | - | 1 യാമം (10,800 സെക്കന്റ്), |

ഇപ്രകാരം മറ്റൊരു തരത്തിലും സമയഗണന ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഒരു നാഴിക നേരം നിർണ്ണയിക്കുന്നതിന് പല ഉപാധികളും സ്വീകരിച്ചിരുന്നതായി കാണാം.

6 പലം ചെമ്പു കൊണ്ട് ഒരു ഇടങ്ങഴിയുണ്ടാക്കി അതിൽ അഞ്ച് പണമിട സ്വർണ്ണം കൊണ്ട് ചെയ്ത നാല് അംഗുലം നീളമുള്ള സൂചിയാൽ ദ്വാരമുണ്ടാക്കി വെള്ളത്തിലിട്ടാൽ അതിൽ വെള്ളം നിറഞ്ഞു മുങ്ങാൻ വേണ്ട സമയം ഒരു നാഴികയായി കണക്കാക്കിയിരുന്നു. ഇങ്ങനെയുള്ള 60 നാഴികയാണ് ഒരു അഹോ രാത്രം അഥവാ ദിനം. ആധുനിക ശാസ്ത്ര പ്രകാരം സെക്കന്റ് ആണ് സമയത്തിന്റെ അടിസ്ഥാന യൂണിറ്റ്. എന്നാൽ ഇതിൽ നിന്നും എത്രയോ അഗാധത്തിൽ ആണ് ഭാരതീയ ശാസ്ത്ര പ്രകാരമുള്ള സമയ നിർണ്ണയം എന്നു കാണാവുന്നതാണ്.

ഉദാ: ഒരു അൽപ്പകാലം - 0.00000333 സെക്കന്റ്

സമയത്തിന്റെ ഏറ്റവും കുറഞ്ഞ യൂണിറ്റായി ലോകത്തിൽ തന്നെ കണ്ടുപിടിക്കപ്പെട്ട അളവുകളിൽ ഏറ്റവും ചെറുത് ഇതാണ്. ശാസ്ത്ര സാങ്കേതികതയോ, ശാസ്ത്ര സിദ്ധാന്തങ്ങളോ ഇല്ലാതിരുന്ന കാലത്ത് ഇങ്ങനെ സമയഗണന കണ്ടു പിടിക്കപ്പെട്ടത് ഭാരതീയ ചിന്താദർശനത്തിന്റെയും, ബൗദ്ധികതയുടെയും ഉന്നതിയെയാണ് കാണിക്കുന്നത്.

ഇനി ഏറ്റവും ചെറിയ സമയ നിർണ്ണയത്തിനു ശേഷം കല്പാന്തം വരെയുള്ള കാലഗണന എങ്ങനെ കണക്കാക്കപ്പെട്ടിരിക്കുന്നു എന്നു നോക്കാം. കാലം എന്ന മഹാപ്രവാഹം എന്നും മനുഷ്യനെ അത്ഭുത പ്പെടുത്തുന്ന പ്രതിഭാസമാണ്. നമ്മുടെ സങ്കല്പത്തിലുള്ള കാലം വർത്തമാനവും ഭൂതവും ഭാവിയും അടങ്ങുന്നതാണ്. ഈ കാലസങ്കല്പത്തിൽ മനുഷ്യ ജീവൻ എത്രയോ ക്ഷണികവും ചെറുതുമാണ്. ഒരു അല്പകാലം (0.0000033) മുതൽ കല്പാന്തം വരെയുള്ള കാലഗണന ഋഷിവര്യൻമാർ നിർണയം ചെയ്തിട്ടുണ്ടായിരുന്നു. കാലത്തിന്റെ പ്രവാഹം കാലാകാലങ്ങളിൽ സംഭവിക്കുന്ന പ്രകൃതി പ്രതിഭാസങ്ങളാൽ വിഭജിക്കപ്പെട്ടിരി ക്കുന്നു. അതായത് ഒന്ന് നിരന്തരം ആവർത്തിക്കപ്പെടുന്ന ദിനരാത്രങ്ങൾ. രണ്ട് ആവർത്തിച്ചു വരുന്ന ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ. മൂന്ന് ഋതുക്കളുടെ ആവർത്തനങ്ങൾ. ഇവയിൽ കാലത്തിന്റെ മൗലിക ഘടകമായി പരിഗണിക്കപ്പെടുന്നത് ദിവസമാണ്.

### ഇതിഹാസ സംസ്കാരങ്ങളുടെ കാലഗണന

**6000 ബി. സി :** സിന്ധുനദീതട സംസ്ക്കാരം, നവീന ശിലായുഗസംസ്ക്കാരം

**5000 ബി. സി :** സിന്ധുനദീതടത്തിൽ കൃഷിയുടെ ആരംഭം, സുമേറിയ, ഈജിപ്ത് എന്നിവിടങ്ങളിൽ നവീന ശിലായുഗം.

**4000 ബി. സി :** സിന്ധുനദീതട സംസ്ക്കാരത്തിന്റെ വളർച്ച, മൺപാത്രങ്ങളുടെ നിർമ്മാണം, ഈജിപ്തിൽ കൃഷിയുടെ തുടക്കം

**3500 ബി. സി :** സിന്ധുനദീതടത്തിൽ കരകൗശല വസ്തുക്കളുടെ നിർമ്മാണം, സുമേറിയയിൽ ലിപി കണ്ടുപിടിക്കുന്നു. ഉറൂക്ക് (ഇറാക്ക്), എറുഡു എന്നിവിടങ്ങളിൽ ദേവാലയങ്ങൾ

**3000 ബി. സി :** സിന്ധുനദീതടത്തിൽ ലോഹങ്ങൾ ഉപയോഗിച്ചു തുടങ്ങുന്നു, ചക്രങ്ങൾ ഉപയോഗിച്ചുള്ള വാഹന നിർമ്മാണം

**3185 ബി. സി :** ശ്രീകൃഷ്ണാവതാരം

**3112 ബി. സി :** കലിയുഗാരംഭം, മഹാഭാരത യുദ്ധം

**3066 ബി. സി :** ശ്രീകൃഷ്ണ സ്വർഗ്ഗാരോഹണം

**2980 ബി.സി :** ഈജിപ്തിൽ ഫറോ ചക്രവർത്തി

**2850 ബി.സി :** ചൈനീസ് സംസ്ക്കാരത്തിന്റെ ആരംഭം

**2800 ബി.സി :** മെസൊപ്പൊട്ടേമിയയിൽ ഗിൽഗാമേഷ് ഭരണം

**2650 ബി.സി :** ഈജിപ്തിൽ ആദ്യപിരമിഡ്

**2500-1000 ബി.സി :** വൈദിക കാലഘട്ടം

**2000 ബി.സി :** ജ്യോതിശാസ്ത്രാരംഭം, ആര്യ സംസ്കാരം, ഋഗ്വേദം

**1800 ബിസി :** ബാബിലോണിയയിൽ ഹമ്മുറാബിയുടെ നിയമ സംഹിത.

**1400 - 400 ബി.സി :** പഴയ നിയമം എഴുതപ്പെടുന്നു.

**1000 ബി.സി :** ഭാരതത്തിൽ ഇതിഹാസങ്ങൾ പ്രചരിക്കുന്നു.

**900 ബി.സി :** ബ്രാഹ്മണങ്ങളുടെ കാലം

**800 ബി.സി :** യവന പുരാണങ്ങളുടെ കാലം

**594 :** വർദ്ധമാന മഹാവീരന്റെ ജനനം

**567 :** ശ്രീബുദ്ധന്റെ ജനനം

**ബി സി. 0 :** യേശുക്രിസ്തുവിന്റെ ജനനം

**എ. ഡി. 600 - 700:** ഖുറാൻ പ്രചരിക്കുന്നു.

**എ. ഡി. 1469 :** ഗുരുനാനാക്കിന്റെ ജനനം.

### കാലഗണന പുരാതന ഭാരതത്തിൽ

സമയം നിർണ്ണയിക്കാൻ അവലംബിച്ചിരുന്ന രീതികൾ മുൻപ് പറഞ്ഞുവല്ലോ. ആധുനിക ചരിത്രം എ. ഡി. 2005- ബി. സി. 6000 വരെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്രകാലം ആണ് ചരിത്രത്തിലൂടെ നമുക്ക് അറിയാൻ സാധിക്കുന്നത്. പാശ്ചാത്യർ ക്രിസ്തുവിന്റെ ജനനം അടിസ്ഥാനമാക്കിയാണ് എ. ഡിയും ബി. സിയും നിശ്ചിയിച്ചിരിക്കുന്നത്. മുഹമ്മദ് ഇസ്ലാം

മതസ്ഥാപനം നടത്തിയ എ. ഡി. 622 മുതൽക്കാണ് ഹിജറ കലണ്ടർ ആരംഭിക്കുന്നത്. ഇവയൊക്കെ ഭാരതീയ കാലഗണനയുടെ വളരെ തുച്ഛമായ ഭാഗം മാത്രമേ ആകുന്നുള്ളൂ. ഭാരതത്തിൽ ഒഴികെ ലോകത്ത് ഒരിടത്തും തന്നെ ചരിത്രത്തിന് മുൻപിലോ പിൻപിലോ ഉള്ള കാലനിർണ്ണയം നിശ്ചയിക്കപ്പെട്ടിട്ടില്ല.

| | | |
|---|---|---|
| 14.75 ദിവസം | - | 1 പക്ഷം |
| 2 പക്ഷം | - | 1 ചാന്ദ്രമാസം (പിതൃക്കളുടെ അഹോരാത്രം) |
| 2 മാസം | - | 1 ഋതു |
| 3 ഋതു (6 മാസം) | - | 1 അയനം (ഉത്തര, ദക്ഷിണയാനങ്ങൾ) |
| 2 അയനം | - | 1 വർഷം (ദേവകളുടെ 1 അഹോരാത്രം) |
| 12 മാസം | - | 354 ദിവസം |
| 360 വർഷം | - | 1 ദേവവർഷം (ദിവ്യ സംവത്സരം) |

യുഗങ്ങളുടെ നിർണ്ണയം: മുകളിൽ സൂചിപ്പിച്ച ദേവവർഷം (360) അടിസ്ഥാനപ്പെടുത്തിയാണ് യുഗങ്ങളും തുടർന്നുള്ള കാലവും നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്.

| | | |
|---|---|---|
| 4800 ദേവവർഷം | - | 1 സത്യയുഗം (17,28,000 വർഷം) |
| 3600 ദേവവർഷം | - | 1 ത്രേതായുഗം (12,96,000 വർഷം) |
| 2400 ദേവവർഷം | - | 1 ദ്വാപരയുഗം (8,64,000 വർഷം) |
| 1200 ദേവവർഷം | - | 1 കലിയുഗം (4,32,000 വർഷം) |

ഇങ്ങനെ ചതുർയുഗങ്ങൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഈ നാല് യുഗങ്ങളും ചേർന്ന് കിട്ടുന്നത് 12000 ദേവവർഷം ആണ്. (1 ദേവയുഗം) അതായത് 12000X360 = 43,20000 വർഷം. ഇതിനെ ഒരു മഹായുഗം എന്നു പറയുന്നു. ഇങ്ങനെയുള്ള 71 മഹായുഗങ്ങൾ അല്ലെങ്കിൽ ചതുർയുഗങ്ങൾ ചേർന്ന കാലത്തെയാണ് ഒരു മന്വന്തരം എന്ന് പറയുന്നത്. 12,000 (ദേവവർഷം X 71 = 8,52,000 (ദേവവർഷം)

| | | |
|---|---|---|
| 71 ചതുർയുഗം | - | 1 മന്വന്തരം |
| 14 മന്വന്തരങ്ങൾ | - | 1 കല്പം (ബ്രഹ്മത്തിന്റെ പകുതി 994 ചതുർയുഗങ്ങൾ) |

(429 കോടി 40 ലക്ഷത്തി എൺപതിനായിരം വർഷം)

ഇങ്ങനെ 1 കല്പം 14 മന്വന്തരങ്ങളായും 994 ചതുർയുഗങ്ങളായും 429 കോടി 40 ലക്ഷത്തി 80,000 വർഷങ്ങളായും, ഒരോ മനുവിന്റെയും ഭരണകാല (മന്വന്തരം) ത്തിനിടയ്ക്കുള്ള ആറ് മഹായുഗങ്ങൾ അഥവാ 2,59,20,000 (2 കോടി 59 ലക്ഷത്തി, ഇരുപതിനായിരം) വർഷങ്ങളും ചേർന്ന് 1000 ചതുർയുഗങ്ങൾ അല്ലെങ്കിൽ 432 കോടി വർഷം ഒരു കല്പം ആയി പറയപ്പെടുന്നു. ഇത് ബ്രഹ്മത്തിന്റെ ഒരു പകലും തുല്യഭാഗം ഒരു രാത്രിയും ആകുന്നു. ഇങ്ങനെ ബ്രഹ്മത്തിന്റെ ഒരു ദിനരാത്രം X 30 - ഒരു ബ്രഹ്മമാസം ആയും

ഒരു ബ്രഹ്മമാസം X 12 - ഒരു ബ്രഹ്മവർഷവും ആകുന്നു.

ബ്രഹ്മത്തിന്റെ ഒരു ദിനരാത്രം 432 X 2 കോടി - 864 കോടി വർഷം എന്നു കിട്ടുന്നു.

ബ്രഹ്മാവിന്റെ ആയുഷ്കാലത്ത് 14 ഇന്ദ്രൻമാർ സ്വർഗ്ഗത്തിൽ നിന്നും വീണു മരിച്ചു പോകുന്നതായി ദേവീ ഭാഗവതം പഞ്ചമസ്കന്ധം പറയുന്നു. കൂടാതെ രണ്ട് ബ്രഹ്മായുസ് ചേർന്ന് വിഷ്ണുഭഗവാന്റെ ആയുസ്സായും അതിന്റെ രണ്ടിരട്ടി ശ്രീ ശങ്കരന്റെ ആയുസ്സായും പറയുന്നു.

ഇത് നമ്മുടെ ഭാവനയ്ക്ക് പോലും അതീതമായ കാലമാണ്. ഇത്തരത്തിൽ സമയത്തിന്റെ ഏറ്റവും ചെറിയ അളവു മുതൽ ബ്രഹ്മത്തിന്റെ കാലം വരെ കണക്കാക്കികൊണ്ടുള്ള കാലനിർണ്ണയ സമ്പ്രദായമാണ് പ്രാചീന ഭാരതത്തിലുണ്ടായിരുന്നത്. ഇത് പൗരാണിക ഭാരതീയരുടെ അങ്കഗണിത ബോധത്തിന്റെയും, ജ്യോതിശാസ്ത്ര വിജ്ഞാനത്തിന്റെയും, കാലഗണനാ വൈദഗ്ധ്യത്തിന്റെയും നിദർശനമാണ്. പാശ്ചാത്യ അറബ് കടന്നു കയറ്റം ഉണ്ടാകുന്നതിന് മുൻപ് ഭാരതത്തിൽ വളരെ പ്രചാരത്തിലുണ്ടായിരുന്നതാണ് ഈ സമയ കാല നിർണ്ണയം. പാശ്ചാത്യ സംസ്ക്കാരങ്ങളുടെ വേലിയേറ്റങ്ങൾക്കിടയിൽ ഉന്നതവും, മൂല്യവത്തായതുമായ നമ്മുടെ സാമ്പ്രദായിക ജ്ഞാനസമ്പത്തുകൾ വിസ്മൃതിയിലകപ്പെടുകയും തൽസ്ഥാനത്ത് അൽപ്പ കാര്യപ്രസക്തങ്ങളായ സമ്പ്രദായങ്ങൾ സ്വാംശീകരിക്കപ്പെടുകയും ചെയ്തു. വിസ്മൃതിയിൽ നിന്നും ഉയർന്നു വരുന്ന ഇത്തരം ജ്ഞാനശകലങ്ങൾ പൗരാണിക ഭാരതത്തിന്റെ സാംസ്ക്കാരികോന്നതിയുടെ ചൂണ്ടുപലകകളാണ് എന്നതിൽ സംശയമില്ല.


**അവലംബം :**

ഭാഗവതം, ദേവീഭാഗവതം, ഭാരതീയ പഞ്ചാംഗം

**ഭാരതീയ കാലഗണന :**

ഡോ. മുരളീമനോഹർ ജോഷി

**കാലനിർണ്ണയം :**

ജി. പി. കൃഷ്ണകുമാർ

# കന്യാകുമാരി ജില്ലയിലെ കശുവണ്ടിത്തൊഴിലാളി യൂണിയൻ രൂപീകരണത്തിന്റെ പശ്ചാത്തലം

എ. എസ്. കൃഷ്ണൻകുട്ടി, കുഴിത്തുറ

കന്യാകുമാരി ജില്ലയിലെ ജനങ്ങളുടെ മുഖ്യ തൊഴിൽ എന്ത് എന്ന ചോദ്യത്തിന് ഒറ്റവാക്കിൽ മറുപടി പറയാനാവില്ല. തീരദേശത്തെ മത്സ്യ ബന്ധനം, ഇടനാട്ടിലെ ഭക്ഷ്യവിള കൃഷി മലയോര ത്തെ റബ്ബർ കൃഷി ഇവ മൂന്നും മുഖ്യം തന്നെ. മത്സ്യ ബന്ധനം ഒരു പ്രത്യേക വിഭാഗം ജനങ്ങളുടെ പരമ്പരാഗത തൊഴിലെന്ന നിലയ്ക്ക് മാറ്റിയാൽ മറ്റു ജനങ്ങൾ പ്രധാനമായും കൃഷിയെ ആശ്രയിച്ചാണു ജീവിക്കുന്നത്. അതിലും ഭക്ഷ്യവിള കൃഷി മേഖല യെ ആദായകരമെന്നു പറയാൻ വയ്യ. റബ്ബർ തോട്ട ങ്ങൾ മാത്രമായിരുന്നു ഏതാണ്ട് 40 വർഷങ്ങൾക്ക് മുമ്പ് വരെ ആശയ്ക്ക് വക നൽകിയിരുന്ന തൊഴിൽ മേഖല. അവിടെ കൂടുതലായി തൊഴിൽ ലഭിച്ചിരു ന്നത് തികച്ചും കായികക്ഷമതയുള്ള പുരുഷ തൊഴിലാളികൾക്ക് മാത്രമാവും. വ്യാപകമായി തൊഴിൽ ലഭ്യമാകുന്ന തരം വ്യവസായങ്ങളൊന്നും തന്നെ ജില്ലയിലുണ്ടായിരുന്നില്ല. അങ്ങനെ വിഷമി ച്ചിരിക്കവെയാണ് ഇവിടെ കശുവണ്ടി ഫാക്ടറികൾ ആരംഭിക്കുന്നത്.

ആദ്യമായി ബാലറ്റു പേപ്പറിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത് 1957 ൽ സ. ഇ. എം എസ്സിന്റെ നേതൃത്വത്തിൽ കേരളത്തിലാണ്. ഒരു തൊഴിലാളിവർഗ്ഗ പാർട്ടി അധികാരത്തിൽ വന്നപ്പോൾ തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്ക് ആക്കം കൂടി. തത്സംബന്ധമായ നിയമങ്ങളുണ്ടായി. വേജ് കാർഡ്, മിനിമം വേജസ്, ചികിത്സാ സഹായം, ബോണസ് തുടങ്ങിയവ നിയമപരമായി തന്നെ നടപ്പിലാക്കുവാൻ മുതലാളിമാർ നിർബന്ധിതരായി. കൈയ്യടക്കി കൊ ണ്ടിരുന്ന ലാഭവിഹിതം കുറഞ്ഞു. ചൂഷണ സൗകര്യ ങ്ങൾ ഇല്ലാതായി. അവർ പുതിയ മേച്ചിൽ പുറങ്ങൾ തേടി. തൊഴിലാളി ക്ഷേമനിയമങ്ങൾ ഇല്ലാത്ത കന്യാകുമാരി ജില്ലയിലേയ്ക്ക് കശുവണ്ടി വ്യവസായം പറിച്ചു നടപ്പെട്ടു.

കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല യുടെ പ്രധാന കേന്ദ്രമായിരുന്ന കൊല്ലത്തു നിന്നു ആദ്യം കന്യാകുമാരി ജില്ലയിലേയ്ക്ക വന്നത് വിജയ ലക്ഷമി കാഷ്യൂ കമ്പനിയാണ്. അവർ കുഴിത്തുറ യുടെ ഉൾഗ്രാമമായ പാലവിളയിൽ 1959 - 60 ൽ ഒരു ഫാക്ടറി സ്ഥാപിച്ചു.

അന്ന് സാമ്പത്തികമായും വിദ്യാഭ്യാസ പര മായും പിന്നോക്ക സ്ഥിതിയിലായിരുന്ന പാവപ്പെട്ട സ്ത്രീകളെ വളരെ കുറഞ്ഞ കൂലിക്ക് കിട്ടുമായി രുന്നു. മറ്റൊരു ഗതിയുമില്ലാതിരുന്ന ആ ചെറുപ്പക്കാ രികൾ തങ്ങൾ ചൂഷണം ചെയ്യപ്പെടുന്നതറിയാതെ നാമമാത്ര കൂലിയ്ക്ക് പണിയെടുത്തു നിസ്സാര കൂലിയ്ക്ക് പണിക്കാരെ കിട്ടും. ഇഷ്ടം പോലെ ലാഭം കൊയ്യാം തൊഴിൽ നിയമങ്ങളെ പേടിക്കണ്ട. ഈ വാർത്ത അറിഞ്ഞ കശുവണ്ടി മുതലാളിമാർ കന്യാകുമാരി ജില്ലവിയെ ഗ്രാമഗ്രാമന്തരങ്ങളിൽ ഫാക്ടറികൾ സ്ഥാപിക്കു വാൻ തുടങ്ങി.

കൂടുതൽ പണിക്കാരെ ആവശ്യമായി വന്ന പ്പോൾ സ്കൂളിലും കോളേജിലും പോകേണ്ട കുട്ടി കൾ പോലും കശുവണ്ടി ഫാക്ടറിയിലേക്ക് പോയി ത്തുടങ്ങി. അത്രയ്ക്കുണ്ടായിരുന്നു ദാരിദ്ര്യം. പത്തു വയസ്സ് മുതൽ മേലോട്ടു പ്രായമുള്ള പെൺകുട്ടി കൾ ഒരു കൈയ്യിൽ വെള്ളമൺപൊടിയും മറുകൈ യ്യിൽ ഉച്ച ഭക്ഷണത്തിനുള്ള പുഴുങ്ങിയ മരിച്ചീനി യുമായി രാവിലെ 6 മണിക്കു മുമ്പ് കമ്പനിയിൽ പ്രവേശിക്കണം. ജയിൽ പോലെ കെട്ടി ഉയർത്തിയ കൂറ്റൻ മതിൽ കെട്ടിനുള്ളിൽ വൈകുന്നേരം 6 മണി ചിലപ്പോൾ 7 മണിവരെയും പണിയെടുക്കണം. അതിനുള്ളിൽ മുതലാളിമാരുടെ ശിങ്കിടികളായ ഉദ്യോഗസ്ഥരുടെ കല്പനയനുസരിച്ചാണ് കാര്യ ങ്ങൾ നടക്കുക. അവരെല്ലാം കേരളത്തിൽ നിന്നു വന്നവരും.

പത്തിൽ താഴെ പുരുഷ തൊഴിലാളികളാണ്. ഒരു ഫാക്ടറിയിലുണ്ടാവുക. അതിരാവിലെ 4 മണിക്കുമുമ്പുണർന്ന് ചിമ്മിനിയിൽ തീയിട്ട് അണ്ടി വറുക്കണം. അതിനു വേണ്ടി തലേ ദിവസം രാത്രി തന്നെ എത്തണം. അവർക്ക് ഒരു ദിവസത്തെ കൂലി 1 രൂപ 50 പൈസയായിരുന്നു.

അണ്ടി തല്ലി പൊളിക്കൽ (ഷെല്ലിങ്) പുറ ന്തോൽ മാറ്റൽ (പീലിങ്) അണ്ടി തരം തിരിക്കൽ (ഗ്രേഡിംഗ്) തുടങ്ങിയവ സ്ത്രീ തൊഴിലാളികളുടെ ജോലിയാണ്. ഷെല്ലിങ് കിലോഗ്രാമിന് 8 പൈസ പീലിങ്ങിന് 10 പൈസ എന്നതായിരുന്നു കൂലി നിരക്ക്.

ഒന്നുമില്ലാതിരുന്നിടത്ത് പത്തു പൈസ കൂലി വലിയൊരനുഗ്രഹമായിരുന്നു. പക്ഷെ വിശ്രമമില്ലാതെ പത്തും പന്ത്രണ്ടും മണിക്കൂർ പണിയെടുക്കേണ്ടി വരിക, വിശ്രമവേള ഇല്ലാതെയാവുക ശരിയായി ശരീര ശുചീകരണത്തിനോ ഭക്ഷണത്തിനോ സൗകര്യമില്ലാതെ വരിക ഇങ്ങനെയാൽ രോഗം വരാതിരിക്കുന്നതിലല്ലേ അത്ഭുതം. രോഗിയായാലോ ജോലിയില്ല, കൂലിയില്ല, ലീവില്ല ചികിത്സാ സൗകര്യമില്ല.

ലാഭം കണ്ട മുതലാളിമാർ കേരളത്തിലെ ഫാക്ടറികൾ ഒന്നൊന്നായി പൂട്ടി. കേരളത്തിലെ തൊഴിലാളികൾക്ക് ജോലി നൽകാനായി സെൻട്രൽ കാഷ്യൂ കോർപ്പറേഷൻ ഇറക്കുമതി ചെയ്തിരുന്ന തോട്ടണ്ടി ഇരുട്ടിന്റെ മറവിൽ കന്യാകുമാരി ജില്ലയിലേക്ക് കടത്താൻ തുടങ്ങി. പരിശോധനയ്ക്ക് കിട്ടുന്നതിനു മുമ്പ് വറുത്ത അല്ലി പരിപ്പാക്കി മാറ്റാൻ വേണ്ടി അധ്വാനഭാരം കൂട്ടിത്തുടങ്ങി. തൊഴിലാളികളുടെ അദ്ധ്വാനം മുതലാളിമാരുടെ മൂലധനമായി മാറി. മുതലാളിമാർ കോടിശ്വരൻമാരായി മണിമാളികകൾ ഉയർന്നു കൊണ്ടിരുന്നു.

ഈ തൊഴിൽ മേഖലയിൽ നടന്നു കൊണ്ടിരിക്കുന്ന ചൂഷണത്തെപ്പറ്റി തമിഴ്നാട് സർക്കാരോ കേന്ദ്രസർക്കാരോ അന്വേഷിച്ചില്ല. ഈ പശ്ചാത്തലത്തിലാണ് തൊഴിലാളി വർഗ്ഗ പാർട്ടി ഈ രംഗത്ത് ശ്രദ്ധ തിരിച്ചത്. സഖാക്കൾ ജി. എസ്. മണി, ഡി. മണി, വൈ. ജോൺ ജസ്റ്റസ്, ഏ. എസ്. കൃഷ്ണൻ കുട്ടി വന്നിയൂർ, ശശിധരൻ നായർ എന്നിവർ തൊഴിലാളികളെ അവരെ വീടുകളിൽ ചെന്നു കണ്ടും അവരുടെ മാതാപിതാക്കളോടും മറ്റും സംസാരിച്ചും അവരെ സംഘടിപ്പിക്കുവാൻ ശ്രമിച്ചു. തൊഴിലാളികൾക്കും വീട്ടുകാർക്കും ഭയമായിരുന്നു. ഉള്ള കഞ്ഞിയിൽ പാറ്റ വീഴും എന്ന് അവരെ ഭീഷണിപ്പെടുത്താനും ആളുണ്ടായിരുന്നു. ഒരു വിധത്തിൽ മരുതംകോടു ഭാഗത്തുള്ള കുറേ തൊഴിലാളികളെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തി അംഗത്വം ഒപ്പിട്ടു വങ്ങി യൂണിയൻ രജിസ്റ്റർ ചെയ്തു. തമിഴ്നാട് മുന്തിരിപ്പരിപ്പ് തൊഴിലാളി സംഘം രജി. നമ്പർ 29/kkm/1964.

രജിസ്റ്റർ ചെയ്തതല്ലാതെ ഒരു കാര്യത്തിനും തൊഴിലാളികൾ വരാത്തതിനെ തുടർന്ന് യൂണിയൻ രജിസ്ട്രേഷൻ പുതുക്കാൻ അധികൃതർ വിസമ്മതിച്ചു. യൂണിയൻ പ്രവർത്തന രഹിതമായി.

യൂണിയൻ രൂപീകരണ ശ്രമങ്ങൾ ആരംഭിച്ചതോടെ മുതലാളിമാർ ചില പ്രീണനനയങ്ങൾ


# സരസ്വതി ഹോസ്പിറ്റൽ

## പാറശാല

**ഫോൺ : 2202598, 2202890**

**പാറശ്ശാലയിലെ ഏക മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി**

### ഞങ്ങളുടെ പ്രത്യേകതകൾ

- സുസജ്ജമായ സർജറി വിഭാഗം, അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓപ്പറേഷൻ തീയേറ്റർ
- മെഡിക്കൽ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഇ. എൻ. റ്റി. ഓർത്തോ പീഡിക്സ്
- സൈക്ക്യാട്രി, ഫിസിക്കൽ മെഡിസിൻ
- ജർമ്മൻ നിർമ്മിത ലാപ്പറോസ്കോപ്പി (താക്കോൽ സുഷിര ശസ്ത്രക്രീയ) വിഭാഗം
- സുസജ്ജമായ കാർഡിയോളജി വിഭാഗം 24 Hrs X ray Unit (300 ma Simens Machine)
- അൾട്രാ സൗണ്ട് സ്കാനിംഗ്, Echo, T.M.T ഡയബറ്റിക് ക്ലിനിക്കും ഡയബറ്റിക് റിസർച്ച് വിഭാഗവും.
- പ്രമേഹരോഗികൾക്ക് ഡയബറ്റിക് ഫൂട്ട് എന്ന സമഗ്ര പാദസംരക്ഷണ പരിപാടി(CPCP)
- 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും, ട്രോമ കെയർ വിഭാഗവും
- നെഫ്രോളജി, ന്യൂറോളജി, കാർഡിയോളജി, വാസ്ക്കുലാർ സർജറി, തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം
- ക്ഷയരോഗത്തിന് പൂർണ്ണമായും സൗജന്യ ചികിത്സാ (സ്വകാര്യ മേഖലയിലെ ആദ്യത്തെ Dot Centre RNTP Govt. Of INdia)
- സുസജ്ജമായ ക്ലിനിക്കൽ ലാബോറട്ടറി, ഫിസിയോ തെറാപ്പി, പെയിൻ ക്ലിനിക്ക്, Stroke Clinic
- വിശാലമായ പേവാർഡ് ബ്ലോക്ക്, പാർക്കിംഗ് സൗകര്യം, ജനറേറ്റർ തുടങ്ങിയവ.

**Managing Director : Dr. BINDU AJAYA KUMAR**

പ്രയോഗിച്ചു തുടങ്ങി. ഒപ്പം ഭീഷണിയും. അങ്ങനെ ചൂഷണം തുടർന്നു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ 1971 ൽ ഇടയ്ക്കോടു വില്ലേജിലെ കുട്ടക്കോട് എന്ന സ്ഥലത്തുള്ള കരുണാ കാഷ്യു കമ്പനിയിലെ ഏതാനും തൊഴിലാളികളെ പിരിച്ചു വിട്ടു. പ്രതിഷേധമുണ്ടായി. കമ്പനി ലോക്ക് ഔട്ട് ചെയ്തു. സമരമില്ലാതെ മാർഗ്ഗമില്ലെന്ന് തൊഴിലാളികൾക്ക് ബോധ്യമായി സമരം ചെയ്യുമെങ്കിൽ സംഘം വേണം. പഴയ രജിസ്ട്രേഷൻ നമ്പരിൽ യൂണിയൻ പുനഃസ്ഥാപിക്കപ്പെട്ടു. സ: ജി. എസ്. മണി പ്രസിഡന്റ്, വെസ് പ്രസിഡന്റുമാരായി സ: ഡി. മണി, സ: വൈ. ജോൺ ജസ്റ്റസ് എന്നിവരും സെക്രട്ടറിയായി പി. ഗോപിദാസ് ജോയിന്റ് സെക്രട്ടറിമാരായി. ലേഖകൻ. പി. ഗോപാല കൃഷ്ണൻ, കെ. രവീന്ദ്രനാഥ് എന്നിവരും ട്രഷററായി കെ. ശശിധരൻ നായരും തെരഞ്ഞെടുക്കപ്പെട്ടു.

ആവശ്യബോധത്തോടെ തൊഴിലാളികൾ സംഘം രൂപീകരിച്ചപ്പോൾ അവകാശങ്ങൾ നേടുവാനുള്ള ശ്രമം വിജയിച്ചു തുടങ്ങി.

ഇപ്പോൾ കന്യാകുമാരി ജില്ലയിൽ മുന്നൂറോളം കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നു. ഈ നാട്ടുകാരായ മുതലാളിമാർക്കും ഫാക്ടറികളുണ്ട്. 75000 തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. ഇതിൽ മുക്കാൽ പങ്കും സ്ത്രീ തൊഴിലാളികളാണ്.


ഇപ്പോൾ നിലവിലുള്ള കൂലി നിരക്ക് ഇങ്ങനെയാണ്.

| | |
|---|---|
| ഷെല്ലിങ് (ഒരു കിലേയ്ക്ക്) | 4.40 |
| പീലിങ് | 5.10 |
| ഗ്രേഡിങ് (ഒരു പണി) | 36.70 |
| വറുപ്പ്/ബോർമ (ഒരു ദിവസം) | 80.50 |
| D.A | 9.40 |
| ബോണസ് | 20% |
| എക്ഗ്രേഷ്യാ | 2% |
| ലീവ്വേജസ് | 5% |

സംഘടിത ശക്തിയായി പ്രവർത്തിച്ചു തുടങ്ങിയപ്പോൾ അർഹമായതു നേടാൻ കഴിഞ്ഞു എന്ന ബോധം ഇന്ന് തൊഴിലാളികൾക്കുണ്ട്.


# M.V. TENT WORKS & HIRE GOODS SERVICES

PUTHENCHANTHA, EDAICODE P.O.
Near Sree Bhadra Temple





*Prop. K. Murugan* *Ph : 260498* *Cell : 9443681986*

# NURSING COURSE ADMISSION 2005-06 ON

**Advance Booking for 2006-07 cane be done now**

# NOORUNNISSA COLLEGE of NURSING

**(Approved by Indian Nursing Council, KNC and Rajiv Gandhi University)**

## ULTRA PHYSIOTHERAPY CLINIC

Market Road (Opp) Lorry Stand, Marthandam-629165
Ph: 0451 274367, Mobile: 9443992352
Director - S.K Abilash. B.M.R.T., Bsc (N)

**G.N.M General Nursing**
**B.S.C Nursing**
**M.S.C Nursing**

**Admission : Contact Direct with Authority of College**

Chairman : **Mr. Noorie.L .Anwar** B.A, B.Ed., D.L.S. (L.L.D)

Vice Principle : **S.K. Abilah** B.M.R.T, Bsc (N)

**Branch :**
Karunya Physiotherapy Clinic,
T.B Junction, Near Mosque ,
Neyyatinkara,
Trivandrum Dist.
Ph: 0471 5573511,
Mob: 9447461150
Director : S.K. Abilash B.M.R.T, Bsc (N)

**Sub-Branch :**
Rukmony Physiotherapy Clinic,
Near Goverment School,
Kottaram,
Kanyakumari District
Ph: 04652 394720
Director :
S.K. Abilash B.M.R.T, Bsc (N)

*With the Best Compliments from*

# RELIANCE WEB WORLD

**North Street, Near LIC Office**
**Marthandam**
**Ph : 04651 - 309393, 9344431888, 9344430938**

RIM
Reliance IndiaMobile
PREPAID



തമിഴ്നാട് മുഴുവനും കവറേജ് ഉള്ളതും, കന്യാകുമാരിജില്ലയിൽ മാത്രം 42 ടവർകൾ ഉള്ള ഒരേ ഒരു മൊബൈൽ നെറ്റ്വർക് റിലയൻസിന് മാത്രം. എല്ലാ ഗ്രാമങ്ങളിലും കവറേജ്, ശബ്ദശുദ്ധി, തടസ്സമില്ലാത്ത നെറ്റ് വർക്ക്, R-വേൾഡ്, കുറഞ്ഞ കാൾ ചാർജ്ജ്, മാത്രമല്ല പ്രീപെയ്ഡ് ലാൻഡ് ലൈനും റിലയൻസിൽ ലഭ്യമാണ്.

പ്രീപെയ്ഡ് റീചാർജ് വൗച്ചറുകൾ 55 മുതൽ 1100 വരെ കൂടാതെ മുഴുവൻ സംസാര മൂല്യമുള്ള STD, ISD കാർഡുകൾ, 144KBPS വേഗതയുള്ള ഇന്റർനെറ്റ് സൗകര്യവും റിലയൻസിൽ മാത്രം. കൂടുതൽ വിവരങ്ങൾക്ക് Reliance Web World മായി ബന്ധപ്പെടുക.

*With the Best Compliments from*



ജിഹാം

# LEKSHMI H.P. GAS AGENCY

Trivandrum Main Road,
Kuzhithurai Jn., Ph : 04651 - 261057/ 395300

HP
GAS
*your friendly gas*

ഭാരത സർക്കാറിന്റെ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷന്റെ അംഗീകൃത വിതരണക്കാരായ ലക്ഷ്മി ഗ്യാസ് ഏജൻസിയിൽ പുതിയ കണക്ഷനുകൾക്ക് ബുക്ക് ചെയ്യാവുന്നതാണ്.

ഉപഭോക്താക്കളുടെ സംരക്ഷണത്തിനായി കമ്പനിയുടെ നിർദ്ദേശ പ്രകാരം "സുരക്ഷ ട്യൂബുകൾ" ഉപയോഗിക്കുക. ഇതിന്റെ പ്രത്യേകത എലി കടിച്ച് കേടു പാടുകൾ ഉണ്ടാക്കുന്നില്ല. ട്യൂബിൽ തീ പിടിക്കുകയില്ല, വിള്ളലുകൾ ഉണ്ടായി ഗ്യാസ് ലീക്കായി ആപത്ത് ഉണ്ടാകുകയില്ല 5 വർഷം ഗ്യാരന്റി അതുകൊണ്ട് സുരക്ഷ ട്യൂബ് ഉപയോഗിക്കുക.

*With Best Wishes from....*

# KARUNYA TRADERS

**Near New Bus Stand, Marthandam.**

**Cell : 9443370830**

**Wholesale & Retail dealer for all kinds of Building materials like Cement, (Birlaplus Sankar Sakthi and Ramco) Steels (Agni, TATA TISCON and DSRM) BERGER Paints (Colour Bank), Sanitary ware etc. available in reasonable prices.**

**Prop :**
**Ln. K. Sundar Raj MJF**

*Best Compliments from :*

© 04651 - 272666
9443175951

# EVANS PRINTERS

Jacob's Compound,
Main Road,
Marthandam.

We Travel Far and Wide
Customers Satisfied

# SNEHA

## Trust College of Paramedical Science

Parassala Road, Kannumamoodu, K.K. Dist, Pin : 629170

Reg. No: 230/Bk 4

Approved by :Vinayaka Mission's Research Foundation Deemed University Tamil Nadu, India.(State & Central Govt. F9/17/93/U-3, Govt. of India Dt-01-03-2001)

...ം,
...ാമൂട്ടിൽ പ്രവർത്തിച്ചു വരുന്ന സ്നേഹ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ കീഴിൽ State & Central Govt. അംഗീകാരം നേടിയ
...ാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്ന വിവരം സസന്തോഷം അറിയിച്ചു കൊള്ളുന്നു.

| Course | Qualification | Duration |
|---|---|---|
| 1. B.Sc. Health care & Hospital Administration | +2 | 4 1/2 Years |
| 2. B.Sc. Physician Assistant | +2 | 4 Years |
| 3. B.Sc. MLT | +2 | 3 Years |
| 4. Diploma in Medical Lab Technology (DMLT) | +2 | 1 Year |
| 5. Diploma in X-ray -technology & ECG | +2 | 1 Year |
| 6. Nursing Assistant - Certificate | 10th | 1 Year |
| 7. B.Sc Yoga and Nautropathy | +2 | 3 Years |
| 8. Bachelor of Electropathy Medicine and Surgery (BEMS) | | 5 1/2 Years |
| 9. Diploma in Herbal Medicine (D.H.M) | 10th | 1 Year |
| 10. Diploma in Health inspector (D.H.I) | 10th | 1 Year |
| 11. Diploma in Yoga Science | 10th | 1 Year |

ഇന്ത്യക്ക് അകത്തും പുറത്തും നിരവധി ജോലി സാധ്യതയുള്ള കോഴ്സുകൾ

ഞങ്ങളുടെ പ്രത്യേകത :-

1. ഉയർന്ന നിലവാരത്തിലുള്ള ക്ലാസ്സുകൾ.
2. ഉയർന്ന നിലവാരത്തിലുള്ള ലാബ് സൗകര്യങ്ങൾ.
3. പരിചയ സമ്പന്നരായ അദ്ധ്യാപകർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.
4. Govt. സർട്ടിഫിക്കറ്റ് കോഴ്സുകൾ.
5. Hostal, Canteen സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ബന്ധപ്പെടേണ്ട വിലാസം

Sneha Trust Hospital,
Parassala Road,
Kanuumamoodu.
Ph: 0471-2250112, 3098122
Mob: 09344431602

# THIRUVANGUR RAJA VAITHIYA SALAI

2nd Street, 31, Karpagabal Nagar,
Mylapore Chennai-600 00
Phone: 4661832, Cell- 98400 66629

VAITHYA RATHNA
**Ln. Dr. P. VIJAAKUMAR**



REGD: INDIAN MEDICAL PRACTITIONER R. NO. 3819 INTER AMERICAN UNIVERSITY OF HUMANISTIC STUDIES AWARD IN HERBAL SYSTEM FROM USA SPL- VARMA CHIKITSA

IMCOPS
High level Advisory Committee Member. All India Congress Central & State Managing Committee Member.

SPL TREATMENT IN THIRUVANGUR RAJA VAITHIYA SALAI

All Types of Memory Loss problems and Moto Neuro Problems

Parksions's Disease, Brain Tumor cerebral palsy varies Type of C.P. Child all type of Meningitis

Hydro Cephalus, Mitro Cantial, Haemiplegia, Paraplegin

Brain Haemorrhage, Brain cell death, Brain cells weak, all type of brain disease.

Sinus, Migrane, Arthritis, Artio Paralysis Polio Arthritis, Ostearthirfis

Rheumatic Fever, Rheumatic disease, vertigo, Hearing loss problems.

Muscular dystrophy,

Varma Chikista (For Nervous Problems)

## PARKINSON'S DISEASE

**Treatment Available in the World only at our clinic**